LAv2:N1
32 FO

MUL
051103

**Madras University Library.**

Date Label.

~~LA o M1~~

Ac. No. 51103. Cl. No. ~~Q32 Eo~~
LA ~ 2:M1 3250

This book should be returned on or before the date last marked below.

F. 870—2-'27.

2 FEB. 1930
25 SEP. 1932
1 AUG 1947
20 NOV 1953
20 JAN 1987

PROFESSIONAL.

UNIVERSITY ... APR 19.9 MADRAS

# ആയുൎവ്വൈദ്യചരിത്രം

പി. വി. കൃഷ്ണവാരിയർ

എഴുതിയത്

രണ്ടാം പതിപ്പ്

കോട്ടക്കൽ

ലക്ഷ്മീസഹായം അച്ചുകൂടത്തിൽ

അച്ചടിച്ചത്.

1920

[വില 3 ക.]

LAvM1
32F0

ചെയ്യ

ഇത് എക...ം 10

ധന...ന്തരി" എന്ന ൈ

മുണ്ടായില്ല. അതിന്

ഖ...ങ്ങളുടെ ഭാരംഭ

വണയും വല്ല

ത്ത

Aryavaidya charitram by P. V. Krishna Variar
57103
LAv2:N1
32 F0
UNIVERSITY LIBRARY MADRAS 9 APR. 1929

# മുഖവുര

"ആര്യവൈദ്യചരിത്രം" എന്ന പ്രസ്തുതപുസ്തകം [illegible]ത്തു വരുവാനുണ്ടായ സന്ദർഭം ഒന്നാമതായി ഇവിടെ പ്രസ്താവിക്കട്ടെ.

ആര്യവൈദ്യസമാജംവകയായി കൊല്ലംതോറും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വൈദ്യപരീക്ഷയിൽ ഉത്തമപരീക്ഷയ്ക്കു് "ആര്യവൈദ്യചരിത്രം" എന്ന ഒരു പുതിയ വിഷയം ഉൾപ്പെടുത്തിയപ്പോൾ വിദ്യാർത്ഥികൾക്കു് അതിന്നു തക്കതായ ഒരു പാഠപുസ്തകംകൂടി ചൂണ്ടിക്കാണിച്ചു കൊടുക്കേണ്ടുന്ന ഭാരം സമാജത്തിലെ അധികാരസ്ഥന്മാർക്കു നേരിട്ടു. അതിന്നു വേണമെങ്കിൽ, നിർഭാഗ്യവശാൽ ഈ ഒരു വിഷയത്തിൽ നമ്മുടെ പൂർവ്വന്മാർ അശേഷം ശ്രദ്ധവെച്ചിട്ടില്ലാത്തതിനാൽ, ആര്യവൈദ്യശാസ്ത്രത്തിന്റെ എന്തെങ്കിലും ഒരു ചരിത്രം സംസ്കൃതത്തിലാകട്ടെ, മററു നാട്ടുഭാഷകളിലാകട്ടെ ഇതുവരെ ഉ[illegible]ട്ടില്ല. ആ സ്ഥിതിക്കു നമ്മുടെ ആവശ്യത്തി[illegible]ത്തുതാ[illegible]വൈദ്യശാസ്ത്രചരിത്രം ഉണ്ടാക്കുവാൻ ശ്രമിക്ക[illegible]ാൻ എന്താണ് വേണ്ടതെന്നുവെച്ചാൽ ന[illegible]ജ സിക്രട്ടറിയും എന്റെ ജ്യേഷ്ഠനുമായ പി[illegible]അവർകൾ എന്നോടു പറഞ്ഞു. അപ്പോൾ എ[illegible]ചരിത്രത്തെപ്പററി സ്ഥൂലമായിട്ടെങ്കിലും ഒരു ജ്ഞാനമില്ല[illegible]തിനാൽ ഈ കാര്യം ഏതു വിധത്തിലാണ് നിർവ്വഹിക്കേണ്ടതെന്നു വിചാരിച്ചു വലിയ പരിഭ്രമമായി. യാതൊരു അവലംബവുമില്ലാതെ വല്ലതും ഒന്നു ശ്രമിച്ചുനോക്കുന്നത് എങ്ങിനെയാണ്? ചുമരി

ല്ലാതെ ചിത്രമെഴുതുവാൻ നിവൃത്തിയില്ലല്ലൊ. എന്തായാലും പ്രാചീനങ്ങളും അർവ്വാചീനങ്ങളുമായ മിക്ക വൈദ്യപുസ്തകങ്ങളും ഇങ്ങിടയിൽ ബങ്കാളികളും ബോംബേക്കാരും മററും പരിശോധിച്ചു അതാതിന്നു അവസ്ഥാനുസരണം ഓരോ വിശേഷപ്പെട്ട പ്രസ്താവനയോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ആ വക പുസ്തകങ്ങൾ കുറേ നോക്കിയാൽ എന്താനും വിവരങ്ങൾ കിട്ടുമെന്നും, എന്നാൽ പണി തുടങ്ങാമെന്നും നിശ്ചയിച്ചു അതിന്നായി ശ്രമിച്ചു തുടങ്ങി. അങ്ങിനെ ഇരിക്കുമ്പോളാണു വടക്കെ ഒരു രാജാവായ ഠാക്കൂർ സാഹിബ്ബ് എന്ന മഹായശസ്വൻ ഇതേ വിഷയത്തിൽ തന്നെ "ആൎയ്യവൈദ്യശാസ്ത്രത്തിന്റെ ഒരു ചുരുക്കമായ ചരിത്രം" (A Short History of the Aryan Medical Science) എന്ന പേരായി ഇംഗ്ലീഷിൽ ഒരു പുസ്തകം എഴുതീട്ടുണ്ടെന്നു എനിക്കു മനസ്സിലായതു. ഉടനെ ഞാൻ ആ പുസ്തകം വരുത്തി വായിച്ചപ്പോൾ എനിക്കുണ്ടായ കൃതാൎത്ഥതക്കു അവസാനമില്ല. ഇതിനെ അടിസ്ഥാനപ്പെടുത്തി സ്വല്പം ചില ഭേദഗതിയോടുകൂടി ഒരു പുസ്തകം എഴുതിയാൽ സമാജക്കാരുടെ ഉദ്ദേശ്യം നടക്കുമെന്നു തോന്നുകയും, താമസിക്കാതെ ഈ പുസ്തകം എഴുതിത്തുടങ്ങുകയും ചെയ്തു.

ഇതു ഏകദേശം 1078 ഒടുവിലാണു. പിന്നെ ഞങ്ങളുടെ "ധന്വന്തരി" എന്ന വൈദ്യമാസിക തുടങ്ങുവാനും വളരെ താമസമുണ്ടായില്ല. അതിന്റെ എനിക്കു മാനേജ്മെന്റിന്നു പുറമെ ലേഖനങ്ങളുടെ ഭാരംകൂടി കുറെ വഹിക്കേണ്ടിവന്നതിനാൽ എല്ലാ തവണയും വല്ലതും ചിലതു ഞാനും എഴുതേണ്ടതായി വന്നു. അപ്പോൾ ഞാൻ എഴുതി വന്നിരുന്ന ഈ വൈദ്യശാസ്ത്രചരിത്രം അതാതു ലക്കത്തിൽ ഓരോ പ്രകരണമായി പ്രസിദ്ധപ്പെടുത്താമെന്നു നിശ്ചയിക്കുകയും, അങ്ങിനെ ഒന്നിലധികം സംവത്സരത്തിന്നുള്ളിൽ ഇതു ഒരു പുസ്തകമായിത്തീരുകയും ചെയ്തു.

ഈ പുസ്തകം താക്കൊർ സാഹിബ്ബ് എന്ന മഹാന്റെ ചരിത്രപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയതാണെന്നു ഞാൻ മേൽ പ്രസ്താവിച്ചുവല്ലൊ. എന്നാൽ ഇതു് അതിനെ മാതൃകയാക്കി എഴുതിയതാണെന്നല്ലാതെ അതിന്റെ ഒരു അനുപദതർജ്ജമയല്ല. അതിൽ കാണുന്ന എല്ലാ ഭാഗങ്ങളും ആ ക്രമത്തിൽതന്നെ ഇതിൽ എടുത്തിട്ടുണ്ടെങ്കിലും ദുർല്ലഭം ചിലതു വിട്ടുകളയുകയും, ചിലതു പുതുതായി കൂട്ടിച്ചേർക്കുകയും കൂടി ചെയ്യേണ്ടിവന്നിട്ടുണ്ടു്, ഇതിൽ അവിടവിടെ കാണുന്ന സംസ്കൃതപാഠങ്ങളെല്ലാം വിദ്യാർത്ഥികൾക്കു് ഉപകരിക്കണമെന്നുള്ള വിചാരത്താൽ ഞാൻ ഓരോ ഗ്രന്ഥങ്ങൾ നോക്കി എടുത്തിട്ടുള്ളതാണു്.

ഇതിൽ കാണിച്ചിട്ടുള്ള യന്ത്രശസ്ത്രങ്ങളെപ്പററിയും എനിക്കു രണ്ടു വാക്കു പറയുവാനുണ്ടു്, ഇതിന്റെ ഏഴും പത്തും അദ്ധ്യായങ്ങളിൽ പറയുന്ന യന്ത്രങ്ങളും ശസ്ത്രങ്ങളും ആര്യവൈദ്യഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടവയാണെങ്കിലും ആ വക ഗ്രന്ഥങ്ങളിൽ ഇതിന്റെ ഒന്നും ഛായ കൊടുത്തിട്ടില്ലാത്തതുകൊണ്ടു വിദ്യാർത്ഥികൾക്കു് അവയുടെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കുവാൻ വളരെ പ്രയാസമായിത്തീർന്നിട്ടുണ്ടു്. * നമ്മുടെ ശസ്ത്രവിദ്യ തന്നെ നാമാവശേഷമായിത്തീർന്നിട്ടുള്ള സ്ഥിതിക്കു യന്ത്രശസ്ത്രങ്ങളുടെ സ്വഭാവം മനസ്സിലാകാത്തതെന്നു നാട്ടുവൈദ്യന്മാർ ഇപ്പോൾ ഒരുമാതിരി കഴിഞ്ഞുകൂടുന്നുണ്ടെങ്കിലും ആര്യവൈദ്യത്തെ കാലാനുസാരേണ പരിഷ്കരിക്കണമെന്നു വിചാരിക്കുന്നവർ മുന്നാമതായി ദൃഷ്ടിവെക്കേണ്ടതു ശസ്ത്രവിദ്യയുടെ കാര്യത്തിലാണെന്നു് ആരും സമ്മതിക്കുന്നതാണല്ലൊ. അതുകൊണ്ടു, ഞങ്ങളുടെ തൽക്കാലസ്ഥിതി നോക്കുമ്പോൾ കുറെ സാഹസമായിരുന്നാലും

---

* ഇയ്യിടയിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ദുർല്ലഭം ചില പഴയ വൈദ്യപുസ്തകങ്ങളിൽ യന്ത്രശസ്ത്രങ്ങളുടെ ഛായ കൊടുത്തിട്ടില്ലെന്നില്ല. എങ്കിലും അതുകൊണ്ടു കാര്യം മുഴുവനും നടക്കുന്നതല്ല.

വായനക്കാരുടെ—പ്രത്യേകിച്ച വിദ്യാർത്ഥികളുടെ—സൌകൎയ്യത്തിന്നുവേണ്ടി ആൎയ്യവൈദ്യശാസ്ത്രത്തിൽ പറയുന്ന മിക്ക യന്ത്രശസ്ത്രങ്ങളുടെയും ബ്ലോക്കുകൾകൂടി ഇതിൽ ചേൎത്തിട്ടുണ്ട്, എന്നാൽ ഈ ബ്ലോക്കുകൾ ഇത്രയും ഭംഗിയായി കിട്ടുവാൻസാധിച്ചത് മ. രാ. രാ, അമ്പാടി നാരായണപ്പൊതുവാൾ അവൎകളുടേയും, മതിരാശി മെഡിക്കൽകാളേജിൽ പഠിക്കുന്ന (ഇപ്പോൾ ചിങ്കൽപെട്ട ദുൎഗ്ഗുണപരിഹാരപാഠശാലാസൂപ്രേണ്ടായിരിക്കുന്ന ഡാക്ടർ) പി. കൃഷ്ണവാരിയർ അവൎകളുടേയും സഹായംകൊണ്ടാണെന്നും ഇവിടെ സന്തോഷപൂൎവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഇതു ഞാൻ സമാജക്കാരുടെ ആവശ്യംപ്രമാണിച്ച് എഴുതിയതാകയാൽ വൈദ്യവിദ്യാൎത്ഥികൾക്ക് ഇതുകൊണ്ടു ഗുണമുണ്ടാകുന്ന പക്ഷം ഈ പ്രയത്നം സഫലമായി എന്നാണ് എന്റെ വിശ്വാസം.

ഈ പുസ്തകം എഴുതുമ്പോൾ വൈദ്യഭാഗങ്ങളിൽ എനിക്കു നേരിട്ടുന്ന സംശയങ്ങളെല്ലാം അതാതു സമയം തീൎത്തുതന്ന് എന്നെ സഹായിച്ചിട്ടുള്ള ജ്യേഷ്ഠൻ പി. എസ്സ്. വാരിയർ അവർകൾക്കും, എന്റെ അപേക്ഷപ്രകാരം ഇതിന്നു സാരവത്തായ ഒരു അവതാരിക എഴുതിത്തന്ന പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മാവ് അവർകൾക്കും കൂടി എന്റെ വന്ദനം പറഞ്ഞ് ഈ പുസ്തകം ഞാൻ കേരളീയമഹാജനങ്ങളുടെ മുമ്പാകെ ഇതാ സമർപ്പിച്ചുകൊള്ളുന്നു.

പി. വി. കൃഷ്ണവാരിയർ

UNIVERSITY LIBRARY
APR. 1929
MADRAS

# അവതാരിക

ഹിന്തുക്കളായ നമ്മൾ ഓരോ ചരിത്രങ്ങളെ പ്രദിപാദിക്കുന്ന പുരാണങ്ങൾ കാവ്യങ്ങൾ മുതലായ ചില ഗ്രന്ഥങ്ങളെ പരിചയിച്ചുവരുന്നുണ്ടെങ്കിലും, അവകളിൽ അത്യുക്തി അതിശയോക്തി മുതലായ അലങ്കാരപ്രയോഗങ്ങളെക്കൊണ്ടും കല്പിതങ്ങളായ വർണ്ണനാവൈഭവങ്ങളെക്കൊണ്ടും ശരിയായ ചരിത്രത്തെ മനസ്സിലാക്കുവാനുള്ള വഴികൾ വളരെ ചുരുക്കമായിട്ടുതന്നേ കാണപ്പെടുന്നുള്ളു. എന്നുമാത്രമല്ല, ഓരോ ചരിത്രാംശങ്ങളുടെ കാലങ്ങളെ ശരിയായി പ്രദിപാദിക്കുക എന്നുള്ള അംശത്തിൽ ആവക ഗ്രന്ഥങ്ങൾ ശ്രദ്ധവെച്ചതായി കാണുന്നതുമില്ല.

ഇംഗ്ലീഷുകാർ, അല്ലെങ്കിൽ പുതിയ ആലോചനാശക്തിയുള്ളവർ, ഇതിന്നു വിപരീതമായി അതാതു സമയങ്ങളിലുമുള്ള എല്ലാ വസ്തുക്കളുടെയും ചരിത്രങ്ങളെ യഥാർത്ഥസ്ഥിതിയിൽതന്നെ ഗ്രന്ഥരൂപേണ എഴുതി സൂക്ഷിച്ചുവരുന്നുണ്ടെന്നു മാത്രമല്ല, പണ്ടു ചരിത്രങ്ങളില്ലാതെ കിടക്കുന്ന പല വസ്തുക്കളുടേയും യഥാർത്ഥചരിത്രങ്ങളെക്കൂടി അനേകം ഗ്രന്ഥങ്ങളെ പരിശോധിച്ചും പലവിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയും ശരിയായി സമ്പാദിച്ചുവരുന്നുണ്ടെന്നുള്ള സംഗതി ഏററവും സന്തോഷഹേതുവും, അവരുടെ ഈ സ്വഭാവം നമ്മൾക്ക് അവരിൽനിന്നു പഠിക്കേണ്ടതായ പല സ്വഭാവങ്ങളുമുള്ള കൂട്ടത്തിൽ പ്രധാനമായി ഗണിക്കത്തക്കതുമാണെന്നു സധൈര്യം പറയാവുന്നതാകുന്നു.

പ്രകൃതമായ ഈ 'ആയുർവൈദ്യചരിത്രം' മേൽക്കാണിച്ചവി

ധത്തിൽ ഇന്ത്യയിലെ യോഗ്യനായ ഒരു രാജാവിനാൽ ഇംഗ്ലീഷു ഭാഷയിലെഴുതപ്പെട്ട 'ആൎയ്യവൈദ്യശാസ്ത്രത്തിന്റെ ഒരു ചുരുക്കമായ ചരിത്രം' എന്ന പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി 'ധന്വന്തരി'യുടെ ഒരു ഉടമസ്ഥനും മാനേജരുമായ പി. വി. കൃഷ്ണവാരിയർ അവർകളാൽ എഴുതപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇതു മേല്പറഞ്ഞ ഇംഗ്ലീഷുപുസ്തകത്തിന്റെ ഒരു അനുപദതൎജ്ജമയല്ലെന്നുമാണ് അറിയുന്നത്.

ഈ ചരിത്രപുസ്തകത്തിൽ ഹിന്തുക്കളുടെ പ്രാചീനപരിഷ്കാരം, പണ്ടത്തെ ഹിന്തുവൈദ്യഗ്രന്ഥകാരന്മാർ, സൃഷ്ടിയെക്കുറിച്ചുള്ള ഹൈന്ദവസിദ്ധാന്തം, ആൎത്തവകാലത്തെ ചൎയ്യ, ഹിന്തുക്കൾ മനസ്സിലാക്കിയപ്രകാരമുള്ള ആരോഗ്യരക്ഷാശാസ്ത്രതത്വങ്ങൾ, ഹിന്തുക്കളുടെ വൈദ്യശാസ്ത്രസിദ്ധാന്തം, ഹിന്തുക്കളുടെ ഭേഷജകല്പം, രോഗങ്ങളുടെ നിദാനലക്ഷണചികിത്സകളെക്കുറിച്ച് എഴുതിയ ഹിന്തുഗ്രന്ഥകാരന്മാർ, ഒരു വൈദ്യന്റെ ഗുണങ്ങളും സാദ്ധ്യാസാദ്ധ്യവിചാരവും, ഇന്ത്യയിലെ ശസ്ത്രവിദ്യയും അതിന്റെ അഭ്യുദയവും അധഃപതനവും, ഹിന്തുവൈദ്യശാസ്ത്രത്തിന്നു സംഭവിച്ച മാറ്റങ്ങൾ ഈവക വിഷയങ്ങളെ പതിനൊന്ന് അദ്ധ്യായങ്ങളെക്കൊണ്ടു വിശദമായി പ്രതിപാദിച്ച് 12-ാം അദ്ധ്യായത്തിൽ ആൎയ്യവൈദ്യചരിത്രത്തിന്റെ പല സ്ഥിതികളെപ്പറ്റിയുമുള്ള ഒരു പ്രസംഗത്തോടുകൂടി ഗ്രന്ഥസമാപ്തിവരുത്തുന്നു.

പ്രസ്തുതപുസ്തകത്തിന്റെ ഒടുവിൽ ഇതിന്റെ ഏഴും പത്തും അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ട യന്ത്രങ്ങളുടേയും ശസ്ത്രങ്ങളുടേയും ചിത്രങ്ങൾ നമ്പ്രിന്റെ ക്രമത്തിൽ കാണിച്ച് അവുകളുടെ പേരുകളെ അതാതുഭാഗത്തിൽതന്നെ കൊടുത്തിരിക്കുന്നതു വളരെ ആവശ്യവും ഉചിതവുമായിത്തീൎന്നിരിക്കുന്നു.

ഇത് ഒരു ചരിത്രപുസ്തകമാണെങ്കിലും ആൎയ്യവൈദ്യശാ

സ്ത്രപ്രകാരം ചികിത്സിക്കുവാൻ തുടങ്ങുന്ന ഏതു വൈദ്യന്മാൎക്കും വൈദ്യശാസ്ത്രത്തിന്റെ എല്ലാ സ്ഥാനങ്ങളിൽനിന്നും അറിയേണ്ടതായ പല വിഷയങ്ങളും ഇതിൽ പല ഘട്ടങ്ങളിലുമായി വേണ്ടവിധം വെളിപ്പെടുത്തീട്ടുള്ളതുകൊണ്ട് ഇതിന്റെ പരിശീലനം ആവക വൈദ്യന്മാൎക്ക് അത്യാവശ്യമാണെന്നുമാത്രമല്ല, ഇതുപോലെ ആൎയ്യവൈദ്യശാസ്ത്രത്തിലുള്ള പലവിധവിഷയങ്ങളെ പ്രതിപാദിക്കുന്ന മററ് ഒരു ഗ്രന്ഥവും നമ്മുടെ ഇടയിൽ ഇതുവരെ നടപ്പായിക്കണ്ടിട്ടില്ലാത്തതുകൊണ്ട് ഇതു നമുക്കു കൂടാതെകഴിപ്പാൻ നിവൃത്തിയില്ലാത്തതുകൂടിയാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

ഇതിൽ വൈദ്യശാസ്ത്രത്തെപ്പററിയല്ലാതെ, ജ്യോതിശ്ശാസ്ത്രം, ധൎമ്മശാസ്ത്രം, രത്നശാസ്ത്രം, ശ്രൌതവിധി, മന്ത്രശാസ്ത്രം, പാകശാസ്ത്രം മുതലായ മററു പല ശാസ്ത്രങ്ങളുടേയും ചില ചരിത്രങ്ങളും തത്വങ്ങളുംകൂടി പ്രതിപാദിക്കപ്പെട്ടിട്ടുള്ളതിനാൽ ആവക ശാസ്ത്രങ്ങളിൽ പരിചയിക്കുന്നവൎക്കും ഇത് ഉപകാരപ്രദമായിവരുന്നതാകുന്നു.

ഹിന്തുവൈദ്യശാസ്ത്രത്തിൽ കിടപ്പുള്ള അനേകം മഹാഗ്രന്ഥങ്ങളെ ആമൂലചൂഡം കൂലങ്കഷമായി പരിശോധിക്കാതെ ഒരാൾക്ക് ഇങ്ങിനെ ഒരു ഗ്രന്ഥം ഉണ്ടാക്കുവാൻ കഴിയുന്നതല്ലെന്ന് ഇതിന്റെ പരിശോധനയിൽ സധൈൎയ്യം പറയാവുന്നതാണ്.

ഹിന്തുക്കളുടെ പ്രമാണപ്രകാരം വിശ്വസിച്ചുപോരുന്ന പ്രാരബ്ധകൎമ്മത്തിന്റെ സ്വരൂപത്തെ നല്ലവണ്ണം ആലോചിക്കുകയും അതിൽ ഓരോ രോഗവിശേഷങ്ങൾക്കു ഓരോ പാപവിശേഷങ്ങൾ കാരണമായിത്തീരുമെന്നും മററുമുള്ള പ്രാചീനമതത്തെക്കൂടി എടുത്തു കാണിക്കുകയും ഇതിൽ ചെയ്യാതിരുന്നിട്ടില്ല.

ചില ചില ഘട്ടങ്ങളിൽ സുശ്രുതൻ, ശാൎങ്ഗധരൻ, വാഭടൻ മുതലായ ചിലരുടെ വചനങ്ങളെക്കൂടി എടുത്തെഴുതുകയും

അതുമൂലം പ്രാചീനന്മാരായ ആൎയ്യവൈദ്യന്മാൎക്കുണ്ടായിരുന്ന ഓരോ വിശേഷജ്ഞാനങ്ങളെക്കൂടി എടുത്തുകാണിച്ചു യുക്തികൊണ്ടു സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

അതിന്നുപുറമെ ശരീരത്തിലുള്ള ഞരമ്പുകൾ, അസ്ഥികൾ, നാഡികൾ, തോലുകൾ മുതലായവയുടെ ഉല്പത്തിയേയും അവയുടെ വകവിവരങ്ങളേയും കുറിച്ചുള്ള നിരൂപണവും ഇതിൽ ചുരുക്കത്തിൽ ചെയ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ ഇതിൽ കാണിച്ച ചില ചരിത്രഭാഗങ്ങളിൽ ചില പൌരാണികവചനങ്ങളോടു വിസംവാദം കാണപ്പെടുന്നുണ്ടെങ്കിലും ആയത് അനേകപുരാണവചനങ്ങൾക്ക് ആപാതത്തിൽ കാണപ്പെടുന്ന അന്യോന്യവിരോധങ്ങളുടെ കൂട്ടത്തിൽ ഒന്നാണെന്നുമാത്രമേ വിചാരിപ്പാൻ വഴിയുള്ളു.

ഇപ്പോൾ കാലക്രമംകൊണ്ടു ആൎയ്യവൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള അറിവു തുലോം ചുരുങ്ങിവന്നിരിക്കുന്നു എന്നുമാത്രമല്ല ചിലൎക്ക് ഇതിനെപ്പറ്റി നിന്ദകൂടി ജനിച്ചുതുടങ്ങിയിരിക്കുന്ന ഈ സമയത്ത് ഇതിന്റെ പഴയകാലത്തുണ്ടായിരുന്ന യഥാൎത്ഥമായ ചരിത്രത്തെ പ്രതിപാദിക്കുന്ന വഴിയിൽ അറിവാനിടയാക്കിത്തീൎക്കുന്ന പ്രസ്തുതപുസ്തകത്തിന്റെ ആവിൎഭാവം അവസരോചിതവും ചെറുപ്പക്കാരനായ മിസ്റ്റർ വാരിയരുടെ ഈ വിഷയത്തിലുള്ള പരിശ്രമം ഏറ്റവും ശ്ലാഘനീയവുമാണെന്നു പറഞ്ഞുകൊണ്ടു തല്ക്കാലം ഈ അവതാരികയെ ഇവിടെ അവസാനിപ്പിക്കുന്നു.

എന്ന്

പട്ടാമ്പി
1-11-1905.

പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മാ.

…Y LIBRA… 18 APR. 1929 MADRAS

## രണ്ടാംപതിപ്പിന്റെ

# പ്രസ്താവന

ഈ ചരിത്രപുസ്തകം ഒന്നാമതായി പ്രസിദ്ധപ്പെടുത്തീട്ട് പതിനഞ്ചുകൊല്ലത്തോളമായിരിക്കുന്നു. ഇതിന്റെ ഒന്നാംപതിപ്പു മുഴുവനും വിററുതീൎന്നിട്ടുതന്നെ ഒരു വ്യാഴവട്ടത്തോളമായിക്കാണും. അതിന്നു ശേഷവും ആവശ്യക്കാർ ധാരാളമുണ്ടായിക്കൊണ്ടിരുന്നതിനാൽ 1089 ഒടുവിൽ ഇതിന്റെ രണ്ടാംപതിപ്പ് ആരംഭിച്ചു. എങ്കിലും ഉടനേതന്നെ ലോകമഹായുദ്ധം ആരംഭിച്ചതോടുകൂടി കടലാസ്സിന്റെ വില ക്രമേണ വൎദ്ധിക്കുകയും, നല്ല കടലാസ്സു സഹിക്കാവുന്ന വിലക്കു കിട്ടാതാവുകയും ചെയ്തതിനാൽ തല്ക്കാലം പണിനിൎത്തുകതന്നെ വേണ്ടിവന്നു. യുദ്ധം അവസാനിച്ചശേഷം കഴിഞ്ഞകൊല്ലത്തിൽ കടലാസ്സിന്റെ വില കുറച്ചൊന്നു താണുകണ്ടപ്പോൾ വീണ്ടും അച്ചടി തുടങ്ങി. നിൎഭാഗ്യവശാൽ പിന്നെക്കു വില വളരെ കയറുകയാണ് ചെയ്തിട്ടുള്ളതെങ്കിലും ഇനിയും താമസിക്കുന്നതു് ഇതിലുമധികം നഷ്ടത്തിന്നു കാരണമാകുമെന്നു കരുതി ഇപ്പോൾ ഒരു വിധം നല്ല കടലാസ്സിൽതന്നെ ഇതിന്റെ അച്ചടി മുഴുവനും കഴിച്ച് ഇതാ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ഒന്നാംപതിപ്പിൽ അല്പം ചില ദിക്കിൽ ദുൎഭംഗി തോന്നീട്ടുള്ളതോ, അച്ചടിപ്പിഴകൾ വന്നിട്ടുള്ളതോ തിരുത്തിയതല്ലാതെ, വിഷയങ്ങളുടെ വിഭാഗത്തിനാകട്ടെ വിവരണങ്ങൾക്കാകട്ടെ പറയത്തക്ക യാതൊരു മാററവും ഇതിൽ ചെയ്തിട്ടില്ല. ഇനി ഇതിലെന്തെങ്കിലും മാററങ്ങൾ വരുത്തണമെന്നു വൈദ്യന്മാരോ മററു സഹൃദയന്മാരോ സദയം ഉപദേശിച്ചുതന്നാൽ അതൊക്കെ സന്തോഷപൂൎവ്വം സ്വീകരിച്ച് അടുത്ത പതിപ്പിൽ ശരിപ്പെടുത്തുവാൻ ഞാൻ സന്നദ്ധനമാണ്. എന്ന്

കോട്ടക്കൽ
1096-തുലാം 1-ാനു

സഹൃദയവിധേയൻ
പി. വി. കൃഷ്ണവാരിയർ

# വിഷയാനുക്രമണിക


| അദ്ധ്യായം | വിഷയങ്ങൾ | ഭാഗം |
|---|---|---|
| 1. | ഹിന്തുക്കളുടെ പ്രാചീനപരിഷ്ക്കാരം. ... | 1 |
| 2. | പണ്ടത്തെ ഹിന്തുവൈദ്യകാരന്മാർ ... | 14 |
| 3. | സൃഷ്ടിയെക്കുറിച്ചുള്ള ഹൈന്ദവസിദ്ധാന്തം | 30 |
| 4. | ആർത്തവകാലത്തെ ചര്യ ... ... ... | 35 |
| 5. | ഹിന്തുക്കൾ മനസ്സിലാക്കിയ പ്രകാരമുള്ള ആരോഗ്യരക്ഷാശാസ്ത്രതത്വങ്ങൾ ... ... | 47 |
| 6. | ഹിന്തുക്കളുടെ വൈദ്യശാസ്ത്രസിദ്ധാന്തം... ... | 77 |
| 7. | ഹിന്തുക്കളുടെ ഭേഷജകല്പം ... ... ... | 97 |
| 8. | രോഗങ്ങളുടെ നിദാനലക്ഷണചികിത്സകളെക്കുറിച്ചെഴുതിയ ഹിന്തുഗ്രന്ഥകാരന്മാർ | 148 |
| 9. | ഒരു വൈദ്യന്റെ ഗുണങ്ങളും, സാദ്ധ്യാസാദ്ധ്യവിചാരവും ... ... ... ... | 161 |
| 10. | ഇന്ത്യയിലെ ശസ്ത്രവിദ്യ—അതിന്റെ അഭ്യുദയവും, അധഃപതനവും ... ... | 177 |
| 11. | ഹിന്തുവൈദ്യശാസ്ത്രത്തിന്നു സംഭവിച്ച ചില മാററങ്ങൾ. ... ... ... ... | 189 |
| 12. | സമാപ്തി ... ... ... ... ... | 204 |

## ആൎയ്യവൈദ്യചരിത്രം 7-ാം അദ്ധ്യായം
## 140-ാം ഭാഗത്തു വിവരിച്ച ചില
## യന്ത്രങ്ങളുടെ ചിത്രങ്ങൾ.

ചിത്രം 1.

1. അർദ്ധഖല്വയന്ത്രം.
2. അധഃപാതനയന്ത്രം.
3. ബകയന്ത്രം.
4. ഭൂധരയന്ത്രം.
5. സോമാനലയന്ത്രം.
6. സമ്പുടയന്ത്രം.
7. ചക്രയന്ത്രം.

ചിത്രം 2.

8. ദീപികായന്ത്രം.
9. ഡമരുയന്ത്രം.
10. ഡോലായന്ത്രം.
11. ഢേകീയന്ത്രം.
12. ധൂപയന്ത്രം.
13. ഇഷ്ടികായന്ത്രം.

ചിത്രം 3.

14. ഹംസപാകയന്ത്രം.
15. ജാരണായന്ത്രം.
16. കച്ഛപയന്ത്രം.
17. കന്ദുകയന്ത്രം.
18. കോഷ്ഠീയന്ത്രം, നമ്പർ 1.

ചിത്രം 4.

19. കോഷ്ഠീയന്ത്രം, നമ്പർ 2
20. ലവണയന്ത്രം.
21. നാളികായന്ത്രം.
22. നാഭീയന്ത്രം.
23. പാതാളയന്ത്രം.

ചിത്രം 5.

24. തിൎയ്യക്പാതനയന്ത്രം.
25. തപ്തഖല്വയന്ത്രം, നമ്പർ 1.
26. ,, നമ്പർ 2.
27. ,, നമ്പർ 3.
28. വാലുകായന്ത്രം.

ചിത്രം 6.

29. വലഭീയന്ത്രം.
30. വൎത്തുളഖല്വയന്ത്രം.
31. വിദ്യാധരയന്ത്രം.

## ആൎയ്യവൈദ്യചരിത്രം 10-ാം അദ്ധ്യായം 184-ം,
## 185-ം ഭാഗങ്ങളിൽ വിവരിച്ച ഏതാനും
## യന്ത്രശസ്ത്രങ്ങൾ

ചിത്രം 7.

(1 മുതൽ 14 വരെ)

1. അംഗുലിയന്ത്രം
2. അൎശോയന്ത്രം
3. അശ്മൎയ്യാഹരണയന്ത്രം
4. വസ്തിയന്ത്രം

5. ഭൃംഗമുഖയന്ത്രം
6. ദർവ്വ്യാകൃതിശലാക
7. ഗർഭശങ്കു
8. ജലോദരയന്ത്രം
9. കാകമുഖയന്ത്രം
10. കങ്കമുഖയന്ത്രം
11. മുചുടീയന്ത്രം
12. നാഡീയന്ത്രം
13. ഋക്ഷമുഖയന്ത്രം
14. സന്ദംശയന്ത്രം

ചിത്രം 8

(15 മുതൽ 28 വരെ)

15. ശമീപത്രയന്ത്രം
16. ശലാകായന്ത്രം
17. ശരപുംഖമുഖം
18. സിംഹമുഖയന്ത്രം
19. ശ്വാനമുഖയന്ത്രം
20. ശങ്കുമുഖയന്ത്രം
21. സ്നുഹീയന്ത്രം
22. താളയന്ത്രം
23. തരക്ഷുമുഖം
24. വൃകമുഖം
20. വ്രണക്ഷാളനയന്ത്രം
26. വ്യാഘ്രമുഖയന്ത്രം
27. ശൃംഗശങ്കുയന്ത്രം
28. യോന്യവേക്ഷണയന്ത്രം

ചിത്രം 9

ശസ്ത്രങ്ങൾ

1. അദ്ധ്യർദ്ധധാരം.
2. ആടീമുഖം.
3. ആരാ.
4. ബളിശം.
5. ദന്തശങ്കു.
6. എഷണി.
7. കരപത്രം.
8. കത്തരി.

ചിത്രം 10.

9. കുഠാരി.
10. കുശപാത്രം.
11. മണ്ഡലാഗ്രം.
12. മുദ്രികാശസ്ത്രം.
13. നഖശസ്ത്രം.
14. ശരാരീമുഖം.
15. സൂചി.
16. ത്രികൂർച്ചകം.
17. ഉല്പലപത്രകം.
18. വൃദ്ധിപത്രം.
19. വ്രീഹിമുഖം.
20. വേതസപത്രം.

Aryavaidya Charithram

# ആൎയ്യവൈദ്യചരിത്രം

## ഒന്നാം അദ്ധ്യായം

UNIVERSITY LIBRARY MADRAS

### ഹിന്ദുക്കളുടെ പ്രാചീനപരിഷ്കാരം

ആൎയ്യന്മാരുടെ പ്രാചീനപരിഷ്കാരത്തെക്കുറിച്ച് ഒരു ചരിത്രം എഴുതുന്നതാണെങ്കിൽ അതിൽ അവരുടെ വൈദ്യശാസ്ത്രചരിത്രം ഒരിക്കലും ഒഴിച്ചുകൂടാത്തതായ ഒരു ഭാഗമായിരിക്കും. ഇവിടെ "ആൎയ്യൻ" എന്ന പദം പ്രയോഗിച്ചതു്, ഹിന്ദുക്കളുടെ വിശ്വാസപ്രകാരം അതിന്നാദ്യമുണ്ടായിരുന്നതും ഏററവും ശരിയായിട്ടുള്ളതുമായ അൎത്ഥത്തിൽ മാത്രമാകുന്നു. ഈ അടുത്തകാലത്തു് അതിന്നു കുറേക്കൂടി വ്യാപകമായ ഒരൎത്ഥം കല്പിക്കുന്നതു വളരെ സാധാരണയായിത്തീൎന്നിട്ടുണ്ടു്. ഇംഗ്ലീഷ്ഭാഷയിൽ കെൽട്സ്, ട്യൂട്ടൺസ് എന്നു പറയുന്ന വൎഗ്ഗക്കാർ, ഇററലിക്കാർ, യവനന്മാർ (ഗ്രീക്കുകാർ), പാരസീകന്മാർ, ഹിന്ദുക്കൾ ഇവരുടെ എല്ലാംകൂടി പൂൎവ്വന്മാരാണെന്നൂഹിക്കപ്പെടുന്ന ഒരു കൂട്ടം പ്രാചീനജനങ്ങളുണ്ടായിരുന്നു എന്നും, അവരെയെല്ലാം ആൎയ്യശബ്ദംകൊണ്ടു വ്യവഹരിക്കാമെന്നും പാശ്ചാത്യന്മാരായ മനുഷ്യവൎഗ്ഗശാസ്ത്രജ്ഞന്മാർ(Ethnologists)അഭിപ്രായപ്പെടുന്നുണ്ടു്. ഊഹമാത്രഗോചരമായ ആ പ്രാചീനജനസംഘത്തിൻെറ ഓരോ ശാഖകളെന്നു പറയപ്പെടുന്ന കെൽട്സ്, ഹിന്ദുക്കൾ മുതലായ വൎഗ്ഗക്കാർ തമ്മിൽ നവീനശാസ്ത്രംകൊണ്ടു കണ്ടുപിടിച്ചതായ പലവിധത്തിലുള്ള സാമ്യാവസ്ഥകളാൽ, ഈ ജനസമുദായങ്ങളെല്ലാം ഒരുകാലം ഏഷ്യാമദ്ധ്യത്തിൽ കിടക്കുന്ന കാക്കസെസ്സ് പൎവ്വതനിരകളുടെ സ

മീപത്തിലൊരുമിച്ചു താമസിച്ചിരുന്നു എന്നും, പിന്നെ അവർ അവിടെനിന്നു സംഗതിവശാൽ പിരിഞ്ഞുപോയ കൂട്ടത്തിൽ ഹിന്തുക്കൾ കുടുംബസഹിതം ഇന്ത്യയിലെക്കു കടന്നു വന്ന് ഇവിടെ ഉണ്ടായിരുന്ന പൂൎവ്വനിവാസികളെ കീഴടക്കി താമസിച്ചുപോന്നു എന്നും മാറമാണ് ചില ആധുനികപണ്ഡിതന്മാരുടെ സിദ്ധാന്തം. ഈ യുക്തി യൂറോപ്യന്മാരാൽ സ്വന്തമായി സൃഷ്ടിക്കപ്പെട്ടതും, തങ്ങൾ സ്വതന്ത്രോൽപത്തിയോടുകൂടിയവരെന്നഭിമാനിക്കുന്ന ഹിന്തുക്കളാൽ പരക്കെ സ്വീകരിക്കപ്പെടാത്തതുമാകുന്നു. തങ്ങളൊരിക്കലും ഇതരരാജ്യങ്ങളിൽനിന്നിവിടെക്കു വന്നവരല്ല; എന്നുമാത്രമല്ല—പൂൎവ്വഹിന്തുക്കളിൽനിന്ന് അനേകം ശാഖകൾ പിരിഞ്ഞുപോയി പുതുരാജ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നുകൂടി ഇന്ത്യയിലെ പണ്ഡിതസാൎവ്വഭൗമന്മാർ യുക്തിപൂൎവ്വം തെളിയിക്കുന്നുണ്ട്. നമുക്കു തൽക്കാലം ഈ വാദപ്രതിവാദത്തിൽ പ്രവേശിക്കേണ്ടതില്ല. ഹിന്തുക്കളുടെ മാഹാത്മ്യമേറിയ പുസ്തകങ്ങളിലും അവരുടെ നിത്യസംഭാഷണത്തിലും "ആൎയ്യ"ശബ്ദം കൊണ്ട് അവരെ മാത്രമേ പറഞ്ഞുവരുമാറുള്ളു. അതുകൊണ്ട് ഈ പുസ്തകത്തിൽ എവിടെ എങ്കിലും "ആൎയ്യ"ശബ്ദം പ്രയോഗിച്ചുകണ്ടാൽ അതിന്നു "ഹിന്തു" എന്നുമാത്രം അൎത്ഥം മനസ്സിലാക്കേണ്ടതാണെന്ന് ആദ്യംതന്നെ പറഞ്ഞുവെക്കട്ടെ.

ഹിന്തുക്കൾ, തങ്ങളുടെ രാജ്യത്തിന്നു 'ആൎയ്യന്മാരുടെ സ്ഥാനം' എന്നുള്ള അൎത്ഥത്തിൽ "ആൎയ്യാവൎത്തം" എന്നാണ് പേർ കൊടുത്തിരിക്കുന്നത്. പ്രാചീനസ്മൃതികാരന്മാരിൽ ഒന്നാമനായ മനു 'ആൎയ്യാവൎത്തത്തെ' ഇങ്ങിനെ വിവരിക്കുന്നു:—

"ആസമുദ്രാത്തു വൈ പൂൎവ്വാ-
ദാസമുദ്രാത്തു പശ്ചിമാൽ
തയോരേവാന്തരം ഗിൎയ്യോ-
'രാൎയ്യാവൎത്തം വിദുൎബ്ബുധാഃ"

കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങളുടേയും വടക്കു 'ഹിമവാൻ' തെക്കു 'വിന്ധ്യൻ' എന്നീ രണ്ടു പൎവ്വതങ്ങളുടേയും മദ്ധ്യത്തിലുള്ള രാജ്യഭാഗത്തെ വിദ്വാന്മാർ "ആൎയ്യാവൎത്തം" എന്നു പറയുന്നു എന്നാണു് ശ്ലോകത്തിന്റെ താല്പൎയ്യം. ഈ രാജ്യഭാഗത്തു ജനിച്ചിട്ടുള്ള ബ്രാഹ്മണരാണു് മനുഷ്യൎക്കുള്ള അനേകം വൃത്തിനിയമങ്ങളുടെ ശരിയായ ഉപദേശകൎത്താക്കന്മാരെന്നും മനു നമ്മെ പഠിപ്പിക്കുന്നു. കാലാന്തരത്തിൽ വടക്കു 'ഹിമാലയം' മുതൽ തെക്കു 'കന്ന്യാകുമാരി' വരെയും, കിഴക്കു 'ഐരാവതീ'നദിയും 'ബങ്കാളഉൾക്കടലും' മുതൽ പടിഞ്ഞാറു 'സിന്ധുനദിയും അറബിക്കടലും' വരേയും വ്യാപിച്ചുകിടക്കുന്ന രാജ്യത്തിന്നു മുഴുവനും കൂടി "ആൎയ്യാവൎത്തം" എന്ന പേർ പറഞ്ഞുതുടങ്ങി.

ഈ ഇന്ത്യ, സ്വാഭാവികങ്ങളായ അതിരുകളോടുകൂടിയ ഒരു വിശേഷപ്പെട്ട രാജ്യമാകുന്നു. ഈ രാജ്യത്തിൽ ആറു ഋതുക്കളും അവയുടെ ഗുണസമൃദ്ധികൊണ്ടു നമുക്കേറ്റവും സുഖപ്രദങ്ങളായിരിക്കുന്നു. ഇവിടെ, പൎവ്വതങ്ങളുടേയും സമുദ്രങ്ങളുടെയും സ്ഥിതിഭേദത്താൽ അത്യുഷ്ണം, അതിശീതം, പരിമിതശീതോഷ്ണം ഇങ്ങിനെ പ്രകൃതിയുടെ (ശീതോഷ്ണസ്ഥിതിയുടെ) നാനാഭേദങ്ങളും നമുക്കു കിട്ടുന്നുണ്ടു്. സകലലോകത്തിന്നും ഈ രാജ്യം ജ്ഞാനത്തിന്നുള്ളൊരു ശ്രീമൂലസ്ഥാനമായിട്ടുണ്ടെന്നുമാത്രമല്ല, ഇപ്പോൾ തലപൊക്കിപ്പിടിച്ചുനടക്കുന്ന ഏതു ജനസമുദായവും പ്രാചീനഹിന്തുക്കളുടെ ശാസ്ത്രകലവറയിൽനിന്നു പിടിപ്പതിലധികം കടം വാങ്ങീട്ടില്ലായിരുന്നു എങ്കിൽ, ഇക്കാലത്തു് ലോകത്തിലെങ്ങാനുമുണ്ടാകുന്നതേ അല്ലായിരുന്നു എന്നുകൂടിതെളിയിക്കുന്നതിന്നു ചരിത്രം മതിയായ സാക്ഷിയാകുന്നു. മററുള്ള ജനസമുദായങ്ങൾ കേവലം ഇല്ലാതിരിക്കുകയോ, ഉണ്ടെങ്കിൽതന്നെ ശുദ്ധമേ നിരക്ഷരകുക്ഷികളായിരിക്കുകയോ ചെയ്തിരുന്ന കാലത്തുതന്നെ, ഇന്ത്യയുടെ കീൎത്തിചന്ദ്രിക ലോകമെല്ലാം പ്രകാശിപ്പിച്ചു

കൊണ്ടിരുന്നു. കഴിഞ്ഞ നൂററാണ്ടിന്റെ അഭിമാനഹേതുക്കളാണെന്നു വെച്ചിരിക്കുന്ന മിക്ക ശാസ്ത്രങ്ങളും പ്രാചീനഹിന്തുക്കൾക്കറിയപ്പെടാത്തവയായിരുന്നില്ല. അനേകായിരം സംവത്സരങ്ങൾക്കുമുമ്പിൽ അവരുൽഘോഷിച്ചിരുന്ന ശാസ്ത്രതത്വങ്ങൾ ഇന്നും അവയുടെ സ്വാഭാവികമായ പുതുമയോടുകൂടി ഉജ്ജ്വലിക്കുന്നുണ്ടോ എന്നറിയേണ്ടതിന്നു ഒരുവൻ അവരുടെ ഗ്രന്ഥങ്ങളിലൊന്നു ദൃഷ്ടി പതിപ്പിക്കുകയേ ചെയ്യേണ്ടതുള്ളു.

ജ്യോതിഷത്തെ ഒന്നാമതായി സൃഷ്ടിച്ചതു ഹിന്തുക്കളായിരുന്നു. ഇദാനീന്തനന്മാരായ എല്ലാ ജ്യോതിശ്ശാസ്ത്രവിശാരദന്മാരും, ജ്യോതിഷത്തിൽ ഹിന്തുക്കൾ കണ്ടുപിടിച്ച തത്വങ്ങൾക്ക് ഏററവും പഴക്കമുണ്ടെന്നു് ഐകകണ്ഠ്യേന സമ്മതിക്കുന്നുണ്ട്. കാസ്സിനി, ബെയിലി, പ്ലേഫർ മുതലായ പാശ്ചാത്യപണ്ഡിതന്മാർ, ക്രിസ്തുവിന്നു മൂവ്വായിരം കൊല്ലങ്ങൾക്കു മുമ്പായി ഹിന്തുക്കൾ കണ്ടെത്തിയ ജ്യോതിശ്ശാസ്ത്രതത്വങ്ങൾ ഇന്നും അവണ്ണനീയങ്ങളായിരിക്കുന്നു എന്നും, അവരക്കാലത്തുതന്നെ ഈ ശാസ്ത്രത്തിൽ വളരെ പാണ്ഡിത്യമുള്ളവരായിരുന്നു എന്നും നിരാക്ഷേപമായി തെളിയിച്ചിരിക്കുന്നു. പ്രാചീനഹിന്തുക്കൾ പഞ്ചാംഗങ്ങളെ നിൎണ്ണയിക്കുകയും, ഗ്രഹണം ഗണിച്ചു മുൻകൂട്ടിപ്പറകയും ചെയ്തിരുന്നു. കോൾബ്രൂക്കിന്റെ പക്ഷത്തിൽ, ജ്യോതിശ്ശാസ്ത്രവിശാരദനായ ടോൾമിയേക്കാൾ അയനചലനത്തിൽ അവൎക്കായിരുന്നു അധികം ശരിയായ പരിജ്ഞാനമുണ്ടായിരുന്നതെന്നു കാണുന്നു.

ഗണിതഭാഗം എടുത്തുനോക്കുന്നതായാൽ, അതിലും പൂൎവ്വഹിന്തുക്കൾ വലിയൊരു നിലയിലെത്തിയിരുന്നു എന്നു നമുക്കറിയാം. ദശാംശഭിന്നിതം മുതലായ അനേകം ഗണിതസമ്പ്രദായങ്ങളെ അവർ സ്വയമേവ നിൎമ്മിച്ചു. ഭൂമിതിശാസ്ത്രം (Geometry), ത്രികോണമിതിശാസ്ത്രം (Trignometry) എന്നീ രണ്ടു ശാസ്ത്രങ്ങളുടെ പ്രവൎത്തകന്മാരും, അവയിൽപ്പിന്നെ വളരെ പ

രിഷ്കാരം വരുത്തിയവരും ഹിന്തുക്കളാണ്. ഗണിതശാസ്ത്രതത്വങ്ങളെ കണ്ടുപിടിച്ചതിനു പൈത്താഗോറസ്സിന്നു കൊടുക്കുന്ന മാന്യത മിക്കതും ന്യായമായി ഹിന്തുക്കൾക്കു കിട്ടേണ്ടതാകുന്നു.

"രസതന്ത്ര"ത്തിലും (Chemistry) അവരുടെ അറിവു സ്വല്പമായിരുന്നില്ല. ഗന്ധികാമ്ലം(Sulphuric acid), പാക്യജനകാമ്ലം (പാക്യേകാമ്ലം= Nitric acid), അമ്ലഹരിതാമ്ലം (Hydrochloric acid) മുതലായ അമ്ലങ്ങളേയും (Acids), ചെമ്പ്, ഇരിമ്പു, ഈയ്യം, തകരം, നാകം ഇവയുടെ ആഗ്നേയങ്ങളേയും (Oxides), പല ലവണങ്ങൾ, ഗന്ധികങ്ങൾ (Sulphates), ക്ഷാരങ്ങൾ മുതലായ വസ്തുക്കളെയും അവർ മനസ്സിലാക്കി ഉപയോഗിച്ചിരുന്നു.

ശബ്ദകല്പനാതത്വങ്ങളൊന്നാമതായി ലോകത്തിൽ പ്രകാശിപ്പിച്ചതു പാണിനിമഹർഷിയായിരുന്നു. അദ്ദേഹത്തിൻെറ "അഷ്ടാദ്ധ്യായീ" എന്ന വ്യാകരണസമ്പ്രദായം ഇന്നും പാശ്ചാത്യന്മാൎക്കും പൌരസ്ത്യന്മാൎക്കും ഒരുപോലെ വിസ്മയജനകമായിരിക്കുന്നു. ലോകത്തിൽ മറ്റെല്ലാ ജനസമുദായങ്ങളേക്കാളും മുമ്പായി ഹിന്തുക്കളായിരുന്നു അഭിധാനഗ്രന്ഥങ്ങളെ നിൎമ്മിച്ചതു്. വൈദികസാഹിത്യത്തിൽ ഇവയ്ക്കു "നിഘണ്ടുക്കൾ" എന്നു പേർ കൊടുത്തിരിക്കുന്നു.

സംഗീതത്തിലും ആൎയ്യന്മാരുടെ പരിജ്ഞാനം പരിപൂൎണ്ണമായിരുന്നു. ഷൾജാദിസ്വരസമൂഹത്തെ (ഗ്രാമത്തെ) ഒന്നാമതായി കണ്ടുപിടിച്ചത് അവരാണ്. അവരുടെ സംഗീതം കേവലം പരിശുദ്ധവും വളരെ നല്ല ചിട്ടയുള്ളതുമാകുന്നു.

ശില്പഭംഗിയുടെ ജന്മഭൂമിതന്നെ ഇന്ത്യാരാജ്യമാകുന്നു. കാലത്തിൻെറ ദുസ്സഹമായ വിനാശശക്തിയെ തടുത്തുകൊണ്ട്, ഇന്നും ഇന്ത്യാരാജ്യത്ത് അവിടവിടെ ശേഷിച്ചു നില്ക്കുന്ന ചില അൎദ്ധഗോളാകൃതിയിലുള്ള ശിഖരങ്ങൾ, വിചിത്രങ്ങളായ

തോരണശൃംഗങ്ങൾ, മനോഹരങ്ങളായ പ്രാസാദങ്ങൾ എന്നു വെക്കേണ്ട പണ്ടത്തെ ശില്പിവീരന്മാരുടെ പ്രതിഭാവിശേഷത്തിൻെറ പ്രതിബിംബങ്ങളായിരിക്കുന്ന ഓരോ ശില്പനിൎമ്മാണങ്ങൾ അവയുടെ നിശ്ശബ്ദമായ വാക്പാടവംകൊണ്ടു മേൽപ്പറഞ്ഞ സംഗതി ധാരാളം വെളിവാക്കുന്നുണ്ടല്ലോ. ഇന്ത്യയെസംബന്ധിച്ച വിഷയങ്ങളിൽ ഒരു വലിയ പ്രമാണമായി ഗണിക്കപ്പെട്ടുന്ന ഡബ്ലിയു. ഡബ്ലിയു. ഹണ്ടർ, അലക്സാണ്ടർ എന്ന മഹാൻ ഇന്ത്യയെ വിട്ടുപോയപ്പോൾ ഇവിടെയുള്ള ശില്പവിശേഷങ്ങളെ കണ്ടു പകൎത്തികൊണ്ടുവരുവാൻ തൻെറ സ്വന്തം ചിത്രമെഴുത്തുകാരിൽ ചിലരെ ഇവിടെ താമസിപ്പിച്ചു എന്നും, അവർ അതെല്ലാം പകൎത്തെടുത്തു് സ്വരാജ്യത്തേക്കു കൊണ്ടുപോയി എന്നും ഊഹിച്ചിരിക്കുന്നു.

"ധനുർവ്വേദം" ആൎയ്യന്മാരുടെ യുദ്ധസമ്പ്രദായങ്ങളെല്ലാം വിവരിക്കുന്ന ഒരു പുരാതനശാസ്ത്രമാകുന്നു. അതിൽ ആയുധങ്ങളുടെ തരങ്ങളും മററും വിശദമായി പറഞ്ഞിട്ടുണ്ടു്.

ആയുധങ്ങൾ പ്രധാനമായി നാലു വിധത്തിലാകുന്നു:—

(൧) മുക്തം (കയ്യിൽനിന്നു വിടുന്നതു്), ചക്രം മുതലായതു്.

(൨) അമുക്തം(കയ്യിൽനിന്നു വിടാത്തതു്),വാൾ മുതലായതു്.

(൩) മുക്താമുക്തം (കയ്യിൽനിന്നു വിട്ടും വിടാതെയും പ്രയോഗിക്കുന്നതു്), ശക്തിമുതലായതു്.

(൪) യന്ത്രമുക്തം (യന്ത്രസഹായംകൊണ്ടു പ്രയോഗിക്കുന്നതു്), ശരം മുതലായതു്.

അവരുടെ സൈന്യത്തിൽ, കാലാൾപ്പട, കുതിരപ്പട, തേൎപ്പട, ആനപ്പട ഇങ്ങിനെ നാലുഭാഗങ്ങളുണ്ടായിരുന്നു. ഇവയ്ക്കു ക്രമത്തിൽ, പദാതി, അശ്വാരൂഢം, രഥാരൂഢം, ഗജാരൂഢം എന്നു പേർപറയും. ആദ്യകാലംമുതല്ക്കേ ഹിന്തുക്കൾക്കു ക്ഷത്രിയന്മാർ എന്നു പറയുന്ന ഒരു യോധജാതിതന്നെ ഉണ്ടാ

യിരുന്നു.

ഹിന്തുക്കളുടെ ധമ്മശാസ്ത്രം (സ്മൃതി) അവരുടെ മതം പോലെതന്നെ പഴക്കമുള്ളതാകുന്നു. സ്മൃതികാരന്മാരിൽ മനുവാണ് ഏററവും പ്രാചീനൻ. അദ്ദേഹത്തിന്റെ "മാനവസംഹിതാ" എന്ന ധമ്മശാസ്ത്രഗ്രന്ഥം ഇന്നും ഇന്ത്യയിലെ ജനസമുദായത്തിന്റെ ആചാരബന്ധത്തിന്നുള്ള ഒരു നല്ല അടിസ്ഥാനമായിരിക്കുന്നു. അതു, ചുരുങ്ങിയപക്ഷം, മൂവ്വായിരം കൊല്ലങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഹിന്തുജനസമുദായത്തിന്റെ ഒരു പ്രധാനപ്പെട്ട റിക്കാട്ടാകുന്നു. യാജ്ഞവല്ക്യൻ, പരാശരൻ മുതലായ വേറെ ചില സ്മൃതികാരന്മാരും വളരെ മാനിക്കപ്പെട്ടുവരുന്നു. വാദം വരുന്ന വിഷയങ്ങളിൽ അവരുടെ ഗ്രന്ഥങ്ങൾ ഇന്നും പരിശോധിച്ചുവരുമാറുണ്ട്.

തത്വശാസ്ത്രവിഷയത്തിൽ, ഇന്നും ഇന്ത്യയോടു ലോകത്തിൽ ഒരു രാജ്യവും അടുക്കുന്നതല്ല. ഇന്ത്യയിലെ തത്വശാസ്ത്രത്തിൽ, "ദശ്നങ്ങൾ" അല്ലെങ്കിൽ "ജ്ഞാനത്തിന്റെ കണ്ണാടികൾ" എന്നു വിളിക്കപ്പെടുന്ന ആറു സമ്പ്രദായങ്ങൾ അടങ്ങിയിരിക്കുന്നു. ഈ ആറു ദശ്നങ്ങൾ ന്യായം, സാംഖ്യം, വൈശേഷികം, യോഗം, മീമാംസാ, വേദാന്തം എന്നിവയാകുന്നു. സൃഷ്ടിതത്വത്തെ വെളിപ്പെടുത്തുകയാകുന്നു ഈ ആറു ദശ്നങ്ങളുടേയും പ്രധാനോദ്ദേശ്യം. ഹിന്തുക്കൾക്കു് തത്വശാസ്ത്രത്തിൽ കലശലായൊരു ഭ്രമമുണ്ട്. അതുകൊണ്ടു് അവരീവിഷയത്തിൽ അറിവുണ്ടാക്കുവാൻ കഴിയുന്ന വിധമൊക്കെ പരിശ്രമിച്ചിട്ടുമുണ്ട്. പ്രകൃതിയും പുരുഷനും (Matter and spirit) തമ്മിലുള്ള അന്തരം അവരാണൊന്നാമതായി കണ്ടുപിടിച്ചതു്. ലോകത്തിലെല്ലാവരും നിജ്ജീവമായ പ്രകൃതിയിലും തദ്ധമ്മങ്ങളിലും മാത്രം ശ്രദ്ധവെച്ചിരിക്കുമ്പോൾ, ഹിന്തുക്കൾ, ചരിത്രത്തിന്റെ ഉദയകാലംമുതല്ക്കേ പരമാത്മതത്വത്തെ ഗ്രഹിക്കുന്നതിന്നു പ്രത്യേകം പ

രിശ്രമിച്ചിരിക്കുന്നതായിക്കാണാം. താൻ ഈ ലോകത്തിൽ ഒരു സ്ഥിരവാസിയല്ലെന്നും, അതുകൊണ്ടു തനിക്കു പ്രാപഞ്ചികവസ്തുക്കളിൽ നിയമേന ഒരു സക്തിയും ആവശ്യമില്ലെന്നും ഉള്ള പൂൎണ്ണജ്ഞാനത്തോടുകൂടിയത്രെ ഇന്ത്യയിലെ ഒരു ആൎയ്യൻ ജീവകാലം കഴിച്ചുകൂട്ടുന്നതെന്നു പണ്ഡിതശിരോമണിയായ മാക്സ്മില്ലർ പറഞ്ഞിരിക്കുന്നതു വളരെശ്ശരിയാകുന്നു. ഇക്കാലത്തുള്ള മിക്ക ഗാഢാലോചനക്കാരേയും ആത്മവിദ്യാജ്ഞാനികളേയും പരിഭ്രമിപ്പിക്കുന്ന "ജീവതത്വ"ത്തെക്കുറിച്ചുള്ള ചോദ്യത്തിന്നു ശരിയായ സമാധാനം പറയുവാൻ, പ്രാപഞ്ചികസുഖങ്ങളിൽ ലയിക്കുന്നതിന്നു പകരം അധികവും ആദ്ധ്യാത്മികനിഷ്ഠകളിൽത്തന്നെ ശ്രദ്ധവെക്കുന്ന ഒരു ഹിന്തുവത്രെ സ്വഭാവേന അധികം യോഗ്യനായിട്ടുള്ളത്.

ജ്ഞാനത്തിൻെറ മേൽപറഞ്ഞ എല്ലാ ശാഖകളുടേയും ഉല്പത്തി, "അറിയുക" എന്നൎത്ഥമായി സംസ്കൃതഭാഷയിലുള്ള "വിദ്" ധാതുവിൽനിന്നുണ്ടായ 'വേദ'മെന്നു പറയുന്ന മതഗ്രന്ഥത്തിൽനിന്നാകുന്നു. ഈ വേദം കേവലം ഓരോ മനുഷ്യരുടെ ജ്ഞാനത്തിൽനിന്നും വ്യത്യാസപ്പെട്ടു ഈശ്വരനിഷ്ഠമായ ജ്ഞാനമാണെന്നാകുന്നു ഹിന്തുക്കളുടെ വിശ്വാസം. സൃഷ്ടിക്കൊരു കൎത്താവുണ്ടെന്നും, അദ്ദേഹം നിത്യനും നിഷ്കാരണനും ആണെന്നും, അദ്ദേഹംതന്നെ തൻെറ ആന്തരാത്മാവിൽനിന്ന് ഈ ജഗത്തിനെ പരിണമിപ്പിച്ചിട്ടുള്ളതുകൊണ്ടു ജ്ഞാനസ്വരൂപനെന്നും, ജ്ഞാനസ്വരൂപനും നിത്യനുമാകയാൽ നിത്യാനന്ദസ്വരൂപനെന്നും ആൎയ്യന്മാർ വിശ്വസിക്കുന്നു. വേദം അദ്ദേഹത്താൽ പ്രകാശിക്കപ്പെട്ടതായ ജ്ഞാനമെന്നൂഹിക്കപ്പെട്ടിരിക്കുന്നു. ജ്ഞാനം—അവർ വിശ്വസിക്കുന്നതു—സൃഷ്ടിക്കപ്പെടുന്നതല്ല; ലഭിക്കപ്പെടുന്നതാണെന്നാകുന്നു. ജ്ഞാനത്തെ സൃഷ്ടിക്കുവാൻ കഴിയുമെങ്കിൽ ഉപദേശം സാധാരണയായി നിഷ്ഫലമാകുമായിരുന്നു. എ

ന്നാണവർ പറയുന്നത്. അനവധി കാലത്തോളമായിട്ട്, അതിനെ അച്ഛനിൽനിന്നു മകനും, ഗുരുവിൽനിന്നു ശിഷ്യനും കൈമാറികൊടുത്തു വരികയാണു പതിവ്. അതുകൊണ്ട് ഹിന്തുക്കൾ, ഭൂലോകത്തുള്ള എല്ലാ ജ്ഞാനവും, സൎവ്വവിദ്യകളുടേയും ഈശനും (ഈശാനഃ സൎവ്വവിദ്യാനാം-യജുൎവ്വേദം), സകലജ്ഞാനത്തിന്റേയും ഉല്പത്തിസ്ഥാനവും ആയ പരബ്രഹ്മത്തിൽനിന്നുണ്ടായതെന്നു സിദ്ധാന്തിക്കുന്നു. അതിന്നനുസരിച്ച് ഏതു സിദ്ധാന്തത്തേയും, ഒന്നെങ്കിലോ അത് അവരുടെ വേദത്തിൽ വിഹിതമാണെന്നുസാധിക്കുകയോ, അല്ലെങ്കിൽ പണ്ടേക്കുപണ്ടേ നടപ്പുള്ളതാണെന്നു തെളിയുകയോ ചെയ്യാതെ ഒരിക്കലും അവർ കൈക്കൊള്ളുകയില്ല. ഇങ്ങിനെ അവരുടെ തത്വാന്വേഷണരീതി പുതിയ കൂട്ടരിൽനിന്നു തുലോം വ്യത്യാസപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ കൂട്ടരാകട്ടെ, സ്വബുദ്ധിയെ മാത്രം പ്രമാണിച്ച് ഒരു സിദ്ധാന്തം കണ്ടുപിടിക്കുകയും, അത് അതാതു ശാസ്ത്രത്തിന്റെ പരമാവധിയിലെത്തുന്നതുവരെ അതാത് അഭിവൃദ്ധിപദവിയിലൊക്കെ പരീക്ഷിക്കപ്പെട്ടേണ്ടിവരികയും ആണല്ലൊ ചെയ്യുന്നത്.

വേദങ്ങൾ—ഋക്ക്, യജുസ്സ്, സാമം, അഥൎവ്വം ഇങ്ങിനെ നാലാകുന്നു. ഇന്ത്യയിലെ പരിശുദ്ധമായ ജ്ഞാനത്തെ കൈവശംവെച്ചുകൊണ്ടിരിക്കുന്ന ബ്രാഹ്മണർ, അവെക്കായി പ്രകാശിതങ്ങളായ ഈ ഗ്രന്ഥങ്ങളുടെ നിത്യത്വം സ്ഥാപിക്കുവാൻ കൊണ്ടുവരുന്ന പലവിധത്തിലുള്ള ന്യായങ്ങൾ ഇവിടെ എടുത്തു പ്രതിപാദിച്ചു സമയം കളയുന്നില്ല. ശരിയായ കാലവിഭാഗങ്ങളാൽ കാലത്തെ ഗണിക്കുന്നതിലും, വളരെ പണ്ടുകഴിഞ്ഞ ഓരോ കാൎയ്യങ്ങളുടെ സമയം ക്ലിപ്തപ്പെടുത്തുന്നതിലും പാശ്ചാത്യന്മാരുടെയും പൗരസ്ത്യന്മാരുടേയും അഭിപ്രായങ്ങൾ തുലോം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുമാത്രം പറഞ്ഞാൽ മതിയാവുന്നതാണ്. ക്രിസ്തുവിന്നുമുവ്വായിരം കൊല്ലങ്ങൾക്കുമുമ്പു ഭൂപൃഷ്ഠത്തിൽ മനുഷ്യജാതിയേ

ഉണ്ടായിരുന്നില്ലെന്നു സിദ്ധാന്തിക്കുന്ന ചില പാശ്ചാത്യപ്രമാണികളുണ്ട്; എന്നാൽ, ഇന്ത്യക്കാരുടെ ജഗൽസൃഷ്ടിനിയമത്തിൽ (ജഗൽസൃഷ്ടിതത്വത്തിൽ) മുമ്പു കഴിഞ്ഞ ഓരോ യുഗങ്ങളിൽ ജീവിച്ചിരുന്നവരെന്നു പറയപ്പെടുന്ന പലരുടേയും പ്രവൃത്തികാം വിവരിച്ചിട്ടുള്ളതായി കാണുന്നു. ഹിന്തുക്കളുടെ കാലനിൎണ്ണയം താഴേപറയുന്നവിധമാകുന്നു:—

| | | |
|---|---|---|
| കൃതയുഗം | ൧൭,൨൮,൦൦൦ സംവത്സരം | |
| ത്രേതായുഗം | ൧൨,൯൬,൦൦൦ | ,, |
| ദ്വാപരയുഗം | ൮,൬൪,൦൦൦ | ,, |
| കലിയുഗം | ൪,൩൨,൦൦൦ | ,, |

ഇപ്പോഴത്തെ കാലം കലിയുഗമാകുന്നു. ഇതു ക്രിസ്ത്വാബ്ദത്തിന്നുമുമ്പു ൩൧൦൨-ാം കൊല്ലം ഫിബ്രവരിമാസം ൧൮-ാംനു വെള്ളിയാഴ്ചയാണ് ആരംഭിച്ചിരിക്കുന്നതെന്നും പറയപ്പെടുന്നു. വണ്ടിച്ചക്രംപോലെ തിരിഞ്ഞുവരുന്ന ഈ ചതുൎയ്യുഗങ്ങാംക്ക് ഗ്രീക്കുകാരുടെ സൗവൎണ്ണം, രാജതം, ആയസം, പൈത്തളം എന്നുള്ള കാലവിഭാഗങ്ങളോട്ട് ഏകദേശം സാദൃശ്യമുണ്ട്. ഹിന്തുക്കളുടെ പക്ഷത്തിൽ ഏററവും പുരാതനകാലങ്ങളിൽ സംഭവിച്ച സംഗതികാംകൂടി അടുത്തകാലത്തു കഴിഞ്ഞതാണെന്നു പറഞ്ഞു് പുതിയതാക്കിത്തീൎക്കുവാൻ ഒരു പ്രത്യേകവാസനയുള്ള പാശ്ചാത്യന്മാരായ കാലനിൎണ്ണയവിദ്യാപണ്ഡിതന്മാർകൂടി വേദങ്ങളുണ്ടായിട്ട് നാലായിരം കൊല്ലം കഴിഞ്ഞിരിക്കുന്നു എന്നു സമ്മതിക്കുന്നുണ്ട്. വേദങ്ങളില്ലാതിരുന്നൊരു കാലത്തു് ലോകത്തിൽ വേറെ വല്ല പുസ്തകവുമുണ്ടായിരുന്നു എന്നുള്ളത് ഇതുവരെ ആക്കും തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട്, ഏതു കണക്കുപ്രകാരം കൂട്ടിയാലും ലോകത്തിലുള്ള മററെല്ലാ ഗ്രന്ഥങ്ങളേക്കാളും വേദത്തിന്നു പഴക്കമേറുമെന്നു വരുന്നു. പൗരസ്ത്യശാസ്ത്രജ്ഞന്മാ

രായ പാശ്ചാത്യന്മാരുടെ അഭിപ്രായമെടുക്കുന്നതായാൽത്തന്നെ ക്രിസ്ത്വാബ്ദത്തിന്നു മുമ്പു ൮൦൦-ാമാണ്ടിൽ (വിൽസൻ) ജീവിച്ചിരുന്ന മനുവിന്റെയും, ൬൦൦-ാമാണ്ടിൽ (ഗോൾഡ്സ്റ്റക്കർ) ജീവിച്ചിരുന്ന പാണിനിയുടെയും ഗ്രന്ഥങ്ങളിൽ വേദം അനാദിയെന്നു കാണുന്നു. ഇങ്ങിനെ കാലപ്പഴക്കംകൊണ്ടു വേദങ്ങൾതന്നെ സൎവ്വോൽകൎഷേണ ഒന്നാമതായി നില്ക്കുന്നു. യൂറോപ്പിലെ ചില വിദ്വാന്മാർ വ്യാകരണത്തിന്റെയും നിഘണ്ടുവിന്റേയും സഹായംകൊണ്ടു ഹിന്തുവേദത്തിന്റെ പല ഭാഗങ്ങളും തൎജ്ജമചെയ്തിട്ടുണ്ട്. എന്നാൽ അവൎക്ക് അതിന്റെ ശരിയായ തത്വങ്ങളൊന്നും കണ്ടെത്തുവാൻ കഴിയാത്തതിനാൽ അതിലടങ്ങിയിരിക്കുന്ന വിശിഷ്ടങ്ങളായ ആശയങ്ങളെ സ്വല്പങ്ങളാക്കുവാൻ മാത്രമേ സാധിച്ചിട്ടുള്ളു. എന്നു വരുന്നതിലത്ഭുതമില്ലല്ലൊ. അതിന്നായി പ്രത്യേകം ദീക്ഷിച്ചിരിക്കുന്ന ഒരു വൎഗ്ഗക്കാർ മാത്രം പഠിച്ചും പഠിപ്പിച്ചും വരുന്നതും, പണ്ടെക്കുപണ്ടേ ഉള്ളതും, അലൌകികവും (ലൌകികജ്ഞാനങ്ങളിൽനിന്നു വ്യത്യാസപ്പെട്ടത്) ആയ ഒരു കൃതിയുടെ അൎത്ഥബോധം, അനവധികാലമായിട്ട് പരമ്പരയാതങ്ങളുടെ കൈവശമുള്ള വ്യാഖ്യാനത്തിന്റേയും മററും സഹായത്തോടുകൂടി കൃത്യമായിപ്പഠിച്ചു വരുന്നവരുടെ അടുക്കൽനിന്നു തന്നെ ഉണ്ടാകേണ്ടതാണ്. എന്നിട്ടും, ഈവക പണ്ഡിതന്മാരുടെ അൎത്ഥകല്പനയ്ക്കനുസരിച്ചു നോക്കുന്നതായാൽതന്നെ വൈദികകാലത്തെ പരിഷ്കാരം നമ്മുടെ ഇപ്പോഴത്തെ പരിഷ്കാരത്തോട് ഒരു മാതിരിക്കൊക്കെ കിടപിടിക്കുന്നതാണ്. വൈദികകാലത്തെ ആൎയ്യൻ തന്റെ നിലം കൃഷിചെയ്കയും (ഋഗ്വേദം, iii-൮, നോക്കുക:—അതിൽ പറയുന്നതെന്തെന്നാൽ—"കാളകൾ ഭാരം വഹിക്കുകയും കൃഷിക്കാർ നിലം ഉഴുതുകയും ചെയ്യട്ടെ. കരി, മണ്ണിനെ ഉഴുതു (കീറി) മറിക്കട്ടെ."); വെടിപ്പും ഭംഗിയുമുള്ള മാളികകളിൽ താമസിക്കുകയും (ഋഗ്വേദം, i-൮ —നോക്കുക. "അ

ല്ലേ ഭൂമി! നീ ഞങ്ങൾക്കു വിശാലങ്ങളും വാസയോഗ്യങ്ങളും ആയ രാജഗൃഹങ്ങൾ തന്നാലും.”); മററും ചെയ്തിരുന്നു. ആൎയ്യന്മാർ കണ്ഠാഭരണങ്ങളും കൎണ്ണാലങ്കാരങ്ങളും ധരിച്ചിരുന്നു. ഒരു കുലപതി, യോദ്ധാവായിത്തീരുന്നതു തന്റെ പരിശുദ്ധമായ കൃത്യമെന്നു വിചാരിക്കുകയും, സൈനികസമ്പ്രദായത്തെ അഭ്യസിക്കുകയും ചെയ്തിരുന്നു. അവർ ആത്മരക്ഷയ്ക്കുവേണ്ടി ചട്ട കെട്ടിയിരുന്നു. മന്ത്രഗാനത്തിന്നായി സംഗീതജ്ഞന്മാരെയും ഏൎപ്പെടുത്തിയിരുന്നു. അവർ ആനകളെ പിടിച്ചിണക്കുകയും, അശ്വങ്ങളെ അതിവിചിത്രമായി അലങ്കരിക്കുകയും ചെയ്തിരുന്നു. കൈവേലക്കാരുടെ പ്രവൃത്തികൾക്കു് അവർ ധാരാളം ധനസഹായം ചെയ്തു വന്നു. യജുൎവ്വേദത്തിൽ, ഒരു പരിഷ്കൃതജനസമുദായം ഉപയോഗിച്ചുവരുന്ന മിക്കവാറും എല്ലാ സാധനങ്ങളെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നതു കൂടാതെ, നെയ്ത്തുകാർ, കൊത്തുപണിക്കാർ, ആശാരിമാർ മുതലായ പലതരം കൈവേലക്കാരെപ്പററിയും പറഞ്ഞിട്ടുണ്ടു്. സ്ത്രീകൾ പരിഷ്കൃതരീതിക്കനുസരിച്ചു വസ്ത്രധാരണം ചെയ്തിരുന്നു. ജനസമുദായത്തിൽ അന്നു് അവരെ (സ്ത്രീകളെ) വളരെ വലിയ നിലയിലാണു് വെച്ചിരുന്നതു്. കൃഷ്ണയജുൎവ്വേദത്തിൽ (i, ൨ —ൻ) രാജാക്കന്മാർ, രാജ്ഞികൾ, പ്രധാനസേനാനായകന്മാർ, സാരഥികൾ, പുരാദ്ധ്യക്ഷന്മാർ (മജിസ്ത്രേട്ടു്), ഗ്രാമാധികാരികൾ, ഖജാൻജികൾ, നികുതിപിരിക്കുന്നവർ മുതലായി ഒരു പരിഷ്കൃതരാജ്യഭരണത്തിന്നു വേണ്ടുന്ന എല്ലാ ഉദ്യോഗസ്ഥന്മാരെക്കുറിച്ചും പറഞ്ഞിരിക്കുന്നു. വാണിജ്യകൃത്യങ്ങളിൽ വേണ്ടുന്നതായ സത്യത്തെക്കുറിച്ചു് ഋഗ്വേദത്തിൽ (iii, ൬) നിൎദ്ദേശിച്ചിട്ടുണ്ടു്. അവിടെത്തന്നെ നല്ല കല്ലുകൾകൊണ്ടു പണിചെയ്യപ്പെട്ട പട്ടണങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഇനിയും വേണമെങ്കിൽ ഓരോ ഉദാഹരണങ്ങളെക്കൊണ്ടു് ആ വൈദികകാലത്തെ ആൎയ്യന്മാൎക്കു രാജ്യഭരണസമ്പ്രദായത്തിലും യുദ്ധത്തിലും

നല്ല പാണ്ഡിത്യമുണ്ടായിരുന്നു എന്നും, അവർ തേജസ്വികളും, സമൎത്ഥന്മാരും, ദയാശീലന്മാരും, ധൎമ്മതല്പരന്മാരും, സ്വകുടുംബരക്ഷയിൽ ബഹുനിഷ്ഠയുള്ളവരും ആയിരുന്നുവെന്നും തെളിയിക്കാം. ചില വെള്ളക്കാർ വൈദികകാലത്തെ ആൎയ്യന്മാൎക്ക് എഴുത്ത് (ലേഖനകലാ) അറിവുണ്ടായിരുന്നുവോ എന്നുകൂടി സംശയിക്കുന്നുണ്ട്. എന്നാൽ അവരീപ്പറയുന്നതിന്നു യാതൊരു തെളിവും കാണിക്കുന്നില്ല; എന്നുമാത്രമല്ല, ഋഗ്വേദത്തിലും യജുൎവ്വേദത്തിലും ലിഖിതം (എഴുതപ്പെട്ടത്), "വാചം പശ്യൻ") വാക്കിനെ നോക്കിക്കൊണ്ട്=വായിച്ചുംകൊണ്ട്) എന്നും മററും കാണുന്നതുമുണ്ട്. വേദത്തിൽ ഘോഷിക്കപ്പെടുന്ന മതസിദ്ധാന്തങ്ങളും ശാസ്ത്രതത്വങ്ങളും ഏററവും മാഹാത്മ്യമുള്ളവയെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവിച്ചതിൽനിന്നെല്ലാം ആൎയ്യന്മാർ ചരിത്രത്തിന്റെ ഉദയകാലത്തുതന്നെ പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഒരു ജാതിക്കാരായിരുന്നു എന്നു ശരിയായി തെളിയുന്നുണ്ട്. ഇന്നും ഇന്ത്യാജനസമുദായത്തിൽ പ്രബലമായ ഒരു ഉൽകൎഷത്തെ നിലനിൎത്തിക്കൊണ്ടുവരുന്ന ഇങ്ങിനെയുള്ള ഒരു പരിഷ്കാരസ്ഥിതി "ഒരു ദിവസം" കൊണ്ടു സമ്പാദിക്കപ്പെട്ടതാവാൻ തരമില്ലല്ലൊ. അതിന്നു വളരെകാലത്തെ പരിശ്രമം വേണ്ടിവരുന്നതാകയാൽ ഹിന്തുജനസമുദായം എത്രയോ പ്രാചീനകാലത്തേക്കു നീണ്ടുകിടക്കുന്നതാണെന്നുള്ള സംഗതി നിരാക്ഷേപമായിരിക്കുന്നു. പരിഷ്കാരസ്ഥിതിക്ക് അത്ര പരിപൂൎത്തി വരികയും, ഉപയുക്തങ്ങളായ സകലശാസ്ത്രങ്ങളും ശരിയായി അഭ്യസിക്കപ്പെടുകയും ചെയ്തുവരുമ്പോൾ, വൈദ്യശാസ്ത്രത്തിലും അവസ്ഥാനുസരണം അവരുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നു കാണുന്നതിൽ അത്ഭുതപ്പെടുവാനില്ല. ഈ ശാസ്ത്രം വേദത്തിന്റെ ഒരു ഭാഗവും "ആയുൎവ്വേദം" എന്നു പേർ വിളിക്കപ്പെടുന്നതുമാകുന്നു. ഔഷധജ്ഞാനത്തെ സംബ

ന്ധിച്ചേടത്തോളം ഋഗ്വേദത്തെ അടിസ്ഥാനപ്പെട്ടുത്തീട്ടാണ് ഇതിൻെറ നില. എന്നാലിതിൽപ്പറയുന്ന ശസ്ത്രക്രിയയുടെ ഉൽപ്പത്തി അഥൎവ്വവേദത്തിൽനിന്നാണെന്നു തോന്നുന്നു. ഇതൊരു ഉപവേദമാണെങ്കിലും സകലജഗത്തിൻെറയും ആദികൎത്താവായ പ്രഥമഗുരുവിനോടുകൂടെത്തന്നെ ഉള്ളതാണെന്നാകുന്നു വെച്ചിരിക്കുന്നതു്. ഈ ശാസ്ത്രത്തിന്നും അനേകം മാററങ്ങൾ സംഭവിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇനി ഇതിൻെറ ഉൽപ്പത്തിയേയും വൎദ്ധനയേയും കഴിയുന്നതും ശാസ്ത്രരീതിക്കനുസരിച്ചു് ഇവിടെ പ്രതിപാദിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

## രണ്ടാം അദ്ധ്യായം

### പണ്ടത്തെ ഹിന്തുവൈദ്യഗ്രന്ഥകാരന്മാർ

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചപ്രകാരം, മററെല്ലാ ശാസ്ത്രങ്ങളെപ്പോലെതന്നെ വൈദ്യശാസ്ത്രവും തങ്ങൾക്കായി ദൈവത്താൽ പ്രകാശിക്കപ്പെട്ടതാണെന്നാകുന്നു ഹിന്തുക്കളുടെ വിശ്വാസം. യജ്ജുൎവ്വേദം അഞ്ചാമദ്ധ്യായത്തിൽ, ഈശ്വരൻ എല്ലാ രോഗങ്ങളേയും ഓടിച്ചുകളയുന്ന പ്രഥമവൈദ്യനെന്നു പറയപ്പെട്ടിരിക്കുന്നു. 'വൈദ്യന്മാരിൽവെച്ചു് അങ്ങയാണ് ഉത്തമവൈദ്യൻ എന്നു ഞാൻ കേൾക്കുന്നു' എന്നു മറെറാരു വേദവാക്യവും * ഘോഷിക്കുന്നു. അദ്ദേഹം "സകലശാസ്ത്രങ്ങളുടെയും നിധിയെന്നും, എല്ലാ പ്രാപഞ്ചികരോഗങ്ങളുടേയും ചികിത്സക"നെന്നും സൎവ്വത്ര നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഹിന്തുക്കളുടെ

* ഋഗ്വേദം, ii. ൩, ൧൩

ത്രിമൂൎത്തികളിൽ ഒന്നാമനായ ബ്രഹ്മാവത്രെ വൈദ്യശാസ്ത്രവിഷയ ത്തിൽ ആദ്യഗ്രന്ഥകൎത്താവ്. അദ്ദേഹം, ഓരൊ അദ്ധ്യായത്തിൽ നൂറവീതം ശ്ലോകങ്ങളടങ്ങിയിരിക്കുന്ന നൂറ് അദ്ധ്യായങ്ങളുള്ള "ആയുൎവ്വേദം" എന്ന ഗ്രന്ഥത്തെ നിൎമ്മിച്ചു. ഈ വിശിഷ്ടമായ വൈദ്യഗ്രന്ഥത്തിൽ ആയുസ്സിൻെറ തത്വത്തെക്കുറിച്ചു പ്രതിപാദിക്കുകയും, ആയുഷ്കാലം വൎദ്ധിക്കുവാനോ കുറയുവാനോ കാരണങ്ങളായിത്തീരുന്ന അവസ്ഥകളെ വിവരിക്കുകയും, രോഗങ്ങളുടെ സ്വഭാവം (ലക്ഷണം), നിദാനം, ചികിത്സ ഈവക സംഗതികളെപ്പററി വിസ്തരിച്ചു പറയുകയും ചെയ്തിട്ടുണ്ട്. ഇതാണ് ഹിന്തുക്കൾക്ക് ഉള്ളതിൽവെച്ച് ഏററവും പ്രാചീനമായ വൈദ്യഗ്രന്ഥം. ഇതു താഴെ പറയുന്നപ്രകാരം എട്ടു ഭാഗങ്ങൾ (തന്ത്രങ്ങൾ) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു:—

൧. ശല്യം—ശസ്ത്രവിദ്യ—ശരീരത്തിൽ ഏല്ക്കുന്ന ബാഹ്യവസ്തുക്കളെ നീക്കിക്കളയുവാനുള്ള യുക്തികൾ, ശസ്ത്രങ്ങളെ ഉപയോഗിക്കേണ്ടുന്ന മാതിരികൾ, മുറികൾ മുതലായവ കെട്ടുവാനുള്ള സമ്പ്രദായങ്ങൾ, ഓരോവിധത്തിലുള്ള ശസ്ത്രക്രിയകൾ ചെയ്താൽ പിന്നീടു വേണ്ടുന്ന ചികിത്സാരീതികൾ ഇവയെല്ലാം ഇതിലടങ്ങിയിരിക്കുന്നു.

൨. ശാലാക്യം—നേത്രരോഗം, നാസാരോഗം, ആസ്യരോഗം, ശ്രോത്രരോഗം മുതലായി ജത്രൂൎദ്ധ്വഭാഗത്തിൽ ഓരോ അംഗങ്ങളിലുമുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സ.

൩. കായചികിത്സ—ജ്വരം, പ്രമേഹം മുതലായി ശരീരത്തെ സാമാന്യേന ആശ്രയിച്ചിരിക്കുന്ന സാധാരണ രോഗങ്ങളുടെ ചികത്സ.

൪. ഭൂതവിദ്യ—ദുൎദ്ദേവതാബാധകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങൾ, ദേവതാബാധയാൽ ഉണ്ടാകുന്നതെന്ന് ഊഹിക്കപ്പെട്ടുന്ന ചില മാനസികരോഗങ്ങളെ പ്രാൎത്ഥനകൾ, ബലികൾ, ഔ

ഷധങ്ങൾ മുതലായവകൊണ്ടു് ആശ്വാസപ്പെടുത്തുവാൻ ഉള്ള വഴികളാണ് ഇതിൽ വിവരിക്കപ്പെടുന്നതു്.

൫ കുമാരഭൃത്യ—ബാലശുശ്രൂഷ- കുട്ടികളുടെ സംരക്ഷണവും, അവക്കുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സകളും ഇതിൽ അടങ്ങിയിരിക്കുന്നു.

൬. അഗദം—വിഷങ്ങൾക്കുള്ള പ്രത്യൌഷധങ്ങൾ- പാൎത്ഥിവങ്ങൾ, ഔൽഭിദങ്ങൾ, ജംഗമങ്ങൾ.

൭ രസായനം—ഓജസ്സിനെ നിലനിൎത്തുന്നതും, യൌവനത്തെ വീണ്ടും ഉണ്ടാക്കിത്തീൎക്കുന്നതും ധാരണാബുദ്ധിയെ (ഓൎമ്മയെ) വൎദ്ധിപ്പിക്കുന്നതും, സാധാരണ രോഗങ്ങളെ എല്ലാം നശിപ്പിക്കുന്നതും ആയ ഔഷധങ്ങളെ പ്രതിപാദിക്കുന്നു.

൮ വാജീകരണം—സന്തത്യുൽപാദനത്തിന്നുള്ള സാധനങ്ങൾക്കുണ്ടാകുന്ന ശക്തിക്ഷയം തീൎത്തു ധാതുപുഷ്ടി ഉണ്ടാക്കി കൊടുപ്പാനുള്ള മാൎഗ്ഗങ്ങൾ വിവരിക്കുന്നു.

ബ്രഹ്മാവ് ആയുൎവ്വേദം ദക്ഷപ്രജാപതിയെ പഠിപ്പിച്ചു. അദ്ദേഹം, അതു പിന്നെ "സൂൎയ്യന്റെ ഇരട്ടപെററ മക്കളായ" അശ്വിനീകുമാരന്മാൎക്കുപദേശിച്ചു. ഈ ഇരട്ടയായുണ്ടായ സഹോദരന്മാർ ഔഷധപ്രയോഗശാസ്ത്രത്തിലും ശസ്ത്രവിദ്യയിലും ഗ്രന്ഥങ്ങളെ നിൎമ്മിക്കുകയും, ദേവന്മാരുടെ ചികിത്സകന്മാരായിരിക്കുകയും ചെയ്തു. ഋഗ്വേദത്തിൽ ഈ ഇരട്ടദ്ദേവന്മാരെ സ്തുതിക്കുന്നതായി പല മന്ത്രങ്ങളുമുണ്ടു്. അവയിൽനിന്നു പ്രാചീനന്മാർ ഔഷധശാസ്ത്രത്തിന്റെയും ശസ്ത്രവിദ്യയുടെയും മാഹാത്മ്യം നല്ലവണ്ണം അറിഞ്ഞിരുന്നു എന്നും, അവയിൽ അവൎക്കു കലശലായ ബഹുമാനമുണ്ടായിരുന്നു എന്നും നമുക്കറിയാം. അവർ (അശ്വിനീദേവകൾ) അന്നു ചെയ്തിട്ടുള്ള ചില അത്ഭുതകൎമ്മങ്ങളും എഴുതിവെച്ചിട്ടുണ്ടു്. ഋഗ്വേദത്തിലുള്ള ഒരു കടങ്കഥ അവരുടെ വൈദഗ്ദ്ധ്യത്തെപ്പററി ഇങ്ങിനെ വിവരിക്കുന്നു. ദദ്ധ്യങ്ങ്

എന്നു പേരായ ഒരു മഹൎഷി ഇന്ദ്രന്റെ അടുക്കൽ ചെന്നു് ബ്രഹ്മവിദ്യ പഠിച്ചു. ശിഷ്യൻ അതു മറ്റൊരാൾക്കും ഉപദേശിച്ചുകൊടുക്കരുതെന്നും, ഈ നിശ്ചയത്തിന്നു വല്ല തെറ്റം വരുത്തിയാൽ ഗുരു ശിഷ്യന്റെ ശിരച്ഛേദം ചെയ്യുന്നതാണെന്നും ആദ്യംതന്നെ കരാർ ചെയ്തിട്ടാണു് പഠിപ്പിച്ചതു്. അശ്വിനീദേവകൾക്കു് ഈ ശാസ്ത്രം പഠിച്ചാൽക്കൊള്ളാമെന്നു് ആഗ്രഹം തുടങ്ങിയതിനാൽ, അവർ താഴെ പറയുന്നപ്രകാരം ഒരു ഉപായമെടുത്തു. ഇന്ദ്രന്റെ കോപത്തിൽനിന്നു് അവർ മഹൎഷിയെ രക്ഷിച്ചുകൊള്ളാമെന്നു കരാർ ചെയ്തു് അദ്ദേഹത്തിന്റെ വിദ്യയെ ഉപദേശിച്ചു തരുവാൻ ആവശ്യപ്പെട്ടു. അങ്ങിനെ അവർ ആ ഋഷിയുടെ സമ്മതപ്രകാരംതന്നെ അദ്ദേഹത്തിന്റെ തലവെട്ടി, നിഷ്പ്രയാസമായി അവിടെ ഒരു കുതിരത്തല ചേൎത്തുവെച്ചു് ആവശ്യമുള്ള വിദ്യയെല്ലാം അദ്ദേഹത്തിൽനിന്നു സമ്പാദിച്ചു. ദദ്ധ്യങ് കരാർ തെറ്റിച്ചു എന്നു മനസ്സിലായപ്പോൾ ഇന്ദ്രൻ ആ മഹൎഷിയുടെ തല വെട്ടിക്കളഞ്ഞു. അശ്വിനീദേവകൾ ശസ്ത്രക്രിയയിൽ അതിസമൎത്ഥന്മാരായിരുന്നതിനാൽ, മഹൎഷിയുടെ മുമ്പത്തെ തല കേടുകൂടാതെ സൂക്ഷിച്ചുവെച്ചിരുന്നതു് എടുത്തു് വീണ്ടും ശരിയായി ചേൎത്തു് യോജിപ്പിച്ചു. ഈ അത്ഭുതകൎമ്മം പരക്കെ പ്രശംസായോഗ്യമായിത്തീൎന്നു. എന്നാൽ പുരോഭാഗികളായ (ദോഷത്തിൽമാത്രം കണ്ണെത്തുന്ന) ചില ദേവന്മാർ അശ്വികളുടെ ഈ വിദ്യാഭ്യാസരീതിയെ അത്ര ശ്ലാഘിച്ചില്ല. ഏറ്റവും വിശിഷ്ടമായ ഒരു ഉദ്ദേശത്തോടുകൂടിയാണെങ്കിലും, ഒരാൾ ഗുരുവിന്റെ ശിരച്ഛേദം ചെയ്യുന്നതു് ഒരു മഹാപാപകൎമ്മമെന്നു വിധിക്കുകയും, ആ വിധി അനുസരിച്ചു് അശ്വികളെ, അവരുടെ ക്ഷന്തവ്യമല്ലാത്ത അപരാധത്തിന്നു് മററ ദേവന്മാർ ജാതിയിൽനിന്നു പുറത്താക്കുകയും, യാഗകൎമ്മങ്ങളിൽ അവൎക്കു കിട്ടുവാനുള്ള അവകാശത്തിന്നു വരുമ്പോൾ കൊടുക്കാതെ പറഞ്ഞ

യജ്ജുകയും ചെയ്തു. ഈ സഹോദരന്മാർ, അപ്പോൾ ച്യവനമഹൎഷിയുടെ അടുക്കൽ ചെന്നു സങ്കടം ബോധിപ്പിച്ചു. അദ്ദേഹം വളരെ വൃദ്ധനും ജരാനരകൾക്കധീനനും ആയിരുന്നെങ്കിലും, ശൎയ്യാതി എന്ന രാജാവിന്റെ പുത്രിയും സുന്ദരിയും ആയ സുകന്യ എന്ന യുവതിയെ വിവാഹംചെയ്തിരുന്നു. ആ വൈദ്യന്മാർ ഒരു ലേഹ്യം കൊടുത്തതു കഴിച്ചതിനാൽ അദ്ദേഹത്തിന്നു വാൎദ്ധക്യം ബാധിച്ചതെല്ലാം ക്ഷണത്തിൽ പോയി, ആരോഗ്യവും, യൌവനവും, ബലവും വീണ്ടും ഉണ്ടാവുകയും, ആയുഷ്കാലം ദീൎഘിക്കുകയും ചെയ്തു.* ഈ ലേഹ്യത്തിന്നു് ഇന്നും "ച്യവനാവലേഹം" എന്നു പേർ പറഞ്ഞുവരുന്നു. കൃതജ്ഞനായ ആ മഹൎഷി, താൻ അവരുടെ കാൎയ്യത്തിൽ സന്ധി സംസാരിക്കാമെന്നും, യാഗത്തിൽ അവൎക്കു വീണ്ടും അവകാശം കിട്ടുമാറാക്കാമെന്നും പ്രതിജ്ഞചെയ്തു. ഉടനെതന്നെ അദ്ദേഹം പോയി തന്റെ ശ്വശുരനായ ശൎയ്യാതിയോടു് ഒരു യാഗം ചെയ്യേണമെന്നാവശ്യപ്പെട്ടു. യാഗം തുടങ്ങി യജ്ഞാംശങ്ങളെ ഭാഗിക്കുവാനുള്ള സമയം വന്നപ്പോൾ ച്യവനമഹൎഷി അശ്വിനീദേവകൾക്കും അവൎക്കു കിട്ടേണ്ടതായ ഭാഗം ശരിയായി കൊടുത്തു. ഇന്ദ്രൻ ഇതു കണ്ടിട്ടു് കലശലായി കോപിച്ചു് ആ മഹൎഷിയുടെ തലക്കു വജ്രം ഓങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കൈതന്നെ സ്തംഭിച്ചുപോയി. അശ്വിനീദേവകൾ ഉടനെ ഇന്ദ്രന്റെ പക്ഷാഘാതത്തെയും മാറ്റിക്കൊടുത്തു. ഇങ്ങിനെ, ഇവർ തങ്ങളുടെ വിദ്യകൊണ്ടും സാമൎത്ഥ്യംകൊണ്ടും ദേവകളുടെ കൂട്ടത്തിൽ രണ്ടാമതും ചേൎക്കപ്പെടുകയും, യാഗാംശം ലഭിക്കുകയും ചെയ്തു. ഈ ഭിഷഗ്വരന്മാർതന്നെ രുചിയുടെ പുത്രനായ യജ്ഞന്റെ ഉടലും തലയും രുദ്രൻ വേർപെടുത്തിയിരുന്നതു വീണ്ടും യോജിപ്പിച്ചതിന്നു വളരെ മാനിക്കപ്പെട്ടു. ദേവന്മാരും അസുരന്മാരും തമ്മിൽ പലപ്പോഴും യുദ്ധങ്ങളുണ്ടായി

* ഋഗ്വേദം, I-൧൧൭:൧൩

രുന്നതായി പ്രാചീനസംസ്കൃതപുസ്തകങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതു നാം കാണുന്നുണ്ടല്ലോ. കാലുകൾ മുറിഞ്ഞുപോയവൎക്കു ശസ്ത്രവൈദ്യന്മാർ അവിടെ "ഇരിമ്പുകൊണ്ടുള്ള കാലുകൾ"—ആയസീം ജംഘാം— (ഋഗ്വേദം, ൧. ൱൰൬, ൰൫ നോക്കുക) പകരം വെച്ചുകെട്ടുകയും, കണ്ണുകൾ പോയ്പോയവൎക്കു ആ സ്ഥാനത്തു കൃത്രിമനേത്രങ്ങൾ ഉണ്ടാക്കിവെക്കുകയും (ഋഗ്വേദം, ൧. ൱൰൬, ൰൬) പതിവായിരുന്നു. സൈനികശസ്ത്രവൈദ്യന്മാർ, ഭടന്മാരുടെ ശരീരങ്ങളിൽ തായ്ക്കുന്ന ശരങ്ങളും മററും ബഹുവശതയോടുകൂടി എടുത്തുകളയുകയും, മുറികൾ ക്ഷണത്തിൽ വെച്ചുകെട്ടുകയും ചെയ്തിരുന്നു. അശ്വികൾ പൂഷാവിന്നു പുതിയ പല്ലുകളുണ്ടാക്കിക്കൊടുത്തതും, ഭാൎഗ്ഗവന്നു പുതിയ കണ്ണുകൾ വെച്ചതും, ചന്ദ്രമസ്സിന്റെ ക്ഷയം മാററിക്കൊടുത്തതും മററും പ്രസിദ്ധപ്പെട്ട സംഗതികളാണല്ലോ. ഇതൊന്നുമല്ലാതെ വേറെയും അനേകം അത്യത്ഭുതപ്രയോഗങ്ങൾ അശ്വികൾ ചെയ്തുകൊണ്ടു് അവരുടെ സമന്മാരായ എല്ലാ ദേവന്മാരും അവരെ വളരെ ബഹുമാനിച്ചു പോന്നു എന്നു മാത്രമല്ല, ലോകനാഥനായ ഇന്ദ്രനും കൂടി ആയുൎവ്വേദം പഠിക്കേണമെന്നു് ആഗ്രഹം ജനിച്ചതിനാൽ അദ്ദേഹം അവരിൽനിന്നു് അതിനെ ഗ്രഹിക്കുകയും ചെയ്തു.

ഇന്ദ്രൻ പിന്നെ ആ ശാസ്ത്രത്തെ തന്റെ ശിഷ്യനായ ആത്രേയമഹൎഷിക്കു് ഉപദേശിച്ചു. അദ്ദേഹം തന്റെ പേർവെച്ചു പല ഗ്രന്ഥങ്ങളും എഴുതീട്ടുള്ളതിൽ "ആത്രേയസംഹിത" ഇവിടെ പ്രസ്താവയോഗ്യമായ ഒരു പുസ്തകമാകുന്നു. അതിൽ എല്ലാംകൂടി അഞ്ചു ഭാഗങ്ങളും, ൪൬,൫൦൦ ശ്ലോകങ്ങളും ഉണ്ടു്. ഹിന്തുവൈദ്യശാസ്ത്രത്തിൽ പ്രമാണമായി ഗണിക്കപ്പെടുന്ന അതിപ്രാചീനന്മാരിൽ ഒരാളാകുന്നു ഈ ആത്രേയൻ. അനന്തരകാലീനന്മാരായ പല ഗ്രന്ഥകാരന്മാരും ഇദ്ദേഹത്തിന്റെ കൃതിയെ അടിസ്ഥാനമാക്കീട്ടാണു് ഗ്രന്ഥങ്ങളെഴുതീട്ടുള്ളതു്. അദ്ദേഹത്തിന്റെ

അടുക്കൽനിന്നു് വിദ്യാഭ്യാസം ചെയ്ത കൂട്ടത്തിൽ അഗ്നിവേശൻ, ഭേളൻ, ജാതുകൎണ്ണൻ, പരാശരൻ, ക്ഷീരപാണി, ഹാരീതൻ എന്നിവരായിരുന്നു പ്രധാനശിഷ്യന്മാർ. അവരെല്ലാവരും വെവ്വേറെ വൈദ്യശാസ്ത്രത്തിൽ ഗ്രന്ഥങ്ങളെഴുതി പ്രസിദ്ധി സമ്പാദിച്ചിട്ടുണ്ടെന്നുമാത്രമല്ല, ആ വക ഗ്രന്ഥങ്ങൾതന്നെയാണു് പാരമ്പൎയ്യക്രമേണ ഇപ്പോൾ നമ്മുടെ കൈവശം വന്നിട്ടുള്ളതും. അഗ്നിവേശന്റെ “നിദാനാഞ്ജനം” എന്ന ഗ്രന്ഥം ഇന്നും ശ്ലാഘിക്കപ്പെട്ടുവരുന്നു. “ഹാരീതസംഹിത” മറ്റൊരു പ്രമാണപുസ്തകമാകുന്നു. ഇതു ഹാരീതന്റെ ചോദ്യങ്ങൾക്കു് ആത്രേയൻ മറുപടി പറയുന്ന രീതിയിലാണു് എഴുതപ്പെട്ടിരിക്കുന്നതു്; എന്തുകൊണ്ടെന്നാൽ ഓരോ അദ്ധ്യായവും, “ഹാരീതന്റെ ചോദ്യത്തിന്നു മറുപടിയായി ആത്രേയനാൽ പറയപ്പെടുന്നതു്” എന്നുള്ള വാക്കുകളെക്കൊണ്ടാണു് അവസാനിപ്പിച്ചു കാണുന്നതു്. മുൻപ്രസ്താവിച്ച “ആത്രേയസംഹിതയും”, ഈ “ഹാരീതസംഹിതയും” ഒന്നുതന്നെയാണെന്നു ചിലർ എങ്ങിനെയോ ധരിച്ചിരിക്കുന്നു. ഇതു ശരിയാണെന്നു തോന്നുന്നില്ല. പ്രസിദ്ധഗ്രന്ഥകൎത്താവായ “ഭാവപ്രകാശകാരൻ” “ആത്രേയസംഹിത”യിൽനിന്നു പല ശ്ലോകങ്ങളും എടുത്തെഴുതിട്ടുണ്ടു്; അതൊന്നും “ഹാരീതസംഹിത”യിൽ കാണുന്നില്ല. അതുകൊണ്ടു മേൽപറഞ്ഞ ചിലരുടെ ധാരണ ശരിയല്ലെന്നു വിചാരിക്കുവാനേ തരമുള്ളു.

പണ്ടത്തെ വൈദ്യഗ്രന്ഥകാരന്മാരിൽ ഒരാളായ ചരകൻ ഭൂലോകത്തിൽ വൈദ്യശാസ്ത്രം ഉണ്ടായതു താഴെ പറയുംപ്രകാരമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. *

പണ്ടൊരിക്കൽ യോഗ്യന്മാരായ അനേകം ഋഷികൾ ഹിമാലയത്തിങ്കൽവെച്ചു് ഒന്നിച്ചുകൂടുവാനിടവന്നു. അവരുടെ കൂട്ടത്തിൽ അഗസ്ത്യൻ, അസിതൻ, ആശ്വലായനൻ, കാമ്യൻ,

* “ചരകസംഹിതയിൽ” ൧-ം ൨-ം ൩-ം ഭാഗങ്ങൾ നോക്കുക.

കങ്കായനൻ, കപിഞ്ജലൻ, കാശ്യപൻ, കാത്യായനൻ, കുശികൻ, കൗണ്ഡിന്യൻ, ഗൎഗ്ഗൻ, ഗാലവൻ, ഗൗതമൻ, ച്യവനൻ, ജമദഗ്നി, ദേവലൻ, ധൗമ്യൻ, നാരദൻ, പരാശരൻ, പുലസ്ത്യൻ, മാൎക്കണ്ഡെയൻ, മൈത്രേയൻ, വസിഷ്ഠൻ, വാജപേയൻ, വാമദേവൻ, വിശ്വാമിത്രൻ, ശാകുനേയൻ, ശാണ്ഡില്യൻ, ശരലോമാവ്, ശൗനകൻ, സാംകൃത്യൻ, സാംഖ്യൻ, ഹാരീതൻ, ഹിരണ്യാക്ഷൻ എന്നിവരായിരുന്നു പ്രധാനപ്പെട്ടവർ. ഇവരെല്ലാവരും ബ്രഹ്മജ്ഞാനികളും ഉഗ്രതപോനിധികളും ആയിരുന്നു. "ശരീരത്തെ ബാധിക്കുന്ന രോഗങ്ങൾ" ആയിരുന്നു അവരുടെ സംവാദവിഷയം. "ധൎമ്മാൎത്ഥകാമമോക്ഷസാധനമായ നമ്മുടെ ശരീരം രോഗങ്ങൾക്ക് അധീനമാകുന്നു. ഈ രോഗങ്ങൾ ശരീരത്തെ ക്ഷയിപ്പിക്കുകയും ക്ഷീണിപ്പിക്കുകയും ചെയ്യുന്നതോടുകൂടി ഇന്ദ്രിയങ്ങളുടെ കൃത്യങ്ങൾ നടത്തുവാൻ കഴിവില്ലാതാക്കുകയും, കഠിനമായ വേദനയുണ്ടാക്കിത്തീൎക്കുകയും ചെയ്യുന്നു. ഇവകൾ നമ്മുടെ പ്രാപഞ്ചികകൃത്യങ്ങൾക്കു വലിയ തടസ്ഥങ്ങളായി തീൎന്നിരിക്കുന്നു. അങ്ങിനെയുള്ള ശത്രുക്കളുടെ ഇടയിൽ മനുഷ്യൎക്ക് എങ്ങിനെയാണ് സുഖമുണ്ടാകുന്നത്? അതുകൊണ്ടു് ഈ വക രോഗങ്ങൾക്കു വല്ല പ്രതിവിധികളും കണ്ടുപിടിക്കുന്നതു് അത്യാവശ്യമായിരിക്കുന്നുവല്ലൊ" എന്നൊക്കെ അവർ ആവലാധി പറയുവാൻതുടങ്ങി. ഒടുവിൽ അവർ ഭരദ്വാജമഹൎഷിയുടെ നേരെനോക്കി ഇങ്ങിനേ പറഞ്ഞു:—

"അല്ലേ യോഗീശ്വര! അങ്ങുന്നുതന്നെയാണ് ഞങ്ങളിൽവെച്ച് യോഗ്യൻ. ആയുൎവ്വേദം മുഴുവനും ശരിയായി പഠിച്ചിട്ടുള്ള സഹസ്രാക്ഷനായ ഇന്ദ്രന്റെ അടുക്കൽപോയി, അദ്ദേഹത്തിൽനിന്ന് ആ ശാസ്ത്രത്തിന്റെ ജ്ഞാനം സമ്പാദിച്ച് അവിടുന്നു ഞങ്ങളെ രോഗബാധയിൽനിന്നു രക്ഷിച്ചുതന്നാൽ കൊള്ളാം".

"എന്നാലങ്ങിനെയാകട്ടെ" എന്നു പറഞ്ഞ് അദ്ദേഹം

ക്ഷണത്തിൽ അവിടെനിന്നു പുറപ്പെട്ട് ഇന്ദ്രന്റെ അടുക്കൽ ചെന്ന് അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു:—

"അല്ലേ മഹാപ്രഭോ! മനുഷ്യജാതിയെ ബാധിച്ചുപദ്രവിക്കുന്ന ഭയങ്കരങ്ങളായ രോഗങ്ങൾക്കുള്ള പ്രതിവിധികളെല്ലാം അങ്ങയുടെ സമീപത്തിൽനിന്നു പഠിച്ചുകൊണ്ടുവരുവാൻ ഋഷികളുടെ സദസ്സിൽനിന്നു പ്രതിനിധിയായി തിരഞ്ഞെടുത്ത് അയക്കപ്പെട്ട ആളാണ് ഞാൻ. അതിനാൽ അവിടുന്നു കൃപചെയ്ത് ആയുൎവ്വേദത്തെ എനിക്ക് ഉപദേശിച്ചുതന്നാൽ കൊള്ളാമെന്നു പ്രാൎത്ഥിക്കുന്നു".

ഇന്ദ്രൻ അദ്ദേഹം കൊണ്ടുവന്ന സന്ദേശത്തിന്റെ ഉദ്ദേശ്യം അറിഞ്ഞു സന്തോഷിക്കുകയും, ആയുൎവ്വേദത്തിന്റെ സകലഭാഗങ്ങളും അദ്ദേഹത്തിന്നു പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. ഭരദ്വാജൻ, അതിന്നുശേഷം, തന്നെ പ്രതിനിധിയാക്കി പറഞ്ഞയച്ച മഹൎഷിമാൎക്കു, തനിക്കു കിട്ടിയ ഉപദേശങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുത്തു. ഇങ്ങിനെ ആ ശാസ്ത്രജ്ഞാനംകൊണ്ട് അവൎക്കെല്ലാവൎക്കും പൂൎണ്ണമായ സുഖത്തോടുകൂടി അധികകാലം ജീവിച്ചിരിക്കുവാൻ ഇടവരികയുംചെയ്തു.

ഏതദ്ദേശീയന്മാരാൽ വൈദ്യശാസ്ത്രത്തെസംബന്ധിച്ച എല്ലാ വിഷയങ്ങളിലും ഏററവും വലിയ പ്രമാണമായി ഗണിക്കപ്പെട്ടുവരുന്ന ചരകന്റെയും സുശ്രുതന്റെയും ഒരു പ്രസ്താവവുംകൂടി കൂടാതെ ഇന്ത്യയിലെ പ്രാചീനന്മാരായ വൈദ്യഗ്രന്ഥകാരന്മാരുടെ ചരിത്രം ഒരിക്കലും പൂൎണ്ണമാകുന്നതല്ല. ചരകൻ, സകലശാസ്ത്രങ്ങളുടെയും, പ്രത്യേകിച്ചു വൈദ്യശാസ്ത്രത്തിന്റെയും, നിധിയെന്ന് ഊഹിക്കപ്പെടുന്ന ആയിരം തലകളോടുകൂടിയ നാഗരാജാവായ ശേഷന്റെ ഒരു അവതാരമാണെന്നു പറയപ്പെടുന്നു. നമ്മുടെ പ്രകൃതത്തോടു വളരെ സംബന്ധമുള്ളതല്ലെങ്കിലും, സൎപ്പങ്ങൾക്ക് എല്ലാകാലത്തും ദൈവികമായ ഒരു മാഹാ

ത്ത്യം കൊടുത്തിരുന്നതിന്നുപുറമെ, ഏററവും പ്രാചീനമായ കാലം മുതല്ക്കേ ഇവകൾ ജ്ഞാനത്തിൻെറയും നിത്യത്വത്തിൻെറയും ലക്ഷണമാണെന്നു് ഈജിപ്തുകാരും, ഗ്രീക്കുകാരും, വേറെയുള്ള പ്രാചീനജനസമുദായങ്ങളും, എന്നുവേണ്ട ഹിന്തുക്കളും അതികലശലായ ഭക്തിയോടുകൂടി വിചാരിച്ചു പോന്നിട്ടുണ്ടു് എന്നുള്ള സംഗതികൂടി ഇവിടെ പ്രസ്താവിക്കട്ടെ. "ഗ്രീസ്സിലെ വൈദ്യശാസ്ത്രദേവതയായ എസ്ക ല ാ പ്യ സ്സി ന്നു് സൎപ്പങ്ങൾ വളരെ പ്രധാനപ്പെട്ടവയായിരുന്നു. എന്തുകൊണ്ടെന്നാൽ, അവകൾക്കു വ്രണവിരോപണങ്ങളായ ഔഷധങ്ങളെ കണ്ടുപിടിക്കുന്നതിന്നു് ഒരു പ്രത്യേകസാമൎത്ഥ്യമുള്ളതായി വിചാരിക്കപ്പെട്ടിരുന്നു" (ഡാക്ടർ സ്മിത്ത്). സൎപ്പം ജ്ഞാനത്തിൻെറയും നിത്യത്ത്വത്തിൻെറയും ലക്ഷണമായിരുന്നതിനാൽ, ഈജിപ്തിലെ സന്ന്യാസിമാർ തങ്ങൾ "സൎപ്പദൈവത്തിൻെറ സന്താനങ്ങ"ളെന്നു പറഞ്ഞുവന്നിരുന്നു. ക്രിസ്തുവിന്നു രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു സൎപ്പാരാധന, ജൂതന്മാരുടെ ഇടയിലും നടപ്പായിരുന്നു. ശ്രാവണമാസത്തിലെ അഞ്ചാദിവസം (ഇതു വൎഷക്കാലത്തിന്നുള്ളിൽപെടും) സൎപ്പങ്ങൾക്കു വളരെ മുഖ്യമായിട്ടുള്ളതാണെന്നാണ് ഇന്നും ഹിന്തുക്കൾ വിചാരിച്ചുപോരുന്നതു്. അന്നു് ഓരോ കുടുംബത്തിലെ മൂത്ത സ്ത്രീകൾ ഒരു ജീവനുള്ള സൎപ്പത്തെയൊ അതല്ലെങ്കിൽ അതിൻെറ പ്രതിമയേയൊ പൂജിക്കുന്നതു പതിവാണ്. എന്തെന്നാൽ, ത്വഗ്ദോഷം, നേത്രരോഗം, സന്തതിഉണ്ടാവായ്ക; മുതലായതു സംഭവിക്കുന്നതു പൂൎവ്വജന്മങ്ങളിലൊ, ഈ ജന്മത്തിൽ തന്നെയൊ സൎപ്പങ്ങളെ കൊന്നവൎക്കു് ആ പാപത്തിന്നു കിട്ടുന്ന ശിക്ഷയാണെന്നും, അതിന്നു സൎപ്പാരാധനയല്ലാതെ മററ യാതൊരു പ്രതിവിധിയും ഇല്ലെന്നും ആണ് സാധാരണയായുള്ള വിശ്വാസം. വിദ്വൽശ്രേഷ്ഠനായ വിശ്രുഭ്ധമുനിയുടെ പുത്രനായ ചരകൻ ജീവിച്ചിരുന്നതു വൈദികകാലത്തായിരുന്നു. അദ്ദേ

ഹം ക്രിസ്താബ്ദത്തിന്നു ൬൨൦ കൊല്ലംമുമ്പെ കാശിയിൽ ജനിച്ചു എന്നു ചിലർ വിശ്വസിക്കുന്നു. ചരകന്റെ കാലത്തു് അദ്ദേഹമായിരുന്നു ഏററവും യോഗ്യനായിട്ടുള്ള വൈദ്യൻ; എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ "ചരകസംഹിത" ഇന്നും ചികിത്സാശാസ്ത്രത്തിൽ ഒരു പ്രമാണപുസ്തകമായി വിചാരിക്കപ്പെട്ടു പോരുന്നതുമുണ്ടു്.

സുശ്രുതന്റെ പുറപ്പാട്ടു് നേരെ മറിച്ചാകുന്നു. അദ്ദേഹം ഔഷധംകൊണ്ടുള്ള ചികിത്സയേക്കാൾ ശസ്ത്രവിദ്യയെപ്പററിയാണ് അധികം വിവരിച്ചിട്ടുള്ളതു്, അതുകൊണ്ടു് അദ്ദേഹത്തിന്റെ കൃതിയായ 'സുശ്രുത'ത്തെ ആൎയ്യവൈദ്യന്മാർ ശസ്ത്രവിദ്യയിൽ വലിയൊരു പ്രമാണമാക്കി വെച്ചു മാനിച്ചുപോരുന്നതുമുണ്ടു്. മേൽപറഞ്ഞ രണ്ടു ഗ്രന്ഥങ്ങളും ആയുൎവ്വേദത്തിന്റെ സംഗ്രഹങ്ങളാകുന്നു. സുശ്രുതൻ, ശ്രീരാമന്റെ സമാനകാലീനനായ വിശ്വാമിത്രന്റെ പുത്രന്മാരിൽ ഒരാളായിരുന്നു. അച്ഛന്റെ അനുവാദപ്രകാരം സുശ്രുതനും, അദ്ദേഹത്തിന്റെ ഏഴു അനുജന്മാരും കൂടി വൈദ്യശാസ്ത്രം പഠിക്കേണ്ടതിന്നു കാശിരാജാവായ ദേവദാസന്റെ അടുക്കൽ ചെന്നു. ചരകൻ അനന്തന്റെ ഒരു അവതാരമാണെന്നു വിചാരിക്കുന്നതുപോലെ, ദേവദാസൻ ധന്വന്തരിയുടെ അവതാരമാണെന്നും വിശ്വസിക്കപ്പെട്ടുവരുന്നു. ഈ ധന്വന്തരി പ്രളയകാലത്തിൽ നശിച്ചുപോയ മററ പതിമൂന്നു 'രത്ന'ങ്ങളോടുകൂടി സമുദ്രത്തിൽനിന്നു വീണ്ടുകിട്ടിയ ദൈവികവൈദ്യനാകുന്നു. മരിക്കാതിരിക്കുവാനുള്ള ഒരു പാനീയമായ 'അമൃതം' നിറച്ച ഒരു പാത്രത്തോടുകൂടി 'ധന്വന്തരി' സമുദ്രത്തിൽനിന്നു പൊന്തിവന്നു എന്നാണ് പറയപ്പെടുന്നതു്. ഗ്രീക്കുകാരുടെ ഇടയിൽ എസ്കുലാപ്യസ്സിന്നുള്ള സ്ഥാനം ഇന്ത്യയിൽ ഇദ്ദേഹം എടുത്തിരിക്കുന്നു. കാശിരാജാവ് എന്നുകൂടി വിളിക്കപ്പെടുന്ന ദേവദാസന്റെ അടുക്കൽനിന്നു് ആയുൎവ്വേദം മുഴുവനും

അഭ്യസിച്ചശേഷം സുശ്രുതനും കൂട്ടരും സ്വഗൃഹത്തിലേക്കു മടങ്ങിവന്നു; ചികിത്സാശാസ്ത്രത്തിലും ശസ്ത്രവിദ്യയിലും പ്രത്യേകം പ്രത്യേകം ഗ്രന്ഥങ്ങളെഴുതി. എന്നാൽ സുശ്രുതൻ മററെല്ലാവരേയും അതിശയിച്ചു. അദ്ദേഹത്തിൻെറ കൃതി, ക്രിസ്ത്വാബ്ദം ൮-ാം നൂററാണ്ടു് അവസാനിക്കുന്നതിന്നു മുമ്പായി അറബിഭാഷയിലേക്കു തർജ്ജമചെയ്യപ്പെട്ടു. അതു് ഹെപ്ലർ എന്ന ആൾ ലാററിൻ ഭാഷയിലേക്കും, വുള്ളഴ്സ് ജർമ്മൻ ഭാഷയിലേക്കും തർജ്ജമ ചെയ്തിട്ടുണ്ടു്. ഇതുകൂടാതെ, ചരകവും ൮-ാംനൂററാണ്ടിൻെറ ആരംഭത്തിൽ അറബിഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. അവിസന്നാ, റെയ്സസ്സ്, സറാപ്പ്യൺ എന്നിവരുടെ ലാററിൻ തർജ്ജമകളിൽ അദ്ദേഹത്തിൻെറ (ചരകൻെറ) പേർ കൂടക്കൂടെ പ്രസ്താവിച്ചു കാണുന്നുണ്ടു്" (ഹണ്ടർ). അദ്ദേഹം അഗ്നിവേശൻെറ ഉത്തരകാലീനനാകുന്നു; എന്തെന്നാൽ, തനിക്കു ഗ്രന്ഥനിർമ്മാണത്തിന്നു വേണ്ടുന്ന വിഷയങ്ങൾ കിട്ടിയതു പണ്ഡിതശ്രേഷ്ഠനായ ആ മഹർഷിയിൽനിന്നാണെന്നും, അദ്ദേഹത്തിൻെറ കൃതിയെ താനൊന്നു രൂപഭേദം വരുത്തിയിരിക്കുകയാണെന്നും ചരകൻ പറയുന്നു.

ചികിത്സാശാസ്ത്രത്തിൽ പിന്നെ ഒരു വലിയ പ്രമാണമായിട്ടുള്ളതു വാഗ്ഭടനാകുന്നു. അദ്ദേഹം ക്രിസ്തുവിന്നു മുമ്പു് രണ്ടാം നൂററാണ്ടിലാണു് ജീവിച്ചിരുന്നതു്. പടിഞ്ഞാറെ ഇന്ത്യയിലുള്ള സിന്ധുദേശമായിരുന്നു അദ്ദേഹത്തിൻെറ സ്വരാജ്യം. തൻെറ 'അഷ്ടാംഗസംഗ്രഹം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ചരകൻ, സുശ്രുതൻ, അഗ്നിവേശൻ, ഭേളൻ മുതലായ പൂർവ്വാചാര്യന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നു തനിക്കു വളരെ സഹായം ലഭിച്ചിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു. അതുകൂടാതെ 'അഷ്ടാംഗഹൃദയം' എന്നൊരു ഗ്രന്ഥം കൂടി അദ്ദേഹം തന്നെ എഴുതീട്ടുണ്ടു. ഇതിന്നു് അരുണദത്തപണ്ഡിതൻെറ ഒരു വ്യാഖ്യാ

നവുമുണ്ടു്. വാഗ്ഭടന്റെ വാക്യരീതി വളരെ ശുദ്ധിയുള്ളതും, അൎത്ഥപുഷ്ടിയോടുകൂടിയതും, (സംക്ഷിപ്തം) ആണെന്നു മാത്രമല്ല, പൂൎവ്വന്മാരുടെ ഗ്രന്ഥങ്ങളിലുള്ള ക്ലിഷ്ടങ്ങളായ പല ഭാഗങ്ങളും അദ്ദേഹം നല്ലവണ്ണം വെളിവാക്കി പറഞ്ഞിട്ടുമുണ്ടു്. കലിദ്വാപരകൃതയുഗങ്ങളിൽ ക്രമേണ വാഗ്ഭടൻ, സുശ്രുതൻ, ആത്രേയൻ എന്നിവരായിരുന്നു വൈദ്യശാസ്ത്രത്തിൽ ഏററവും വലിയ പ്രമാണമായിരുന്നതെന്നു് ഒരു പ്രസിദ്ധശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. ഹിന്തുവൈദ്യശാസ്ത്രവിദ്യാൎത്ഥികളുടെ ഇടയിൽ ഈ മൂന്നു ഗ്രന്ഥകാരന്മാരെയും കൂടി 'വൃദ്ധത്രയീ' എന്നാണു് പറഞ്ഞുവരുമാറുള്ളതു്.

നമ്മുടെ കാലത്തോടു കുറേക്കൂടി അടുത്തുവരുമ്പോൾ, ഹിന്തുശാസ്ത്രത്തിന്റെ മിക്കവാറും എല്ലാ വിഷയങ്ങളിലും ഗ്രന്ഥങ്ങൾ എഴുതീട്ടുള്ള മാധവൻ അല്ലെങ്കിൽ മാധവാചാൎയ്യർ എന്ന ആളുടെ പേർ നാം കാണുന്നതാണ്. ഇദ്ദേഹം, തെക്കൻ ഇന്ത്യയിൽ ഇപ്പോൾ 'ഗോൾക്കൊണ്ടാ' എന്നു വിളിക്കപ്പെടുന്ന കിഷ്കിന്ധാരാജ്യത്തിൽ ജനിച്ചവനും, ൧൪-ാം നൂററാണ്ടിൽ വിജയനഗരത്തിൽ വാണിരുന്ന വീരബുക്കരാജാവിന്റെ മന്ത്രിയും ആയിരുന്നു. ഈ ആചാൎയ്യൻ ഋഗ്വേദഭാഷ്യത്തിന്റെ കൎത്താവായ സായണാചാൎയ്യരുടെ സഹോദരനായിരുന്നു എന്നുമാത്രമല്ല, ആ ഗ്രന്ഥത്തിലേക്കു് ഇദ്ദേഹവും എഴുതിക്കൊടുത്തിട്ടുണ്ടെന്നാണ് പറയപ്പെടുന്നതു്. ഹിന്തുതത്വശാസ്ത്രത്തിൽ പെടുന്ന ആറു സമ്പ്രദായങ്ങളെയും വിവരിക്കുന്ന 'സൎവ്വദൎശനസംഗ്രഹം', ചതുർവേദങ്ങളുടെ ടീകയായ 'മാധവവേദാൎത്ഥപ്രകാശം' എന്നീ രണ്ടു ഗ്രന്ഥങ്ങൾക്കു പുറമെ, വേദാന്തത്തിൽ 'പഞ്ചദശി', വ്യാകരണത്തിൽ 'മാധവവൃത്തി', വൈദ്യശാസ്ത്രത്തിൽ 'മാധവനിദാനം', ജ്യോതിഷത്തിൽ 'കാലമാധവം', ഹിന്തുനിയമശാസ്ത്രത്തിൽ 'വ്യവഹാരമാധവം', ബ്രാഹ്മണരുടെ നടവടിക്രമങ്ങളിൽ 'ആ

ചാരമാധവം', ശങ്കരാചാൎയ്യരുടെ ജീവചരിത്രമായ 'ശങ്കരവിജയം' എന്നിവകയും അദ്ദേഹത്തിന്റെ അനേകം കൃതികളിൽ പ്രധാനപ്പെട്ടവയാണ്. തന്റെ വൈദ്യഗ്രന്ഥത്തിൽ മുഴുവനും, നമ്മുടെ ഗ്രന്ഥകൎത്താവു രോഗങ്ങളുടെ നിദാനത്തെപ്പററിയാണ് പറഞ്ഞിരിക്കുന്നത്. വൈദ്യശാസ്ത്രത്തിന്റെ ഈ ഒരു ഘട്ടത്തിൽ അദ്ദേഹത്തിന്നാണ് മററെല്ലാവരേക്കാളും പ്രാമാണ്യമേറുന്നതെന്ന് നിൎവ്വിവാദമായിരിക്കത്തക്ക നിലയിൽ അത്ര നിഷ്കൎഷിച്ചിട്ടാണ് അദ്ദേഹം ഈ വിഷയം പ്രതിപാദിച്ചിട്ടുള്ളത്. വൈദ്യന്മാർ പലപ്പോഴും ഈ താഴെ ചേൎത്ത സംസ്കൃതശ്ലോകം ചൊല്ലുന്നതു കേൾക്കാം.

"നിദാനേ മാധവഃ ശ്രേഷ്ഠഃ,
സൂത്രസ്ഥാനേ തു വാഗ്ഭടഃ;
ശാരീരേ സുശ്രുതഃ പ്രോക്തഃ,
ചരകസ്തു ചികിത്സിതേ."

ഇതിന്റെ താല്പൎയ്യം: നിദാനത്തിൽ മാധവനും, വൈദ്യശാസ്ത്രതത്വങ്ങളിലും പരിചയത്തിലും വാഗ്ഭടനും, ശസ്ത്രവിദ്യയിൽ (ശാരീരത്തിൽ) സുശ്രുതനും, ചികിത്സാഭാഗത്തിൽ ചരകനും ആണ് ഏററവും യോഗ്യന്മാർ എന്നാകുന്നു.

ഈ മാധവാചാൎയ്യർ വാൎദ്ധക്യത്തിൽ സന്യസിക്കുകയും 'വിദ്യാരണ്യൻ' എന്ന നാമം ധരിക്കുകയും ചെയ്തു.

ഹിന്തുവൈദ്യശാസ്ത്രത്തിൽ പിന്നത്തെ പ്രസിദ്ധനായ ഗ്രന്ഥകാരൻ, 'ഭാവപ്രകാശം' എന്ന കൃതിയുടെ കൎത്താവായ ഭാവമിശ്രനാകുന്നു. ഇദ്ദേഹം ജീവിച്ചിരുന്നതു ക്രിസ്ത്വാബ്ദം ൧൫൫൦-ൽ ആണ്. ആ കാലത്തു മദ്ധ്യദേശത്തിൽ (ഇന്ത്യയുടെ വടക്കുപടിഞ്ഞാറ), 'വൈദ്യന്മാരിൽവെച്ച് രത്നവും സകലശാസ്ത്രപാരംഗതനും' ആയ അദ്ദേഹത്തെയാണ് ഏററവും പാണ്ഡിത്യമുള്ളവനായി വിചാരിച്ചിരുന്നത്. വൈദ്യശാസ്ത്രത്തിൽ മുമ്പു

ഗ്രന്ഥമെഴുതിട്ടുള്ള എല്ലാവരുടെയും അനുഭവത്തെ അദ്ദേഹം തന്റെ കൃതിയിൽ ചുരുക്കിപ്പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്യശുദ്ധിയും, വിഷയവിഭാഗത്തിൽ ചെയ്ത നിഷ്കർഷയും നിമിത്തം, വാദഗ്രസ്തങ്ങളും ക്ലിഷ്ടങ്ങളും ആയ പൂവ്വഗ്രന്ഥകാരന്മാരുടെ അനേകം വാക്യങ്ങൾ വെളിവായിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഈ ഗ്രന്ഥം ഹിന്തുക്കളുടെ ഇടയിൽ ആയുവ്വേദത്തിന്റെ ഒടുക്കത്തെ ഉദ്ധാരമാണെന്നുതന്നെ വിചാരിക്കാം. ഹിന്തുവൈദ്യശാസ്ത്രത്തിൽ ഇതു വിലമതിക്കുവാൻപാടില്ലാത്ത ഒരു ഗ്രന്ഥമാണെന്നുള്ള വിചാരത്തോടുകൂടി ഇന്ത്യയിലെല്ലാടവും നാട്ടുവൈദ്യന്മാർ ഈ കൃതിയെ കലശലായി ആദരിച്ചുപോരുന്നുണ്ട്. ഇതു പണ്ടത്തെ വിസ്തീണ്ണമായ വൈദ്യസാഹിത്യഭൂമിയിൽനിന്നു സമുച്ചയിച്ചെടുത്തിരിക്കുന്ന അത്യുപകാരപ്രദമായ പരിജ്ഞാനത്തിന്റെ ഒരു നിധിയാണെന്നുതന്നെ വിചാരിക്കപ്പെട്ടുവരുന്നു. ഭാവമിശ്രന്റെ കാലത്ത് ഇന്ത്യക്കു യൂറോപ്യന്മാരുമായി, അതിൽ പ്രത്യേകിച്ചു കച്ചവടാവശ്യാത്ഥം ഇന്ത്യയിലേക്ക് ആകൎഷിക്കപ്പെട്ട പോൎച്ചുഗീസ്സുകാരുമായി, ഉള്ള സംസൎഗ്ഗം തുടങ്ങിയിരിക്കുന്നു. കൈകാലുകളെ ബാധിക്കുന്ന "ഉഷ്ണസംബന്ധമായ ഒരു രോഗം" അന്നു പോൎച്ചുഗീസ്സുകാരുടെ ഇടയിൽ സാധാരണ നടപ്പുണ്ടായിരുന്നു. ഭാവമിശ്രൻ ഒടുവിൽ ഈ രോഗത്തേയും പറങ്കികളുടെ (പോൎച്ചുഗീസ്സുകാരുടെ) ദീനം എന്നത്ഥമായ "ഫിരംഗരോഗം" എന്നു പേരിട്ടു വിവരിച്ചതായി കാണുന്നു. സംസ്കൃതത്തിൽ തത്തുല്യമായ ഒരു പദം ഇല്ലാതിരിക്കുകയും, പ്രസ്തുതദീനത്തിന്നു അങ്ങിനെ (ഫിരംഗരോഗമെന്ന്) ഒരു പേർ കൊടുത്തതായി കാണുകയും ചെയ്യുന്നതുകൊണ്ടു പോൎച്ചുഗീസ്സുകാരാണ് ഇന്ത്യയിലേക്ക് ഈ ദീനം ആദ്യം കൊണ്ടുവന്നിരിക്കുന്നതെന്നു വിചാരിപ്പാൻ ധാരാളം വഴിയുണ്ടല്ലോ. ഭാവമിശ്രൻ ഈ രോഗത്തിന്നു 'ബാഹ്യം', 'അഭ്യന്തരം', 'ബാഹ്യാ

ഭ്യന്തരം’ എന്നിങ്ങിനെ മൂന്നവസ്ഥകളുണ്ടെന്നു പറഞ്ഞിരിക്കു ന്നു. അതിലാദ്യത്തെ നിലയിലേ ആയിട്ടുള്ളു എങ്കിൽ ഈ ദീനം മാറുന്നതാണ്; രണ്ടാമത്തെ നിലയിലെത്തിയാൽ കൃച്ഛ്രസാദ്ധ്യമായിരിക്കും; മൂന്നാമത്തെ അല്ലെങ്കിൽ അവസാനത്തെ ഘട്ടത്തിൽ ചാടിയാലാകട്ടെ, അത് അകത്തും പുറത്തും ഒരുപോലെ പരക്കുന്നതിനാൽ മാറുവാൻ തിരെ പ്രയാസമാണെന്നും പറഞ്ഞിട്ടുണ്ട്. ഈരോഗം പിടിപെട്ടവൻ നന്നെ കൃശനായും ക്ഷീണിച്ചുമിരിക്കും; അവൻെറ മൂക്കു ചതുങ്ങും; അഗ്നി മന്ദിക്കും; എല്ലുകൾ വറളുകയും വളയുകയും ചെയ്യും. രസം, ഖദിരം (കരിങ്ങാലി), അകരാകരഭം, തേൻ എന്നീ മരുന്നുകൾ ഏതാനും ചില മാത്രകളിൽ കൂട്ടിയാൽ അത് ഈ ദീനത്തിന്നു നല്ലൊരു ഔഷധയോഗമായിരിക്കുമെന്നും പ്രസ്താവിച്ചു കാണുന്നു* വേറെ ചില യോഗങ്ങളും അദ്ദേഹം പറഞ്ഞിട്ടില്ലെന്നില്ല. ഇൻഡ്യയിലല്ലാതെ മററു വല്ല രാജ്യങ്ങളിലുമുണ്ടാകുന്ന ചില ഔഷധങ്ങളെപ്പററി ഒന്നാമതായി പ്രസ്താവിച്ചിട്ടുള്ളതു ഭാവമിശ്രനായിരുന്നു. അദ്ദേഹം പറഞ്ഞിട്ടുള്ളതിൽ ചിലത് ഇവിടെ ദൃഷ്ടാന്തത്തിന്നായി കാണിക്കാം.

‘ബദക്സാന നാസപാതി’—‘അമൃതഫലം’, ബദക്ഷാൻ ദേശത്തിലുണ്ടാകുന്നത്.

‘കൊരശ്ശാണി വചാ’—കൊറസ്സാൻ രാജ്യത്തുണ്ടാകുന്ന ഒരുതരം വയമ്പ്.

‘പാരസീകവചാ’—പാർസിരാജ്യത്തെ വയമ്പ്.

‘സുലേമാനീ ഖജ്ജൂരം’—സുലേമാൻ പൎവ്വതത്തിലുണ്ടാകുന്ന ഒരുമാതിരി ഈത്തപ്പഴം.

* സപൂശാലവടീ—പാരദഷ്ടങ്കമാനഃസ്യാൽ ഖദിരഷ്ടങ്കസമ്മിതഃ। അകാരകരഭശ്ചാപി ഗ്രാഹ്യഷ്ടങ്കമിതോന്മിതഃ॥ ടങ്കത്രയോന്മിതം ക്ഷൌദ്രം ഖല്ലേ സവ്വഞ്ച നിക്ഷിപേൽ। സമ്മർദ്ദ്യ തസ്യ സവ്വസ്യ കുൎയ്യാൽ സപൂവടീർഭിഷക്। സ രോഗീ ഭക്ഷയേൽ പ്രാതരേകൈകാമംബുനാ വടീം। വജ്ജയേദമ്ലലവണം ഫിരംഗസ്തസ്യ നശ്യതി॥ ഭാവപ്രകാശഃ

ഈ ഭാവമിശ്രൻ കാശിരാജ്യക്കാരനായിരുന്നു. അവിടെ അദ്ദേഹത്തിന്നു നാനൂറിൽ കുറയാതെ ശിഷ്യന്മാരുണ്ടായിരുന്നു എന്നാണ് പറഞ്ഞുവരുന്നത്.

ദാമോദരപുത്രനായ ശാൎങ്ഗധരനായിരുന്നു പിന്നെ ഇന്ത്യയിലുണ്ടായിട്ടുള്ള പ്രസിദ്ധവൈദ്യൻ. അദ്ദേഹം തന്റെ സ്വന്തം പേരടയാളമുള്ള ഒരു ഗ്രന്ഥം (ശാൎങ്ഗധരസംഹിത) എഴുതീട്ടുണ്ട്. ഈ കൃതി ഇരുപത്തഞ്ചുഭാഗങ്ങളായി ‡ വിഭജിക്കപ്പെട്ടതും, പടിഞ്ഞാറനിന്ത്യയിൽ ധാരാളം പ്രചാരമുള്ളതുമാകുന്നു. മാണിക്യഭട്ടന്റെ മകനായ മോരേശ്വരഭട്ടന്റെ (ക്രിസ്ത്വാബ്ദം ൧൫൪൭) "വൈദ്യാമൃതം", ലോലിംബരാജന്റെ (ക്രി. അ. ൧൬൩൩) "വൈദ്യജീവനം", കേശവപുത്രനായ ബോപദേവന്റെ "ബോപദേവശതകം", ഹസ്തിസൂരിയുടെ (ക്രി. അ. ൧൬൭൦). "വൈദ്യവല്ലഭം", ചക്രദത്തന്റെ "ചികിത്സാസംഗ്രഹം", വൈദ്യപതിയുടെ "ചികിത്സാഞ്ജനം", മുതലായി വേറെ ചില ചില്ലറ കൃതികളും സാധാരണയായി നാട്ടുവൈദ്യന്മാർ നോക്കിവരുമാറുള്ള ഗ്രന്ഥങ്ങളാണ്.

———:o:———

## മൂന്നാം അദ്ധ്യായം

### 'സൃഷ്ടി'യെക്കുറിച്ചുള്ള ഹൈന്ദവസിദ്ധാന്തം

പ്രപഞ്ചത്തെക്കുറിച്ചുള്ള യഥാൎത്ഥജ്ഞാനത്തേയും, സംസാരദുഃഖത്തിൽനിന്നൊഴിഞ്ഞു മോക്ഷപ്രാപ്തിക്കുള്ള മാൎഗ്ഗത്തേയും

‡ "ശാൎങ്ഗധരസംഹിത"യിൽ വേറെവിധത്തിലും വിഷയവിഭാഗം ചെയ്തു കാണുന്നുണ്ടു. ഇവിടെ ചില പുസ്തകങ്ങളിൽ, 'പൂൎവ്വഖണ്ഡം', 'മദ്ധ്യമഖണ്ഡം', 'ഉത്തരഖണ്ഡം' ഇങ്ങിനെ മൂന്നു ഖണ്ഡങ്ങളും, അവയിൽ ക്രമേണ ഏഴു, പന്ത്രണ്ടു, പതിമൂന്നു ഇങ്ങിനെ ആകെക്കൂടി മുപ്പത്തിരണ്ടു അദ്ധ്യായങ്ങളും ഉള്ളതായികാണുന്നു.

സ്വതേ നേരിട്ടോ, മറ്റൊന്നിനെ മുൻനിൎത്തിയോ പ്രതിപാദിക്കാത്തതായ വിദ്യയുടെ ഏതൊരു സമ്പ്രദായത്തിനും 'ശാസ്ത്രം' എന്നപേരിന്നൎഹതയില്ലെന്നാണ് ഹിന്തുക്കൾ വിചാരിക്കുന്നതു്. അതുകൊണ്ടു വൈദ്യശാസ്ത്രത്തിന്റെ പരമോദ്ദേശ്യവും സചേതനതത്വമായ പുരുഷനിൽനിന്നു പ്രകൃതിതത്വങ്ങളെ വേർതിരിച്ചറിവാനുള്ള ശക്തിയെ സമ്പാദിക്കുകയാണെന്നു പറയപ്പെട്ടിരിക്കുന്നു. പ്രകൃതിയുടേയും പുരുഷന്റേയും സംസൎഗ്ഗത്താലാണ് സകലപ്രപഞ്ചവുമുണ്ടാകുന്നതെന്നാകുന്നു ഹിന്തുക്കളുടെ സിദ്ധാന്തം. ഇതിൽ പുരുഷൻ അപരിച്ഛേദ്യനും, നിത്യനും, സചേതനനും, ചിദാനന്ദസ്വരൂപനുമാകുന്നു. പ്രകൃതിക്കു ചേതനയില്ല; എങ്കിലും അതിന്നു സൃഷ്ടിപ്പാനുള്ള ശക്തി (ബീജധൎമ്മം) ഉണ്ടു്; അതു ത്രിഗുണാത്മികയും (സത്വരജസ്തമോഗുണങ്ങളുള്ളതു്) ആകുന്നു. പ്രകൃതി എന്നുവെച്ചിട്ടു വേറിട്ടൊന്നില്ലതന്നെ എന്നാണ് ചിലർ പറയുന്നതു്. അവരുടെ പക്ഷത്തിൽ, പ്രകൃതി പുരുഷന്റെ ഒരു രൂപഭേദം മാത്രവും, സ്ഥൂലപ്രപഞ്ചമായറിയപ്പെടുന്ന സകലവും ആ പുരുഷന്റെ പ്രതിബിംബപരമ്പരയും ആകുന്നു. മററചിലരുടെ മതം അങ്ങിനെയല്ല. പ്രകൃതിക്കു പുരുഷനോടുകൂടാതെ യാതൊരു കൎമ്മവും ചെയ്വാൻ കഴിവില്ലെങ്കിലും, പുരുഷനുള്ള കാലത്തോക്കെ ഒരുമിച്ചു പ്രകൃതിയും നിത്യയായിട്ടുണ്ടെന്നും, അതു് എപ്പോൾ പുരുഷനോടു സംബന്ധിക്കുന്നുവോ അപ്പോൾ കൎമ്മോദ്യുക്തയായും ജഗത്തിനെ സൃഷ്ടിക്കുന്നതായും തീരുന്നു എന്നും മററമാണ് അവർ സിദ്ധാന്തിക്കുന്നതു്. ഈ ശാസ്ത്രസിദ്ധാന്തം മുഴുവനും ഇവിടെ എടുത്തു വിസ്തരിക്കുവാൻ വിചാരിക്കുന്നില്ല. ഈ സിദ്ധാന്തപ്രകാരം 'മനുഷ്യൻ' എന്നതു്, സ്ഥൂലപ്രപഞ്ചത്തിലുള്ള ഒന്നിനോടൊന്നു സകലവും ശരിയായിട്ടുള്ള ഒരു സൂക്ഷ്മപ്രപഞ്ചം തന്നെയാണെന്നു സാധിച്ചിരിക്കുന്നു. ആ മതത്തിൽ പുരുഷൻ താഴേ പറയുന്ന ഇരുപത്തഞ്ചു

ത്തത്വങ്ങളെക്കൊണ്ടാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നതെന്നും വിവരിച്ചിരിക്കുന്നു:—

൧ പ്രകൃതി—സകലജഗത്തിന്റേയും ഉല്പത്തിക്കു കാരണമായ ആദിശക്തി.

൨ ബുദ്ധി—പ്രകൃതിയുടെ പരിണാമത്തിലുള്ള ഒന്നാമത്തെ പതനം (ഘട്ടം).

൩ അഹങ്കാരം—സ്വാഭിമാനം.

൪ മനസ്സ്.

൫ ശബ്ദം—ആകാശത്തിന്റെ മൂലതത്വം.

൬ സ്പർശം—വായുവിന്റെ മൂലതത്വം.

൭ രൂപം—തേജസ്സിന്റെ മൂലതത്വം.

൮ രസം—ജലത്തിന്റെ മൂലതത്വം.

൯ ഗന്ധം—പൃഥിവിയുടെ മൂലതത്വം.

൧൦ ശ്രോത്രം—ശ്രവണേന്ദ്രിയം.

൧൧ ത്വക്ക്—സ്പർശേന്ദ്രിയം.

൧൨ ജിഹ്വാ—രസനേന്ദ്രിയം.

൧൩ ചക്ഷുസ്സ്—ദർശനേന്ദ്രിയം.

൧൪ ഘ്രാണം—ഗന്ധഗ്രഹണേന്ദ്രിയം.

൧൫ വാക്ക്—വചനേന്ദ്രിയം.

൧൬ പാണി—ആദാനേന്ദ്രിയം.

൧൭ പാദം—വിഹരണേന്ദ്രിയം.

൧൮ പായു—വിസർഗ്ഗേന്ദ്രിയം.

൧൯ ഉപസ്ഥം—ആനന്ദേന്ദ്രിയം.

൨൦ ആകാശം.


൨൧ വായു.

൨൨ തേജസ്സ്.

൨൩ അപ്പ്.

൨൪ പൃഥിവി.

പുരുഷൻ അല്ലെങ്കിൽ ആത്മാവു് ശരീരത്തിങ്കലിരിക്കുന്ന ഇരുപത്തഞ്ചാമത്തെ തത്വമാകുന്നു. ആ പുരുഷൻ നിത്യനും, ചേതനനും, വിഭുവും, സൎവ്വാന്തൎയ്യാമിയും, ആനന്ദസ്വരൂപനും, അജരാമരനും, നിൎവ്വികാരനും, നിൎമ്മലനും, അദ്വിതീയനും ആകുന്നു. ഈ തത്വങ്ങൾ അതാതിന്റെ പരിണാമക്രമത്തെ അനുസരിച്ചാണു് ഇവിടെ പറയപ്പെട്ടിട്ടുള്ളതു്. പ്രകൃതിപുരുഷന്മാരുടെ സംസൎഗ്ഗംകൊണ്ടുണ്ടാകുന്ന മനുഷ്യജന്മത്തേയും, അതു സംബന്ധിച്ച സകലസൃഷ്ടിയേയും ഹിന്തുക്കളുടെ മന്ത്രവാദഗ്രന്ഥങ്ങളിൽ ഒരു 'സ്വസ്തികചിഹ്നം'കൊണ്ടു പ്രദൎശിപ്പിച്ചിരിക്കുന്നു. ഈ ചിഹ്നം, ഇവിടെ കാണിച്ചിട്ടുള്ളതുപോലെ നേരെ ഒരു വര വരച്ചു്, അതിനെ മറെറാരു രേഖകൊണ്ടു നേരേ വിലങ്ങത്തിൽ മുറിച്ചു്, നാലഗ്രങ്ങളും ഖണ്ഡവൃത്തങ്ങളെപ്പോലെ വൃത്താകൃതിയിൽ തിരിച്ചു് ഉണ്ടാക്കപ്പെടുന്നതാണു്.



ഈ ക്രൂശത്തിന്റെ (Cross) നാലഗ്രങ്ങളും യഥാക്രമം ഉല്പത്തി, സ്ഥിതി, നാശം, മോക്ഷം എന്നിവകളേയും, ഇതിന്റെ വലയം ത്രൈകാലികസ്ഥിതിയേയും സൂചിപ്പിക്കുന്നു. ഈ വിഷയം പ്രത്യേകിച്ചു പഠിച്ചിട്ടുള്ളവർ, ക്രിസ്ത്യാനികളുടെ ക്രൂശത്തിനുള്ള ഗൂഢാൎത്ഥത്തേയും ഈ താല്പൎയ്യത്തിൽത്തന്നെ വ്യാഖ്യാനിക്കുവാൻ നോക്കുന്നുണ്ടു്. പഴയതും പുതിയതുമായി ലോകത്തിലുള്ള മിക്കവാറും എല്ലാ മതങ്ങളിലും ഇങ്ങിനെ ഒരു ക്രൂശചിഹ്നം കാണുന്നതു് എത്രയും വിസ്മയജനകമായിരിക്കുന്നു!. പുരുഷൻ പ്രപഞ്ചത്തിന്റെ നിമിത്തകാരണവും, പ്രകൃതി അതിന്റെ ഉപാദാനകാരണവുമാകുന്നു. അതുകൊണ്ടു മനുഷ്യശരീരം ഈ രണ്ടു തത്വങ്ങളുടേയും സംസൎഗ്ഗവ്യാപാരത്തിന്റെ പരിണാമമാണെന്നാകു

ന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതു്.

പ്രപഞ്ചം ചേതനമെന്നും, അചേതനമെന്നും ഇങ്ങിനെ രണ്ടു വിധത്തിലാകുന്നു. അതിൽ ചേതനപ്രപഞ്ചത്തെ ഹിന്തുക്കൾ വീണ്ടും നാലാക്കി തരം തിരിച്ചിരിക്കുന്നു:—

൧. ഉദ്ഭിജ്ജം (മുളച്ചുണ്ടാകുന്നതു)—വൃക്ഷങ്ങൾ, ചെടികൾ മുതലായതു്.

൨. സ്വേദജം (ഭൂമിയുടെ ഉഷ്ണംകൊണ്ടോ, വിയൎപ്പുകൊണ്ടോ ഉണ്ടാകുന്നതു്)—മൂട്ട, കൊതു മുതലായതു്.

൩. അണ്ഡജം (മുട്ട വിരിഞ്ഞുണ്ടാകുന്നതു്)—പക്ഷികൾ, ഇഴജന്തുക്കൾ മുതലായതു്.

൪. ജരായുജം (മറുപിള്ളയിൽനിന്നുണ്ടാകുന്നതു്)—മനുഷ്യൻ, മൃഗങ്ങൾ മുതലായതു്.

മനുഷ്യസൃഷ്ടിയിൽ അച്ഛൻ 'പുരുഷന്റേയും', അമ്മ 'പ്രകൃതിയുടേയും' പകരം നില്ക്കുന്നു. മാതാപിതാക്കന്മാർ രണ്ടു പേരും യൌവനവും ശക്തിയുമുള്ളവരായിരുന്നാൽ അവൎക്കുണ്ടാകുന്ന സന്താനവും പൂൎണ്ണമായ ആരോഗ്യത്തോടു കൂടിയതായിരിക്കും.

ദേഹത്തിലുള്ളതായ അനേകം അംശങ്ങളിൽവെച്ചു് രോമം, നഖം, പല്ലു്, അസ്ഥി, ധമനികൾ (വലിയ ഞരമ്പുകൾ), സിരകൾ, സ്നായുക്കൾ, ശുക്ലം എന്നിവയെല്ലാം അച്ഛനിൽനിന്നുണ്ടാകുന്നു; എന്നാൽ മാംസപേശികൾ, ഹൃദയം, രക്തം, മജ്ജ, മേദസ്സ്, യകൃത്ത്, പ്ലീഹാ, ആന്ത്രങ്ങൾ, ഗുദം മുതലായത് അമ്മയിൽനിന്നുമാണുണ്ടാകുന്നത്. ശരീരത്തിന്റെ ഉപചയം, വൎണ്ണം, ബലം, സ്ഥിതി ഇവയെല്ലാം ആഹാരരസത്തിൽനിന്നുണ്ടാകുന്നു; എന്നാൽ ജ്ഞാനം, വിജ്ഞാനം, ആയുസ്സ്, സുഖദുഃഖങ്ങൾ ഇത്യാദികൾ ജീവാത്മാവിൽനിന്നു നേരിട്ടു തന്നെയാണു് കിട്ടുന്നതു്. ഒരു സ്ത്രീ മറെറാരു സ്ത്രീയോടുകൂടി സംയോഗം ചെയ്യാൽ എല്ലില്ലാത്തതായ ഒരു കുട്ടി ഉണ്ടായിത്തീരുവാനി

ടയുണ്ടെന്ന് ഹിന്തുക്കളുടെ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചു കാണുന്നു*. അതിന്നു പുറമെ, ഏതാനും ചില അവസ്ഥകളിൽ, ഒരു സ്ത്രീക്കു സ്വപ്നവൈഭവംകൊണ്ടും ഗൎഭമുണ്ടായേക്കാമെന്നുകൂടി അവർ വിശ്വസിച്ചിരിക്കുന്നു; ഈ വിധത്തിൽ സൎപ്പങ്ങൾ, തേളുകൾ മുതലായ ചില അസാധാരണപ്രസവങ്ങൾ കാണുന്നതിന്നും അവർ യുക്തി പറയുന്നുണ്ട്. അങ്ങിനെയുള്ള സംഗതികളിൽ ആ സ്ത്രീയും, അതിൻെറ സന്താനവും വളരെ പാപം ചെയ്തിട്ടുള്ളവരെന്നും വിചാരിക്കപ്പെട്ടുവരുന്നു.

## നാലാം അദ്ധ്യായം

### ആൎത്തവകാലത്തെ ചൎയ്യ

സാധാരണയായി ഒരു സ്ത്രീക്കു പന്ത്രണ്ടുവയസ്സായതുമുതൽ അമ്പതു വയസ്സാകുന്നതുവരെയുള്ള കാലത്തിന്ന് "ആൎത്തവകാലം" എന്നാണ് പേർ പറഞ്ഞുവരുന്നത്. മാസംതോറും "രജസ്സ്" സ്രവിക്കുന്ന ദിവസങ്ങളിൽ (തീണ്ടാൎന്നിരിക്കുമ്പോൾ) അവൾക്കു ഭൎത്താവിനോടു കൂടിയുള്ള യാതൊരു സംസൎഗ്ഗവും പാടില്ലെന്നു കലശലായ നിൎബ്ബന്ധമുണ്ട്. ആ കാലത്ത് അവളൊരു "ദൎഭസംസ്തരത്തിൽ"തന്നെ കിടന്നുകൊള്ളണം; കരഞ്ഞുകൂടാ; കുളിക്കുകയുമരുത്; എന്നൊക്കെയാണ് നിയമംവെച്ചിരിക്കുന്നത്. അപ്പോൾ നഖം മുറിക്കുന്നതു നിഷിദ്ധമാണെന്നു മാത്രമല്ല, ഓടുകയോ, ഉറക്കെ പറയുകയോ ചെയ്യരുതെന്നും മററുംകൂടി നിശ്ചയിച്ചിട്ടുണ്ട്. പിന്നെ, അന്നു മേലെങ്ങാനും എണ്ണതേച്ചു കുളിക്കുന്നതും, ചന്ദനം കുറിയിടുന്നതും, വിഹിതമല്ല. ഇതിന്നൊക്കെ പു

* യദാ നാൎയ്യൗവുപേയാതാം വൃഷസ്യന്ത്യൗ പരസ്പരം;
മുഞ്ചന്ത്യൗ ശുക്രമന്യോന്യം അനസ്ഥിസ്തത്ര ജായതേ.

ദമെ അവൾ ചീത്ത സമയങ്ങളിൽ പുറത്തെങ്ങാനുമിറങ്ങുന്ന തും വളരെ സൂക്ഷിച്ചിട്ടുവേണ്ടതാണ്. ഈവക നിയമങ്ങളിൽ ആ സ്ത്രീ വല്ല വീഴ്ചയും വരുത്തുന്നതായാൽ കുട്ടിക്ക് അതു വള രെ ആപൽക്കരമായിരിക്കുമെന്നും കരുതിപ്പോരുന്നു. മുൻപറ ഞ്ഞ ദിവസങ്ങളിൽ അവൾ കരയുന്നതായാൽ, കുട്ടി നേത്രരോ ഗിയായിത്തീരും; അന്ന് അവൾ മേൽ എണ്ണ തേച്ചു കുളിക്കുന്നതു കൊണ്ടു കുട്ടിക്കു ത്വഗ്ദോഷമുണ്ടാകും; അവൾ പകത്സമയം കിട ന്നുറങ്ങിയാൽ, പിന്നീടുണ്ടാകുന്ന സന്തതി മന്ദനും 'ഒന്നിനും കൊ ള്ളരുതാത്തവനും' ആയിത്തീരുവാനിടയുണ്ട്; അവൾ വലിയ ശ ബ്ദമെന്തെങ്കിലും അന്നു കേട്ടുപോയാൽ കുട്ടി ബധിരനായും (ചെ കിടൻ), ഉറക്കെപ്പറഞ്ഞാൽ ഭ്രാന്തനായും തിരുന്നതുമാണ്.

ഗൎഭോൽപാദനത്തിന്നുള്ള കാലം ആൎത്തവം കണ്ടതുമു തൽ ആദ്യത്തെ പതിനാറു ദിവസമാണ്; ഇതിൽ ആദ്യത്തെ നാലുദിവസം നന്നല്ലെന്നാണ് ശാസ്ത്രവിധി. ഗൎഭോല്പാദന ത്തിന്നുള്ള ഉത്തമമായ സമയം, അഞ്ചാം ദിവസം മുതൽ പതിനാ റാംദിവസത്തിന്നുള്ളിലാകുന്നു. അവന്ധ്യമായ പുരുഷരേതസ്സും, സ്ത്രീരജസ്സും കൂടി ചേരുമ്പൊഴാണ് ഗൎഭമുണ്ടാവുന്നതു്. ആറ്, എ ട്ടു, പത്തു, പന്ത്രണ്ടു് ഇങ്ങിനെ ഇരട്ടയായിട്ടുള്ള ദിവസങ്ങളിലാ ണ് ഗൎഭോല്പാദനം സംഭവിക്കുന്നതെങ്കിൽ കുട്ടി പുരുഷപ്രജയായും, ഒററയായ ദിവസങ്ങളിലായിപ്പോയാൽ സ്ത്രീപ്രജയായും തീരുന്ന താണ്. ചിലരുടെ പക്ഷത്തിൽ, ശുക്ലാൎത്തവസംയോഗത്തിൽ ആധിക്യം ശുക്ലത്തിന്നാണെങ്കിൽ സന്താനം പുരുഷനാകുമെന്നും, ആൎത്തവത്തിന്നാണെങ്കിൽ സ്ത്രീയാകുമെന്നും കാണുന്നു. പുരുഷ ശുക്ലം പ്രാദേശികവാതത്താൽ രണ്ടാക്കി വിഭജിക്കപ്പെട്ടുപോ യാൽ സന്തതി "ഇരട്ട"യായിത്തീരുവാനിടയുണ്ട്. ഗൎഭസ്ഥനാ യ ശിശു പുരുഷനൊ സ്ത്രീയൊ ആകുന്നതെന്നു ചില പ്രത്യേക ലക്ഷണങ്ങളെക്കൊണ്ടറിയാം. വയററിലിരിക്കുന്നത് ആൺകു

ട്ടിയാണെങ്കിൽ ഗൎഭം വൃത്താകൃതിയായിരിക്കും; വലത്തെ കണ്ണിന്ന് ഇടത്തേതിനേക്കാൾ കുറച്ചധികം വലിപ്പമുള്ളതായിത്തോന്നും; വലത്തെമുലയിൽ ഇടത്തേതിനേക്കാൾ മുമ്പായി പാലുണ്ടായിത്തുടങ്ങും; വലത്തെ തുട അധികം തടിച്ചിരിക്കും; മുഖത്തു നോക്കിയാൽ നല്ല തെളിവും സന്തോഷവുമുള്ളതായിക്കാണും. ആ സ്ത്രീ (ഗൎഭിണി) അധികവും പുല്ലിംഗങ്ങളായ ദ്രവ്യങ്ങളെത്തന്നെ ഇഷ്ടപ്പെടുകയും, പത്മം (താമരപ്പൂ), ആമ്രം (മാങ്ങ) മുതലായ വസ്തുക്കളെ സ്വപ്നം കാണുകയുംചെയ്യും. പെൺകുട്ടിയാണ് വയററിലെങ്കിൽ ലക്ഷണങ്ങൾ മേല്പറഞ്ഞതിന്നു വിപരീതമായിട്ടാണു കാണുക: എന്നുമാത്രമല്ല, ഗൎഭം അണ്ഡാകൃതിയായിരിക്കുകയും ചെയ്യും. രണ്ടു കുട്ടികൾ (ഇരട്ട) വയററിലുണ്ടെങ്കിൽ ഗൎഭത്തിന്റെ നേൎനടുഭാഗം തോണിപോലെ കുഴിഞ്ഞിരിക്കും. രണ്ടു പാൎശ്വങ്ങളും ഉയൎന്നും, ഉദരം വല്ലാതെ മുന്നോട്ടുന്തിയുമിരിക്കുന്നതുകൂടാതെ, ഗൎഭം അൎദ്ധഗോളാകൃതിയായി കാണപ്പെടുകയും ചെയ്താൽ വയററിലിരിക്കുന്നത് ഒരു നപുംസകമാണെന്നും ഊഹിക്കാം.

നപുംസകങ്ങൾ അശക്യൻ, സുഗന്ധി, കുംഭികൻ, ഈൎഷ്യകൻ, ഷണ്ഡൻ ഇങ്ങിനെ അഞ്ചുവിധത്തിലാകുന്നു. ഇതിൽ ഒടുക്കം പറഞ്ഞതു ശുദ്ധമേ നപുംസകംതന്നെ. ബാക്കി നാലെണ്ണത്തിന്നും താരതമ്യം നോക്കുമ്പോൾ ഏററക്കുറെ ഭേദം കാണാം.

വന്ധ്യാസ്ത്രീകളേയും താഴെ കാണിച്ചപ്രകാരം അഞ്ചാക്കി തരം തിരിച്ചിരിക്കുന്നു:—

൧ കാകവന്ധ്യ (കാക്കയെ പോലേ വന്ധ്യയായിട്ടുള്ളവൾ)—കാക്കകൾ ഒരിക്കൽ മാത്രമേ മുട്ടയിടുകയുള്ളൂ എന്നൊരു വിശ്വാസമുണ്ട്; അതുപോലെ ഈ തരക്കാരും അവരുടെ ജീവകാലത്തിൽ ഒരിക്കൽ മാത്രമേ ഗൎഭം ധരിക്കുകയുള്ളൂ.

൨ അനപത്യ—ഗൎഭധാരണത്തിന്നു തീരെ കഴിവില്ലാ

ത്തവരാണ് ഈ വകക്കാർ.

൩ ഗർഭസ്രാവി—ഇവൎക്ക ഗർഭധാരണത്തിന്നു കഴിയും; പക്ഷെ ഗർഭമുണ്ടാകുമ്പോഴൊക്കെ അലസിപ്പോവുകയുംചെയ്യും.

൪ മൃതവത്സ—കുട്ടികളുണ്ടായതൊന്നും ജീവനോടെ കിടക്കാത്ത സ്ത്രീകൾ ഈ തരക്കാരാകുന്നു.

൫. ബലക്ഷയ—ശരീരത്തിന്നു ശക്തിപോരാഴ്കയാൽ ഗൎഭോൽപാദനത്തിന്നിടവരാത്തവർ ഈ വൎഗ്ഗത്തിലുൾപ്പെട്ടവരാണ്.

ഇതിൽ ആദ്യം പറഞ്ഞതായ ഒന്നൊഴിച്ച് മററുള്ളവയെല്ലാം അതാതിന്നു വിധിച്ച ചികിത്സകൾ ഔചിത്യംപോലെ ചെയ്യാൽ നേരെയാക്കുവാൻ കഴിയുന്നവയാണ്.

ഗർഭമുണ്ടായിരിക്കുമ്പോൾ ഒരു സ്ത്രീക്ക് എന്തിലെല്ലാം ആഗ്രഹം ജനിക്കുന്നുവോ, അവൾക്ക് അതൊക്കെ കൊടുത്തു തൃപ്തിവരുത്തുന്നത് അത്യാവശ്യമാണ്. ആ കാലത്ത് അവളുടെ ആഗ്രഹങ്ങളെല്ലാം സാധിപ്പിച്ചു കൊടുക്കാതിരുന്നാൽ കുട്ടി വികലാംഗനൊ വിരൂപനോ ആയിത്തീരുവാനിടയുണ്ട്. ഗർഭിണികളെ സകലസമയത്തും സന്തോഷവും തൃപ്തിയുമുണ്ടാക്കി കൊടുത്തുകൊണ്ടിരിക്കണം; അവൾ വെളുത്ത വസ്ത്രങ്ങളും ശുചിയായ അലങ്കാരവും ധരിക്കണം; ദുസ്സഹങ്ങളായ കാഴ്ചകളും ഗന്ധങ്ങളും മററും കൂടാതെ കഴിക്കണം; മൈഥുനംകൊണ്ടോ വേറെ വല്ലവിധത്തിലോ ശരീരത്തെ ക്ഷീണിപ്പിയ്ക്കരുത്. എളുപ്പത്തിൽ ദഹിക്കുന്ന ഭക്ഷണസാധനങ്ങളേ കഴിക്കുവാൻ പാടുള്ളൂ; വിശപ്പു സഹിച്ചിരിക്കയും അമിതമായി ഭക്ഷിക്കുകയും വിഹിതമല്ല. വൃത്തിയില്ലാത്തവളോ, വൈരൂപ്യമുള്ളവളോ, അംഗങ്ങൾക്കു വല്ല വൈകല്യവുമുള്ളവളൊ, ആയ ഒരു സ്ത്രീയേയും അവൾ അക്കാലത്തു തൊട്ടുപോകരുത്. അതിന്നുപുറമേ, ശൂന്യഗൃഹത്തിൽ താമസിക്കുകയോ, ഉയൎന്ന സ്ഥലത്തു കയറി ഇരിക്കുകയോ, കിട

ക്കുകയോ ചെയ്യുന്നതും നിഷിദ്ധമാണ്.

ഒമ്പതു മാസം തികച്ചും കഴിഞ്ഞതിന്നുശേഷമേ സാധാരണ യായി പ്രസവമുണ്ടാകുമാറുള്ളൂ. ആ കാലത്തേക്കു കുട്ടികളും പൂൎണ്ണവളൎച്ചയെത്തും. ഗൎഭകാലം ചിലപ്പോൾ പത്തും, പതിനൊന്നും, ദുൎല്ലഭം ചില സംഗതികളിൽ പന്ത്രണ്ടും മാസത്തോളം ഉണ്ടായി എന്നു വരാം. പെറ്റു കിടക്കുവാനുള്ള മുറി വളരെ ശുചിയും, എട്ടുവാരയിൽ കുറയാത്ത നീളവും നാലുവാര വീതിയുമുള്ളതും, കിഴക്കോട്ടൊ വടക്കോട്ടൊ ജനേലുകൾ വെച്ചിരിക്കുന്നതും ആയിരിക്കണം. വളരെ പഴക്കവും പരിചയവുമുള്ള നാലു വൃദ്ധസ്ത്രീകൾ വേണ്ടുന്ന സഹായമൊക്കെ ചെയ്യുവാൻ എപ്പോഴും അവിടെ തയ്യാറുണ്ടായിരിക്കണം. അവർ വിശ്വസിക്കത്തക്കവരും, തങ്ങളുടെ പ്രവൃത്തിക്കു നല്ല സാമൎത്ഥ്യമുള്ളവരും, അനുസരണയുള്ളവരുമായിരിക്കണമെന്നുമാത്രമല്ല, നഖമൊക്കെ നല്ലവണ്ണം മുറിച്ചു ശരിയാക്കീട്ടുണ്ടായിരിക്കുകയും വേണം. പ്രസവസമയം അടുത്തുതുടങ്ങിയാൽ അവർ യോനിദ്വാരത്തിൽ നല്ല സുഗന്ധതൈലം പുരട്ടി സ്നിഗ്ദ്ധത വരുത്തണം. പിന്നെ അവരുടെ കൂട്ടത്തിൽ ഒരു വൃദ്ധസ്ത്രീ പ്രസവവേദനകൊണ്ടു ബുദ്ധിമുട്ടുന്ന സ്ത്രീയോട് ഇങ്ങിനെ പറയണം:—"സുഭഗേ! വേണമെന്നു തോന്നുമ്പോൾ മാത്രമേ മുക്കാവു; അല്ലാതെകണ്ടു വെറുതെ മുക്കരുത്; ആദ്യം പതുക്കെ മുക്കിയാൽമതി; കുട്ടി യോനിമുഖത്തിലെത്തി എന്നു തോന്നിയാൽ കുട്ടിയും മറുപിള്ളയും പുറത്തു ചാടുന്നതുവരെ നിനക്കു കഴിയുന്നേടത്തോളം ഊക്കോടുകൂടി മുക്കാം."

"അകാലപ്രവാഹണെത്താൽ" (വേണ്ടസമയത്തല്ലാതെ മുക്കിയാൽ) കുട്ടി ബധിരനോ, മൂകനൊ, കൂനനൊ, എക്കമെള്ളവനോ, അല്ലെങ്കിൽ ക്ഷയരോഗിയോ ആയിത്തീൎന്നേക്കാം.

"ഗൎഭസംഗ"ത്തിൽ (പ്രസവത്തിന്നു വല്ല തടസ്ഥവും

നേരിടുന്ന സംഗതികളിൽ) കുട്ടിയെ എടുക്കുവാനുള്ള പല പ്രയോഗങ്ങളും പറഞ്ഞിട്ടുണ്ട്. കുട്ടി ഗൎഭത്തിൽനിന്നുതന്നെ ചത്തുപോയാൽ ആ സ്ത്രീക്കു ദാഹം, ശ്വാസോച്ഛ്വാസങ്ങൾക്കു തടസ്ഥം (പ്രയാസം), കലശലായിട്ടുള്ള ക്ഷീണം, ബോധക്ഷയം എന്നിവയെല്ലാം ഉണ്ടായിരിക്കും. അങ്ങിനെവന്നാൽ ഉടനെ ആ രോഗിണിയുടെ രക്ഷക്കു വേണ്ടുന്ന ശ്രമമെല്ലാം ചെയ്തുകൊള്ളണം. ഹാരീതൻ ഈ സന്ദൎഭത്തിൽ വേറെ പലേ പ്രയോഗങ്ങളും വിധിച്ചകൂട്ടത്തിൽ 'അൎദ്ധചന്ദ്രം' എന്ന ശസ്ത്രംകൊണ്ടുള്ള ക്രിയയും ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ആ ശസ്ത്രംകൊണ്ട് ഒന്നാമതായി കുട്ടിയുടെ കൈകൾ രണ്ടും ഛേദിച്ചെടുത്തിട്ട്, പിന്നെ പതുക്കെ ഉടലും പുറത്തേക്കെടുക്കണം. പ്രസവത്തിന്ന് അധികമായ തടസ്ഥവും ബുദ്ധിമുട്ടും നേരിടുന്ന സംഗതികളിൽ സുഖപ്രസവത്തിന്നായി 'ലാംഗലി' (മേത്തോന്നി) അരച്ചു യോനിയിൽ തേക്കുവാനും വിധിയുണ്ട്.

മന്ത്രവാദത്തിൽ കലശലായ വിശ്വാസവും പാണ്ഡിത്യവുമുള്ളവർ ഒരു ചക്രം—ഒന്ന് ഊൎദ്ധ്വമുഖമായും മറ്റൊന്ന് അധോമുഖമായും ഇങ്ങിനെ രണ്ടു ത്രികോണങ്ങളെ കൂട്ടിച്ചേൎത്ത് അതിന്നുള്ളിൽ ചില മാന്ത്രികാക്ഷരങ്ങളുമെഴുതീട്ടുള്ള ഒരു രൂപം—വരയുന്നു. ഒരു ലോഹപ്പലകമേൽ വെട്ടിയിരിക്കുന്നതായ ആ ചക്രം പ്രസവവേദനകൊണ്ട് അതികഠിനമായി ബുദ്ധിമുട്ടുന്ന സ്ത്രീക്കു കാണിക്കുകയും, സുഖപ്രസവത്തിന്നായി അവൾ കിടക്കുന്നതിന്റെ ചോട്ടിൽ വെക്കുകയും ചെയ്യുന്നു. പ്രസവത്തിന്നു പിന്നേയും തടസ്ഥംതീരാതെ ബുദ്ധിമുട്ടുകയാണെങ്കിൽ, എളുപ്പത്തിൽ പ്രസവിപ്പിക്കുന്നവയെന്നൂഹിക്കപ്പെടുന്ന ചില രക്ഷാകരങ്ങളായ പ്രയോഗങ്ങളും മന്ത്രവാദങ്ങളും ചെയ്യേണമെന്നും ഹിന്തുവൈദ്യശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ട്. ഭൂഗോളത്തി



ലുള്ള മിക്കവൊറും എല്ലാ ജനസമുദായങ്ങളുടെ ഇടയിലും രോഗങ്ങൾക്ക പ്രതിവിധിയായിട്ട് ഇങ്ങിനെ ചില രക്ഷാകരങ്ങളായ മരുന്നുകളുടേയും മന്ത്രങ്ങളുടേയും പ്രയോഗം നടപ്പുണ്ടായിരുന്നു എന്നു കാണുന്നതു വളരെ അതിശയിക്കത്തക്ക ഒരു സംഗതിതന്നെ!

പ്രസവിച്ചുകിടക്കുന്ന ഒരു സ്ത്രീ അവളുടെ അന്നപാനവിധിയെക്കുറിച്ചു പ്രത്യേകം മനസ്സിരുത്തണം. അവൾ ആറിയിരിക്കുന്ന ഭക്ഷണമൊന്നും കഴിക്കരുതു്; ശരീരാദ്ധ്വാനം, മൈഥുനം, ക്രോധം ഇവയെല്ലാം കൂടാതിരിക്കുകയും വേണം. അവൾ മിതമായിട്ടല്ലാതെ ആഹാരം കഴിക്കരുതെന്നുതന്നെയല്ല, ആവശ്യംപോലെ മേൽ വെള്ളം പകരുകയും ചെയ്യണം. ഒരു സ്ത്രീയുടെ പെററുകിടക്കുന്ന കാലം ഒന്നരമാസംകൊണ്ടു കഴിയുമെന്നാണ് ധന്വന്തരിയുടെ മതം. എങ്കിലും മൂന്നു മാസം തികച്ചും അവൾ അധികം അനങ്ങാതെയും അദ്ധ്വാനിക്കാതെയും വിശ്രമിക്കണമെന്നും അദ്ദേഹംതന്നെ വിധിച്ചിട്ടുണ്ട്.

അമ്മയുടെ മുലപ്പാലിന്റെ ഗുണത്തേക്കാൾ അധികം മനസ്സിരുത്തേണ്ടതായിട്ട വേറെ യാതൊരു കാൎയ്യവുമില്ല. നല്ല മുലപ്പാലിന്റെ ലക്ഷണമെന്തെന്നാൽ, അതു യാതൊരു നിറഭേദവും വരാതെ ക്ഷണത്തിൽ വെള്ളത്തോടു യോജിക്കും; അതിൽ നൂലുകളുണ്ടാകയില്ല; വെളുത്തും ശീതളമായും തനുവായുമിരിക്കുകയും ചെയ്യും. വെള്ളം കൂട്ടിയാൽ മീതെ പൊന്തിനില്ക്കുകയോ, കീഴ്പ്പെട്ടു താണുപോകയോ ചെയ്യുന്നതും, മഞ്ഞനിറത്തിൽ ചെറിയ പൊള്ളകൾ കാണുന്നതും, ഒട്ടുന്നതും, കഷായരസം (ചവൎപ്പ്) ഉള്ളതുമായ പാൽ ചീത്തയാകുന്നു. ഒരു സ്ത്രീയുടെ മുലപ്പാൽ നന്നാക്കുവാൻ പടോലവള്ളി, വേപ്പിൻതൊലി, വേങ്ങാക്കാതൽ തേവതാരം, പാടക്കിഴങ്ങ്, പെരുങ്കുരുമ്പവേർ, ചിററമൃത്, കടുകരോഹിണി, ചുക്ക് ഇവയെല്ലാംകൂടി കാടിയിൽ കഷായംവെ

ച്ചുകൊടുത്താൽ മതി. പിന്നെയും, ഒരു 'ധാത്രി'യെ (പോററമ്മ) പാൎപ്പിക്കാതെ കഴികയില്ലെന്നു വന്നാൽ, അവളെ തിരഞ്ഞെടുക്കുന്നതു മാതാവിന്റെ സ്വജാതിയിൽനിന്നുതന്നെയായിരിക്കണം; പ്രായം മദ്ധ്യവയസ്സിലധികമായിരിക്കരുതു്; അവൾക്കു നല്ല പാൽ ധാരാളമുണ്ടായിരിക്കുകയും, കുട്ടിയുള്ളതു് ആൺകുട്ടിയായിരിക്കുകയും വേണം. അവൾ നല്ല സ്വഭാവഗുണമുള്ളവളായിരിക്കണം; മനസ്സിൽ ഒരു സമയത്തും വ്യസനമുള്ളവളായിരിക്കരുതു്; നല്ലവണ്ണം വാത്സല്യമുള്ളവളാവണം; കീഴടങ്ങിയിരിക്കണം; ഒട്ടും അത്യാഗ്രഹിയാകരുതു്; ചാപല്യമില്ലാത്തവളായിരിക്കണം; നല്ല കുലീനയും വിശ്വാസയോഗ്യയുമായിരിക്കുന്നതിന്നു പുറമെ, കുട്ടിയെ തന്റെ സ്വന്തം കുട്ടിയെപ്പോലെ വളൎത്തുവാൻ ശ്രദ്ധയുള്ളവളുമായിരിക്കണം. മുല വല്ലാതെ തൂങ്ങീട്ടുള്ളവളോ, അധികം നീണ്ടവളോ, നീളം കുറഞ്ഞവളോ, വളരെ തടിച്ചവളോ, മെലിഞ്ഞവളോ, ഗൎഭിണിയോ, പനിയുള്ളവളോ, അതിയായി ക്ഷീണംബാധിച്ചവളോ, വിശപ്പുള്ളവളോ, ഭക്ഷണത്തിന്റെ കാൎയ്യത്തിൽ മനസ്സിരുത്താത്തവളോ, അമിതമായി ഭക്ഷിക്കുന്നവളോ, കോപിഷ്ഠയോ, നീചയോ, നടവടി നന്നല്ലാത്തവളോ, ദീനക്കാരത്തിയോ, അല്ലെങ്കിൽ വല്ല വ്യാകുലതയും നേരിട്ടവളോ, ആയ ഒരു ധാത്രിയുടെ മുലപ്പാൽ കുടിക്കുന്നതു കുട്ടിയുടെ ആരോഗ്യക്ഷയത്തിന്നു കാരണമാണെന്നു് ഒരു മതമുണ്ടു്. കുട്ടിക്കു് ആദ്യത്തെ പ്രാവശ്യം മുലപ്പാൽ കൊടുക്കുമ്പോൾ ചില കൎമ്മങ്ങൾ ചെയ്യേണമെന്നു ഹിന്തുക്കളുടെ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നു. അതൊക്കെ ചിലർ ഇപ്പോഴും ചെയ്തുവരുമാറുണ്ടു്. മാതാവു ദേഹശുദ്ധിവരുത്തി ശുചിയായ വസ്ത്രം ധരിച്ചു് കിഴക്കോട്ടഭിമുഖമായിരിക്കണം. എന്നിട്ടു് അവൾ വലത്തെ മുല കഴുകി അതിൽനിന്നു കുറച്ചു പാൽ കറന്നുകളയണം. അതിന്നുശേഷം അച്ഛനോ പുരോഹിതനോ മന്ത്രംജപി

ച്ചുകൊണ്ട് കുട്ടിയുടെ മേൽ കുറച്ചു വെള്ളം തളിക്കും. ആ സമയത്തെല്ലാം മാതാവോ ഉപമാതാവോ (ധാത്രി) അവളുടെ കൈ വലത്തെ മുലമേൽ വെച്ചുകൊണ്ടിരിക്കുകയും ചെയ്യും. മന്ത്രം ഇങ്ങിനെയാകുന്നു:—

"ചതുഃസ്സാഗരാസ്തുഭ്യം സ്തനയോഃ ക്ഷീരവാഹിണഃ
ഭവന്തു സുഭഗേ! നിത്യം ബാലസ്യ ബലവൃദ്ധയെ
പയോമൃതരസം പീത്വാ കുമാരസ്തേ ശുഭാനനേ!
ദീൎഘമായുരവാപ്നോതു ദേവാഃ പ്രാശ്യാമൃതം യഥാ."

പിന്നെ കുട്ടിയെ അമ്മ മടിയിലെടുത്തു തല വടക്കോട്ടാക്കി മെല്ലെ ലാളിച്ചുംകൊണ്ട് കിടത്തുന്നു. മേൽപറഞ്ഞപ്രകാരം കുറച്ചു പാൽ ആദ്യം കറന്നു കളയാതിരുന്നാൽ കുട്ടിക്കു ഛൎദ്ദി, കുര, എക്കം, ചുമ എന്നിവയുണ്ടാകുമെന്നു സുശ്രുതൻ പറഞ്ഞിരിക്കുന്നു. അമ്മയുടെ മുലയിൽ പാലില്ലാതിരിക്കുകയും, ഒരു പോററമ്മയെ കിട്ടുവാൻ പ്രയാസമായി വരികയും ചെയ്യുമ്പോൾ കുട്ടിക്കു പശുവിൻപാലോ ആട്ടിൻപാലോ കൊടുത്തുവളൎത്തണം. കുട്ടിയെ എപ്പോഴും വളരെ സാവധാനത്തിൽതന്നേ എടുക്കുവാൻ പാടുള്ളു. ഉറക്കത്തിൽ വല്ലതും ഉപദ്രവിക്കുകയോ, അതിന്നു മനസ്സില്ലാത്തപ്പോൾ പിടിച്ചുറക്കുകയൊ ഒരിക്കലും ചെയ്യുയുമരുതു്. എണ്ണതേച്ചു കുളിപ്പിക്കുക, തേച്ചുകഴുകിക്കുക, കണ്ണെഴുതിക്കുക (അഞ്ജനം), മൃദുവായ വസ്ത്രം ധരിപ്പിക്കുക ഇവയെല്ലാം കുട്ടികൾക്ക് എപ്പോഴും വളരെ നല്ലതാണ്. അമ്മയുടെ മുലപ്പാൽ ഗുരുത്വമേറിയതോ, ഉഷ്ണമോ, അമ്ലമോ, സ്വല്പമോ, ലവണരസമോ, അല്ലെങ്കിൽ സ്നിഗ്ദ്ധമോ ആയിരിക്കാം. ഇതിൽ ഒടുക്കം പറഞ്ഞതാണ് ഏററവും നല്ലത്. അതു കുട്ടിക്കു ശക്തിയും, ആരോഗ്യവും, സൌന്ദൎയ്യവുമുണ്ടാക്കിത്തീക്കുന്നതാണ്. മററുള്ള എല്ലാതരം പാലും കുട്ടിക്ക് അപായകരവും, പല രോഗങ്ങളേയുമുണ്ടാക്കിത്തീക്കുന്നതുമാണ്. പാലുകുറഞ്ഞ

ഒരു മാതാവു് കുരുമുളകു, തിപ്പലി മുതലായ സ്തന്യകരങ്ങളായ ദ്രവ്യങ്ങളിട്ടു പാൽ കുറുക്കിക്കഴിക്കുന്നതു നന്നായിരിക്കും. അതുപോലെ തന്നെ, തിപ്പലി, ചുക്കു, കടുക്ക ഇവകൾ പൊടിച്ചു വെണ്ണനെയ്യും ശക്കരയും കൂട്ടി ലേഹ്യമായി കഴിക്കുന്നതും സ്തന്യവൃദ്ധികരമാണു്. തിപ്പലി, കുരുമുളകു്, ത്രിഫല, കൊത്തമ്പാലയരി, ജീരകം, ശതാവരിക്കിഴങ്ങു്, വയമ്പു, ബ്രഹ്മി, ചെറുതേക്കിൻവേർ ഇവയെല്ലാം കൂട്ടിപ്പൊടിച്ചു തേനിൽച്ചേത്തു കൊടുത്താൽ കുട്ടിക്കു വേഗത്തിൽ പറയാറാവുകയും, ശബ്ദം നന്നായിരിക്കുകയും ചെയ്യുമെന്നു ഹാരീതൻ പറഞ്ഞിരിക്കുന്നു. ചിറ്റാമൃതു്, ചെറുകടലാടിവേർ, വിഴാലരി, ശംഖപുഷ്പത്തിന്റെ വേർ, വയമ്പു്, കടുക്ക, ചുക്കു്, ശതാവരിക്കിഴങ്ങു് ഇവകൾ വെണ്ണനെയ്യിൽ ചേത്തു ലേഹ്യമായി കൊടുത്താൽ കുട്ടിയുടെ മേധയും, ബുദ്ധിയും തെളിയുന്നതാണു്.

ഗഭാധാനംമുതല്ക്കു പ്രസവംവരെയും, ജനനംമുതൽ മരണശേഷംവരെയും ഹിന്തുക്കൾ ആചരിച്ചുവരുന്നതായ അനേകം കമ്മങ്ങളെക്കുറിച്ചു് ഇവിടെ ചുരുക്കത്തിലെങ്കിലും ഒന്നു പറഞ്ഞുപോകാതെ കഴികയില്ലെന്നു വന്നിരിക്കുന്നു. ഈ കമ്മങ്ങൾ ഇരുപത്തഞ്ചുകൂട്ടമുണ്ടു്. എന്നാൽ അവയിൽ പ്രധാനപ്പെട്ടതു പതിനാറെണ്ണമാണു്. അവകൾക്കു "ഷോഡശസംസ്കാരങ്ങൾ" എന്നു പേർ പറയപ്പെടുന്നു. ഈ സംസ്കാരങ്ങളെ താഴെ വിവരിക്കുന്നു:—

൧. ഗഭാധാനം—ഇതു ഗർഭോല്പാദനത്തിന്നു മുമ്പായി ചെയ്യപ്പെടുന്ന ഒരു വിധിയാണു്; അതായതു ഭാര്യ ഋതുവായതിൽ പിന്നെ ഭത്താവു് ഒന്നാമതായി കാണുമ്പോൾ ചെയ്യപ്പെടുന്നതു്.

൨. പുംസവനം—ഭാര്യക്കു ഗർഭാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ ചെയ്യുന്ന ഒരു അടിയന്തരം. ഇതു സാധാരണയായി മൂന്നാംമാസത്തിലാണു് നടത്തുക പതിവു്.

൩. അനവലോഭനം—ഗൎഭം അലസിപ്പോകാതിരിപ്പാൻ ചെയ്യുന്ന ഒരു ക്രിയ.

൪. സീമന്തോന്നയനം—ഒരു സ്ത്രീക്കു ഗൎഭം നാലാമത്തേയൊ, ആറാമത്തേയൊ, അല്ലെങ്കിൽ എട്ടാമത്തേയൊ മാസത്തിലേക്കു കടക്കുമ്പോൾ അവളുടെ തലമുടി വകഞ്ഞിടുന്നതായ ഒരു അടിയന്തരം.

൫. ജാതകൎമ്മം—ജനിച്ച ഉടനെ ചെയ്യുന്ന കൎമ്മം. കുട്ടിയുടെ പൊക്കിൾക്കൊടി മുറിക്കുന്നതിന്നു മുമ്പായി ഒരു സ്വൎണ്ണത്തവികൊണ്ടു നെയ്യുകൊടുക്കുക കൂടി ഇതിന്നിടയ്ക്കുണ്ട്.

൬. നാമകരണം—പതിനൊന്നാം ദിവസമോ, പന്ത്രണ്ടാം ദിവസമോ, അതല്ലെങ്കിൽ വേറെ വല്ല ശുഭദിവസമോ കുട്ടിക്കു പേരിടുന്ന അടിയന്തരം.

൭. നിഷ്ക്രമണം—മൂന്നുമാസം പ്രായംചെന്നാൽ, വെളുത്തപക്ഷത്തിലെ തൃതീയദിവസം ചന്ദ്രനെ കാണിക്കേണ്ടതിന്നു കുട്ടിയെ വീട്ടിൽനിന്നു പുറത്തേക്കു കൊണ്ടുപോവുക.

൮. സൂൎയ്യാലോകനം—നാലുമാസം പ്രായം ചെന്നാൽ കുട്ടിക്കു സൂൎയ്യനെ കാട്ടിക്കൊടുക്കുന്ന ക്രിയ.

൯. അന്നപ്രാശനം—ആറോ, എട്ടോ മാസത്തെ പ്രായം ചെല്ലുമ്പോൾ കുട്ടിക്ക് ആദ്യമായി ചോറുകൊടുക്കുന്ന അടിയന്തരം.

൧൦ കൎണ്ണവേധം—ജനിച്ചതിന്നുശേഷം ഒററയായി വരുന്ന ഏതെങ്കിലും മാസത്തിൽ കുട്ടിയുടെ കാതുകുത്തുന്ന ക്രിയ.

൧൧. ചൂഡാകരണം—'ചൂഡ' എന്നു പറയപ്പെടുന്ന കുടുമമാത്രം നിൎത്തി ബാക്കി തലമുടിയെല്ലാം കളയുന്ന ഒരു കൎമ്മം; ഇത് ഒന്നാമത്തേയോ, അല്ലെങ്കിൽ മൂന്നാമത്തേയോ, കവിഞ്ഞപക്ഷം അഞ്ചാമത്തേയോ കൊല്ലത്തിൽ ചെയ്യപ്പെടുന്നതാണ്.

൧൨. ഉപനയനം—പൂണുനൂലിടുക. ഇത് ഇടത്തെ ചുമ

ലിലിട്ട വലത്തെ തുടയോളം തൂങ്ങിക്കിടക്കും. ബ്രാഹ്മണന്ന് ഈ ക്രിയ എട്ടാംവയസ്സിൽ കഴിക്കാം; പതിനാറാമത്തെ വയസ്സിൽ നിന്നപ്പുറം കടന്നിട്ടാവരുതു്; ക്ഷത്രിയന്നു് ഇതു പതിനൊന്നാം വയസ്സിലാവാം; ഇരുപത്തിരണ്ടാം വയസ്സിൽനിന്നങ്ങോട്ടു നീങ്ങുവാൻ പാടില്ലതാനും. ഒരു വൈശ്യന്നു് ഇതു പന്ത്രണ്ടാം വയസ്സിലാണു്; ഇരുപത്തിനാലു വയസ്സിന്നു മുമ്പ് എങ്ങിനെയായാലും കഴിയുകയും വേണം. ഈ ക്രിയ വിദ്യാഭ്യാസകാലം ആരംഭിച്ചിരിക്കുന്നതിന്റെ അടയാളമാകുന്നു.

൧൩. മഹാനാമ്യം—ഇതു് ഒടുക്കം പറഞ്ഞതായ ക്രിയക്കു ശേഷം സാധാരണയായി നാലാം ദിവസം ആരംഭിക്കുന്ന ഒരു ക്രിയയാണു്; അന്നു 'ഗായത്രി' ഉപദേശിക്കുകയും, 'അഭ്യസിപ്പിക്കുകയും ചെയ്യും.

൧൪. സമാവൎത്തനം—ഒരു വിദ്യാൎത്ഥിയുടെ വിദ്യാഭ്യാസമെല്ലാം പൂൎത്തിയാക്കി മുപ്പത്താറോ, പതിനെട്ടോ, അല്ലെങ്കിൽ, ചുരുങ്ങിയ പക്ഷം ഒമ്പതോ *കൊല്ലം കഴിഞ്ഞിട്ടു സ്വഗൃഹത്തിലേക്കു മടങ്ങിവരുന്ന സമയമുള്ള ക്രിയ.

൧൫. വിവാഹം—കല്യാണം കഴിക്കുകതന്നെ.

൧൬. സ്വൎഗ്ഗാരോഹണം—മരിച്ചുപോയശേഷമുള്ള ഒടുക്കത്തെ ക്രിയ.

ഈ മേൽ പ്രസ്താവിച്ചതു കൂടാതെ, ദിവസേനയോ, മാസംതോറുമോ, കൊല്ലത്തിലൊരിക്കലോ, അല്ലെങ്കിൽ കൂടക്കൂടയോ ചെയ്യേണ്ടതായിട്ടു വേറേയും അനേകം അടിയന്തരങ്ങളുണ്ടു്. ഇവയുടെ എല്ലാം ഉദ്ദേശ്യം, ദേഹത്തിന്റെയും മനസ്സിന്റെയും ആരോഗ്യം ഏറെക്കുറെ നിലനിൎത്തിക്കൊണ്ടുവരികതന്നെയാണു്. ശരീരത്തിന്നുള്ള ഏതൊരു സുഖക്കേടിനേയും രോഗമായിട്ടാണു്

* ഹിന്തുശാസ്ത്രങ്ങൾ ശൈശവവിവാഹം വിധിക്കുന്നില്ലെന്നു് ഈ സംഗതി സൂചിപ്പിക്കുന്നു.

ഗണിച്ചിരിക്കുന്നതു്. രോഗങ്ങളെയെല്ലാം ഇങ്ങിനെ നാലാക്കി തരം തിരിച്ചിരിക്കുന്നു.

൧. ആഗന്തുകം (യദൃച്ഛയാ സംഭവിക്കുന്നതു്)—വീഴ്ച, മു റിമുതലായതു്.

൨. ശാരീരം (ശരീരത്തിൽനിന്നുതന്നെ ഉണ്ടാകുന്നതു്)— തലയിൽകുത്തു, പനി, അതിസാരം, കുര മുതലായതു്.

൩. മാനസം (മനസ്സിൽനിന്നുണ്ടാകുന്നതു്)—ഭ്രാന്തു, ഭയം, വ്യസനം മുതലായതു്.

൪. സ്വാഭാവികം (പ്രകൃതിസിദ്ധമായതു്)—ദാഹം, വിശ പ്പു്, ഉറക്കം മുതലായതു്.

തക്കതായ പ്രതിവിധികളെക്കൊണ്ടു് ഇവകളിൽനിന്നു പൂൎണ്ണമായ സ്വാതന്ത്ര്യം സിദ്ധിക്കുകയത്രേ വൈദ്യശാസ്ത്രത്തി ന്റെ പരമോദ്ദേശ്യം. രോഗം വന്നു പിടിപെട്ടശേഷം പിന്നെ അതു ചികിത്സിച്ചു മാററുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളതു്, അ തു വരാതെകണ്ടു സൂക്ഷിക്കുകതന്നെയാണു് എന്നാകുന്നു ഹിന്തു ക്കളുടെ അഭിപ്രായം. അതുപ്രകാരം കൊല്ലംതോറും അനുഷ്ഠി ക്കേണ്ടതായ ചയ്യേണ്ട ചില നിയമങ്ങൾ വേണമെന്നും അവരു ടെ വൈദ്യഗ്രന്ഥങ്ങളിൽ ബലമായി പറഞ്ഞിട്ടുണ്ടു്. ഈ വി ധികൾ ആരോഗ്യരക്ഷാശാസ്ത്രത്തെക്കുറിച്ചു ഹിന്തുക്കൾ എന്താ ണു് മനസ്സിലാക്കീട്ടുള്ളതെന്നു പരിശോധിക്കുവാൻ നമുക്കു കഴി വുണ്ടാക്കിത്തരുന്നതിനാൽ, അവയുടെ ഒരു സംക്ഷിപ്തമായ വി വരണത്തിന്നായി ഇനി ഇതിൽ കുറെഭാഗം ഒഴിച്ചിടുന്നതും ആ വശ്യമായിരിക്കുമല്ലോ.

## അഞ്ചാം അദ്ധ്യായം

### ഹിന്തുക്കൾ മനസ്സിലാക്കിയപ്രകാരമുള്ള ആരോഗ്യരക്ഷാ ശാസ്ത്രതത്വങ്ങൾ

ഒരുവൻ പാൎത്തുവരുന്നതായ രാജ്യത്തിന്റെ സ്വഭാവങ്ങളെ ല്ലാം മനസ്സിലാക്കിയിരിക്കുന്നതു് അത്യാവശ്യമാണെന്നുള്ള സം

ഗതി പണ്ടുള്ളവരുടെ ശ്രദ്ധയ്ക്ക് ആദ്യംതന്നെ വിഷയമായിത്തീന്നിട്ടുണ്ട്. സകലരാജ്യങ്ങളേയും (ദേശങ്ങളെ) സാധാരണയായി ആനൂപം, ജാംഗലം, മിശ്രം ഇങ്ങിനെ മൂന്നാക്കി തരംതിരിച്ചിരിക്കുന്നു. ഇവയിൽവെച്ച് ആനൂപം നനവും ചതുപ്പുമുള്ളതും, അനേകം നദികൾ, തടാകങ്ങൾ, പർവ്വതങ്ങൾ എന്നിവയാൽ വ്യാപിക്കപ്പെട്ടതും ആയ ഒരു രാജ്യമാകുന്നു; അവിടെ അരയന്നങ്ങൾ, കൊററികൾ, ചക്രവാകങ്ങൾ, മുയലുകൾ, പന്നികൾ, പോത്തുകൾ, മാനുകൾ, വേറെയുള്ള ദുഷ്ടമൃഗങ്ങൾ എന്നിവകയും, പലമാതിരി ഫലങ്ങളും, നെല്ലു, കരിമ്പു, വാഴ മുതലായ സസ്യങ്ങളും ധാരാളമുണ്ടായിരിക്കും. അങ്ങിനെയുള്ള ഒരു രാജ്യത്തിൽ കഫപ്രധാനങ്ങളായ ദീനങ്ങളും, വാതരോഗങ്ങളും വളരെ സാധാരണയായിരിക്കുന്നതാണ്. ജാംഗലം വരണ്ടിരിക്കുന്ന ഒരു രാജ്യമാകുന്നു; അവിടെ വെള്ളംതന്നെ ദുർല്ലഭമായിരിക്കും. ആ പ്രദേശത്തു വഹ്നി, മുളങ്കാമ്പ്, എരിക്ക്, ഉക, ലന്ത എന്നീവൃക്ഷങ്ങൾ ധാരാളമായുണ്ടാകും; അവിടെ ഫലങ്ങളെല്ലാം അതിമധുരങ്ങളായിരിക്കും; കുരങ്ങുകൾ, കരടികൾ, പുള്ളിമാൻ ഈവക മൃഗങ്ങൾ കൂട്ടംകൂട്ടമായി കാണപ്പെടുകയും ചെയ്യുന്നതാണ്. അങ്ങിനെയുള്ളൊരു പ്രദേശത്ത് പിത്തസംബന്ധമായും, രക്തസംബന്ധമായുമുള്ള രോഗങ്ങൾ അധികമായുണ്ടാകുവാനിടയുണ്ട്. മിശ്രമെന്നത് അനൂപത്തിന്റെയും ജാംഗലത്തിന്റെയും സകലഗുണങ്ങളുമുള്ളതും, അവയുടെ ദോഷങ്ങളൊന്നുമില്ലാത്തതുമായ ഒരു രാജ്യമാകുന്നു. അവിടെ അധികമായ തണുപ്പോ, ചൂടോ ഉണ്ടായിരിക്കുകയില്ല. അങ്ങിനെയുള്ള ഒരു പ്രദേശം നമ്മുടെ ആരോഗ്യത്തിന്നും ആയുസ്സിന്നും ഗുണകരമാകയാൽ അതാണ് സ്വഭാവേന ഏററവും നന്നായിട്ടുള്ളത്. മേൽക്കാണിച്ച വിഭാഗത്തിന്നടിസ്ഥാനമായ തത്വത്തിന്നനുസരിച്ച് ഒരു രോഗിക്കു വല്ല സ്ഥലമാററവും വിധിക്കുന്നതായാൽ അതുകൊണ്ട് ആയാ

ളുടെ ദീനത്തിന്നു ക്ഷണത്തിൽ ആശ്വാസം കിട്ടുമെന്നാണ് ഊഹിക്കപ്പെട്ടിരിക്കുന്നതു്. കഫസംബന്ധമായ വല്ല രോഗവുമുള്ള ഒരാൾ ജാംഗലദേശത്തേക്കു മാറിത്താമസിക്കുന്നതായാൽ അതു ഗുണകരമായിരിക്കുവാൻ സംഗതിയുണ്ടു്. അതുപോലെതന്നെ പിത്താധിക്യത്താൽ സംഭവിക്കുന്ന ഏതെങ്കിലും ഒരു രോഗം പിടിപെട്ടാൽ ആനൂപദേശത്തു പോയി പാക്കുന്നതും അനുഗുണമായിരിക്കുന്നതാണ്. താൻ ചികിത്സിച്ചുവരുന്നതായ ഒരു രോഗിയുടെ ശരീരത്തിലുള്ള ദോഷങ്ങളെയെല്ലാം സമനിലയിലാക്കി നിർത്തിക്കൊണ്ട് ആയാളുടെ ആരോഗ്യം സൂക്ഷിക്കുകയാകുന്നു ഒരു വൈദ്യന്റെ പ്രധാനകൃത്യം. അതിന്നായിട്ട് അദ്ദേഹത്തിന്നു ശീതോഷ്ണപ്രകൃതിയുടെ ഒരു ശരിയായ പരിജ്ഞാനം കൂടാതേകഴികയുമില്ല. രാജ്യത്തിന്റെ സ്വഭാവം മനസ്സിലാക്കിവെച്ചശേഷം സകലഹിന്തുക്കൾക്കും തങ്ങളുടെ നിത്യകൃത്യങ്ങൾ ഒരു പ്രത്യേക സമ്പ്രദായത്തിൽതന്നെ ചെയ്യാനുണ്ടു്.

ഒരു സ്വസ്ഥന്ന്* (യാതൊരു രോഗവുമില്ലാത്തവന്ന്) ഉഷസ്സിൽ നേരത്തെതന്നെ—അതായത്, അരുണോദയത്തിന്ന് ഒരു മണിക്കൂറുമുമ്പേതന്നെ—എഴുന്നേല്ക്കുന്നതു നല്ലതാണ്. അതിന്നുശേഷം പ്രപഞ്ചസ്ഥിതിക്കു ഹേതുഭൂതനായ വിഷ്ണുവിനെ സ്മരിക്കണം. അതിന്നുപുറമെ, അശ്വത്ഥാമാവു, ബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപൻ, പരശുരാമൻ, മാർക്കണ്ഡേയൻ ഇവരുടെ നാമങ്ങളും സ്മരിക്കേണ്ടതാകുന്നു. ഇവരെല്ലാവരും വളരെ കാലത്തോളം ജീവിച്ചിരുന്നവരും, പിന്നീട് അനവധി സംവത്സരങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടെങ്കിലും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് ഊഹിക്കപ്പെടുന്നവരുമാണ്. കിടക്കയിൽ നിന്നെഴുന്നേററശേഷം ഒരു പുരുഷൻ ഒന്നാമതായി

* സമധാതുസ്സമാഗ്നിശ്ച സമധാതുമലക്രിയഃ
പ്രസന്നാത്മേന്ദ്രിയമനാഃ സ്വസ്ഥ ഇത്യഭിധീയതേ.

ദർശിക്കേണ്ടതും സ്പർശിക്കേണ്ടതുമായ വസ്തുക്കൾ ദധി (തയിർ), ഘൃതം (നെയ്യ്), ദർപ്പണം (കണ്ണാടി), സർഷപങ്ങൾ (കടുക്), വില്വം, ഗോരോചനാ, പൂമാലകൾ എന്നിവയാകുന്നു. ആയാൾ ദീർഘായുസ്സിനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഘൃതത്തിൽ ദിവസേന തന്റെ മുഖച്ഛായ നോക്കുകയും വേണ്ടതാണ്. അതിന്നുശേഷം ആയാൾ ഒരു വസ്ത്രംകൊണ്ടോ മററൊ തലയിൽ കെട്ടി മലമൂത്രവിസർജ്ജനം ചെയ്യണം. പിന്നെ പല്ലു തേക്കുവാനുള്ള വല്ല ചൂർണ്ണംകൊണ്ടോ, അരച്ച സാധനംകൊണ്ടോ ദന്തശുദ്ധി വരുത്തേണ്ടതാകുന്നു. ഇതിന്നു സാധാരണയായി ഉപയോഗിച്ചുവരുന്ന ദ്രവ്യങ്ങൾ പൊടിച്ച പുകയില, ഉപ്പ്, ചുട്ടു ഭസ്മമാക്കിയ അടക്ക എന്നിവയോ, അല്ലെങ്കിൽ കുരുമുളക്, ചുക്ക്, തിപ്പലി എന്നിവക ഔഷധങ്ങളുടെ ചില യോഗങ്ങളോ ആകുന്നു. ഏററവും സാധാരണയായി ഉപയോഗിക്കുന്ന ദന്തശോധനദ്രവ്യം കരിവേലത്തിന്റെ ഇളയ കൊമ്പാണ്. എന്നാൽ വൈദ്യഗ്രന്ഥങ്ങളിൽ വേറെ ചില ചുള്ളികളും ഉപയോഗിക്കുവാൻ വിധിച്ചിട്ടുണ്ടെന്നു മാത്രമല്ല, അവകൾക്ക് അത്ഭുതകരങ്ങളായ ഗുണങ്ങളുണ്ടെന്നും പറഞ്ഞിരിക്കുന്നു. എരിക്കുകൊണ്ടുള്ള ഒരു 'ദന്തകാഷ്ഠം' (പല്ലുതേക്കുവാൻ ബ്രഷ്പോലെ ഉണ്ടാക്കുന്ന സാധനം (ഇതിന്നുതന്നെ 'ദന്തശോധനം' എന്നും പേർ പറയും) ശക്തിയുണ്ടാക്കിത്തീർക്കും; പേരാൽകൊണ്ടുള്ളതു മുഖത്തിന്നു കാന്തിയുണ്ടാക്കും; ഉങ്ങുകൊണ്ടുള്ളതാണെങ്കിൽ ജയം സിദ്ധിക്കും; അരയാൽകൊണ്ടുള്ളതായാൽ ധനലാഭമാണ് ഫലം; ലന്തവൃക്ഷത്തിന്റെ ചുള്ളിക്കൊമ്പുകൊണ്ടോ നല്ല ഭക്ഷണം കിട്ടും; മാവിൻകൊമ്പുകൊണ്ടാണെങ്കിൽ ആരോഗ്യമുണ്ടാകും; കടമ്പുകൊണ്ടുള്ളതു മേധയെ വർദ്ധിപ്പിക്കും; ചമ്പകം വചനേന്ദ്രിയത്തേയും ശ്രോത്രേന്ദ്രിയത്തേയും ശുദ്ധിവരുത്തും; മുല്ല ദുസ്സ്വപ്നങ്ങളെ നീക്കും; നെന്മേനിവാക ആരോഗ്യത്തേയും അഭ്യുദയ

ത്തേയും ഉണ്ടാക്കിത്തരും; ചെറുകടലാടി ക്ഷമയേയും, ആലോചനയേയും വർദ്ധിപ്പിക്കും; താളിമാതളത്തിന്റേയും കുക്കുരവൃക്ഷത്തിന്റേയും തൊലി ശരീരത്തിന്നു സൌന്ദര്യമുണ്ടാക്കിത്തീർക്കും; എന്നാൽ കുന്നി, കടല, ഈഞ്ചപ്പന, ബൃഹദ്ധര, കൈത, ഈത്ത എന്നീവകയിൽ ഏതെങ്കിലും ഉപയോഗിച്ചാൽ ഒരുവൻ 'അശുചി'യായിത്തീരുന്നതുമാണു്. ചില ദീനങ്ങളുള്ളവർക്കു പല്ലുതേക്കുന്നതു നിഷിദ്ധമാകുന്നു. ദന്തശുദ്ധി വരുത്തിയതിന്നുശേഷം ഒരു 'ജിഹ്വാനിർല്ലേഖനം' (നാവു വടിക്കുവാനുള്ള സാധനം) കൊണ്ടു നല്ലവണ്ണം നാവു വടിക്കണം. ഈ സാധനം സ്വർണ്ണം കൊണ്ടോ, വെള്ളികൊണ്ടോ, അല്ലെങ്കിൽ ചെമ്പുകൊണ്ടോ, ഉണ്ടാക്കപ്പെട്ടതോ, അതല്ലെങ്കിൽ ചീന്തിയ വല്ല ചുള്ളിക്കൊമ്പോ ആയിരുന്നാൽമതി. ഏതായാലും ഇതിന്നു പത്തു വിരൽ നീളം ഉണ്ടായിരിക്കണം. പിന്നെ തണുത്ത വെള്ളംകൊണ്ടു പല പ്രാവശ്യം കുലുക്കുഴിയുകയും, മുഖം കഴുകുകയും വേണം. തണുത്ത വെള്ളംകൊണ്ടു കുലുക്കുഴിഞ്ഞാൽ വായിൽപ്പുണ്ണു്, മുഖത്തുണ്ടാകുന്ന ഉണലുകൾ, വായവരൾച്ച, ചൂടു് എന്നിവയെല്ലാം സുഖപ്പെടും. സുഖോഷ്ണമായ ജലംകൊണ്ടു കുലുക്കുഴിയുന്നതിനാൽ കഫവും വാതവും ശമിക്കുമെന്നു മാത്രമല്ല, മുഖം ആർദ്രമായിരിക്കുകയും ചെയ്യും. 'അണുതൈലം'കൊണ്ടോ മറ്റോ ദിവസേന നസ്യംചെയ്യാൽ നാസാരോഗങ്ങളൊന്നുമുണ്ടാകുന്നതല്ല. ഇതു മുഖത്തിന്നു സൌരഭ്യവും, ശബ്ദത്തിന്നു ശുദ്ധിയുമുണ്ടാക്കുന്നതിന്നു പുറമെ, രോമം നരക്കാതിരിക്കുവാനും നല്ലതാണു്. ഇരുമ്പുകൊണ്ടോ, തുത്തനാകംകൊണ്ടോ ഉണ്ടാക്കിയ ഒരു ശലാക (മഷിക്കോൽ)കൊണ്ടു കൺപോളകളിൽ അഞ്ജനമെഴുതിയാൽ കണ്ണുകൾക്കു നല്ല ഭംഗിതോന്നുകയും, കാഴ്ചക്കു ശക്തികൂടിയിരിക്കുകയും ചെയ്യും. സൌവീരാഞ്ജനം ശുദ്ധിചെയ്യാതെതന്നെ ഉപയോഗിക്കപ്പെടാവുന്നതാണു്. അതു കരടിറക്കം, ചുട്ടുപുകച്ചിൽ, ക

ഷം സ്രവിക്കുക, വേദനയോടുകൂടി കണ്ണീരൊലിച്ചുകൊണ്ടിരിക്കു
ക എന്നീവക ഉപദ്രവങ്ങളെ മാററുന്നതിന്നു പുറമെ, കണ്ണുകൾ
ക്കു ശോഭയും, വെളിച്ചമോ, കാററോ തട്ടിയാൽ സഹിക്കുവാനു
ള്ള ശക്തിയും ഉണ്ടാക്കിത്തീൎക്കുകകൂടി ചെയ്യും. ക്ഷീണിച്ചവനോ,
പനിയുള്ളവനോ, ഉറക്കമൊഴിച്ചവനോ, അല്ലെങ്കിൽ ഭക്ഷണം
കഴിച്ചിരിക്കുന്നവനോ അഞ്ജനമെഴുതുവാൻ പാടുള്ളതല്ല. നഖ
ങ്ങൾ, മീശ, തലമുടി ഇവകൾ വെടിപ്പായും, അതാതിൻെറ സ്ഥാ
നത്തു ഭംഗിയായും വെച്ചിരിക്കുന്നതുകൂടാതെ, അയ്യഞ്ചു ദിവസം
കൂടുമ്പോൾ മുറിച്ചു നന്നാക്കുകയും വേണ്ടതാണ്. തലമുടി ചീന്ത
ണം; കൂടക്കൂടെ കണ്ണാടിനോക്കുകയും വേണ്ടതാണ്. അതുനിമി
ത്തം നിറം നന്നാകുവാനും, ദീൎഘായുസ്സു കിട്ടേണ്ടതിന്നും മാൎഗ്ഗമുണ്ടാ
വും. മൂക്കിലുള്ള രോമങ്ങൾ ഒരിക്കലും പറിക്കരുത്. അങ്ങിനെ
ചെയ്താൽ കണ്ണിന്നു കാഴ്ചക്കുറവുണ്ടായിത്തീരുന്നതാണ്. ദിവസേ
ന ശരിയായി വ്യായാമം ചെയ്യണം. അതിനാൽ ശരീരത്തിന്നു ക
നക്കുറവും പ്രവൃത്തിക്കു സാമൎത്ഥ്യവും ഉണ്ടാകും; അംഗങ്ങൾക്കു
വേണ്ടുന്ന പുഷ്ടിയുണ്ടായിരിക്കും; ഏതുവിധത്തിലുള്ള ആഹാര
വും, ക്ഷണത്തിൽ ദഹിക്കത്തക്കവണ്ണം ജഠരാഗ്നിക്കു ശക്തി വൎദ്ധി
ക്കുകയും ചെയ്യും. ശാരീരമായ വ്യായാമം ശീലിക്കുന്നതു മന്ദഗ
തിയെ കളയുവാൻ ഏററവും നല്ല മാൎഗ്ഗമാണ്. ധാരാളം സ്നിഗ്ദ്ധ
തയുള്ള ഭക്ഷണം ശീലിക്കുന്നവൎക്ക് അത് (ശാരീരമായ വ്യായാമം)
എല്ലായ്പോഴും ഗുണകരമായിട്ടുള്ളതാണ്. അതു വസന്തകാലത്താ
ണ ഏററവും ആരോഗ്യാവഹമായിട്ടുള്ളതു്. ഭക്ഷണം കഴിച്ചി
ട്ടോ അല്ലെങ്കിൽ മൈഥുനത്തിന്നുശേഷമോ വ്യായാമം ചെയ്യുന്ന
തു ദോഷകരമാണ്. പിത്തം, ക്ഷയം, ഹൃദ്രോഗം എന്നീരോഗ
ങ്ങളുള്ളവൎക്ക് അതു തീരെ നിഷിദ്ധമാകുന്നു. അതിവ്യായാമം ആ
ൎക്കും ഹിതമല്ല. അകത്തിരുന്നിട്ടും പുറത്തുപോയിട്ടും ശീലിക്കാ
വുന്നതായി അനേകവിധം വ്യായാമങ്ങളുണ്ട്. എന്നാൽ ഹി

ത്തുളിൽ ചിലർ തങ്ങളുടെ ദിവസേനയുള്ള ദേവാച്ചനയിൽ ഒരു ഭാഗം ആദിത്യനമസ്കാരത്തിനായി ഒഴിച്ചിട്ടിരിക്കുന്നു. അവരുടെ ഈ സേവാക്രമം ഒരുവിധം നല്ല ശരീരായാസമായിത്തീരുന്നതിനാൽ ഇതുകൊണ്ടുതന്നെ അവരുടെ മാംസപേശികൾക്കു നല്ല ബലം കിട്ടുകയും ചെയ്യുന്നു.

സുഗന്ധതൈലംകൊണ്ടു മേലെല്ലാം തേച്ചു തലോടണം. പ്രത്യേകിച്ചു തല, ചെവികൾ, കാലുകൾ ഈ ഭാഗങ്ങളിലാണ് അതു വേണ്ടതു്. മരുന്നുകൾ കൂട്ടിക്കാച്ചിയ തൈലങ്ങൾ ക്ഷീണം തീക്കുകയും, ശക്തി, സുഖം, നിദ്ര എന്നിവയുണ്ടാക്കുകയും, തോലിന്റെ നിറം നന്നാക്കുകയും, അതിന്നു മാൎദ്ദവവും ആരോഗതയും ഉണ്ടാക്കിത്തീക്കുകയും ചെയ്യുന്നതിനാൽ ആയുഷ്കാലം ദീൎഘമായിരിക്കേണ്ടതിന്നു ഉപയോഗപ്പെടുന്നു. തലയിലെണ്ണ തേക്കുന്നതു ശിരോരോഗങ്ങളില്ലാതിരിക്കുവാനും, രോമത്തിന്റെ വളൎച്ചയ്ക്കും ആവശ്യമാണ്. അതുപോലെ ചെവിയിൽ എണ്ണ തുളിക്കുന്നതു കണ്ണുരോഗങ്ങളേയും ശമിപ്പിക്കുന്നു. ചെവിയിൽ തുളിക്കുന്നതു സസ്യങ്ങളുടെ രസം ചേൎന്നിട്ടുള്ളതായിരുന്നാൽ അതു ഭക്ഷണത്തിന്നു മുമ്പിലും, തൈലമാണെങ്കിൽ അസ്തമനത്തിന്നു ശേഷവുമാണുവേണ്ടതു്. കാലടികളിൽ നല്ലവണ്ണം എണ്ണതേച്ചു തിരുമ്പുന്നതുകൊണ്ടു കാലുകൾക്കു ശക്തിയുണ്ടാവുകയും, തൊലിവിള്ളാതിരിക്കുകയും ചെയ്യും. അതിന്നു പുറമെ ഇതുകൊണ്ടു സുഖനിദ്രയും, സൂക്ഷ്മദൎശനവും ഉണ്ടാകുവാനിടയുണ്ടു്. സൎപ്പങ്ങൾ എങ്ങിനെ ഗരുഡനെ ഭയപ്പെട്ടു് അടുക്കാതിരിക്കുന്നുവോ, അതുപോലെ നിത്യവും വ്യായാമം ശീലിക്കുകയും, എണ്ണ തേക്കുകയും ചെയ്യുന്ന പുരുഷന്റെ നേരെ രോഗങ്ങളും അടുക്കുന്നതല്ലെന്നു പറയപ്പെട്ടിരിക്കുന്നു. ദിവസേന സ്നാനത്തിന്നു മുമ്പായി എണ്ണ തേച്ചു എങ്കിൽ അതു ശരീരത്തിന്നു വളരെ ബലകരമായിരിക്കും. എന്നാൽ നവജ്വരം, അജീ

ണ്ണം, പാണ്ഡുരോഗം, ഛർദ്ദി ഇതിലേതെങ്കിലുമുള്ളവൎക്ക് അഭ്യംഗം പാടുള്ളതല്ല. വമനവിരേചനങ്ങൾ ചെയ്തവൎക്കും അതു നിഷിദ്ധമാകുന്നു. അഭ്യംഗത്തിന്ന് (എണ്ണതേച്ചതിന്നു) ശേഷമുള്ള കൃത്യം സ്നാനം തന്നെ. എല്ലാ ഹിന്തുക്കളും ചുരുങ്ങിയ പക്ഷം ദിവസേന ഒരു പ്രാവശ്യമെങ്കിലും കുളിക്കേണമെന്നു നിൎബ്ബന്ധമുണ്ട്*. ഭക്ഷണത്തിന്നശേഷമുള്ള സ്നാനം വ്യാപൽക്കരമാകുന്നു. രക്തസംബന്ധമായ രോഗങ്ങൾക്ക ശീതജലസ്നാനം നന്ന്; ചൂടുവെള്ളത്തിൽ കുളിക്കുന്നതു വിപരീതഫലപ്രദവുമാണ്. ദിവസേന നെല്ലിക്കാവെള്ളം പകൎന്നു കുളിച്ചാൽ തലമുടി

* ഹിന്തുക്കളുടെ ഇടയിൽ സ്നാനം, അവരുടെ മതസംബന്ധമായ കൃത്യങ്ങളുടെ ഒരു ഭാഗമായി തീൎന്നിരിക്കുന്നു. മനു ഇങ്ങിനെ വിധിച്ചിരിക്കുന്നു:—"ഒരുവൻ പ്രഭാതത്തിൽ നേരത്തെ എഴുനേററു മലശോധന വരുത്തുക, ദന്തശുദ്ധിചെയ്ക, കുളിക്കുക, ശരീരം അലങ്കരിക്കുക, കണ്ണുകളിൽ അഞ്ജനമെഴുതുക; ദൈവാൎച്ചനചെയ്ക ഈ കൃത്യങ്ങളാചരിക്കണം". (iv 203) യാജ്ഞവല്ക്യനും സ്നാനം മതസംബന്ധമായി അവശ്യം അനുഷ്ഠിക്കേണ്ടുന്ന കൃത്യങ്ങളിലൊന്നാണെന്നു പറഞ്ഞിരിക്കുന്നു (iii· 214) സാധാരണയായി രാവിലെയുള്ള ഭക്ഷണത്തിന്നു മുമ്പായി കുളി കഴിയണമെന്നു നിയമമുണ്ട്. എന്നാൽ ഉയൎന്നജാതിക്കാരിൽ പലരും വൈകുന്നേരത്തെ ഭക്ഷണത്തിന്നു മുമ്പും വല്ല അശുദ്ധസാധനങ്ങളെ തൊട്ടാലും കുളിക്കുന്നതു നടപ്പാണ്. ഹിന്തുക്കൾക്ക തങ്ങളാണു ലോകത്തിൽ ഏററവും വൃത്തിയുള്ള കൂട്ടരെന്ന് അഭിമാനമുണ്ട്. ഈ സംഗതിതന്നെ സർവില്യം ഹണ്ടർ നല്ലവണ്ണം താങ്ങിപ്പറഞ്ഞിട്ടുമുണ്ട്. അദ്ദേഹം ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നത്:—"ദേഹശുദ്ധിയുടെ കാൎയ്യത്തിൽ ഇന്ത്യയിലെ ഹിന്തുക്കളാണ് ഏഷ്യയിലുള്ള നാനാ ജാതിക്കാരിലും വെച്ചു ദൃഷ്ടാന്തമായി നില്ക്കുന്നതെന്നുള്ളതിന്നു പുറമെ ലോകത്തിലുള്ള സകല ജാതിക്കാരിൽ വെച്ചും അവർതന്നെയാണ് ഏററവും വൃത്തിയുള്ളവരെന്നും നമുക്ക സമ്മതിക്കാം. ഹിന്തുക്കളുടെ സ്നാനം ഒരു പഴഞ്ചൊല്ലായി ത്തീൎന്നിരിക്കുന്നു. അവരുടെ മതാനുഷ്ഠാനത്തിന്നൊക്കെ സ്നാനം കൂടാതെ കഴികയില്ലെന്നു തന്നെയല്ല, അനാദികാലമായിട്ടു നടന്നുവരുന്ന ആചാരംകൊണ്ടു സ്നാനമെന്നതു നിത്യകൃത്യങ്ങളുടെ കൂട്ടത്തിൽ അവശ്യം ചെയ്യേണ്ടതായ ഒരു പ്രവൃത്തിയായിത്തീൎന്നിരിക്കുന്നു.

എന്നും കറുപ്പുനിറം വിടാതിരിക്കുകയും, തീൎച്ചയായും നൂറുകൊല്ല ത്തെ ആയുസ്സു തികച്ചും കിട്ടുകയും ചെയ്യും. അത്യുഷ്ണമായ ജ ലംകൊണ്ടു സ്നാനം ചെയ്യുന്നതു കണ്ണിന്നു വളരെ കേടാണു്. സ്നാനത്തിന്നുള്ള ജലം അവരവൎക്കു് ആവശ്യമുള്ള ശീതോഷ്ണസ്ഥി തിയിലാക്കുവാൻ ചൂടുവെള്ളം തണുത്ത വെള്ളത്തിൽ ചേൎക്കുക യേ പാടുള്ളൂ എന്നും, ശീതജലം ഒരിക്കലും ചൂടുവെള്ളത്തിലേ ക്കു കൂട്ടരുതെന്നും നിയമിക്കപ്പെട്ടിരിക്കുന്നു. ഹരിശ്ചന്ദ്രൻ എന്നു പേരായ ഒരു പ്രാചീനവൈദ്യൻ ഇങ്ങിനെ പറയുന്നു:—

"അശീതനാംഭസാ സ്നാനം പയഃപാനം വയഃ സ്ത്രിയഃ
ഏതദേവാ മാനുഷാഃ പത്ഥ്യം സ്നിഗ്ദ്ധമുഷ്ണഞ്ച ഭോജനം".

തുള്ളപ്പനി, പീനസം, അതിസാരം, ഗ്രഹണി, കണ്ണുരോ ഗങ്ങൾ ഈവക രോഗങ്ങളെന്തെങ്കിലുമുള്ളവൻ സ്നാനം വൎജ്ജി ക്കേണ്ടതാകുന്നു. കുളികഴിഞ്ഞതിന്നുശേഷം ശരീരം ഒരു ശീല കൊണ്ടു നല്ലവണ്ണം തോൎത്തുകയും, വേണ്ടതുപോലെ വസ്ത്രധാര ണം ചെയ്കയും ആവശ്യമാണു്.

ഈ പ്രകൃതത്തിൽ, ഹിന്തുക്കൾ സാധാരണയായി സ്വ ഗൃഹത്തിലാകട്ടെ അല്ലെങ്കിൽ പുറത്തെങ്ങാനുമാകട്ടെ നഗ്നന്മാ രായി സ്നാനംചെയ്ക പതിവില്ലെന്നുള്ള സംഗതികൂടി പ്രസ്താവി ക്കേണ്ടിയിരിക്കുന്നു. * ശരീരം മുഴുവനും പുറത്തുകാട്ടുന്നതു മതവി രോധമായ കാൎയ്യമാണു് (മനു, vi. 45). ശീതകാലത്തിൽ കുങ്കുമം, ചന്ദനം, അകിൽ ഇവകൾ കുറിക്കൂട്ടായി ഉപയോഗിക്കുന്നതാവ ശ്യമാണു്; ഗ്രീഷ്മകാലത്തു ചന്ദനം, പച്ചക്കൎപ്പൂരം, രാമച്ചം ഇ വകൾ ഉപയോഗിക്കുവാനാണു് വിധിയുള്ളതു്; വൎഷകാലത്താ ണെങ്കിൽ ചന്ദനം, കുങ്കുമം, കസ്തൂരി എന്നിവകളെക്കൊണ്ടുള്ള ആലേപവുമാണു ഗുണകരമായിട്ടുള്ളതു്. സജ്ജനങ്ങളാരും ഒരി

---

* ഇതു ഹിന്തുക്കളുടെ കൂട്ടത്തിൽ മലയാളികൾ മാത്രം അംഗീകരിച്ചി ട്ടില്ലാത്ത ഒരു നടവടിയാണെന്നു് അനുഭവസിദ്ധമാണല്ലോ.

ക്കലും മുഷിഞ്ഞ വസ്ത്രം ധരിക്കരുതെന്ന് ഉപദേശിക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അതുനിമിത്തം ശരീരത്തിന്ന് അസഹ്യതയും, ത്വഗ്രോഗങ്ങളും ഉണ്ടാവാനിടയുണ്ടെന്നു മാത്രമല്ല, കാണുന്നവൎക്ക വളരെ ഹീനനാണെന്നു തോന്നുകയും ചെയ്യും. ഒരുവൻ തന്റെ ഇഷ്ടത്തിന്നും കഴിവിന്നും അനുസരിച്ചു പുഷ്പങ്ങളും ആഭരണങ്ങളും ധരിക്കേണ്ടതാകുന്നു. സൌരഭ്യമുള്ള പുഷ്പങ്ങളും പല്ലവങ്ങളും ധരിച്ചാൽ ശരീരത്തിന്നു ശോഭയുണ്ടാവുകയും, കാമവികാരം വൎദ്ധിക്കുകയും, ദുൎദ്ദേവതകൾ നീങ്ങുകയും ചെയ്യുന്നതാണ്. സ്വൎണ്ണം മാഹാത്മ്യമുള്ളതും, മംഗലകരവും, സുഖപ്രദവുമാകുന്നു. രത്നങ്ങൾ 'കരിങ്കണ്ണു'കൊണ്ടുള്ള ദോഷങ്ങളേയും, ഗ്രഹപ്പിഴയേയും നിവാരണം ചെയ്യുന്നതു കൂടാതെ, ദുസ്സ്വപ്നങ്ങളെയും ദുൎവിചാരങ്ങളെയും നീക്കുന്നതുമാണ്. ദേഹശുദ്ധി വരുത്തിയതിന്നുശേഷം ഭക്ഷണത്തിന്നുമുമ്പ് ഈശ്വരസ്മരണക്കായി കുറച്ചുസമയം ചിലവിടുന്നതുകൂടി വേണ്ടതാണെന്നു ചരകൻ പറഞ്ഞിരിക്കുന്നു.

ഒരാൾ ദിവസേന രണ്ടു പ്രാവശ്യം ഭക്ഷണം കഴിക്കണം. രാവിലെ ഒമ്പതുമണിമുതൽ പന്ത്രണ്ടുമണിക്കുള്ളിലും വൈകുന്നേരം ഏഴു മണി മുതൽ പത്തുമണിക്കുള്ളിലുമാണ് ഭക്ഷണം കഴിക്കേണ്ടത്. ആഹാരം, നീഹാരം, മൈഥുനം ഇവയെല്ലാം എപ്പോഴും ഗുപ്തസ്ഥലത്തുവെച്ചേ ചെയ്യാൻ പാടുള്ളു എന്നു വിധിയുള്ളതിനാൽ പരസ്യമായ സ്ഥലത്തുവെച്ച് ഒരിക്കലും ഭക്ഷിക്കരുത്. വൈദ്യശാസ്ത്രപ്രകാരം നോക്കുമ്പോൾ ഒരു സ്വൎണ്ണപ്പാത്രത്തിലാക്കീട്ടാണു ഭക്ഷണം കഴിക്കേണ്ടത്. അങ്ങിനെ ചെയ്യുന്നത് കണ്ണിന്ന് ഏററവും ഹിതമാണെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. വെള്ളിപ്പാത്രത്തിലെടുത്തു ഭക്ഷിക്കുന്നതു യകൃത്തിന്റെ കൃത്യങ്ങൾ നേരെ നടക്കുവാൻ നല്ലതാണ്. തുത്തനാകപ്പാത്രത്തിലാക്കി കഴിച്ചാൽ രുചിയും ബു

ദ്ധിയും വർദ്ധിക്കും. പിച്ചളപ്പാത്രത്തിൽ തയ്യാറാക്കിവെച്ചു ഭക്ഷണം കഴിച്ചാൽ വാതവും ചൂടും അധികമായിരിക്കും; പക്ഷെ അതു കഫശമനവും, കൃമിഘ്നവുമാണ്. ഇരിമ്പുപാത്രമോ ഗ്ലാസ്സുപാത്രമോ ഉപയോഗിച്ചാൽ പാണ്ഡുരോഗം, പിത്തകാമില, ശോഫം (നീർ) ഇവകൾ സുഖപ്പെടും. കല്പാത്രമോ, മൺപാത്രമോ ഉപയോഗിക്കുന്നതായാൽ ദാരിദ്ര്യമാണ് ഫലം. മരപ്പാത്രങ്ങൾ നില്ല രുചിപ്രദങ്ങളായിരിക്കും. പക്ഷെ അവകൾ കഫത്തെ സ്രവിപ്പിക്കുന്നവയാകുന്നു. പാത്രങ്ങൾക്കു പകരം ചില ഇലകൾ ഉപയോഗിക്കുന്നതു വിഷത്തിന്നു പ്രത്യൌഷധമായിത്തീരുന്നതാണ്. ഭക്ഷണത്തിന്നിരിക്കുമ്പോൾ മൂരലുള്ളതായ ഒരു ജലപാത്രം വലത്തുഭാഗത്തായി വെച്ചിട്ടുണ്ടായിരിക്കണം. ഒരു ചെമ്പുപാത്രമാണ് ഇതിന്നുത്തമമായിട്ടുള്ളത്. പിന്നെ ഭേദം മൺപാത്രമാണ്. സ്ഫടികംകൊണ്ടോ, രാജാവർത്തം (Lapis lazuli) കൊണ്ടോ ഉണ്ടാക്കപ്പെട്ടതായ പാത്രങ്ങൾക്കു വെടിപ്പും ശൈത്യവുമുണ്ടായിരിക്കും. ഭക്ഷണമുറിക്കുള്ളിൽ ചെല്ലുന്നതിന്നു മുമ്പായി ഇഞ്ചിയും കല്പുപ്പും കൂടി കുറച്ചു കഴിക്കുന്നതു് നല്ലതാണ്. അതുകൊണ്ടു രുചി വർദ്ധിക്കുകയും, കണ്ഠം ശുദ്ധിവരികയും ചെയ്യുമെന്നു പറയപ്പെട്ടിരിക്കുന്നു. ആരും വടക്കോട്ടു തിരിഞ്ഞു ഭക്ഷണത്തിന്ന് ഇരിക്കരുതെന്നാണ് ചരകാചാര്യൻ പറയുന്നതു്. എന്നാൽ മനുവിൻെറ വിധി ഇതിൽനിന്നു കുറച്ചു ഭേദപ്പെട്ടിട്ടാണ്. അദ്ദേഹം പറയുന്നതെന്തെന്നാൽ, ആയുസ്സിന്നാഗ്രഹിക്കുന്നവർ ഭക്ഷണത്തിന്നിരിക്കേണ്ടതു കിഴക്കോട്ടു തിരിഞ്ഞിട്ടാണെന്നും, കീൎത്തി വേണമെങ്കിൽ തെക്കോട്ടു തിരിഞ്ഞിരിക്കേണമെന്നും, ധനലാഭത്തിന്നിച്ഛയുള്ളവർ പടിഞ്ഞാട്ടു തിരിഞ്ഞിരിക്കേണ്ടതാണെന്നും, പരമാർത്ഥജ്ഞാനത്തിന്നു കാംക്ഷയുള്ളവർ വടക്കോട്ടാണു തിരിഞ്ഞിരിക്കേണ്ടതെന്നും ആകുന്നു. * ഒരാൾക്കു ഭക്ഷണത്തിന്നി

* ആയുഷ്യം പ്രാങ്മുഖോ ഭുങ്‌ക്തെ,
യശസ്യം ദക്ഷിണാമുഖഃ,
ശ്രിയം പ്രത്യങ്മുഖോ ഭുങ്‌ക്തെ,
ഋതം ഭുങ്‌ക്തെഹ്യുദങ്മുഖഃ.

ടയിൽ അധോവായു പോകുവാൻ ഇടവന്നാൽ പെട്ടന്നു ഭക്ഷണം നിൎത്തുകയും, പിന്നെ അന്നുമുഴുവൻ യാതൊന്നും കഴിക്കാതിരിക്കുകയും വേണം. "കൊതിയകപ്പെട്ടിട്ടു"ള്ള ദോഷങ്ങളൊന്നും വരാതിരിക്കുവാൻ അഞ്ജനാപുത്രനായ ഹനുമാൻെറ നാമോച്ചാരണം ചെയ്യണം. അതുകൂടാതെ, 'സകലജീവികളുടെ ശരീരത്തിലും പ്രാണാപാനവായുക്കളോടു ചേൎന്നിരുന്ന് അവർ ഭക്ഷിക്കുന്ന ചതുൎവ്വിധമായ ആഹാരത്തെയും ദഹിപ്പിക്കുന്ന അഗ്നിയായ' (ഭഗവൽഗീത; XV. 14) പരമാത്മാവിനെയും സ്മരിക്കേണ്ടതാണ്. ഈ പറഞ്ഞ ചതുൎവ്വിധമായ ആഹാരം താഴെ കാണിക്കപ്പെടുന്നതാകുന്നു:—

൧. ചൎവ്വ്യം (കടിച്ചു ചവക്കേണ്ടതു്)—അപ്പം മുതലായതു്.

൨. ലേഹ്യം (നക്കിക്കഴിക്കേണ്ടതു്)—അരച്ചുകലക്കി മുതലായതു്.

൩. ചൂഷ്യം (ചുണ്ടുകൊണ്ടു വലിച്ചെടുക്കേണ്ടതു്)—മാമ്പഴം മുതലായതു്.

൪. പേയം (കുടിക്കേണ്ടതു്)—ദ്രവങ്ങളായ വസ്തുക്കൾ.

അനേകവിധത്തിലുള്ള ഭക്ഷണസാധനങ്ങളെല്ലാം ഒരു ക്ലിപ്തമായ ക്രമത്തിൽ തന്നെ വിളമ്പുകയും, അതാത് അതാതിന്നു നിയമിക്കപ്പെട്ട സ്ഥാനത്തുതന്നെ ആയിരിക്കുകയും വേണം. മുമ്പിലിരിക്കുന്നതായ ആഹാരത്തെ ദൈവത്തെപ്പോലെ വിചാരിച്ചു പൂജിക്കേണ്ടതാകുന്നു. അങ്ങിനെ ചെയ്യുന്നത് ആരോഗ്യത്തിന്നും ആയുസ്സിന്നും നല്ലതാണ് (മനു, II. 55.). മാതളനാരങ്ങയും, കരിമ്പും, അതുപോലെയുള്ള മററു സാധനങ്ങളും ഭക്ഷണത്തിൻെറ ആദ്യത്തിലാണ കഴിക്കേണ്ടതു്. അതുകൾ ഒരിക്കലും ഊണിൻെറ ഒടുവിലായിപ്പോകരുതു്. ഗുരുത്വവും സ്നിഗ്ദ്ധതയുമുള്ള സാധനങ്ങൾ ഭക്ഷണത്തിൻെറ ആദ്യത്തി

ലും, ലഘുക്കളായ പക്വാന്നങ്ങൾ സല്പ്പാട്ട പ്രകൃതിയാകുമ്പൊഴും (മദ്ധ്യത്തിൽ), ദ്രവദ്രവ്യങ്ങൾ ഒട്ടുകവ്വുമാണ് കഴിക്കേണ്ടതു്. അതുപോലെതന്നെ മധുരദ്രവ്യങ്ങൾ ആദ്യം കഴിക്കണം; പിന്നെ അമ്ലലവണങ്ങളായ വസ്തുക്കളാവാം; ഒടുവിലാണ് കടുതിക്തകഷായങ്ങളായ സാധനങ്ങൾ കഴിക്കേണ്ടതു്. ഭക്ഷണം അവസാനിപ്പിക്കുന്നതു കുറച്ചു പാലോ, അല്ലെങ്കിൽ വെള്ളം കൂട്ടിയ മോരോ കഴിച്ചിട്ടായിരിക്കണം. ആരും ബദ്ധപ്പെട്ടുംകൊണ്ടു ഭക്ഷണം കഴിക്കരുതു്. അതിഭക്ഷണം എപ്പോഴും വർജ്ജിക്കേണ്ടതാകുന്നു. കുക്ഷിയുടെ പകുതിഭാഗം അന്നംകൊണ്ടും, കാൽഭാഗം പാനംകൊണ്ടും നിറയ്ക്കുകയും, ശേഷമുള്ള കാൽ അംശം ഒന്നും കൂടാതെ ഒഴിച്ചിടുകയുമാണു വേണ്ടതു്. ഭക്ഷണത്തിന്നിടയ്ക്കു് എപ്പോഴെങ്കിലും വെള്ളം കുടിക്കാം. എന്നാൽ അതു് ആദ്യത്തിൽ കഴിച്ചാൽ അഗ്നിമാന്ദ്യം വരികയും, കഴിച്ചവൻ കൃശനായിത്തീരുകയും ചെയ്യും. ഒടുവിലാണ് കഴിച്ചതെങ്കിൽ അവൻ അതുനിമിത്തം സ്ഥൂലനായിത്തീരുവാനും ഇടയുണ്ടു് (വാഗ്ഭടൻ). ദാഹമുള്ളവൻ അതു തീക്കുന്നതിന്നുമുമ്പു ഭക്ഷണം കഴിക്കരുതു്. അങ്ങിനെതന്നെ വിശപ്പുള്ളവൻ വല്ല ഭക്ഷണവും കഴിക്കുന്നതിന്നുമുമ്പായി വെള്ളം കുടിക്കുകയും ചെയ്യരുതു്. ഇതിൽ ആദ്യത്തെ വിധിക്കു വല്ല തെററും വരുത്തിയാൽ ഗുന്മനം, രണ്ടാമത്തേതു് അനുഷ്ഠിക്കാതിരുന്നാൽ ദകോദരവും വന്നുകൂടുവാനിടയുണ്ടു്. ക്ലിപ്തസമയങ്ങളിൽതന്നെ ഭക്ഷണം കഴിക്കുന്നതുകൊണ്ടു വളരെ ഗുണങ്ങളുണ്ടാകുന്നതാകയാൽ അതിൽ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണെന്നും, ഒരിക്കൽ അടുപ്പിൽനിന്നു വാങ്ങിയ ഭക്ഷണസാധനം രണ്ടാമതൊരിക്കലും ചൂടുപിടിപ്പിക്കരുതെന്നും സുശ്രുതൻ ഉപദേശിച്ചിരിക്കുന്നു. ഭക്ഷിക്കുന്നതിന്നുമുമ്പായി എല്ലാവരും ആ ഭക്ഷണസാധനത്തിന്റെ സ്വഭാവമൊന്നു മനസ്സിലാക്കിയിരിക്കുന്നതു് ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ ഒരു

വൻ കഴിക്കുന്നതായ ഭക്ഷണം നിമിത്തം മനസ്സിന്റെ ഗതിക്കു വളരെ വ്യത്യാസം വരുവാനുണ്ട്. പിന്നെ, ഒരുവനെ ശിഷ്ടനോ, ദുഷ്ടനൊ, മൂഢനൊ, അല്ലെങ്കിൽ വികൃതിയോ ആക്കിത്തീൎക്കുന്നത് ആ മനസ്സുമാണല്ലൊ. എല്ലാവൎക്കും ഇഷ്ടമായിട്ടു മൂന്നുവിധത്തിലാണ് ആഹാരമുള്ളതു്. ഈ ഭേദം പറഞ്ഞത് അതാത് ആഹാരത്തിന്റെ ഗുണത്തെ അടിസ്ഥാനമാക്കീട്ടാണ്. സത്വഗുണപ്രധാനന്മാർ ഇഷ്ടപ്പെടുന്നത് അവരുടെ ആയുസ്സ്, സത്വം, ബലം, സുഖം, പ്രീതി, ആരോഗ്യം എന്നിവയെല്ലാം വൎദ്ധിപ്പിക്കുന്ന ആഹാരങ്ങളാണ്. അവകൾ സ്വാദുള്ളവയും, ദേഹപുഷ്ടികരങ്ങളും, സാരമായിട്ടുള്ളവയും, ഹൃദ്യങ്ങളും ആയിരിക്കും. രാജോഗുണക്കാൎക്കിഷ്ടമായത് അധികമായ എരിവും പുളിയും ഉപ്പും കലശലായ ചൂടുമുള്ളവയും, തീക്ഷ്ണങ്ങളും, രൂക്ഷങ്ങളും, ഉൾപ്പുഴുക്കുണ്ടാക്കുന്നവയും ആയ ഭക്ഷണസാധനങ്ങളാണ്. ഇതുകളാൽ കഷ്ടാരിഷ്ടങ്ങൾമാത്രമാണ് ഫലമുണ്ടാകുന്നതു്. തമോഗുണക്കാൎക്കാകട്ടെ പഴകിയതും, സ്വാദില്ലാതായതും, ദുൎഗ്ഗന്ധമുള്ളതും, പാകംചെയ്തിട്ട് അധികനേരം കഴിഞ്ഞിരിക്കുന്നതും, ഉച്ഛിഷ്ടവും, അശുചിയും ആയ ഭോജനത്തിലാണ് പ്രീതിയുള്ളതു് (ഭഗവൽഗീത, XVII. 8—10). ശ്രേഷ്ഠത വേണമെന്നു വിചാരിക്കുന്നവരെല്ലാം മററുള്ളതൊന്നും സ്വീകരിക്കാതെ സാത്വികന്മാർ ഉപയോഗിക്കുന്ന ഭക്ഷണംതന്നെയാണ് കഴിക്കേണ്ടതു്. ഭക്ഷണം കഴിഞ്ഞതിന്നുശേഷം മുഖത്തിന്റെ ഉള്ളിലും പുറത്തും വെള്ളംകൊണ്ടു നല്ലവണ്ണം വെടിപ്പുവരുത്തുകയും, കൈ രണ്ടും കഴുകുകയും വേണം. വായിലെ വഴുവഴുപ്പു നീക്കുവാൻ ഉപ്പുവേണമെങ്കിൽ ഉപയോഗിക്കാം. പല്ലുകളുടെ ഇടയിൽ ഭക്ഷണസാധനത്തിന്റെ വല്ല ലേശങ്ങളും പററികിടക്കുന്നുണ്ടെങ്കിൽ അതെല്ലാം കുത്തിയെടുക്കേണ്ടതാണ്. കാഴ്ചക്കു ശക്തികൂട്ടുവാൻ നല്ലതാകയാൽ, നനഞ്ഞ കൈകൊണ്ടു കണ്ണുകൾ പതുക്കെ ഉ

ഴിയുകയും വേണം. അതിന്നുശേഷം അഗസ്ത്യൻ, അഗ്നി, ബഡവാനലൻ (സമുദ്രത്തിന്നുള്ളിൽ ഇരിക്കുന്നതും, അതിലെ വെള്ളം മുഴുവൻ വിഴുങ്ങുമെന്ന് ഊഹിക്കപ്പെട്ടുന്നതും ആയ അഗ്നി) ഇവരെക്കുറിച്ചു താഴേ പറയുന്ന ഫലോദ്ദേശ്യത്തോടുകൂടി ഒരു പ്രാൎത്ഥന ചെയ്യേണ്ടതുണ്ട്. "ഞാൻ ഭക്ഷിച്ചതായ അന്നം ദഹിക്കുവാൻ എന്നെ സഹായിച്ചാലും; ആഹാരം നല്ലവണ്ണം ദഹിക്കുന്നതുകൊണ്ടുണ്ടാകുന്ന സുഖം അനുഭവിക്കുവാൻ എന്നെ അനുഗ്രഹിക്കുകയും, എല്ലായ്പോഴും രോഗങ്ങളിൽനിന്ന് എന്നെ രക്ഷിക്കുകയും ചെയ്യേണമേ!". ചൊവ്വ, സൂൎയ്യൻ, അശ്വിനീകുമാരന്മാർ ഇവരെയും ഭക്തിപൂൎവ്വം സ്മരിക്കേണ്ടതാണ്. അവരുടെ നാമോച്ചാരണംതന്നെ ദഹനശക്തിയെ വൎദ്ധിപ്പിക്കുമെന്നാണ് പറയപ്പെട്ടുന്നത്. ഭക്ഷണത്തിന്നുശേഷം ധൂമപാനം ചെയ്കയോ, നല്ല സുഗന്ധദ്രവ്യങ്ങൾ കൂട്ടി മുറുക്കുകയോ വേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഇതിന്നു ഭക്ഷണാനന്തരം വൎദ്ധിക്കുന്നതായ കഫത്തെ ശമിപ്പിക്കുവാനുള്ള ശക്തിയുണ്ട്. താംബൂലം ചവൎപ്പുരസമുള്ളതും, തീക്ഷ്ണവും, സുഗന്ധമുള്ളതും, വിഷ്ടംഭനാശനവും, കാമരസത്തെ വൎദ്ധിപ്പിക്കുന്നതും, ലഘുവും, ഉഷ്ണവീൎയ്യവുമാകുന്നു. അതു നല്ല കഫഘ്നവും, ശരീരത്തിൽ രക്തശുക്ലങ്ങളെ വൎദ്ധിപ്പിക്കുന്നതും, വാതത്തെയും ക്ഷീണത്തെയും നശിപ്പിക്കുന്നതുമാണ്. താംബൂലത്തോടുകൂടി ഉപയോഗിക്കേണ്ടതായ അനേകം സാധനങ്ങളുള്ളതു ഖദിരസാരം, ചുണ്ണാമ്പ്, അടയ്ക്ക, ഏലത്തരി, കരയാമ്പൂവു, ജാതിക്ക മുതലായ സുഗന്ധദ്രവ്യങ്ങളാകുന്നു. രാവിലെ താംബൂലം ഉപയോഗിക്കുമ്പോൾ അടയ്ക്ക മററ സമയങ്ങളിലേക്കാൾ കുറച്ചു ജാസ്തിയായി കൂട്ടണം; ഉച്ചയ്ക്കു ഖദിരസാരമാണ് ജാസ്തി കൂട്ടേണ്ടത്. രാത്രിയിൽ അധികം ചേൎക്കേണ്ടതു ചുണ്ണാമ്പുമാകുന്നു. താംബൂലം ശ്വാസവായുവിൻെറ ദുൎഗ്ഗന്ധമെല്ലാം നീക്കുകയും, അതിന്നു സൌരഭ്യമുണ്ടാ

ക്കിത്തീക്കുകയും, ശബ്ദം നന്നാക്കുകയും ചെയ്യും. ദന്തരോഗം, നേത്രരോഗം ഇതിൽ ഏതെങ്കിലുമുള്ളവക്കും, വമനവിരേചനം ചെയ്തവക്കും, മദാത്തന്മാക്കും, ക്ഷയരോഗികൾക്കും അതു ഹിതമല്ല. ഭക്ഷണത്തിന്നുശേഷം നൂറടി നടക്കുന്നത് ആരോഗ്യവദ്ധനമാകുന്നു. എപ്പോഴും ഒരിടത്തുതന്നെ ഇരിക്കുന്നതുകൊണ്ടു മടി വദ്ധിക്കുന്നതുമാണ്. എന്നാൽ, ഭക്ഷണം കഴിഞ്ഞ ഉടനെ ഒരാൾ ഓടുന്നതു മൃത്യുവിൻെറ പിന്നാലെ ഓടുന്നതിന്നു തുല്യമാകുന്നു. അതുകൊണ്ട് അതു തീരെ വജ്ജിക്കണം. കുറഞ്ഞൊരു വിശ്രമത്തിന്നു ശേഷം ചേയ്യേണ്ടുന്ന ഏററവും നല്ലതായ കൃത്യം വലത്തു ഭാഗം ചെരിഞ്ഞു കിടക്കുകയാണ്. അതു ദീപനത്തിന്നു വളരെ അനുകൂലിക്കുന്നതാകുന്നു. ഈ അവസരത്തിൽ ഹിന്തുക്കൾ സാധാരണയായി സംവാഹനം അല്ലെങ്കിൽ അംഗമദ്ദനം (മേലുഴിയുക) ചെയ്യിക്കുമാറുണ്ട്. ശരീരത്തിൻെറ നാനാഭാഗങ്ങളുടെയും ആകുഞ്ചനം, പ്രസാരണം, പരിവത്തനം, നമനം, ഉന്നമനം, ഉദ്വത്തനം, അപഹരണം, പരിഭ്രമണം എന്നിവയും, സന്ധികളിൽ തിരുമ്മുക, സുഖംതോന്നത്തക്കവണ്ണം മാത്രം മെല്ലെ അടിക്കുക, സംഘഷണംചെയ്ക ഇത്യാദിയും ഈ സംവാഹനക്രിയയുടെ ഓരോ അംഗങ്ങളായിരിക്കും. ഇതുനിമിത്തം മാംസം, രക്തം, മേദസ്സ് ഇവകൾക്കു ശുദ്ധിവരികയും, മനസ്സുഖമുണ്ടായിരിക്കുകയും, സുഖനിദ്ര കിട്ടുകയും, ദുഷിച്ചതായ കഫവാതമേദസ്സുകൾ ക്ഷയിക്കുകയും, ക്ഷീണം തീരുകയും ചെയ്യും. ഈ ഒരു ചയ്യാവിശേഷം ഹിന്തുക്കൾക്കു പ്രത്യേകമുള്ളതും, അവരുടെ പ്രാചീനഗ്രന്ഥങ്ങളിൽ വിധിക്കപ്പെട്ടതുമാകുന്നു. എത്രയോ പുരാതനകാലം മുതല്ക്കുതന്നെ ചീനക്കാർ, ഗ്രീക്കുകാർ, റോമൻകാർ ഇവരുടെ ഇടയിലും ഏതെങ്കിലും ഒരു വിധത്തിലുള്ള സംവാഹനം നടപ്പുണ്ടായിരുന്നു. ചില പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം നോക്കുമ്പോൾ ഇവക്കൊക്കെ ഇതിൻെറ

അറിവു കിട്ടിയതു ഹിന്ദുക്കളിൽ നിന്നാണെന്നു കാണുന്നു. ഇത് (ഉഴിച്ചിൽ) അനേകവിധത്തിലുണ്ട്. ഇന്ത്യയിലെ ക്ഷുരകജാതിക്കാർ ഈ വിദ്യയിൽ മഹാമിടുക്കന്മാരാണെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. നാഡിപ്പിഴയെസംബന്ധിച്ച രോഗങ്ങളിൽ ഇത് ഒരു വിശേഷപ്പെട്ട ചികിത്സാവിധിയാകുന്നു. ഇത് എപ്പോഴും വളരെ സുഖകരമായിതോന്നുകയും ചെയ്യും. ഇയ്യിടയിൽ വെച്ച പാശ്ചാത്യവൈദ്യന്മാരും അംഗമർദ്ദനത്തിൻെറ (ഉഴിച്ചിലിൻെറ) ഗുണങ്ങൾ അഭിനന്ദിക്കുവാൻ തുടങ്ങീട്ടുണ്ട്. അതിന്നുശേഷം ഒട്ടും താമസിക്കാതെ അവർ ഇതൊരു ചികിത്സാമാർഗ്ഗമായി സ്വീകരിക്കുകയും ചെയ്യിരിക്കുന്നു. ഇപ്പോൾ പാശ്ചാത്യശാസ്ത്രജ്ഞന്മാർ കണ്ടു പിടിക്കുന്ന തത്വങ്ങൾ തങ്ങളുടെ പൂവ്വസ്വത്തായ പ്രാചീനവൈദ്യശാസ്ത്രത്തിൻെറ ഒരു പുനരുദ്ധാരണവും പരിഷ്കാരവും മാത്രമാണെന്നും, ഇതു (ആയുവ്വേദം) കേവലം അശാസ്ത്രീയമാണെന്നു വെച്ചുതള്ളുന്നതിന്നുപകരം, പൂവ്വവിദ്വാന്മാർ ശാസ്ത്രത്തെയും യുക്തിയെയും പ്രമാണിച്ചു സമ്പാദിച്ചുവെച്ച ജ്ഞാനത്തിൻെറ നിധിയായി ഗണിക്കപ്പെട്ടുമെന്നും വിശ്വസിച്ച് അതിന്നായി കൌതുകത്തോടുകൂടി പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന ഹിന്ദുക്കൾക്ക് ഈ സംഗതി വളരെ സമാധാനപ്രദമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല. ഇന്ത്യയിലെ ജനങ്ങൾ—പ്രത്യേകിച്ചും പുരുഷന്മാർ—ഈ സംവാഹനം ചെയ്യിക്കുന്നത് അധികവും സുഖാനുഭവത്തിൻെറ ഒരു അംഗമായിട്ടാണ് വെച്ചിരിക്കുന്നതു്. രോഗിണികളായ സ്ത്രീകൾക്ക് ഉഴിയുവാൻ സാധാരണയായി വശതയുള്ള സ്ത്രീകൾ തന്നെയാണ്. മറെറല്ലാ കാൎയ്യങ്ങളിലെപോലെ ഇ സംവാഹനത്തിലും അധികം ലയിക്കുന്നതു നിഷിദ്ധമാകുന്നു.

ഗ്രീഷ്മകാലത്തൊഴികെ മററുള്ള കാലങ്ങളിലൊക്കെ പകലുറക്കം നിഷിദ്ധമാകുന്നു. അധികമായി വഴിനടക്കുകയോ, വ

ള്ളരെ ദൂരം കുതിരപ്പുറത്തോ മറ്റൊ കയറി ഓടിക്കുകയൊ ചെയ്യു ന്നവൎക്കും, ധാരാളമായി വ്യായാമം ശീലിക്കുന്നവൎക്കും അതു വി ഹിതമാകുന്നു. അതുകൂടാതെ കുട്ടികൾക്കും, ദീനക്കാൎക്കും, സ്വാ ധീനനിദ്രന്മാൎക്കും — അതായതു പകലെ കുറെ ഉറങ്ങിയാൽ രാ ത്രിയിൽ ഉറക്കം കൂടാതെ കഴിക്കാമെന്നുള്ളവൎക്കു — പകലുറക്കത്തി ന്നു വിരോധമില്ല. ഭക്ഷണം കഴിഞ്ഞ ഉടനെതന്നെ വെയിൽ കൊള്ളുക, തിയ്യിന്നരികെ ലിരിക്കുക, നീന്തുക, കുതിരയോടിക്കുക, ഓടുക, യുദ്ധംചെയ്ക, പാടുക, വ്യായാമം ശീലിക്കുക, അല്ലെങ്കിൽ പഠിക്കുക ഇൗ വക എന്തെങ്കിലും ചെയ്യുന്നത് ആപല്ക്കരമാകു ന്നു. വിദ്വാനായിട്ടുള്ളവൻ പകൽസമയം ഒരിക്കലും സ്ത്രീസംഗം ചെയ്യരുത്; അതുനിമിത്തം ആയുസ്സു ക്ഷയിച്ചു പോകുന്നതാണ്. കുറച്ചു നേരം വിശ്രമിച്ചതിന്നുശേഷം തന്റെ നിത്യകൃത്യം എ ന്തെങ്കിലും നോക്കുന്നതിന്നു വിരോധമില്ല. വൈകുന്നേരം കുറ ച്ചു നടക്കുന്നതു പ്രത്യേകം വിഹിതമായിട്ടുള്ളതാണ്. അതിനാൽ ഇന്ദ്രിയങ്ങൾക്കു തീക്ഷ്ണത ഉണ്ടാവുകയും, ദഹനശക്തി വൎദ്ധിക്കു കയും, നിറം നന്നാവുകയും, ബുദ്ധി തെളിയുകയും ചെയ്യും. പു റത്തു പോകുമ്പോൾ എപ്പോഴും കനംകുറഞ്ഞ വല്ല വേഷ്ടനം (ത ലയിൽകെട്ടു) കൊണ്ടും തല മൂടുകയും വേണ്ടതാണ്. ചെര പ്പു, വസ്ത്രം, മാലകൾ ഇൗവക മററു വല്ലവരും ഉപയോഗിച്ചതാ ണെങ്കിൽ പിന്നെ താൻ ഉപയോഗിക്കുന്നതു സൂക്ഷിച്ചിട്ടു വേണ്ട താണ്*. വേനൽക്കാലത്തും, വൎഷക്കാലത്തും കുട അത്യാവശ്യ മാണ്. ഒരു വടികൂടാതെ ഒരിക്കലും പുറത്തിറങ്ങരുത്. അതു മൃഗങ്ങളിൽനിന്നു രക്ഷിക്കുകയും, ക്ഷീണം വരാതിരിപ്പാൻ ഉപ കരിക്കുകയും ചെയ്യുമെന്നുമാത്രമല്ല, കൊണ്ടുനടക്കുന്നവന്ന് ഒരവ സ്ഥയുമാണ്. വെള്ളത്തിൽ തന്റെ നിഴൽ നോക്കുകയോ, ജ

* സ്പൎശം അപായകര(രോഗസംക്രമത്തിന്നു കാരണ)മാണെന്നുള്ള സംഗതിയിൽ ഹിന്തുക്കൾ അന്ധന്മാരായിരുന്നില്ലെന്ന് ഇൗ ഉപദേശം തെളി യിക്കുന്നു.

ഛായത്തിൽ കേവലം നഗ്നനായി ഇറങ്ങുകയോ ചെയ്യരുത്. ഒരുവൻ എപ്പോഴും ഉത്സാഹശീലനായിരിക്കുകയും, വേഗങ്ങളെ ഒരിക്കലും തടുക്കാതിരിക്കുകയും വേണം. വൃദ്ധന്മാർ, വിദ്വാന്മാർ, വൈദ്യന്മാർ, രാജാക്കന്മാർ, അതിഥികൾ ഇവരെ എല്ലാം എപ്പോഴും മാനിക്കേണ്ടതാണ്. ഇന്ദ്രിയങ്ങളെ അധികമായി പീഡിപ്പിക്കുകയോ, അതല്ലെങ്കിൽ കലശലായി ലാളിക്കയോ ചെയ്യരുത്. ഉദിക്കുന്നതോ അസ്തമിക്കുന്നതോ ആയ സൂൎയ്യന്റെനേരെ നോക്കുന്നതും, തലയിൽ വല്ല ഭാരവും വഹിക്കുന്നതും, കീറിപ്പൊളിഞ്ഞ കിടക്കയിലൊ വൃക്ഷത്തിന്റെ ചുവട്ടിലൊ കിടന്നുറങ്ങുന്നതും ആപല്ക്കരമാകുന്നു. ഇപ്രകാരമുള്ള ഒരു ആചാരക്രമം ദീൎഘായുസ്സിന്നും, ആരോഗ്യത്തിന്നും, കീൎത്തിക്കും അനുകൂലമാകുന്നു.

പകൽസമയത്ത് എന്തെല്ലാമാണ് അനുഷ്ഠിക്കേണ്ടതെന്നു വിധിച്ചശേഷം ഹിന്തു വൈദ്യഗ്രന്ഥകാരന്മാർ, രാത്രിയിൽ ആചരിക്കേണ്ടതായ ചൎയ്യക്കും ചില നിയമം വെച്ചിട്ടുണ്ട്. ആഹാരം, മൈഥുനം, നിദ്ര, അദ്ധ്യയനം, തെരുവിൽ നടക്കുക ഈ അഞ്ചുകൂട്ടം സന്ധ്യാസമയത്തു വൎജ്ജിക്കേണമെന്ന് അവർ നിയമിച്ചിരിക്കുന്നു. നല്ല ചന്ദ്രിക കൊള്ളുവാൻ വല്ല തരവുമുണ്ടെങ്കിൽ അത് ഒരിക്കലും വിട്ടുകളയരുത്. അതു വളരെ ശീതളവും സുഖകരവുമാണെന്നു മാത്രമല്ല, സുരതത്തിന്നുള്ള രുചിയേയും ശക്തിയേയും വൎദ്ധിപ്പിക്കുന്നതുമാകുന്നു. അത്താഴത്തിന്ന് എപ്പോഴും ലഘുവായ ഭക്ഷണമേ പാടുള്ളു. രാത്രിയിൽ ദധി (തയിർ) വൎജ്ജിക്കേണ്ടതാകുന്നു. അതുതന്നെ കുറച്ച് ഉപ്പു കൂട്ടാതെ ഒരിക്കലും ഉപയോഗിക്കുകയുമരുത്. സ്ത്രീസേവ ചെയ്യുന്നതു മിതമായിട്ടുതന്നെ ഇരിക്കണം. ഹിന്തുക്കളെ സംബന്ധിച്ചേടത്തോളം വിവാഹബന്ധത്തിന്റെ ഉദ്ദേശ്യം അധികവും കാമവികാരത്തിന്നു നിവൃത്തി വരുത്തേണമെന്നല്ല, ഒരു കൃത്യം നിൎവ്വഹിക്കേണമെന്നുള്ളതാണ്. ഒരു പുത്രനോ അല്ലെങ്കിൽ പുത്രിയോ ഏ

തെങ്കിലും ഒരു സന്തതിയുണ്ടായിരിക്കണമെന്നാണ് അവൎക്കുള്ള വിധി. "പുത്"= നരകം; "ത്രാ"= രക്ഷിക്കുക എന്നീശബ്ദങ്ങളിൽനിന്നുണ്ടായ പുത്രശബ്ദത്തിന്റെ താല്പൎയ്യം പിതൃക്കളെ നരകത്തിൽനിന്നു മോചിക്കുന്നവൻ എന്നാകുന്നു. ഒരുവന്ന് ഒരു കുട്ടി, പ്രത്യേകിച്ചും ആൺകുട്ടി, ഇല്ലാതിരിക്കുന്ന കാലത്തോളം അവന്റെ പിതൃക്കൾക്കു നരകത്തിൽതന്നെ കിടക്കേണ്ടിവരുമെന്നാണ് സാധാരണയായിട്ടുള്ള വിശ്വാസം. ഒരു പുത്രനുണ്ടാകാതെ മരിച്ചുപോകുന്ന ഒരുത്തന്നു് ഒരിക്കലും മുക്തി ലഭിക്കുന്നതല്ല. അതുകൊണ്ടു ഹിന്തുക്കളുടെ ഇടയിൽ വിവാഹം സാമുദായികമായ ഒരു കരാറല്ലാതെ മതസംബന്ധമായ ഒരു കൃത്യമായിട്ടാണു വെച്ചിരിക്കുന്നതു്. അവരെസംബന്ധിച്ചേടത്തോളം, ഒരു പുത്രനുണ്ടാവുക എന്നുവെച്ചാൽ അവരുടെ പിതൃക്കൾക്കുള്ള ഒരു കടം വീട്ടുക എന്നുള്ള അൎത്ഥമാകുന്നു. ഒരു കുട്ടി ഉണ്ടാകാതിരിക്കുന്നതു വിവാഹത്തിന്റെ പരമാൎത്ഥമായ ഉദ്ദേശ്യം ഫലിക്കാതിരിക്കുന്നതിന്നു തുല്യമാകയാൽ, ഒരുത്തനും "അപുത്രൻ" എന്ന പേർ കേൾക്കുവാൻ ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള പ്രായവ്യത്യാസംകൊണ്ടോ, അല്ലെങ്കിൽ അവരിൽ ആൎക്കെങ്കിലും ഗൎഭോല്പാദനത്തിന്നുള്ള അംഗങ്ങൾക്കു വല്ല തകരാറുമുള്ളതുകൊണ്ടോ സഫലമായ ഒരു ഗൎഭോല്പാദനത്തിന്നു കഴിവുണ്ടായില്ലെന്നു വരാം. എന്നാൽ ഈ വക തരക്കേടുകളുടെ നിവൃത്തിക്കായി, ക്രിസ്ത്വാബ്ദത്തിന്റെ ആരംഭകാലത്തു "കാമസൂത്രങ്ങൾ" എന്നു പ്രസിദ്ധമായറിയപ്പെടുന്ന ഗ്രന്ഥം നിൎമ്മിച്ച വാത്സ്യായനമഹൎഷി ചില പ്രതിവിധികളെല്ലാം പറഞ്ഞിട്ടുണ്ടു്. ഇതേവിഷയത്തിൽ തന്നേക്കാൾ പ്രാചീനന്മാരായ ഏഴു ഗ്രന്ഥകാരന്മാരുടെ കൃതികളെക്കുറിച്ച് ഇദ്ദേഹം തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യനായ കൊക്കോകൻ കുറേക്കൂടി അധികം

പ്രസിദ്ധനായിട്ടുണ്ട്. അദ്ദേഹം ഗർഭോൽപാദനത്തിന്നു തടസ്ഥമായിത്തീരുന്ന അനേകം സംഗതികളെ വിവരിക്കുകയും, അവകൾക്കെല്ലാം പ്രതിവിധികൾ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. മററുള്ള ഓരോ പ്രതിവിധികളുടെ കൂട്ടത്തിൽ അംഗവിന്യാസത്തിൻെറ കാൎയ്യം ഇദ്ദേഹം പ്രത്യേകം ഊന്നി പറഞ്ഞിരിക്കുന്നു. ഇതുനിമിത്തം സ്ത്രീകളുടെ വസ്തിപ്രദേശത്തുള്ള അംഗങ്ങൾക്കു വലിയ ഭേദഗതി വരുവാനുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്. അതിന്നുപുറമെ, ചില സ്ഥിതിഭേദങ്ങളാൽ ഗർഭോൽപാദനത്തിന്ന് എളുപ്പം കൂടുമെന്നും, ഉള്ളിലുള്ള തകരാറുകൾ നീങ്ങുന്നതാണെന്നുംകൂടി അദ്ദേഹം സിദ്ധാന്തിച്ചിരിക്കുന്നു. ഓരോ അവസ്ഥാഭേദങ്ങളിൽ സ്വീകരിക്കാവുന്നതായ എമ്പത്തിനാലോളം "ആസന"ങ്ങളെ (അംഗവിന്യാസഭേദങ്ങളെ)ക്കുറിച്ച് അദ്ദേഹം വിവരിച്ചിട്ടുണ്ട്. ഈ സ്ഥിതിഭേദങ്ങളെല്ലാം താല്ക്കാലികരസത്തെ വർദ്ധിപ്പിക്കുമെന്നുമാത്രമല്ല, ഗർഭോല്പാദനത്തെ നിസ്സംശയം സഹായിക്കുമെന്നും അദ്ദേഹം പറയുന്നു. ഈ ഗ്രന്ഥകൎത്താവിൻെറ കാമശാസ്ത്രഗ്രന്ഥം ഏഷ്യയിലുള്ള അനേകം ഭാഷകളിലേക്കു തൎജ്ജമചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, ഇദ്ദേഹം പ്രതിപാദിച്ചിരിക്കുന്നതായ വിഷയം അത്യന്തം ഗ്രാമ്യമാകയാൽ പുറമെക്കു ധാരാളമായി പ്രസിദ്ധി സമ്പാദിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എന്നാൽ, ഒരു സാധാരണക്കാരൻെറ ദൃഷ്ടിക്കനുസരിച്ചു നോക്കുന്നതല്ലെങ്കിൽ, ഈ ഗ്രന്ഥം വൈദ്യന്മാരെല്ലാവരും മാനിക്കത്തക്ക യോഗ്യതയുള്ളതാണെന്നും നിസ്സംശയം പറയാം. വൈദ്യന്മാർ തന്നെ സ്ത്രീചികിത്സാവിഷയത്തിൽ ഈ അംഗവിന്യാസഭേദം ഒരു ഫലപ്രദമായ ചികിത്സാസമ്പ്രദായമാണെന്ന് ഇയ്യിടയിൽവെച്ചാണല്ലോ മനസ്സിലാക്കീട്ടുള്ളത്. ഈ വിഷയം ഇപ്പോഴും ഇതിൻെറ പരീക്ഷാനിലയിലേ ഇരിക്കുന്നുള്ളുതാനും. എന്നാൽ, ഇനി ഈ അംഗവിന്യാസം ഒരു ചികിത്സാ

സാധനമാണെന്നു പരക്കെ സമ്മതിക്കപ്പെടുന്ന ഒരു കാലം വ രുമ്പോൾ, അന്ന്, ഈ തത്വം ഒന്നാമതായി സിദ്ധാന്തിച്ചതി ന്നുള്ള മെച്ചം കിട്ടുവാൻ അവകാശം ഇന്ത്യയിലെ വൈദ്യശാ സ്ത്രത്തിന്നുതന്നെ ആയിരിക്കുകയും ചെയ്യും. ഈ അംഗവിന്യാ സഭേദംകൊണ്ടു ഗർഭോൽപാദനത്തിന്റെ കാൎയ്യത്തിൽ പ്രത്യേ കം ഗുണം കിട്ടുന്നതാണെന്നു ഹിന്തുക്കളുടെ വൈദ്യഗ്രന്ഥങ്ങ ളിൽ പണ്ടേ പറഞ്ഞുവെച്ചിട്ടുണ്ടെന്നുമാത്രമല്ല, പ്രസവവേദന കൊണ്ടും മററും ബുദ്ധിമുട്ടുന്ന സ്ത്രീകൾ കൈക്കൊള്ളേണ്ടതായ പല സ്ഥിതിഭേദങ്ങളേയും വിസ്തരിച്ചു പ്രതിപാദിക്കുകയും ചെ യ്തിരിക്കുന്നു. ക്രിസ്ത്വാബ്ദത്തിന്നും ഏകദേശം ഇരുനൂറു സംവ ത്സരംമുമ്പു ജീവിച്ചിരുന്ന യോഗശാസ്ത്രപ്രവൎത്തകനായ പതഞ്ജ ലമഹർഷി തന്റെ "യോഗസൂത്രങ്ങൾ" എന്ന ഗ്രന്ഥത്തിൽ, സന്യാസിമാൎക്കും സംസാരമുക്തിക്കുള്ള മാൎഗ്ഗം ആലോചിച്ചും സ മാധി ശീലിച്ചും വരുന്ന മററുള്ളവൎക്കും ശാരീരങ്ങളായ ഓരോ തപോനിയമങ്ങളനുഷ്ഠിക്കുമ്പോൾ ഉണ്ടാകുവാനിടയുള്ളതായ രോ ഗങ്ങളുടെ നിവാരണത്തിന്നും ചികിത്സയ്ക്കും വേണ്ടി അനേക വിധത്തിലുള്ള "ആസന"ങ്ങളെ അല്ലെങ്കിൽ അംഗവിന്യാസ ഭേദങ്ങളെക്കുറിച്ചു വിസ്തരിച്ചു പറഞ്ഞിരിക്കുന്നു. ഈ സംഗ തികളിൽനിന്നു, ഹിന്തുക്കൾ അംഗവിന്യാസത്തിന്റെ ഹിതക രമായ (ആരോഗ്യാവഹമായ) ഫലത്തെക്കുറിച്ച് അറിയാത്തവ രായിരുന്നില്ലെന്നു തെളിയുന്നുണ്ടല്ലോ.

ആൎത്തവം കണ്ടതുമുതൽ ആദ്യത്തെ നാലുദിവസവും, രണ്ടു—വെളുത്തതും കറുത്തതുമായ—പക്ഷങ്ങളിലുമുള്ള അഷ്ടമി, ചതുൎദ്ദശി, വാവ് ഈ പക്കങ്ങളിലും, പിതൃക്കളുടെ ശ്രാദ്ധ ദിവസങ്ങളിലും, ആ ശ്രാദ്ധങ്ങളുടെ തലദിവസങ്ങളിലും, മൈ ഥുനം നിഷിദ്ധമാകുന്നു. വ്യതീപാതം, വൈധൃതം, സംക്രമം ഈ വക പുണ്യകാലങ്ങളിലും, പകലും, അൎദ്ധരാത്രിയിലും, ഗ്രഹണ

സമയത്തും സ്ത്രീസംഗം ചെയ്യരുത്. രോഗം വരാതിരിക്കണമെന്ന് ആഗ്രഹിക്കുന്നവരെല്ലാം മാംസം, മദ്യ, തൈലം, ഞായറാഴ്ച ദിവസങ്ങളിലുള്ള സ്ത്രീസംഗം ഇതെല്ലാം വർജ്ജിക്കേണ്ടതാണെന്ന് ഒരു പ്രമാണത്തിൽ കാണുന്നു. അതുകൂടാതെ, "ദുർഗ്ഗന്ധമുള്ള മാംസം, വൃദ്ധസ്ത്രീ, ഗ്രീഷ്മകാലത്തെ സൂര്യൻ, പകുതി തയിരായ പാൽ, രാവിലെയുള്ള സ്ത്രീസംഗം, നിദ്ര" എന്നിവകളും ആപൽക്കരങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു. ഗ്രീഷ്മകാലത്തു പതിനഞ്ചു ദിവസം കൂടുമ്പോൾ ഒരിയ്ക്കലും, മററുള്ള കാലങ്ങളിൽ മുമ്മൂന്നു ദിവസത്തിൽ കുറയാതെ ഇടവിട്ടും മാത്രമേ സ്ത്രീസംഗം പാടുള്ളൂ എന്നാണ് സുശ്രുതന്റെ അഭിപ്രായം. അധികമായി ഭക്ഷണം കഴിച്ചവർ, വിശപ്പുള്ളവർ, ദാഹമുള്ളവർ, ധൈര്യമില്ലാത്തവർ, ബാലന്മാർ, വൃദ്ധന്മാർ, വല്ല അംഗങ്ങളിലും വേദനയുള്ളവർ, അന്യവേഗാത്തന്മാർ (മലമൂത്രാദിവേഗങ്ങളിൽ ഏതിന്നെങ്കിലും വൈകി എന്നു തോന്നുന്നവർ) ഇവരാരും സ്ത്രീസംഗം ചെയ്യരുത്. ഒരു ശയ്യാഗൃഹത്തിലെ ഗൃഢവൃത്തം അറിയുവാൻ എത്തിനോക്കുന്നത് ഉചിതമല്ല. എന്നാൽ വൈദ്യശാസ്ത്രത്തിലും മതവിഷയത്തിലും ഗ്രന്ഥങ്ങളെഴുതിട്ടുള്ള പ്രാചീനന്മാർ അവിടെയും ചില ചര്യാനിയമങ്ങൾ വിധിക്കുവാൻ വിട്ടുപോയിട്ടില്ല. ഹിരണ്യകേശി എന്നാൾ ഗൃഹിണി വിളക്കു കത്തിക്കുകയും, കിടക്ക ശരിയാക്കി വെക്കുകയും വേണ്ടതാണെന്നുപദേശിച്ചിരിക്കുന്നു. അവൾ ഭർത്താവിനെ അഭിവാദ്യം ചെയ്തു മുലക്കച്ച നീക്കിയതിന്നുശേഷം ശയ്യക്കടുത്തു ചെല്ലണം. മുലക്കച്ച നീക്കാതിരുന്നാൽ വൈധവ്യം വരുമെന്നാണ് ഊഹിക്കപ്പെട്ടിരിക്കുന്നത്. അവൾ കറുത്തതായവസ്ത്രം ധരിച്ചിരിക്കരുത്. അങ്ങിനെ ചെയ്യുന്നതായാൽ അവൾക്കുണ്ടാകുന്ന സന്തതി വികൃതിയും ഭ്രഷ്ടനും ആയിത്തീരുന്നതാണ്. അവൾ നിർമ്മലമായ വസ്ത്രം ധരിച്ചിരിക്കുകയും, ശരീരം—പ്രത്യേകിച്ചും നാ

സിക—ആഭരണങ്ങളെക്കൊണ്ട് അലങ്കരിക്കുകയും, കൺപോളകളുടെ വക്കുകളിൽ മഷിയെഴുതുകയും, സീമന്തരേഖയിൽ സിന്ദൂരം ഇടുകയും, സാധാരണസുഗന്ധദ്രവ്യങ്ങൾ കൂട്ടി മുറുക്കുകയും വേണ്ടതാണ്. ഭാൎയ്യയും ഭൎത്താവും രണ്ടാളും വളരെ സന്തോഷത്തോടുകൂടിയിരിക്കണം. രണ്ടാളുടേയും മുഖത്തു വല്ല അസഹ്യതയുടേയോ വ്യസനത്തിന്റേയോ ലാഞ്ഛനകൂടി ഉണ്ടായിരിക്കരുത്. പിന്നെ ഭാൎയ്യ, തന്റെ പ്രാണവല്ലഭന്റെ കാൽ കഴുകിക്കുകയും, മേലൊക്കെ നല്ല പരിമളമുള്ള ചൂൎണ്ണങ്ങളിട്ടു മെല്ലെ തിരുമ്മുകയും, മുമ്പിൽവെച്ച സുഗന്ധദ്രവ്യങ്ങൾ പുകക്കുകയും വേണം. ജാതിക്ക, കുങ്കുമം, വാതാമഫലം, കസ്തൂരി ഇവകളിട്ടു കുറുക്കിയ പാൽ പഞ്ചസാരയുംചേൎത്ത് അവൾ അദ്ദേഹത്തിന്റെ മുമ്പിൽ കുടിക്കുവാനായി വെച്ചുകൊടുക്കുകയും, ആയാൾ കുടിച്ചതിന്നു ശേഷമുള്ളതു താൻ കുടിക്കുകയും, ചെയ്യേണ്ടതാണ്. അവൾ പിന്നെ ചെയ്യേണ്ടതു താംബൂലവും, പാക്കും, മററു സുഗന്ധദ്രവ്യങ്ങൾ ഒരു വെററിലയിൽ പൊതിഞ്ഞിട്ട് അതും കൂടി ഭൎത്താവിന്നു കൊടുക്കുകയാണ്. അതിന്നുശേഷം അവൾ തന്റെ ഭൎത്താവിനെ ഈശ്വരനെപ്പോലെ വിചാരിച്ചു കാക്കൽ വീണു നമസ്കരിക്കയും, തന്റെ കുടുംബത്തിൽ മുമ്പുണ്ടായിട്ടുള്ള യോഗ്യന്മാരായ പുരുഷന്മാരുടേയോ, അല്ലെങ്കിൽ പ്രസിദ്ധനായ ഏതെങ്കിലും ഒരു മഹൎഷിയുടേയൊ യോദ്ധാവിന്റേയൊ, അതല്ലെങ്കിൽ ഒരു പുണ്യപുരുഷന്റേയൊ, പേരുകൾ സ്മരിക്കുകയും ചെയ്തുകൊള്ളണം. ഭൎത്താവും ഈശ്വരസ്മരണ ചെയ്തു തനിക്കു നല്ലൊരു പുത്രനുണ്ടാകുവാൻ പ്രാൎത്ഥിക്കേണ്ടതാണ്*. അതിൽ പിന്നെ ആയാൾ ത

* ഈ പറഞ്ഞതിൽനിന്നെല്ലാം, ഉല്പാദനസമയത്തു മാതാപിതാക്കന്മാരുടെ മനോവൃത്തികളുള്ള സ്ഥിതിഭേദങ്ങൾ അവൎക്കുണ്ടാകുന്ന സന്തതിയുടെ ഗുണദോഷങ്ങൾക്കു കാരണമായിത്തീരുമെന്നു ഹിന്തുക്കൾ വിശ്വസിക്കുന്നുണ്ടെന്നും, മററു രാജ്യക്കാർ ഇപ്പോൾ മാത്രം ശ്രദ്ധവെക്കുവാൻ തുടങ്ങീട്ടുള്ള "ജെനിറേറാളജി" (ആരോഗ്യവും സൌന്ദൎയ്യവുമുള്ള കുട്ടികളുണ്ടാകുന്നതിന്നുള്ള ശാസ്ത്രം) അവർ അനവധികാലം മുമ്പുതന്നെ അംഗീകരിച്ചു പോന്നിട്ടുണ്ടെന്നും തെളിയുന്നു.

ൻെറ വലത്തെ മൂക്കിൽക്കൂടി ശ്വാസം പോയിക്കൊണ്ടിരിക്കു മ്പോൾമാത്രം (ഇതിന്നു "ശരം നോക്കുക"എന്നു പറയും) സം യോഗത്തിന്നു ശ്രമിക്കണം. എന്തുകൊണ്ടെന്നാൽ, "ഭക്ഷണം മലശോധന, മൈഥുനം, നിദ്ര, രാജാക്കന്മാരെ കാണുക, യുദ്ധം, ഔഷധസേവ ഇവയെല്ലാം ശ്വാസം വലത്തെ മൂക്കിൽക്കൂടി പോകുന്ന സമയത്തേ പാടുള്ളു" എന്നു പറയപ്പെട്ടിരിക്കുന്നു. സുരതം കഴിഞ്ഞശേഷം കുളിക്കുകയാണ വേണ്ടത്. അതില്ലെങ്കിൽ കൈകാലുകളും മററ ഭാഗങ്ങളും എത്രതായാലും കഴുകണം. അതിന്നുശേഷം സൂപ്പോ പാലോ കഴിക്കുകയും, ഗുളത്തോടുകൂടി ഭക്ഷണസാധനങ്ങൾ എന്തെങ്കിലും തിന്നുകയും, ഉടനെ ജനേലുകളെല്ലാം തുറന്നിട്ടു നിദ്രയ്ക്കാരംഭിക്കുകയും വേണം. ഭാൎയ്യ വിളക്കുകെടുത്തു പിന്നെ വേറിട്ടൊരു കിടയ്ക്കയിലാണ കിടക്കേണ്ടത്. ആരും വടക്കോട്ടു തലവെച്ചു കിടന്നുറങ്ങരുത്. തെക്കോട്ടു തലവെച്ചു കിടന്നുറങ്ങുന്നതായാൽ ദീൎഘായുസ്സു കിട്ടുമെന്നാണ വിശ്വസിക്കപ്പെട്ടുപോരുന്നത്. പടിഞ്ഞാട്ടു തലയാക്കി കിടന്നാൽ രാത്രിയിൽ മുഴുവനും സ്വപ്നം കണ്ടുകൊണ്ടിരിക്കുകയും, തെക്കോട്ടു തലവെച്ചിരുന്നാൽ ധനലാഭമുണ്ടാവുകയും ചെയ്യുന്നതാണത്രെ. അഗസ്ത്യൻ, മാധവൻ, മുചുകുന്ദൻ, കപിലൻ, അസ്തികൻ എന്ന ഈ അഞ്ചു "സുഖപ്രസുപ്ത"ന്മാരുടെ നാമങ്ങൾ ഉച്ചരിച്ചാൽ യാതൊരു ഉപദ്രവവും കൂടാതെ സുഖനിദ്ര കിട്ടുവാനിടയുണ്ട്. കൃത്യസമയത്തു കിടന്നുറങ്ങുകയും, നേരത്തെ എഴുന്നേല്ക്കുകയും ചെയ്യുന്നതിനേക്കാൾ ഗുണകരമായിട്ടു വേറെ യാതൊന്നുമില്ല. ഒരാൾ ദിവസേന രാവിലെ സൂൎയ്യോദയസമയത്ത് എട്ട് അഞ്ജലി(നാലു പലം അല്ലെങ്കിൽ നാഴി) വെള്ളം കുടിച്ചു ശീലിച്ചു വന്നാൽ, ആയാൾക്കു വാൎദ്ധക്യംകൊണ്ടുള്ള ഉപദ്രവങ്ങളും, മൂലക്കുരു, വീക്കം, തലവേദന, ചുളിച്ചുളിച്ചുളിച്ച കുത്തൽ മുതലായ ദീനങ്ങളും, പിത്താധിക്യത്താലുള്ള രോഗങ്ങളും ഉണ്ടാകുന്നതല്ലെന്നു മാത്രമല്ല,

നൂറു വയസ്സുതികച്ചും ജീവിച്ചിരിക്കുവാനിട വരികയും ചെയ്യും. വായിൽക്കൂടി കുടിക്കുന്നതിന്നു പകരം ഒരാൾ മൂക്കിൽക്കൂടി കുറേശ്ശ വെള്ളം കുടിച്ചു ശീലിക്കുന്നതായാൽ ആയാളുടെ ദൃഷ്ടിക്കു ശക്തി കൂടുകയും, തല നരക്കാതിരിക്കുകയും ചെയ്യുന്നതാണ്.

മേൽപറഞ്ഞ വിധികളെല്ലാം ഋതുക്കൾ മാറുന്നതോടു കൂടി അല്പാല്പം ഭേദപ്പെടുത്തേണ്ടി വരും. ഈ ഇന്ത്യയിൽ ശരിയായി ഈരണ്ടു മാസം നില്ക്കുന്നതായ ആറ് ഋതുക്കളുടേയും ഗുണം അനുഭവിച്ചു വരുന്നുണ്ട്. ഈ ഋതുക്കൾ താഴേ കാണിക്കുന്നവയാകുന്നു:—

൧. ശിശിരം—മകരത്തിലെ വെളുത്ത പ്രതിപദംമുതൽ മീനത്തിലെ കറുത്ത വാവുവരെ.

൨. വസന്തം—മീനത്തിലെ വെളുത്ത പ്രതിപദം മുതൽ എടവത്തിലെ കറുത്ത വാവുവരെ.

൩. ഗ്രീഷ്മം—എടവത്തിലെ വെളുത്ത പ്രതിപദം മുതൽ കൎക്കിടകത്തിലെ കറുത്ത വാവുവരെ.

൪. വൎഷം—കൎക്കിടകത്തിലെ വെളുത്ത പ്രതിപദം മുതൽ കന്നിയിലെ കറുത്ത വാവുവരെ.

൫. ശരത്ത്—കന്നിയിലെ വെളുത്ത പ്രദിപദം മുതൽ വൃശ്ചികത്തിലെ കറുത്ത വാവുവരെ.

൬. ഹേമന്തം—വൃശ്ചികത്തിലെ വെളുത്ത പ്രതിപദം മുതൽ മകരത്തിലെ കറുത്ത വാവുവരെ.

ഇതിൽ ആദ്യത്തെ മൂന്ന് ഋതുക്കളിൽ സൂൎയ്യൻ നില്ക്കുന്നതു മദ്ധ്യരേഖയുടെ വടക്കായിരിക്കും. ആ കാലത്തു സസ്യങ്ങൾക്കും മററു സൂൎയ്യനെക്കൊണ്ടുള്ള ഫലം ഒട്ടും നല്ലതായിരിക്കയില്ല. അന്നു സൂൎയ്യൻ ഓഷധികളുടെ രസമെല്ലാം വലിച്ചെടുക്കാമെന്നും, അവയ്ക്കു ആഗ്നേയഗുണങ്ങളുണ്ടാക്കിത്തീൎക്കുമെന്നുമാണ് ഊഹിക്കപ്പെട്ടിരിക്കുന്നത്. ബാക്കി മൂന്ന് ഋതുക്കളി

ലും സൂര്യൻ നിമിത്തം സസ്യവർഗ്ഗത്തിന്നു ഗുണമാണുണ്ടാകുന്ന തെന്നു മാത്രമല്ല, അക്കാലത്തുണ്ടാകുന്ന സസ്യാദികളെല്ലാം സൌമ്യഗുണഭൂയിഷ്ഠങ്ങളായിരിക്കുകയും ചെയ്യും.

ശീതോഷ്ണസ്ഥിതി വളരെ തണുപ്പായും വരണ്ടും ഇരിക്കു വാനിടയുള്ള ശിശിരകാലത്തിൽ രാവിലെയുള്ള ഭക്ഷണത്തിന്ന് ഒട്ടും അമാന്തം വരുത്തരുതെന്നുതന്നെയല്ല, സ്വാദുക്ലലവണ ങ്ങളായ ഭക്ഷണസാധനങ്ങളെ പ്രത്യേകിച്ച് ഉപയോഗിക്കുകയും വേണം. മേലെല്ലാം എണ്ണതേക്കണം; പിന്നെ സ്നാനത്തിന്നു മുമ്പായി ഈ കാലത്തു വ്യായാമം ശീലിക്കേണമെന്നും പ്രത്യേ കം വിധിച്ചിട്ടുണ്ട്. ഗോതമ്പം, കരിമ്പ്, അരി, ഉഴുന്ന്, അര ച്ചുണ്ടാക്കിയ പലഹാരങ്ങൾ, പഴക്കം ചെല്ലാത്ത ധാന്യം, എ ള്ള്, ഉഷ്ണത്തനം ഇതെല്ലാം ഇക്കാലത്തു വളരെ ഹിതമായിട്ടു ള്ളതാണ്. കുങ്കുമവും കസ്തൂരിയും മേലൊക്കെ പൂശുകയും, ചൂടു ള്ള വസ്ത്രം ധരിക്കുകയും വേണം.

വസന്തത്തിൽ കഫസംബന്ധമായ രോഗങ്ങൾ വർദ്ധിക്കു ന്നതാകയാൽ, അക്കാലത്തു ശോധനങ്ങളായ ദ്രവ്യങ്ങളെ ശീല ക്കുന്നതായിരിക്കും അധികം ഗുണം. അന്നു ശാരീരമായ വ്യായാ മവും വളരെ ഹിതമാണ്. അക്കാലത്തു രൂക്ഷോഷ്ണങ്ങളും കടുല ഘുക്കളുമായ സാധനങ്ങളാണ് ഭക്ഷിക്കേണ്ടത്. പകലുറക്കം വർ ജ്ജിക്കുകയും വേണം. ഈ കാലം സാധാരണയായി അത്ര സു ഖമുള്ളതല്ല. അതു നിമിത്തം വൈദ്യന്മാർക്ക് ഇതു നല്ല സമ്പാ ദ്യമുള്ള കാലമായിരിക്കും. ചൂടുവെള്ളത്തിൽ കുളിക്കുന്നത് ഈ കാലത്തു ഹിതമായിട്ടുള്ളതാണ്. ഭക്ഷണത്തിന്നുപയോഗിക്കുന്ന ഗോതമ്പവും അരിയും ഒരു കൊല്ലം പഴകിയതായിരിക്കണം. സൂ ര്യരശ്മി ലവലേശവും തട്ടാതേയും, ചെടികളും പുഷ്പങ്ങളും മറഞ്ഞും നിറഞ്ഞും ഇരിക്കുന്നതായ ഒരു ഉദ്യാനത്തിലിരുന്നു മദ്ധ്യാഹ്നം കഴിച്ചുകൂട്ടുന്നതായിരിക്കും ഇക്കാലത്ത് അധികം നന്നായിട്ടുള്ളത്.

ഗ്രീഷ്മത്തിൽ സൂൎയ്യൻ ശരീരത്തിലുണ്ടാകുന്ന കഫ ത്തെ വലിച്ചെടുക്കുന്നു. അതുകൊണ്ട് അക്കാലത്തു കഫത്തിന്റെ നഷ്ടം തീക്കത്തക്കവണ്ണമുള്ള ഭക്ഷണസാധനങ്ങൾതന്നെ കഴിക്കണം. അതിന്നായി മധുരമായും, സ്നിഗ്ദ്ധമായും, ഹിമമായും, ലഘുവായും, ദ്രവമായുമുള്ള ദ്രവ്യങ്ങളാണ് വിധിക്കപ്പെട്ടിരിക്കുന്നത്. പഞ്ചസാര, തയിർ, സൂപ്പു, പാൽ എന്നിവയെല്ലാം ധാരാളമായി ഉപയോഗിക്കാം. ഉച്ചക്കു കുറച്ചുകിടന്നുറങ്ങുന്നത് ഈ ക്കാലത്തു രോഗശമനമായിരിക്കും. ചന്ദ്രികയും ആരോഗ്യത്തിന്നു നന്നായിട്ടുള്ളതാണ്. കടുപ്പുലവണങ്ങളായ വസ്തുക്കളെല്ലാം വർജ്ജ്യങ്ങളാകുന്നു. അധികമായി വ്യായാമം ശീലിക്കുകയും, മേ ലുഴിയുകയും (ഉദ്വൎത്തനം) പാടുള്ളതല്ല.

വർഷത്തിൽ വാതസംബന്ധമായ രോഗങ്ങളാണ് ഉ ണ്ടാകുവാനിടയുള്ളത്. അക്കാലത്തു ശമനങ്ങളും, മധുരം, ഉപ്പു, പുളി ഈ രസങ്ങളുള്ളവയും ആയ ആഹാരങ്ങൾ ശീലിക്കണം. തീയ്യിന്നരികെ ഇരിക്കുകയും, മേലുഴിയുകയും ചെയ്യുന്നതു് നല്ല താണ്. കുരുമുളകു കൂടാതെ ഇക്കാലത്തു തയിർ ഒരിക്കലും ഉപ യോഗിക്കരുതു്. ഗോതമ്പം, അരി, ഉഴുന്ന് ഇതൊക്കെ ഭക്ഷണ ത്തിന്നു നല്ലതാണ്. കിണററിലെ വെള്ളമോ, മഴ പെയ്യുമ്പോൾ എടുക്കുന്ന വെള്ളമോ മാത്രം വെള്ളത്തിന്റെ ആവശ്യത്തിന്നു ഉപയോഗിക്കാം. ശീതവും, കിഴക്കൻ കാറേറാ വെയിലോ തട്ടുന്നതും സൂക്ഷിക്കേണ്ടതാണ്. അതിന്നു പുറമെ പകലുറക്കം, ശരീരായാസം, നീന്തൽ ഇവയും വൎജ്ജിക്കേണ്ടതാകുന്നു. ഈ കാലത്തു വെറുംനിലത്തു കിടന്നുറങ്ങുന്നതും വിഹിതമായിട്ടുള്ളതല്ല.

ശരത്തിൽ പിത്തസംബന്ധമായ രോഗങ്ങൾ ഉണ്ടായി ത്തീരുവാൻ ഇടയുണ്ട്. അതുകൊണ്ട് അക്കാലത്ത് നെയ്, പാൽ, പഞ്ചസാര, ജാംഗലമാംസം, ഗോതമ്പം യവം, ചെറുപയർ,

നെല്ലരി ഇതൊക്കെയാണ് ഭക്ഷണത്തിന്നു നല്ലത്. മധുരകഷായതിക്തങ്ങളായ വസ്തുക്കൾ പ്രത്യേകം ഹിതമായിട്ടുള്ളതാണ്. മഴവെള്ളമോ, അല്ലെങ്കിൽ പകൽ മുഴവനും സൂർയ്യരശ്മി തട്ടിക്കിടക്കുന്നതും * രാത്രിയിൽ ചന്ദ്രികയേററിരിക്കുന്നതും ആയ ജലമോ (ഇതിന്നു 'ഹംസോദകം' എന്നു പേർ പറയുന്നു.) ആണ കുടിക്കേണ്ടതും ആരോഗ്യത്തിന്ന് ഉപയോഗിക്കേണ്ടതു്. ഇക്കാലത്തു വെള്ളം നിയമേന രാവിലേതന്നെ കൊണ്ടുവരണം. കർപ്പൂരവും ചന്ദനവും ഉപയോഗിക്കുകയും, കനം കുറഞ്ഞ വസ്ത്രം ധരിക്കുകയും വിഹിതമാകുന്നു. പുഷ്പങ്ങൾ, ചന്ദ്രിക, ജലക്രീഡ, ലഘുക്കളും ശീതളങ്ങളുമായ ഭക്ഷണസാധനങ്ങൾ ഇതൊക്കെയും ഇക്കാലത്തു പ്രത്യേകം ഹിതമായിട്ടുള്ളതാണ്. എന്നാൽ ദധി, വ്യായാമം, അമ്ലപട്ടുഷ്ണങ്ങളും ക്ഷാരങ്ങളും ആയ ദ്രവ്യങ്ങൾ, ആതപം ഇവയെല്ലാം ആപൽകരങ്ങളുമാകുന്നു. ഇന്ത്യയിൽ ഇതാണ് ഏററവും ചീത്തയായിട്ടുള്ള കാലം. അതുകൊണ്ട് ഈ കാലത്തെ "വൈദ്യസ്യ ശാരദീമാതാ പിതാ ച കുസുമാകരഃ" എന്നൊരു സംസ്കൃതശ്ലോകാർദ്ധംകൊണ്ട് ഒരു കവിവർണ്ണിച്ചിട്ടുള്ളതും ഉചിതമായിരിക്കുന്നു. ഇതിൻെറ താല്പൎയ്യം "ശരത്തു വൈദ്യൻെറ അമ്മയും, വസന്തം അച്ഛനുമാണ്" എന്നാകുന്നു. എന്തുകൊണ്ടെന്നാൽ ഈ രണ്ടു കാലങ്ങളിലെപ്പോലെ വൈദ്യന്മാൎക്കു മറെറാരു കാലത്തും അത്ര തിരക്കില്ല; അവൎക്കു സമ്പാദ്യവും ഇത്ര മറെറാരിക്കലും ഉണ്ടാകുന്നില്ല. "ജീവതാം ശരദാം ശതം" എന്നുള്ളതു ഹിന്തുക്കളുടെ ഇടയിൽ സാധാരണയായുള്ള ആശീൎവ്വാദമാണല്ലൊ. ഇക്കാലത്തു പിത്തത്തെ കളയുമാറുള്ള വിരേകങ്ങളും, ബലവാന്മാൎക്കു രക്തമോക്ഷവും ആരോഗ്യാവഹങ്ങളാകുന്നു.

* സൂൎയ്യരശ്മികളുടെ ശുചീകരണശക്തിയെക്കുറിച്ചു ഹിന്തുക്കൾക്കു പൂൎണ്ണമായ ജ്ഞാനമുണ്ടായിരുന്നു എന്ന് ഇതുകൊണ്ടു തീൎച്ചയാകുന്നു.

ഹേമന്തിലെ ചൎയ്യകളെല്ലാം ശിശിരത്തിൽ വിധിച്ചിട്ടുള്ള വതന്നെയാണ്. അതുകൊണ്ട് അവയെ വീണ്ടും ഇവിടെ എടുത്തുപറയേണ്ടതില്ലല്ലൊ.

ഈ പറഞ്ഞ ചൎയ്യകളെല്ലാം, ഇന്ത്യയിൽ വിദേശീയന്മാരുടെ ആക്രമങ്ങളും ആഭ്യന്തരകലഹങ്ങളും നിമിത്തം ഹിന്തുക്കളുടെ സമുദായവൃത്തികൾക്കൊ രാജാധികാരത്തിന്നോ ചില മാററങ്ങൾ വന്നുപോയിട്ടുണ്ടെങ്കിലും അവർ ഇന്നുംവിടാതെപിടിച്ചിരിക്കുന്നതും, അവരെ ഒന്നായി ബന്ധിച്ചു നിൎത്തുന്നതും ആയ ഹിന്തുമതത്തിന്ന് അനുസരിച്ചുള്ളവയും, അതിനാൽ പൂൎണ്ണമായി അനുവദിക്കപ്പെട്ടിരിക്കുന്നവയും ആകുന്നു. ഇത്ര അധികം പ്രതികൂലശക്തികളെ തട്ടുത്തുനിന്നതായ മററ ഒരു ജനസമുദായത്തെക്കുറിച്ചും ചരിത്രത്തിൽ പ്രസ്താവിച്ചിട്ടില്ല. ക്രിസ്താബ്ദത്തിന്നും 300 കൊല്ലങ്ങൾക്കുമുമ്പ് ഇന്ത്യയെക്കുറിച്ച് എഴുതിയിരിക്കുന്ന മഗാസ്തനീസ്സോ, അല്ലെങ്കിൽ ക്രിസ്താബ്ദം 7-ാം നൂററാണ്ടിൽ തനിക്ക് ഇന്ത്യയിലുണ്ടായ അനുഭവങ്ങളെക്കുറിച്ച് എഴുതിയ ഹ്യയൻഥ്സാങ് എന്ന ചീനരാജ്യത്തെ തീൎത്ഥയാത്രക്കാരനൊ അവരുടെ ശവകുടീരങ്ങളിൽനിന്ന് എഴുനേല്ക്കുകയും, ഈ രാജ്യത്തെ വീണ്ടും സന്ദൎശിക്കുകയും ചെയ്യുന്നതായാൽ ഹിന്തുക്കളുടെ നിയമങ്ങളും, ആചാരങ്ങൾ, ദിനചൎയ്യകൾ ഇവയെക്കുറിച്ച് അവൎക്ക് ആദ്യം ഉണ്ടായിട്ടുള്ള അഭിപ്രായങ്ങളിൽ വല്ലതുമൊന്നു മാറേറണ്ടിവരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു, ഹിന്തുക്കളുടെ നടവടിക്കുവേണ്ടി നിയമിച്ചിട്ടുള്ള അനേകം ആചാരങ്ങളും, ആരോഗ്യത്തെ നിലനിൎത്തുവാനുള്ള ചൎയ്യകളും കാലത്തിൻെറ ഉപദ്രവങ്ങളാൽ തീരെ നശിപ്പിക്കപ്പെട്ടുവാനോ അല്ലെങ്കിൽ അടിയിളക്കിത്തീൎക്കുവാനോ കഴിയാത്തവിധം അത്ര ഉറപ്പോടുകൂടിയ അസ്ഥിവാരത്തിന്മേലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നു നല്ലവണ്ണം തെളിയുന്നുണ്ടല്ലൊ. ദിവസംതോറും,

പിന്നെ ഋതുഭേദത്തിന്നനുസരിച്ചും ഉള്ള ചൎയ്യകളെക്കൊണ്ടു ഹിന്തുക്കൾ രോഗബാധയെ തടുത്തുകൊണ്ടുവരുന്നു. എന്നാൽ എത്രതന്നെ നിവാരണമാൎഗ്ഗങ്ങളുണ്ടായിരുന്നാലും രോഗങ്ങൾ പലപ്പോഴും വന്നുകൂടാതിരിക്കുന്നതല്ലല്ലൊ. അതുകൊണ്ട് അവരുടെ വൈദ്യഗ്രന്ഥങ്ങളിൽ രോഗനിവാരണത്തിന്നുള്ള ചികിത്സകളും പറഞ്ഞിട്ടുണ്ട്. രോഗസ്വഭാവത്തെക്കുറിച്ചുള്ള അവരുടെ സിദ്ധാന്തം നവീനശാസ്ത്രത്താൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതിൽ നിന്നും കുറെ വ്യത്യാസമുള്ളതാണ്. എങ്കിലും അതാണ് ഒന്നാമതായി ഉണ്ടായതെന്നുള്ള മെച്ചം അതിന്നുതന്നെ കിട്ടുന്നതാണല്ലൊ. അതിന്നു പുറമെ, ഈ സിദ്ധാന്തം അനവധികാലമായി നിലനിന്നു വരുന്നതുമാകയാൽ അതിനെക്കുറിച്ചു ചുരുക്കത്തിലെങ്കിലും വേറെ ഒരു അദ്ധ്യായത്തിൽത്തന്നെ വിവരിച്ചേ മതിയാവുകയുള്ളു എന്നു വിചാരിക്കുന്നു.

## ആറാം അദ്ധ്യായം.

### ഹിന്തുക്കളുടെ വൈദ്യശാസ്ത്രസിദ്ധാന്തം.

ശരീരത്തിലുള്ള വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളുടെ വിഷമാവസ്ഥയാണ് സകലരോഗങ്ങൾക്കും കാരണമാകുന്നതെന്നു ഹിന്തുവൈദ്യശാസ്ത്രത്തിൽ സിദ്ധാന്തിച്ചിരിക്കുന്നു. ഇവകൾ മനുഷ്യശരീരത്തിന്റെ ഏററവും സൂക്ഷ്മങ്ങളായ അംശങ്ങളിൽക്കൂടി വ്യാപിച്ചിട്ടുമുണ്ട്. ഈ "ദോഷങ്ങൾ" അവയുടെ സമനിലയിൽ ഇരിക്കുന്ന കാലത്തോളം ശരീരത്തിന്നു യാതൊരു അസ്വാസ്ഥ്യവും നേരിടുന്നതല്ല. എന്നാൽ അവറ്റിന്നു വല്ല തകരാറും വന്നുപോയെങ്കിൽ, എല്ലാവിധം ഉപദ്രവങ്ങളും ഉ

ണ്ടായിത്തീരുന്നതുമാണ്. ഈ മൂന്നു ദോഷങ്ങളും അവയാൽ ധരിക്കപ്പെടുന്ന ശരീരത്തിൽ എല്ലാടവും വ്യാപിച്ചിട്ടുണ്ടെന്നു മേൽ പ്രസ്താവിച്ചുവല്ലോ. എങ്കിലും വാതത്തിന്റെ പ്രധാനസ്ഥാനം കാലുകളുടേയും നാഭിയുടേയും മദ്ധ്യത്തിലും, പിത്തത്തിന്റെ മുഖ്യാശയം നാഭിയുടേയും ഹൃദയത്തിന്റേയും ഇടയിലും, കഫത്തിന്റെ സാക്ഷാൽ സ്ഥാനം ഹൃദയത്തിന്റേയും ശിരസ്സിന്റേയും നടുക്കുള്ള ഭാഗത്തിലും ആകുന്നു. വാതം വാൎദ്ധക്യത്തിലും, പിത്തം യൌവനത്തിലും, കഫം ബാല്യത്തിലും പ്രബലമായിരിക്കും. വൈകുന്നേരം വാതം വൎദ്ധിക്കുന്ന കാലവും, മദ്ധ്യാഹ്നവും പ്രഭാതവും ക്രമേണ പിത്തകഫങ്ങളുടെ വൎദ്ധനയ്ക്കുള്ള അവസരവും ആകുന്നു. അങ്ങിനെതന്നെ, ഉദരത്തിലുള്ള ആഹാരം ദഹിച്ചതിന്നുശേഷം വാതത്തിന്നാണ് പ്രാബല്യം; ദഹനം പകുതിയാകുമ്പോൾ പിത്തമായിരിക്കും അധികരിച്ചിരിക്കുന്നതു്; ദഹനാരംഭത്തിൽ അധികാരം കഫത്തിന്നുമാകുന്നു. വാതം വൎദ്ധിച്ചിരിക്കുമ്പോൾ അഗ്നി 'വിഷമ'മായിത്തീരും; പിത്തം അധികരിച്ചാൽ അതു 'തീക്ഷ്ണ'മാകുന്നതാണ്; കഫമാണ് പ്രബലപ്പെട്ടിരിക്കുന്നതെങ്കിൽ അഗ്നി 'മന്ദ'മായിത്തീരുകയും ചെയ്യും. വേണ്ടതുപോലെ ദീപനം വരേണമെങ്കിൽ ഈ മൂന്നു "ദോഷങ്ങളും" അവയുടെ സമനിലയ്ക്കുതന്നെ ഇരിക്കേണ്ടതാണ്. വാതം അധികരിക്കുമ്പോൾ കോഷ്ഠം "ക്രൂര"മായിരിക്കും; പിത്തം വൎദ്ധിച്ചാൽ അതു 'മൃദു'വാകുന്നതാണ്; കഫമാണ് വൎദ്ധിച്ചിരിക്കുന്നതെങ്കിൽ അതു(കോഷ്ഠം) 'മദ്ധ്യം' ആയിത്തീരുകയും ചെയ്യും. ഈ മൂന്നും സമാവസ്ഥയിലിരിക്കുമ്പോൾ മാത്രമേ ശരീരത്തിന്നു സൌഖ്യമുണ്ടാവുകയുള്ളു. ചിലപ്പോൾ ഈ ദോഷങ്ങളുടെ ന്യൂനത സഹജമായിരിക്കും. അങ്ങിനെ വരുമ്പോൾ പിത്തപ്രകൃതി വാതപ്രകൃതിയേക്കാളും, കഫപ്രകൃതി ഈ രണ്ടിനേക്കാളും നല്ലതാണ്. എങ്കിലും എല്ലാംകൂടി ആലോചിക്കുമ്പോൾ ഈ ദോ

ഷകൃത്യങ്ങൾക്ക് എന്തു തകരാറ വരുന്നതും ഇഷ്ടമല്ലതാനും. വാതപിത്തകഫങ്ങളാകുന്നത്രിദോഷങ്ങളുടെ ചില പ്രത്യേകകാൎയ്യങ്ങളാണ് ഈ പറഞ്ഞത്. ഇനി ഇവകളാൽ പ്രകൃതിയിലുണ്ടാകുന്ന വ്യത്യാസവും മററു വികാരഭേദങ്ങളും കുറേക്കൂടി വിശദമാക്കുവാൻ ശ്രമിക്കാം.

ഹിന്തുക്കളുടെ സിദ്ധാന്തപ്രകാരം, ശരീരത്തിൻെറ എന്തു ചലനവും വാതത്തെ ആശ്രയിച്ചിരിക്കുന്നു. വാസ്തവത്തിൽ അതിന്നുമാത്രമേ ചലനശക്തിയുള്ളു. അത് (വാതം) ഏതിനോടാണു സംയോജിക്കുന്നതെന്നുവെച്ചാൽ, അതിൻെറ ഗുണങ്ങളെ വഹിക്കുവാൻ ("യോഗവാഹിത്വ"ത്തിന്നു) കഴിവുള്ളതാകുന്നു. എന്നാൽ സ്വതേ വാതത്തിന്നുള്ള ഗുണങ്ങൾ രൂക്ഷത, ലാഘവം, ശൈത്യം, കാഠിന്യം, സൂക്ഷ്മത, ചലനം എന്നിവയാണ്. ഇത് അഞ്ചു വിധത്തിലുണ്ട്. ഇങ്ങിനെ വിഭാഗിച്ചിരിക്കുന്നത് അതു ശരീരത്തിൽ ചെയ്തുവരുന്ന പ്രവൃത്തികൾക്കനുസരിച്ചാണ്. ഈ അഞ്ചുവായുക്കൾ ഉദാനൻ, പ്രാണൻ, സമാനൻ, അപാനൻ വ്യാനൻ എന്നിവയാകുന്നു.

ഉദാനൻ ഇരിക്കുന്നത് ഉരോസ്ഥിയുടെ മീതെ കണ്ഠദേശത്തിലായിട്ടാണ്. ഈ വായുവിൻെറ സഹായത്താലാകുന്നു നമുക്കു സംസാരിക്കുവാനോ, പാടുവാനോ, വല്ല ശബ്ദങ്ങളും പുറപ്പെടുവിക്കുവാനോ കഴിവുണ്ടാകുന്നത്. അതുകോപിച്ചാൽ ജത്രൂൎദ്ധ്വഭാഗത്തിൽ പല രോഗങ്ങളും ഉണ്ടാകുവാൻ ഇടയുണ്ട്.

പ്രാണൻ മൂൎദ്ധാവിലിരിക്കുന്നു. എന്നാൽ ഉരസ്സ്, കണ്ഠം ഈ വക പ്രദേശങ്ങളിലുംകൂടി അതിന്നു സഞ്ചാരമുണ്ട്. നമുക്കു ശ്വാസോച്ഛ്വാസം ചെയ്വാനും, ഭക്ഷണസാധനങ്ങൾ ഇറക്കുവാനും ഈ വായു നിമിത്തമാണു സാധിക്കുന്നത്. ഇതു കോപിച്ചാൽ എക്കിട്ട്, ഏക്കം എന്നീവക അനേകം രോഗങ്ങൾ ഉണ്ടായിത്തീരുന്നതുമാണ്.

സമാനൻ ഉദരത്തിൽ ജഠരാഗ്നിക്കു സമീപം ഇരിക്കുന്നു. അത് ആമാശയത്തിലേക്കു വരുന്ന അന്നത്തെ പചിക്കയും, ശരീരപുഷ്ടിക്കാവശ്യമുള്ള "സാര"ത്തേയും, പുറത്തേക്കു കളയേണ്ടതായ "കിട്ട"ത്തേയും വേർതിരിക്കുകയും ചെയ്യുന്നു. അതു ദുഷിച്ചിരുന്നാൽ വയററിൽ വേദന, ഗുന്മൻ, ഗ്രഹണി മുതലായ രോഗങ്ങൾ ഉണ്ടാവുകയും ചെയ്യും.

അപാനൻ ഇരിക്കുന്നതു ഗുദപ്രദേശത്തിലാണ്. എന്നാൽ അരക്കെട്ട്, വസ്തി, ലിംഗം, തുടകൾ ഇവയും അതിൻെറ പ്രവൃത്തിക്കു വിഷയമായിരിക്കും. മലം, മൂത്രം, ശുക്ലം, ആർത്തവം, ഗർഭം ഇവയെല്ലാം പുറത്തു വിടുകയാണ് അതിൻെറ കൃത്യം. അതിന്നു ദൂഷ്യം വന്നാൽ മലബന്ധം, മൂലക്കുരു, ഗുദം-വസ്തി-മൂത്രദ്വാരം ഈ പ്രദേശങ്ങളിലുള്ള രോഗങ്ങൾ, ശുക്ലദോഷം എന്നിവക വ്യാധികൾ നേരിടുന്നതാണ്.

വ്യാനൻ ശരീരത്തിലെല്ലാടവും വ്യാപിച്ചിരിക്കുന്നു. എന്നു മാത്രമല്ല, അതു രസാംശങ്ങളെ നാനാഭാഗങ്ങളിലും കൊണ്ടുപോയി ശരീരത്തിന്ന് ഉണർച്ച്യുണ്ടാക്കുകയും ചെയ്യുന്നു. അതു സ്വേദത്തിൻേറയും രക്തത്തിൻേറയും പ്രവൃത്തിയെ ചെയ്യിക്കുന്നു. ശരീരത്തിൻെറ സകലചേഷ്ടകളും അതിനെ ആശ്രയിച്ചാണിരിക്കുന്നത്. അതിന്നു വല്ല തകരാറും വന്നുപോയാൽ, ശരീരത്തിൽ സകലവിധരോഗങ്ങളും സംഭവിക്കുവാനിടയുണ്ട്.

മേൽ പ്രസ്താവിച്ച അഞ്ചുവിധം വായുക്കളും ദുഷിച്ചാൽ ശരീരം തന്നെ നശിച്ചുപോകും. ചില ഗ്രന്ഥകാരന്മാർ **നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ,** ഇങ്ങിനെ വേറെ അഞ്ചു പ്രധാനവായുക്കളുംകൂടി ഉണ്ടെന്നു സിദ്ധാന്തിച്ചിരിക്കുന്നു. ഇവയിൽ ഓരോന്നിൻേറയും കൃത്യങ്ങൾ ഉദ്വമനം, നിമേഷണം, നസ്യം, ജൃംഭണം, വാതപൂരണം എന്നിവയാകുന്നു.

പിത്തം സ്വഭാവേന ഉഷ്ണവും, ദ്രവവും, മഞ്ഞനിറമുള്ളതും, കടുരസവും, ദുഷ്ടമായാൽ അമ്ലരസവും, ലഘുവും, സ്നിഗ്ദ്ധവും ആകുന്നു. ഈ പിത്തം നിമിത്തമാണു് പ്രാണികളുടെ ശരീരത്തിൽ ചൂടുണ്ടാകുന്നതു്. ഇതും അഞ്ചുവിധത്തിലുണ്ടു്.

പാചകം—ഇതിന്റെ ഇരിപ്പു് ആമാശയത്തിന്റെയും പക്വാശയത്തിന്റെയും മദ്ധ്യത്തിലാകുന്നു. ഇതുതന്നെയാണു് ജഠരാഗ്നിയുടെ സ്ഥാനവും. ഇതു ദഹനത്തിന്നു സഹായിക്കുകയും, ശരീരത്തിന്നു് ആസകലം ചൂടുണ്ടാക്കുകയും, സാരകിട്ടങ്ങളെ വിഭജിക്കുകയും ചെയ്യുന്നു. ജഠരാഗ്നിയുടെ സ്വഭാവത്തെക്കുറിച്ചു പറയുന്നതിൽ ഇന്ത്യയിലെ എല്ലാ വൈദ്യഗ്രന്ഥകാരന്മാരുടേയും അഭിപ്രായം യോജിച്ചു കാണുന്നില്ല. ചിലരുടെ പക്ഷത്തിൽ ഈ പിത്തവും (പാചകം) ജഠരാഗ്നിയും ഒന്നുതന്നെയാണു്. വേറെ ചിലർ മറ്റൊരു വിധത്തിലും പറയുന്നു. "രസപ്രദീപ"ത്തിന്റെ കർത്താവു് ഈ അഗ്നി നാഭിമദ്ധ്യത്തിലിരിക്കുന്ന അതിസൂക്ഷ്മമായ ഒരു ആഗ്നേയവസ്തുവാണെന്നു പറഞ്ഞിരിക്കുന്നു. അതു പിത്തത്തിന്നു ചൂടിനെ എത്തിച്ചുകൊടുക്കുകയും, ആമാശയത്തിൽ വന്നിരിക്കുന്ന അന്നത്തെ പചിക്കുകയും ചെയ്യുന്നു. ഏറ്റവും വലിയൊരു ജീവിയിൽതന്നെ അതു് ഒരു യവമണിയേക്കാൾ അധികം വലിപ്പമുള്ളതായിരിക്കുകയില്ല. ചെറിയ ജീവികളിൽ അതു് ഒരു കടുകിൻമണിയോളം മാത്രമേ വലിപ്പമുണ്ടാകയുള്ളു. കൃമികളിലും മററു ചെറുപ്രാണികളിലും അതു് ഒരു രോമകൂപത്തിനേക്കാൾ അധികമായിരിക്കയുമില്ല.

രഞ്ജകത്തിന്റെ സ്ഥാനം യകൃത്തും പ്ലീഹയുമാകുന്നു. അതാണു രക്തമായി പരിണമിക്കുന്ന രസധാതുവിന്നു ചുവപ്പുനിറം ഉണ്ടാക്കിക്കൊടുക്കുന്നതു്.

സാധകം ഹൃദയത്തിലിരിക്കുന്നു. അതു ധാരണാശക്തി, ബുദ്ധി, അഭിമാനം ഇവകളാൽ ഇഷ്ടസിദ്ധിവരുത്തുന്നു.

കൊണ്ടാണു് ഈ പേരിന്നൎഹന്മാരായിരിക്കുന്നതു്.

ആലോചകത്തിന്റെ ഇരിപ്പു കണ്ണുകളിലാകുന്നു. ഇതു നിമിത്തമാണു നമുക്കു കാഴ്ചക്കുള്ള ശക്തിയുണ്ടാകുന്നതു്.

ഭ്രാജകം ത്വക്കിൽ ഇരിക്കുന്നു. അതു ത്വക്കിന്നു ശോഭയേയും, നല്ല നിറത്തേയും കൊടുക്കുന്നു. ശരീരത്തിൽ തൊലിപ്പുറമേ വല്ലതും അരച്ചുതേച്ചാൽ നീരെല്ലാം വലിച്ചെടുക്കുന്നതും, നിറം നന്നാക്കിത്തീൎക്കുന്നതും ഇതുതന്നെയാണു്.

കഫം സ്വഭാവേന വെളുപ്പു്, ഗുരുത്വം, സ്നിഗ്ദ്ധത, ശ്ലക്ഷ്ണത(മിനുപ്പു്), ശൈത്യം, മാധുൎയ്യം, ദുഷിച്ചിരുന്നാൽ ഉപ്പുരസം ഈവക ഗുണങ്ങളുള്ളതാകുന്നു. സ്ഥാനഭേദത്താൽ അതിന്നും താഴെ പറയുന്ന അഞ്ചു തരഭേദങ്ങളുണ്ടു്.

ക്ലേദനം എന്ന കഫം ആമാശയത്തിലാണു് ഇരിക്കുന്നതു്. അതു് ആഹാരരസത്തിന്നു നനവുണ്ടാക്കുകയും, അംഗങ്ങൾക്കെല്ലാം ബലത്തെ കൊടുക്കുകയും ചെയ്യുന്നു.

അവലംബനം ഇരിക്കുന്നതു ഹൃദയത്തിലാകുന്നു. കണ്ഠാസ്ഥികളും, ത്രികവും അതിന്റെ സ്ഥാനത്തിൽ പെട്ടതുതന്നെയാണു്.

രസനം രസനയിലും തൊണ്ടയിലും കൂടിയാണു് ഇരിക്കുന്നതു്. ഇതുകൊണ്ടാണു് നമുക്കു പലവിധത്തിലുള്ള ഭക്ഷണസാധനങ്ങളുടേയും രസങ്ങളെ തിരിച്ചറിയുവാൻ കഴിവുണ്ടാകുന്നതു്.

സ്നേഹനം (തൎപ്പകം) ശിരസ്സിൽ ഇരിക്കുകയും, അവിടെനിന്നു് ഇന്ദ്രിയങ്ങൾക്കെല്ലാം സ്നിഗ്ദ്ധത വരുത്തി അവയുടെ പ്രവൃത്തിക്കു ശക്തിയുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു.

ശ്ലേഷണം സന്ധികളിൽ ഇരിക്കുന്നു. അതു സന്ധികൾക്കു് അയവുണ്ടാക്കുകയും, അവയുടെ കൃത്യനിൎവ്വഹണത്തിന്നു സാമൎത്ഥ്യമുണ്ടാക്കിത്തീൎക്കുകയും ചെയ്യുന്നു.

ഓരോ മനുഷ്യരിൽ ഏതു "ദോഷ"മാണ് ആധിക്യേന നില്ക്കുന്നതെന്നു ചില പ്രത്യേകലക്ഷണങ്ങളെക്കൊണ്ട് എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ കഴിയും. എങ്ങിനെയെന്നാൽ, വാതപ്രകൃതിക്കാർ സാധാരണയായി കറുത്തു കൃശന്മാരായും, ലേശവും സ്നിഗ്ദ്ധതയില്ലാത്ത കുറച്ചുമാത്രം തലമുടിയോടുകൂടിയും, ശിരോദോഷികളും വളരെ അധികം സംസാരിക്കുന്നവരും മത്സരികളും കോപിഷ്ഠന്മാരും ജാഗരണശീലന്മാരുമായും ഇരിക്കും; അവർ വളരെ വേഗത്തിലാണു നടക്കുക; ഇവരിൽ സ്ത്രീകൾക്കു താല്പര്യം കുറവായിരിക്കുമെന്നു മാത്രമല്ല, കുട്ടികൾ അധികം ഉണ്ടാകുന്നതുമല്ല; അവർ പർവ്വതത്തിന്മേലോ വൃക്ഷത്തിന്മേലോ കയറുന്നതായും പറക്കുന്നതായും, മററും പലപ്പോഴും സ്വപ്നം കാണും. ഇവക്കു ശ്വാവ്, ഒട്ടകം, കഴു, മൂഷികൻ, കാക്ക, കൂമൻ ഇവയുടെ സ്വഭാവമാണ് ഉണ്ടായിരിക്കുകയെന്നു വാഗ്ഭടാചാര്യർ പറഞ്ഞിരിക്കുന്നു.

പിത്തപ്രകൃതിക്കാർ കണ്ടാൽ ഒരുവിധം സൌന്ദര്യമുള്ളവരും, കണ്ണു ചുവന്നവരും, ചെറുപ്പത്തിൽതന്നെ നരക്കുന്നവരും, ഭയശീലന്മാരും, ബുദ്ധിശാലികളും, ക്രോധശീലന്മാരും, ഉത്സാഹികളും, അഭിമാനികളും, തങ്ങളെ സ്തുതിക്കുന്നതിന് ഇഷ്ടപ്പെടുന്നവരും, ആശ്രിതവത്സലന്മാരും ആയിരിക്കും; ഇവർ വലിയ ഭക്ഷണപ്രിയന്മാരും, എല്ലായ്പോഴും വിശപ്പും ദാഹവും അധികമായിട്ടുള്ളവരും ആയിരിക്കുമെന്നു മാത്രമല്ല, സുഗന്ധദ്രവ്യങ്ങൾ, പുഷ്പങ്ങൾ, മധുരകഷായതിക്തശീതളങ്ങളായ ഭക്ഷണസാധനങ്ങൾ ഇവകളിലും, ശക്കരയിൽനിന്നെടുക്കുന്ന മദ്യങ്ങളിലും സക്തിയുള്ളവരായിരിക്കുകയും ചെയ്യും. ഇവർ നല്ല മേധാവികളായിരിക്കും; തിയ്യ്, മിന്നൽ എന്നിവയെ സ്വപ്നം കാണുകയും ചെയ്യും. ഇവർക്ക് ഏകദേശം വ്യാഘ്രം, വാനരൻ, മാർജ്ജാരൻ, ചെന്നായ, എട്ടുകാലി എന്നിവയുടെ സ്വഭാവമു

ണ്ടായിരിക്കുന്നതുമാണു്.

കഫപ്രകൃതിക്കാൎക്കു വിശേഷമായ നിറവും, കറുത്തു നീണ്ട തലമുടിയും, വിസ്തീൎണ്ണമായ മാറിടവും ഉണ്ടായിരിക്കും; കഷായകടുതിക്തങ്ങളും ഉഷ്ണങ്ങളുമായ ആഹാരങ്ങളായിരിക്കും അവർ അധികം ഇഷ്ടപ്പെടുന്നതു്. അവൎക്കു ശരീരശക്തി, സഹനശീലം, സത്യനിഷ്ഠ, ഔദാൎയ്യം, ഭക്തി, ബുദ്ധി, ദീൎഘദൎശിത്വം എന്നീവക ഗുണങ്ങളുണ്ടായിരിക്കും. അവർ സംഗീതത്തിലും മററും വളരെ താല്പൎയ്യമുള്ളവരും, കാമികളുമായിരിക്കുന്നതുകൂടാതെ, വ്യായാമശീലന്മാരും, സ്നേഹബന്ധത്തിന്നുറപ്പുള്ളവരുമായിരിക്കുകയും ചെയ്യും. താമരപ്പൂക്കളും പക്ഷികളും നിറഞ്ഞ നദികളേയോ, മററു ജലാശയങ്ങളേയോ ആയിരിക്കും അവർ സ്വപ്നം കാണുന്നതു്. ഇവരുടെ പ്രകൃതിക്കു ഗരുഡൻ, അരയന്നം, സിംഹം, കുതിര, കാള എന്നിവയുടെ സ്വഭാവത്തോടു് ഏകദേശം സാമ്യമുണ്ടായിരിക്കുകയും ചെയ്യും.

വാതം കോപിക്കുന്നതു് അധികവും ഉപവാസം, ജാഗരണം, ചാട്ടം, അതിവ്യായാമം, അമിതമായ മൈഥുനം എന്നിവയാലാകുന്നു. അത്യുഷ്ണമായോ കടുതീക്ഷ്ണമായോ ഉള്ള ആഹാരത്താലും, ലഹരിയുണ്ടാകുന്ന പാനീയങ്ങളാലും, ക്രോധത്താലും, അധികമായ സംയോഗത്താലും പിത്തം വൎദ്ധിക്കുന്നു. കഫം കോപിക്കുന്നതു് ഉറക്കമില്ലായ്ക, പകലുറക്കം, രുചിയില്ലാതിരിക്കുമ്പോളുള്ള ഭക്ഷണം എന്നീവകയാലുമാകുന്നു.

മേൽ വിവരിച്ച മൂന്നു "ദോഷങ്ങൾ" കൂടാതെ ശരീരത്തെ ധരിക്കുന്നവയും, 'ധാതുക്കൾ' എന്നു വിളിക്കപ്പെടുന്നവയുമായ ഏഴു സാരാംശങ്ങൾകൂടി നമ്മുടെ ദേഹത്തിലുണ്ടെന്നു സിദ്ധാന്തിക്കപ്പെട്ടിരിക്കുന്നു. അവകൾ രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നിവയാണു്. പ്രീണനം, ജീവനം, ലേപം, സ്നേഹം, ധാരണം, പൂരണം,

ഗർഭോൽപാദനം എന്നിവയാകുന്നു ഈ ധാതുക്കളിൽ ഓരോന്നിൻേറയും കൃത്യങ്ങൾ.

മുമ്പൊരിക്കൽ പ്രസ്താവിച്ചപ്രകാരം ധമനികളിൽകൂടി സൎവ്വാംഗം വ്യാപിക്കുന്ന രസം ആഹാരത്തിൻെറ അനേകവിധത്തിലുള്ള ദഹനമെല്ലാം കഴിഞ്ഞിട്ട് ഉണ്ടായിത്തീരുന്ന പുഷ്ടികരമായ ഒരു ദ്രവദ്രവ്യമാകുന്നു. അതു കേവലം വെളുത്തും, മധുരമായും, ശീതളമായുമിരിക്കുകയും, നമുക്കു മനഃപ്രീതി ഉണ്ടാക്കിത്തരികയും ചെയ്യുന്നു. ഈ ശുദ്ധവെളുപ്പായ ദ്രവദ്രവ്യം അതിൻെറ സഞ്ചാരത്തിന്നിടയിൽ യകൃത്തിലും പ്ലീഹയിലും കടന്നുചെല്ലുകയും, അവിടെവെച്ച് അതിൻെറ വെളുത്തനിറംപോയി ചുവപ്പായിത്തീർന്ന് "രക്തം" എന്നു പേരുള്ളതായി തീരുകയും ചെയ്യുന്നു. ഈ രക്തം പിന്നെ മാംസമായും, മാംസം മേദസ്സായും, മേദസ്സ് അസ്ഥിയായും, അസ്ഥി മജ്ജയായും, മജ്ജ ശുക്ലമായും പരിണമിക്കുന്നു. എന്നാൽ ഈ രസധാതുവാകട്ടെ ദുഷിച്ചാൽ അമ്ലരസമോ, കടുരസമോ ആയിത്തീരുകയും, ആ സമയം ശരീരത്തിന്നാകെ കേടുതട്ടുവാനിടവരുത്തുകവെന്നും ഓരോ രോഗങ്ങളുണ്ടായിത്തീരുകയും ചെയ്യും.

രക്തം രസത്തേക്കാൾ കനം കൂടിയതാണ്. അത് അതിന്നു നിയമിച്ചിട്ടുള്ള നാഡികളിൽകൂടി സഞ്ചരിക്കുന്നു. ശരീരത്തിലുള്ള നാഡാസിരകളിൽകൂടിയും രക്തം സഞ്ചരിക്കുന്നു എന്നുള്ള ഈ സിദ്ധാന്തം നമ്മുടെ ആലോചനയ്ക്കു പ്രത്യേകം വിഷയമാകേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഇതുനിമിത്തം, ൧൬൨൮-ൽ രക്തസഞ്ചാരസിദ്ധാന്തത്തെ കണ്ടുപിടിച്ചതിന്നു വില്യം ഹാൎവ്വിക്കു കൊടുത്തിട്ടുള്ള മാന്യതകൾക്കെല്ലാം ഹിന്തുക്കളൊണ് അവകാശികളെന്നു വരുന്നുണ്ടല്ലൊ. ഹാർവ്വി അക്കാലത്തു വലിയൊരു തത്വാന്വേഷിയായിരുന്നു എന്നുള്ളതിന്ന് ആൎക്കും സംശയമില്ല. അതുകൊണ്ടു രക്തസഞ്ചാരസിദ്ധാന്തത്തെ ശാസ്ത്രരീത്യാ

പ്രതിപാദിച്ച് ഇപ്പോഴത്തെ ശരീരശാസ്ത്രത്തിന്ന് ഒരു സത്തു സമ്പാദിച്ചു വെച്ചിട്ടുള്ള ആ മഹാൻ സർവ്വഥാ നമുക്കു മാന്യൻ തന്നെ. പക്ഷേ അദ്ദേഹത്തിന്നും ഇങ്ങിനെ ഒരു ആലോചനക്കു പൂർവ്വഗ്രന്ഥകാരന്മാരിൽനിന്നു വല്ല സൂചനയും കിട്ടീട്ടുണ്ടെന്നു വരാവുന്നതാണ്. എന്തുകൊണ്ടെന്നാൽ അവരും ഇത്ര തന്നെ ശരിയായിട്ടില്ലെങ്കിലും ഏകദേശം ഇതുപോലെതന്നെ ഒരു സിദ്ധാന്തം കണ്ടുപിടിച്ചവരാണല്ലൊ. എന്നാൽ പണ്ടത്തെ ഹിന്തുവൈദ്യഗ്രന്ഥകാരന്മാർ, "രസ"ത്തെക്കുറിച്ച് അവർ തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, രക്തത്തെപ്പററിയും അത്ര അധികം പ്രാവശ്യമോ സ്പഷ്ടമായിട്ടോ പറഞ്ഞിട്ടില്ലെങ്കിൽ അതു മററൊന്നുകൊണ്ടുമല്ല; അവരുടെ പക്ഷത്തിൽ "രസ"ത്തിന്നും രക്തത്തിന്നും തമ്മിൽ അവയുടെ വൎണ്ണത്തിന്നോ കനത്തിന്നോ അല്ലാതെ വേറെ അധികമായ വ്യത്യാസമൊന്നുമില്ല. രണ്ടും ദ്രവദ്രവ്യങ്ങളാണ്; എന്നാൽ "രസം" കുറെ അധികം നല്ല ദ്രവമാണെന്നു മാത്രമല്ല, അതു ശരീരത്തെ നിലനിൎത്തുന്നതും, ജീവിതത്തിന്റെ സാരാംശവുമാകുന്നു. രക്തംതന്നെ അതിലുള്ള അന്യപദാർത്ഥങ്ങൾ നീങ്ങിയാൽ "രസ"മായി. ശരീരത്തിലെ നാഡികളിൽകൂടി സഞ്ചരിക്കുക എന്ന കൃത്യം ഈ രണ്ടിന്നും തുല്യമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ "രസം" ധമനികളിൽകൂടിയും സിരകളിൽ കൂടിയും സഞ്ചരിക്കുന്നതിന്നു വ്യാനവായുവിനാൽ ഹൃദയത്തിൽനിന്നു വിക്ഷേപിക്കപ്പെടുന്നു എന്നും, അതു പിന്നെ സർവ്വാംഗവും വ്യാപിച്ചു, തോടുവഴിക്കു തിരിച്ചുകൊണ്ടുപോകുന്ന വെള്ളം വയലെല്ലാം നനക്കുന്നതുപോലെ, ശരീരത്തെ പുഷ്ടി വരുത്തുന്നു എന്നും സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നു. ഇത് ഏകദേശം രക്തസഞ്ചാരസിദ്ധാന്തത്തോടു ശരിയായുമിരിക്കുന്നുണ്ട്. അതിന്നുപുറമെ പൂർവ്വഗ്രന്ഥകാരന്മാർ പലരും രക്തസഞ്ചാരത്തെപ്പററി പ്രസ്താവിച്ചിട്ടില്ലെന്നും പറ

യുവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ, രക്തത്തിന്ന "ചലനം" എന്ന ഗുണമുണ്ടെന്ന് അവരെല്ലാവരും ഒരുപോലെ അഭിപ്രായപ്പെട്ടതായി കാണുന്നുണ്ടല്ലോ. ഹാരീതൻ തന്റെ "ഹാരീതസംഹിത" എന്ന ഗ്രന്ഥത്തിൽ പാണ്ഡുരോഗത്തെപ്പററി പറയുന്ന സന്ദർഭത്തിൽ രക്തസഞ്ചാരത്തെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നു. ഈ കൃതിക്ക "സുശ്രുത"ത്തേക്കാൾ പഴക്കമുണ്ടെന്നാണല്ലോ ചിലരുടെ പക്ഷം. അത് എങ്ങിനെയായിരുന്നാലും ഇതു വളരെ പ്രാചീനമാണെന്നു പറയുന്നതിൽ ആൎക്കും അഭിപ്രായഭേദമില്ല. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതു്, മണ്ണു തിന്നുന്ന സ്വഭാവമുള്ള ചിലൎക്ക ചിലപ്പോൾ അതുനിമിത്തവും ഈ രോഗം (പാണ്ഡു) വന്നു പിടികൂടുവാൻ സംഗതിയായിത്തീരുമെന്നാകുന്നു. ഹാൎവ്വിയേക്കാൾ ഒരു നൂററാണ്ടുമുമ്പു ജീവിച്ചിരുന്ന "ഭാവപ്രകാശ"കാരൻ രക്തസഞ്ചാരത്തിന്നു ലക്ഷ്യമായി താഴെ പറയുന്ന ശ്ലോകം എടുത്തെഴുതിയിരിക്കുന്നു:—

"ധാതൂനാം പൂരണം സമ്യക് സ്പൎശജ്ഞാനമസംശയം;
സ്വസിരാസു ചരദ്രക്തം കുൎയ്യാച്ചാന്യാൻ ഗുണാനപി."

"അതിന്റെ സിരകളിൽകൂടി സഞ്ചരിക്കുന്നതായ രക്തം ധാതുക്കളെ നല്ലവണ്ണം പൂരിപ്പിക്കുകയും, സ്പൎശജ്ഞാനത്തെ ഉണ്ടാക്കിത്തീൎക്കുകയും, മററ (ദേഹത്തെ പുഷ്ടിവരുത്തുക, ശക്തി വൎദ്ധിപ്പിക്കുകമുതലായ) കൃത്യങ്ങൾ നടത്തുകയും ചെയ്യുന്നു.

പിന്നെയും:

"യദാ തു കുപിതം രക്തം സേവതേ സ്വവഹാഃ സിരാഃ
തദാസ്യ വിവിധാ രോഗാ ജായന്തേ രക്തസംഭവാഃ"

"കോപിച്ചിരിക്കുന്ന രക്തം എപ്പോഴാണ് അതിന്റെ സിരകളിൽകൂടി സഞ്ചരിക്കുന്നത് അപ്പോൾ രക്തസംബന്ധമായി പല രോഗങ്ങളുമുണ്ടാകുന്നു."

ഇങ്ങിനെയുള്ള ഓരോ വാക്യങ്ങൾ പ്രാചീനഗ്രന്ഥങ്ങളിൽനിന്ന് ഇനിയും വേണമെങ്കിൽ എടുത്തെഴുതുവാൻ കഴിയും. എന്നാൽ മേൽകാണിച്ച ദൃഷ്ടാന്തങ്ങൾതന്നെ പ്രാചീനാര്യന്മാർ രക്തസഞ്ചാരത്തെപ്പററി അറിയാത്തവരായിരുന്നില്ലെന്ന് ഒരു സാധാരണ വായനക്കാരനെ ബോദ്ധ്യപ്പെടുത്തുവാൻ ധാരാളം മതിയായിട്ടുള്ളവയാണല്ലോ.

മാംസം ചൂടുകൊണ്ടു പാകംവന്നതും, വായുനിമിത്തം ഉറച്ചതുമായ രക്തമാകുന്നു. ഒരു പുരുഷശരീരത്തിൽ ആകെ അഞ്ഞൂറ മാംസപേശികളുണ്ട്. എന്നാൽ സ്ത്രീകൾക്ക് അവ ൪൯൭ മാത്രമേയുള്ളു.

മേദസ്സ് എന്നത് ആന്തരാഗ്നിയാൽ പചിക്കപ്പെട്ട മാംസംതന്നെയാണ്. അതിൻെറ മുഖ്യസ്ഥാനം ഉദരമാകുന്നു.

അസ്ഥി ഉള്ളിലുള്ള അഗ്നിയാൽ ദഹിക്കപ്പെട്ടതും, വാതത്താൽ ഘനമായി ചെയ്യപ്പെട്ടതുമായ മേദസ്സാകുന്നു. നമ്മുടെ ദേഹത്തിൽ ആകെ ൩൦൦ എല്ലുകളാണുള്ളത് എന്നാകുന്നു സുശ്രുതൻെറ മതം. ചരകനാകട്ടെ ചെവികൾ, കൺപോളകൾ, നാസിക, കണ്ഠനാളം ഇങ്ങിനെ ചില ഭാഗങ്ങളിലുള്ള തരുണാസ്ഥികളെക്കൂടി കൂട്ടി അസ്ഥികളുടെ ആകെ എണ്ണം ൩൦൬ എന്നു പറയുന്നു. ഇവയിൽ ൧൨൦ എല്ലുകൾ കൈകാലുകളിലും, ൧൧൭ ഉടലിലും, ൬൩ തല കഴുത്ത് ഇവകളിൽ കൂടിയുമാകുന്നു.

മജ്ജ അസ്ഥികളുടെ ഉള്ളിലിരിക്കുന്നു. ഇതു നിമിത്തമാകുന്നു ശരീരത്തിന്ന് ഒരു പ്രഭയുള്ളതായി തോന്നുന്നത്.

ശുക്ലം. മജ്ജയുടെ സാരാംശങ്ങൾ രക്തത്തോടു ചേൎന്നുണ്ടാന്നതാകുന്നു. അതു ദേഹത്തിൻെറ ആധാരവും, ഗർഭോല്പാദനത്തിൻെറ മൂലവുമാകുന്നു. പുരുഷന്മാൎക്ക ശുക്ലമുണ്ടാകുന്നതുപോലെ സ്ത്രീകൾക്ക 'രസം' മാസംതോറും രക്തമായി പരിണ

മിക്കുന്നു. ഗർഭമുണ്ടാകുന്ന സമയം ഈ 'ആർത്തവം' ഗർഭാശയത്തിൽ ചെന്നു വീഴുകയും, അവിടെ അതു കുഴമ്പായിത്തീരുകയും ചെയ്യും. മലം, മൂത്രം, സ്വേദം കണ്ണുമലം, നഖങ്ങൾ, രോമം, തുപ്പൽ, കണ്ണുനീർ, മൂക്കുനീർ എന്നിവയെല്ലാം ശരീരത്തിലെ മലങ്ങളായിട്ടാണു് ഗണിക്കപ്പെട്ടിരിക്കുന്നതു്.

വാതാശയം, പിത്താശയം, കഫാശയം, രക്താശയം, ആമാശയം, പക്വാശയം, മൂത്രാശയം ഇങ്ങിനെ ആശയങ്ങൾ ഏഴാകുന്നു. സ്ത്രീകൾക്കു സ്തനങ്ങൾ, ഗർഭാശയം ഇങ്ങിനെ മൂന്നെണ്ണം അധികമുണ്ടു്. ധാതുക്കളെ ധരിച്ചു കൊണ്ടിരിക്കുന്നതും, 'കലകൾ' എന്നു വിളിക്കപ്പെടുന്നതുമായ ഏഴു ചെറിയ ആശയങ്ങൾകൂടി നമ്മുടെ ശരീരത്തിലുണ്ടു്. മനുഷ്യശരീരത്തിൽ ആകെ ൨൧൦ സന്ധികളാണുള്ളതു്. ഇവയിൽ ൬൮ എണ്ണം 'ചേഷ്ടാവത്തുകളും' (ഇളക്കുവാൻ കഴിയുന്നവ), ബാക്കിയെല്ലാം സ്ഥിരങ്ങളും (ഇളക്കുവാൻ കഴിയാത്തവ) ആകുന്നു. അവ കൈകാലുകളിൽ കൂടി ആകെ ൬൮ എണ്ണമുണ്ടു്. അവയെല്ലാം ഇളക്കാൻ കഴിയുന്നവയുമാണു്. ഉടലിൽ ൫൯ സന്ധികളാണുള്ളതു്. തലയിലും കഴുത്തിലും കൂടി അവയുടെ സംഖ്യ ൮൩ ആകുന്നു. ഈ സന്ധികളെല്ലാം സ്നായുക്കളാൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവയുടെ ആകെയുള്ള എണ്ണം ൯൦൦ ആണു്. ഇതിൽ ൬൦൦ കൈകാലുകളിലും, ൨൩൦ ഉടലിലും, ൭൦ തലയിലുമാകുന്നു.

ശരീരത്തിൽ എല്ലാംകൂടെ ൭൦൦ നാഡികളുണ്ടു്. ഇവയിൽ ൧൬ വലിയ സിരകൾക്കു 'കണ്ഡരകൾ' എന്നും, ൨൪ എണ്ണത്തിന്നു 'ധമനികൾ' എന്നും പേർ പറയുന്നു. വാതം, പിത്തം, കഫം, രക്തം ഇവകളിൽ ഓരോന്നിന്നുതന്നെ പ്രത്യേകം അനേകം സിരകളുണ്ടു്. മനുഷ്യശരീരത്തിൽ ഈ പറഞ്ഞതൊന്നും കൂടാതെ പതിനാറു ജാലങ്ങളും, ആറു കൂർച്ചങ്ങളും, നാലു ര

ജ്ജുക്കളും, ഒരിക്കലും വേധിക്കപ്പെട്ടുകൂടാത്തതായ ഏഴ സീവനികളും, പതിന്നാല് അസ്ഥിസംഘാതങ്ങളും, അത്രതന്നെ സീമന്തങ്ങളും, ഏഴ് അട്ടിതൊലികളും ഉണ്ട്. ഇവയിൽ ഓരോ അട്ടിയുടേയും പേർ മുതലായ വിവരങ്ങൾ താഴെ കാണിക്കാം.*

അവഭാസിനി—ഇതു ഛവിരകളെ വഹിച്ചിരിക്കുന്നു. ഒരു യവത്തിന്റെ പതിനെട്ടിൽ ഒരു അംശത്തോളമാകുന്നു ഇതിന്റെ കനം. ഇതിന്ന് ഈ പേർ സിദ്ധിച്ചതു 'ഭ്രാജകം' എന്ന പിത്തത്താൽ ശോഭിക്കുന്നതുകൊണ്ടാണ്. ഇതു സിദ്ധ്മം (ചുണങ്ങ്), ഉണലുകൾ എന്നിവയുടെ അധിഷ്ഠാനവുമാകുന്നു.

ലോഹിത (ചോരനിറമുള്ളത്)—ഇതിന്നു യവത്തിന്റെ പതിനാറിൽ ഒരംശത്തോളം കനമുണ്ടായിരിക്കും. ഈ തൊലിയിൽനിന്നാണു കാക്കപ്പുള്ളി, കരിമങ്ങും മുതലായതുണ്ടാകുന്നതു്.

ശ്വേത—ഇതിന്റെ നിറം വെളുപ്പും, കനം ഏകദേശം യവത്തിന്റെ പന്ത്രണ്ടിൽ ഒരു ഭാഗവുമായിരിക്കും. ഇതാണ് ചൎമ്മദലം (തോൽവിള്ളുന്ന ഒരു ജാതി കുഷ്ഠം), പാലുണ്ണി, കരത്തു

* സപ്ത ത്വചോ ഭവന്തി. തത്ര പ്രഥമാ അവഭാസിനീ നാമ, യാ സൎവ്വവൎണ്ണാനവഭാസയതി പഞ്ചവിധാഞ്ച ഛായാം പ്രകാശയതി, സാ വ്രീഹേരഷ്ടാദശഭാഗപ്രമാണാ സിദ്ധ്മപത്മകണ്ടകാധിഷ്ഠാനാ; ദ്വിതീയാ ലോഹിതാ നാമ ഷോഡശഭാഗപ്രമാണാ തിലകാലകന്യച്ഛവ്യംഗാധിഷ്ഠാനാ; തൃതീയാ ശ്വേതാ നാമ ദ്വാദശഭാഗപ്രമാണാ ചൎമ്മദലാജഗല്ലീമശകാധിഷ്ഠാനാ; ചതുൎത്ഥീ താമ്രാ നാമാഷ്ടഭാഗപ്രമാണാ വിവിധകിലാസകുഷ്ഠാധിഷ്ഠാനാ; പഞ്ചമീ വേദിനീ നാമ വ്രീഹിപഞ്ചഭാഗപ്രമാണാ കുഷ്ഠവിസൎപ്പാധിഷ്ഠാനാ; ഷഷ്ഠീ രോഹിണീ നാമ വ്രീഹിപ്രമാണാ ഗ്രന്ഥ്യപച്യൎബ്ബുദശ്ലീപദഗളഗണ്ഡാധിഷ്ഠാനാ; സപ്തമീ മാംസധരാ നാമ വ്രീഹിദ്വയപ്രമാണാ ഭഗന്ദരവിദ്രധ്യൎശോധിഷ്ഠാനാ; യദേതത് പ്രമാണം നിൎദ്ദിഷ്ടം തന്മാംസളേഷ്വവകാശേഷു, ന ലലാടേ സൂക്ഷ്മാംഗുല്യാദിഷു യതോ വക്ഷ്യത്യുദരേഷു വ്രീഹിമുഖേനാംഗുഷ്ഠോദരപ്രമാണമവഗാഢം വിദ്ധ്യേദിതി സുശ്രുതഃ.

പൊന്തിക്കാണുന്ന അരിമ്പാറ മുതലായതിന്റെ അധിഷ്ഠാനം.

താമ്ര(ചെമ്പു നിറമുള്ളത്)—ഇതു യവത്തിന്റെ എട്ടിൽ ഒരു ഭാഗം കനമുള്ളതും, പാണ്ട് കുഷ്ഠം മുതലായ അനേകം രോഗങ്ങളുടെ അധിഷ്ഠാനവുമാകുന്നു.

വേദിനി (അറിയുന്നത്) എന്ന തൊക്കിന്നു യവത്തിന്റെ അഞ്ചിലൊരു ഭാഗം കനമുണ്ടായിരിക്കും. കുഷ്ഠം, വിസർപ്പം എന്നീവക രോഗങ്ങളുടെ അധിഷ്ഠാനം ഇതാകുന്നു.

രോഹിണി ഒരു യവത്തോളംതന്നെ കനമുള്ളതാകുന്നു. ഇതാണു ഗ്രന്ഥി (മുഴ), ഗണ്ഡമാല, അർബ്ബുദം, ശ്ലീപദം (പെരുങ്കാൽ), ഗളഗണ്ഡം മുതലായതിന്റെ സ്ഥാനം.

മാംസധര എന്ന ഏഴാമത്തെ തോലിന്നു രണ്ടു യവത്തോളം കനം കാണും. അതു പേശികളെയെല്ലാം അതാതിന്റെ സ്ഥാനത്തുവെച്ചു കൊണ്ടിരിക്കുന്നു. ഇതാകുന്നു ഭഗന്ദരം, വിദ്രധി (കുരു), മൂലക്കുരു മുതലായതിന്റെ അധിഷ്ഠാനം.

ഈപറഞ്ഞ തോലട്ടികളെയെല്ലാം വയർ മുതലായ ദുർല്ലഭം ചില ഭാഗങ്ങളിൽ മാത്രമേ വേർതിരിച്ചറിവാൻ കഴികയുള്ളൂ.

ഒരു പുരുഷശരീരത്തിൽ രണ്ടു നാസാരന്ധ്രങ്ങൾ, രണ്ടു കണ്ണുകൾ, രണ്ടു ചെവികൾ, വായ, ഗുദം, മൂത്രദ്വാരം ഇങ്ങിനെ നവ(ഒമ്പതു)ദ്വാരങ്ങളാണുള്ളത്. സ്ത്രീകൾക്കാകട്ടെ മുൻപറഞ്ഞവയല്ലാ പുറമേ രണ്ടു സ്തനങ്ങൾ, രക്തമാർഗ്ഗം ഇങ്ങിനെ മൂന്നെണ്ണംകൂടി അധികമുണ്ട്.

ജീവിതസ്ഥിതിക്കും ആരോഗ്യരക്ഷയ്ക്കും അവശ്യം സൂക്ഷിക്കേണ്ടതായ ചില 'മർമ്മസ്ഥാന'ങ്ങളെപ്പററിയും ഹിന്തുക്കളുടെ ശരീരവ്യവച്ഛേദശാസ്ത്രത്തിൽ (Anatomy) പറഞ്ഞിട്ടുണ്ട്. അവകൾക്കു യാതൊരു കേടും തട്ടുവാനിടവരാതെ പ്രത്യേകം ശ്രദ്ധവെച്ചു സൂക്ഷിക്കേണ്ടതാണ്. സ്ഥാനഭേദത്തിന്നും, മുറിയേററാൽ ഉണ്ടാകുന്ന ഫലങ്ങൾക്കും അനുസരിച്ച് അവകളെ താഴെ പ

ൟയുംപ്രകാരം അഞ്ചു കൂട്ടമാക്കി തരം തിരിച്ചിരിക്കുന്നു.

൧. സദ്യഃപ്രാണഹരങ്ങൾ—മുറിയേറ്റാൽ ഉടനെ മരിക്കുവാനിടവരുത്തുന്നവ. അങ്ങിനെയുള്ളവ പത്തൊമ്പതെണ്ണമുണ്ട്.

൨. കാലാന്തരപ്രാണഹരണങ്ങൾ—മുറിഞ്ഞാൽ കുറെ കിടന്നരിഷ്ടിച്ചിട്ടു മരണത്തിന്നിടയാകുന്നവ. ഇങ്ങിനെയുള്ളവ മുപ്പത്തിമൂന്നെണ്ണമാകുന്നു.

൩. വിശല്യഘ്നങ്ങൾ—പുറമേനിന്നു തറച്ച വല്ല ശല്യങ്ങളും എടുത്തുകളഞ്ഞാൽ മരണത്തിന്നിടവരുത്തുന്നവ. ഇങ്ങിനെയുള്ള മൎമ്മങ്ങൾ ദേഹത്തിൽ മൂന്നെണ്ണമാണുള്ളത്.

൪. വൈകല്യകരങ്ങൾ—മുറിയേറ്റുപോയാൽ അതാത് അംഗങ്ങൾക്കു ശക്തിയില്ലാതാക്കിത്തീൎക്കുന്നവ. ഇങ്ങിനെയുള്ളവ നാല്പത്തിനാലെണ്ണമുണ്ട്.

൫. രുജാകരങ്ങൾ— കുറച്ചൊന്നു മുറിഞ്ഞാൽതന്നെ അധികമായ വേദനയുണ്ടാക്കുന്നവ. അങ്ങിനെയുള്ളവ എട്ടെണ്ണമാകുന്നു.

ഒടുവിൽ, മേൽപറഞ്ഞ എല്ലാ ഭാഗങ്ങളെക്കുറിച്ചും വിവരിക്കുകയും, * വൈദ്യന്മാർ അവിടങ്ങളിലൊന്നും ശസ്ത്രംകൊ

* ശൃംഗാടകാന്യധിപതിഃ ശംഖൌ കണ്ഠശിരാഗുദം।
ഹൃദയം വസ്തിനാഭീച ഘ്നന്തി സദ്യോ ഹതാനി തു।
വക്ഷോമൎമ്മാണി സീമന്തതലക്ഷിപ്രേന്ദ്രവസ്തയഃ।
കടീകതരുണേ സന്ധീ പാൎശ്വജൌ ബൃഹതീ ച യാ॥
നിതംബാവിതി ചൈതാനി കാലാന്തരഹരാണി തു॥
ഉൽക്ഷേപൌ സ്ഥപനീ ചൈവ വിശല്യഘ്നാനി നിൎദ്ദിശേൽ॥
ലോഹിതാക്ഷാണി ജാന്വൎവ്വീ കൂൎപ്പാവിടിപകൂൎപ്പരാഃ॥
കുകുന്ദരേ കക്ഷാധരേ വിധുരേ സകൃകാടികേ॥
അംസാംസഫലകാപാംഗം നീലേ മന്യേ ഫണൌ തഥാ।
വൈകല്യകരണാന്യാഹുരാവൎത്തൌ ദ്വൌ തഥൈവ ച॥
ഗുൽഫൌ ദ്വൌ മണിബന്ധൌ ദ്വൌ ദ്വേ ദ്വേ കൂൎച്ചശിരാംസി ച॥
രുജാകരാണിജാനീയാദഷ്ടാവേതാനി ബുദ്ധിമാൻ॥ സുശ്രുതഃ

ണ്ടു തൊട്ടുപോകരുതെന്നു പ്രത്യേകം ഉപദേശിക്കുകയും ചെയ്യിരിക്കുന്നു.

ആൎയ്യവൈദ്യശാസ്ത്രം മുഴുവനും സ്ഥാപിച്ചിരിക്കുന്നതു വ്യാധികരങ്ങളായ മൂന്നു പ്രകൃതികളെ അടിസ്ഥാനമാക്കീട്ടാണെന്നു നമുക്ക് ഇപ്പോൾ മനസ്സിലായല്ലൊ. ഈ പ്രകൃതികൾ സകലമനുഷ്യരും ജനിക്കുമ്പോൾതന്നെ ഉള്ളതാണെന്നു മാത്രമല്ല, ഇവകൾ ഏറക്കുറെ ചേൎന്നിട്ടില്ലാതെ ഈ പ്രപഞ്ചത്തിൽ യാതൊരു വസ്തുവും ഉണ്ടാകുന്നതല്ലെന്നുകൂടി പറയപ്പെട്ടിരിക്കുന്നു. ഇപ്രകാരം ത്രിദോഷങ്ങളെ അടിസ്ഥാനമാക്കീട്ടുള്ള പ്രാചീനാൎയ്യന്മാരുടെ രോഗനിദാനശാസ്ത്രം അനവധി കാലമായി നിലനിന്നുപോരുന്നതുമാണ്. ഈ തത്വത്തെ അടിസ്ഥാനമാക്കി ചെയ്യുന്ന രോഗനിൎണ്ണയവും, അതിന്നനുസരിച്ചു വിധിക്കുന്ന ചികിത്സകളും ഇന്ത്യയിൽ എപ്പോഴും ശരിയായി ഫലിച്ചിട്ടുള്ളതാണെന്നാണു ഹിന്തുക്കൾ പറയുന്നത്. ഈ സിദ്ധാന്തം തന്നെ ഗ്രീസ്സിലെ വൈദ്യശാസ്ത്രപ്രവൎത്തകനായ ഹിപ്പോക്രെട്ടീസ്സും (ക്രി-മു- ൪൬൦-ാമാണ്ടു) ഹിന്തുക്കളിൽനിന്നു കടം വാങ്ങീട്ടുണ്ടെന്നാണു തോന്നുന്നത്. പിന്നെ രണ്ടായിരത്തിലധികം സംവത്സരത്തോളം യൂറോപ്പിലെ വൈദ്യന്മാരെല്ലാവരും സ്വീകരിച്ചു പോന്നിരുന്നതും അതു തന്നെയാണല്ലൊ. ഇതു കേവലം പ്രമാദവും അപരിഷ്കൃതവുമാണെന്നുവെച്ചു തള്ളിക്കളയുന്നത് അന്യായമാണെന്നാണു തൽപക്ഷപാതികൾ വാദിക്കുന്നത്. ഇതിന്ന് ഈ വക വിശേഷണങ്ങൾ കൊടുക്കുന്നതിൽ ഹിന്തുവൈദ്യന്മാൎക്കു കലശലായ പരിഭവമുണ്ട്. നവീനതത്വാന്വേഷികളാരും അവരുടെ ശാസ്ത്രം വേണ്ടതുപോലെ പഠിക്കുകയോ പരിശോധിക്കുകയോ ചെയ്യിട്ടില്ലെന്നും, എന്നിട്ടാണ് അവർ മതിയായ യാതൊരു കാരണവും കൂടാതെ ഇതു തള്ളിക്കളയുന്നതെന്നും ഇവർ ആക്ഷേപിക്കുന്നു. എങ്ങിനെയായിരുന്നാലും ഇവർ ഇതുകൊണ്ടൊന്നും

നിരാശപ്പെട്ടിട്ടില്ല. നവീനവൈദ്യശാസ്ത്രത്തിന്റെ ഗതി ഇനിയും മുന്നോട്ടുതന്നെയാണല്ലൊ. അങ്ങിനെ ഇതു മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നതിന്നിടയ്ക്കോ, അല്ലെങ്കിൽ അഭിവൃദ്ധിയുടെ പരമകാഷ്ഠയിലെത്തുന്ന കാലത്തോ ഇപ്പോൾ തൽപക്ഷപാതികൾ തള്ളിക്കളയുന്നതായ അതേ സിദ്ധാന്തത്തിന്മേൽതന്നെ അവർ ആ ശാസ്ത്രം കൊണ്ടുചെന്നുറപ്പിക്കുവാൻ നിശ്ചയമായും സംഗതിവരുമെന്നു വിചാരിച്ചിട്ടാണ് ആൎയ്യവൈദ്യന്മാർ തല്ക്കാലം സമാധാനിച്ചിരിക്കുന്നതു്.

---

## ഏഴാം അദ്ധ്യായം

### ഹിന്തുക്കളുടെ ഭേഷജകല്പം

ഹിന്തുക്കളുടെ ഭേഷജകല്പം നവീനതത്വാന്വേഷികൾക്ക് ഒരു അതിശയമാകുന്നു. അതിൽ അവർ സകലദ്രവ്യങ്ങളേയും ജാംഗമം, ഔൽബ്ഭിദം, പാൎത്ഥിവം ഇങ്ങിനെ മൂന്നാക്കി തരംതിരിച്ചിരിക്കുന്നു. ഈ മൂന്നു വിധത്തിലുള്ള ദ്രവ്യങ്ങളുടേയും, ആരോഗ്യരക്ഷയ്ക്കും ശരീരശക്തിക്കും ആവശ്യമായ ആഹാരങ്ങളുടേയും ഗുണങ്ങൾ അവരുടെ ഈ കല്പത്തിൽ പൂൎണ്ണമായി വിവരിക്കപ്പെട്ടിട്ടുമുണ്ട്. ഈ തത്വാന്വേഷണത്തിന്നു അടിസ്ഥാനമായ സിദ്ധാന്തം എന്താണെന്നുവെച്ചാൽ, മേൽപ്രകാരമുള്ള ജാംഗമമോ, ഔൽബ്ഭിദമോ, പാൎത്ഥിവമോ ആയ ഏതൊരു ദ്രവ്യത്തിന്നും രസം, ഗുണം, വീൎയ്യം, വിപാകം, ശക്തി (പ്രഭാവം) എന്നീ അഞ്ചു ധൎമ്മങ്ങൾ ഉണ്ടെന്നുള്ള സംഗതിയാണ്.

രസങ്ങൾ—മധുരം, അമ്ലം, ലവണം, തിക്തം, ഊഷണം (കടു), കഷായം ഇങ്ങിനെ ആറാകുന്നു. ഇവ

യിൽ മധുരം അമ്ലത്തേക്കാളും, അമ്ലം ലവണത്തെക്കാളും ഇങ്ങിനെ മുമ്പേമുമ്പേ പറയപ്പെട്ടവ പിന്നെപ്പിന്നെ ഉള്ളവയേക്കാൾ അധികമധികം ബലപ്രദങ്ങളാണ്. അതിൽതന്നെ ആദ്യം പറഞ്ഞ മൂന്നു രസങ്ങൾ വാതത്തെ ശമിപ്പിക്കുന്നവയും, കഫത്തെ വർദ്ധിപ്പിക്കുന്നവയുമാണ്. ശേഷമുള്ള മൂന്നെണ്ണം കഫത്തെ ശമിപ്പിക്കും; എന്നാൽ വാതത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. കഷായം, തിക്തം, മധുരം ഈമൂന്നു രസങ്ങൾ പിത്തത്തെ ശമിപ്പിക്കുന്നവയാണ്; പക്ഷേ അമ്ലം, ലവണം, കടുകം എന്നിവ പിത്തവൃദ്ധികരങ്ങളുമാകുന്നു. മേൽപറഞ്ഞ ആറു രസങ്ങളിൽ ഓരോന്നിന്റേയും ഗുണങ്ങൾ ഓരോ വിധത്തിലാണ്. അവയുടെ വിവരണം താഴേ കാണിക്കാം.

മധുരരസം സകലധാതുക്കളേയും പുഷ്ടിവരുത്തുന്നതും, മുലപ്പാൽ ധാരാളമുണ്ടാക്കുന്നതും, കണ്ണിന്നു നല്ലതും, ബലകരവും, കൃമികളെ വർദ്ധിപ്പിക്കുന്നതുമാകുന്നു. അതു ബാലന്മാക്കും, വൃദ്ധന്മാക്കും, ക്ഷതന്മാക്കും (മുറിയേററവർ), ക്ഷീണന്മാക്കും ഹിതമായിട്ടുള്ളതാണ്. അത് അധികമായി ശീലിച്ചാൽ പ്രമേഹം, ഗണ്ഡമാല, അബ്ബുദം മുതലായ രോഗങ്ങളുണ്ടായിത്തീരുകയും ചെയ്യും.

അമ്ലം (പുളി) ദീപനത്തിന്നു നല്ലതും, രുചികരവുമാണ്. അതു തൊട്ടാൽ തണുപ്പുള്ളതായി (ഹിമസ്പർശം) തോന്നും; പക്ഷെ ഫലത്തിൽ ചൂട് (ഉഷ്ണവീൎയ്യം) ആയിരിക്കുകയും ചെയ്യും. അതു പിന്നെ വാതശമനവും, ശോധനവും, ക്ലേദനവും (നനവുണ്ടാക്കുന്നതു) ആകുന്നു. അതിമാത്രമായി ശീലിച്ചിരുന്നാൽ അതുതന്നെ തിമിരം, പാണ്ഡു മുതലായ രോഗങ്ങൾക്കു കാരണമായിത്തീരുന്നതുമാണ്.

ലവണം. (ഉപ്പു) ബലകരവും, ശോധനവും, പിത്തകഫങ്ങളെ വർദ്ധിപ്പിക്കുന്നതും, ശൈഥില്യകരവും(അയവുണ്ടാക്കുന്ന

ത്), സകലശരീരാവയവങ്ങൾക്കും മാർദ്ദവമുണ്ടാക്കുന്നതും, സ്വേദനവും (വിയപ്പിക്കുന്നതു) ആകുന്നു. അധികമായി ഉപയോഗിച്ചാൽ അതു നര, കുഷ്ഠം, വിസർപ്പം മുതലായതെല്ലാം ഉണ്ടാക്കിത്തീക്കുന്നതാണ്.

കടു. (എരിവ്) ഉഷ്ണവും, കൃമിഘ്നവും, സ്തന്യഹരവും (മുലപ്പാലില്ലാതാക്കുന്നതു), നാസികയെ ശോഷിപ്പിക്കുന്നതുമാകുന്നു. അതു രുചിയെ വർദ്ധിപ്പിക്കുകയും, മേദസ്സിനെ ക്ഷയിപ്പിക്കുകയും ചെയ്യും. ഈവക ഗുണങ്ങളെല്ലാം ഉണ്ടെങ്കിലും അതു് അധികമായി ശീലിച്ചുപോയാൽ തൃഷ്ണ, ധാതുക്ഷയം, മോഹാലസ്യം, അരക്കെട്ടു പുറം മുതലായ പ്രദേശങ്ങളിൽ വേദന ഈവക ഉപദ്രവങ്ങളെല്ലാം ഉണ്ടാക്കിത്തീക്കും.

തിക്തം. (കയ്പു) ശീതവീൎയ്യവും, തൃഷ്ണ, മോഹാലസ്യം, പനി, ചുട്ടുനീറൽ ഇവകളെ ശമിപ്പിക്കുന്നതും, ത്വക്പ്രസാദനവുമാകുന്നു. അതു രക്തസംബന്ധമായ രോഗങ്ങളെ ശമിപ്പിക്കുകയും, വാതത്തെ വൎദ്ധിപ്പിക്കുകയും ചെയ്യും. ഇതും മാത്ര കവിഞ്ഞു ശീലിച്ചിരുന്നാൽ ശിരശ്ശൂലയും (തലവേദന), വാതരോഗം മുതലായതും ഉണ്ടായിത്തീരുവാനിടയുണ്ട്.

കഷായ (ചവർപ്പു) രസം രോപണവും (വ്രണങ്ങളെ ഉണക്കുന്നതും), സംഗ്രാഹിയും (മലബന്ധമുണ്ടാക്കുന്നതും), ത്വക്പ്രസാദനവുമാകുന്നു. ഈ കഷായരസമായ ദ്രവ്യങ്ങൾതന്നെ നിയമേന ശീലിച്ചിരുന്നാൽ ദേഹത്തിന്നു സ്തംഭനവും, ആദ്ധ്മാനവും (വയർവീക്കുക), ഹൃദ്രോഗവും ഉണ്ടായിത്തീരും.

൨. ഗുണം—എന്നതു ദ്രവ്യനിഷ്ഠമായ ഒരു ധൎമ്മമാകുന്നു. ഏതെങ്കിലും ഒരു ദ്രവ്യത്തെ അകത്തോ പുറത്തോ ഉപയോഗിച്ചാൽ ഒരു പ്രത്യേകഫലം കാണുന്നത് അതിന്റെ സഹജമായ ഏതൊരു ധൎമ്മത്താലോ അതിനെയാണു "ഗുണം" എന്നു പറയുന്നതു്.

ഈ ഇന്ത്യ വളരെ വിസ്തീൎണ്ണവും ഫലപുഷ്ടിയുള്ളതുമായ ഒരു രാജ്യമാണെന്നുമാത്രമല്ല, ഇവിടെ, മുമ്പൊരിക്കൽ പ്രസ്താവിച്ചപ്രകാരം, കൊല്ലത്തിൽ എല്ലാ ഋതുക്കളുടേയും ഗുണങ്ങൾ ശരിയായി അനുഭവിക്കുന്നതുമുണ്ടു്. ഈ ഒരു സംഗതികൊണ്ടു് ഇവിടെ സകലസസ്യവൎഗ്ഗങ്ങളും സമൃദ്ധിയായി ഉണ്ടാകുന്നു. പ്രാചീനാൎയ്യന്മാർ അവരുടെ ദൃഷ്ടിയിൽപെട്ട സകലദ്രവ്യങ്ങളേയും പ്രത്യേകം പരിശോധിക്കുകയും, പഠിക്കുകയും, അതിന്നുശേഷം അവയെ എല്ലാം ഓരോ ഗണങ്ങളാക്കി തരംതിരിക്കുകയും ചെയ്തിട്ടുണ്ടു്. ചരകൻ അങ്ങിനെ പത്തുപത്തെണ്ണം കൂടിയ അമ്പതു "ഗണങ്ങളെ" കാണിക്കുകയും, "ഒരു സാധാരണ വൈദ്യന്നു് അതുതന്നെ ആവശ്യത്തിന്നു മതിയാകു"മെന്നു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആ കൂട്ടത്തിൽതന്നെ, "ഗണങ്ങളുടെ സംഖ്യ എത്രയെങ്കിലും വൎദ്ധിപ്പിക്കാം" എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ സുശ്രുതനും ൭൬൦ ദ്രവ്യങ്ങളെ അവയുടെ ചില സാധാരണ ഗുണങ്ങൾക്കനുസരിച്ചു ൩൭ ഗണങ്ങളാക്കി തിരിച്ചുവെച്ചിരിക്കുന്നു. വേറെയുള്ള ഗ്രന്ഥകാരന്മാർ ഇതിലേക്കു പിന്നെ കുറേക്കൂടി കൂട്ടിച്ചേൎത്തിട്ടുണ്ടു്. ഇങ്ങിനെ ഈവകയെല്ലാംകൂടി ഇന്ത്യയിൽ വളരെ മുഖ്യമായ ഒരു ഭേഷജശാസ്ത്രമായിത്തീൎന്നിരിക്കുന്നു. ഇതിന്നൊക്കെ പുറമെ അവർ ദ്രവ്യങ്ങളെ ശേഖരിക്കേണ്ടതിന്നുള്ള ശരിയായ ഋതുക്കളേയും, അതാതിന്നുള്ള പ്രത്യേകഗുണങ്ങളുണ്ടായിത്തീരുവാൻതക്കവണ്ണം അവയുടെ വളൎച്ചക്കുവേണ്ടിവരുന്ന കാലത്തേയും, അവയെ എടുക്കേണ്ടുന്ന പ്രദേശങ്ങളേയും, പിന്നെ അവയെക്കൊണ്ടു് എന്തു കാട്ടേണമെന്നും അവയിൽനിന്നു സാരാംശങ്ങൾ എങ്ങിനെയാണു് എടുക്കേണ്ടതെന്നും മററുമുള്ള വിവരത്തേയും, പിന്നെ അതെല്ലാം സൂക്ഷിക്കേണ്ട സമ്പ്രദായത്തേയും വളരെ വിശദമായി പറഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഗ്രന്ഥകൎത്താക്കൾ

ന്മാർ പറഞ്ഞിട്ടുള്ള ചില ഗണങ്ങളെ താഴെ കാണിക്കാം:—

൧. അംഗമർദ്ദപ്രശമനം (മേൽ നുറുങ്ങിനോവിനെ ശമിപ്പിക്കുന്നതു്)—വിദാരിഗന്ധ (മൂവില) മുതലായതു്.

൨. അനുലോമനം (മലങ്ങളെ അനുലോമിപ്പിക്കുന്നതു്—ഹരിതകി (കടുക്ക) മുതലായതു്

൩. അർശോഘ്നം (മൂലക്കുരുവിനെ ശമിപ്പിക്കുന്നതു്—ഇന്ദ്രയവം (കുടകപ്പാലയരി) മുതലായതു്

൪. അശ്മരീഘ്നം (കല്ലടപ്പിനെ ഹനിക്കുന്നതു്—ഗോക്ഷുരം (ഞെരിഞ്ഞിൽ) മുതലായതു്.

൫. അവൃഷ്യം (ധാതുപുഷ്ടികരമല്ലാത്തതു്)—ഭൂസ്തൃണം (പൂതണക്ക) മുതലായതു്.

൬. ആർത്തവോൽപാദകം (ആർത്തവത്തെ ഉണ്ടാക്കുന്നതു്)—ജ്യോതിഷ്മതി (ചെറുപുന്നയരി) മുതലായതു്.

൭. കണ്ഡൂഘ്നം (ചൊറിയെ മാററുന്നതു്)—ചന്ദനം മുതലായതു്,

൮. കണ്ഡൂരം (ചൊറിയുണ്ടാക്കുന്നതു്)—കപികച്ഛു (നായ്ക്കുരണ) മുതലായതു്.

൯. കണ്ഠ്യം (കണ്ഠത്തിന്നു ഹിതം)—ബൃഹതി (ചെറുവഴുതിന) മുതലായതു്.

൧൦. കഫകരം (കഫത്തെ വർദ്ധിക്കുന്നതു്)—ഇക്ഷു (കരിമ്പു) മുതലായതു്.

൧൧. കഫഹരം (കഫത്തെ ശമിപ്പിക്കുന്നതു്)—വിഭീതകം (താന്നിക്ക) മുതലായതു്.

൧൨. കാർശ്യകരം (മെലിച്ചിലുണ്ടാക്കുന്നതു്)—ഗവേധു (കാട്ടുഗോതമ്പു) മുതലായതു്.

൧൩. കുഷ്ഠഘ്നം (കുഷ്ഠത്തെ ശമിപ്പിക്കുന്നതു്)—ഹരിദ്ര (മഞ്ഞൾ) മുതലായതു്.

൧൮. കൃമികൃത്തു (കൃമികളെ ഉണ്ടാക്കുന്നതു്)—മകുഷ്ടം (മക്കൊട്ടപ്പയർ) മുതലായതു്.

൧൯. കൃമിഘ്നം (കൃമികളെ നശിപ്പിക്കുന്നതു്)—വിളംഗം (വിഴാലരി) മുതലായതു്.

൧൧. ഗർഭസ്രാവി (ഗർഭത്തെ അലസിപ്പിക്കുന്നതു്)—ഗൃഞ്ജനം (ഉള്ളി) മുതലായതു്.

൧൬. ഗ്രാഹി (വായുവിനെ ശമിപ്പിക്കുകയും ശോഷിപ്പിക്കുകയും ചെയ്യുന്നതു്)—ജീരകം മുതലായതു്.

൧൭. ഛർദ്ദിനിഗ്രഹണം (ഛർദ്ദിയെ നിഗ്രഹിക്കുന്നതു്)—ഡാഡിമം (ഉറമാമ്പഴത്തോടു) മുതലായതു്.

൧൮. ഛേദനം (മലങ്ങളെ ഛേദിച്ചു കളയുന്നതു്)—മരിചം (കുരുമുളകു) മുതലായതു്.

൨൦. ജ്വരഹരം (പനിയെ നീക്കുന്നതു)—പീലു (ഉക) മുതലായതു്.

൨൧. തൃഷ്ണാനിഗ്രഹണം (തൃഷ്ണയെ നിഗ്രഹിക്കുന്നതു്)—ധാന്യം (കൊത്തമ്പാലയരി) മുതലായതു്.

൨൨. ദാഹകം (പൊള്ളിക്കുന്നതു്)—ഭല്ലാതകം (ചേരിൻകുരു) മുതലായതു്.

൨൩. ദാഹപ്രശമനം (ചുട്ടുനീറലിനെ ശമിപ്പിക്കുന്നതു്)—ഉശീരം (രാമച്ചം) മുതലായതു്.

൨൪. ദീപനീയം (ദീപനത്തിന്നു നല്ലതു്)—പിപ്പലീമൂലം (കാട്ടുതിപ്പലിവേർ) മുതലായതു്.

൨൫. നിദ്രാകരം (ഉറക്കമുണ്ടാക്കുന്നതു്)—കാകജംഘി (കുറിച്ചുലി) മുതലായതു്.

൨൬. നിദ്രാഹരം (ഉറക്കമില്ലാതാക്കുന്നതു്)—ശിഗ്രുബീജം (മുരിങ്ങക്കുരു) മുതലായതു്.

൨൭. നിരോമകം (രോമമില്ലാതാക്കുന്നതു്)—രാളം അ

ല്ലെങ്കിൽ സാലനിര്യാസം (പയനിൽ പന്തം) മുതലായതു്.

൨൮. പിത്തകരം (പിത്തത്തെ വർദ്ധിപ്പിക്കുന്നതു്) ത്വക് (ഇലവങ്ഗത്തൊലി) മുതലായതു്.

൨൯. പിത്തഹരം (പിത്തത്തെ ശമിപ്പിക്കുന്നതു്)—കമലം (താമര) മുതലായതു്.

൩൦. പുരീഷസംഗ്രഹണം (മലത്തെ തടയുന്നതു്)—പ്രിയംഗു (ഞാഴൽപ്പൂവു്) മുതലായതു്.

൩൧. പ്രജാസ്ഥാപനം (സന്തതി നശിക്കാതെ നിറുത്തുന്നതു്)—വിഷ്ണുക്രാന്തി മുതലായതു്.

൩൨. പ്രതിവാസം (ഗന്ധദ്രവ്യം?)—കർപ്പൂരം മുതലായതു്.

൩൩. പ്രമാഥി (മഥനം ചെയ്യുന്നതു്)—ഹിംഗു (കായം) മുതലായതു്.

൩൪. പ്രസാവകം (പ്രസവിപ്പിക്കുന്നതു്)—ബീജപൂരം (ഗണപതിനാരങ്ങ) മുതലായതു്.

൩൫. ഭേദനം (മലത്തെ ഭേദിക്കുന്നതു്)—കടുകാ (കടുകരോഹിണി) മുതലായതു്.

൩൬. മദകരം (ഭ്രാന്തുണ്ടാക്കുന്നതു്)—ധുർധൂരം (ഉമ്മത്തു) മുതലായതു്.

൩൭. മൂത്രവിരേചനീയം (മൂത്രത്തെ കളയുന്നതു്)—കാശം (കുശവേർ) മുതലായതു്.

൩൮. മൂത്രസംഗ്രഹണം (മൂത്രത്തെ തടയുന്നതു്)—പിപ്പലഛദം (അത്തിയാൽ) മുതലായതു്.

൩൯. രസായനം (ധാതുക്കളെ സ്വസ്ഥിതിയിൽ നിറുത്തുന്നതു്) ഗുൽഗുലു മുതലായതു്.

൪൦. രേചനം (വയറിളക്കുന്നതു്)—ത്രിവൃത്തു (ത്രികോൽപ്പക്കൊന്ന) മുതലായതു്.

൪൧. രോപണം (മുറികളെ ഉണക്കുന്നതു്)—തിലം (എള്ളു) മുതലായതു്.

൪൨. ലാലാഘ്നം (വായിലെ വെള്ളമില്ലാതാക്കുന്നതു്) ജാതീഫലം (ജാതിക്ക) മുതലായതു്.

൪൩. ലാലോൽപാദകം (വായിൽ വെള്ളമുണ്ടാക്കുന്നതു്) അകരാകരഭം മുതലായതു്.

൪൪. ലേഖനം (മലങ്ങളെ മുറിച്ചു കളയുന്നതു്)—വചാ (വയമ്പു) മുതലായതു്.

൪൫. വമനം (ഛർദ്ദിപ്പിക്കുന്നതു്)—മദനം (മലങ്കാരക്കായ) മുതലായതു്.

൪൬. വർണ്ണ്യം (നിറം നന്നാക്കുന്നതു്)—മഞ്ജിഷ്ഠ (മഞ്ചട്ടി) മുതലായതു്.

൪൭. വാജീകരം (ധാതുപുഷ്ടിയുണ്ടാക്കുന്നതു്)—അശ്വഗന്ധ (അമുക്കുരം) മുതലായതു്.

൪൮. വാതകരം (വാതത്തെ വർദ്ധിപ്പിക്കുന്നതു്)—നിഷ്പാവം (അമരക്ക) മുതലായതു്.

൪൯. വേദനാസ്ഥാപനം (വേദനയെ നിൎത്തുന്നതു്)—ശിരീഷം (നെന്മേനിവാക) മുതലായതു്.

൫൦. വിഷം—വത്സനാഭം മുതലായതു്.

൫൧. വിഷഘ്നം (വിഷത്തെ ഹനിക്കുന്നതു്)—നിർഗ്ഗുണ്ഡി (കരുനൊച്ചി) മുതലായതു്.

൫൨. വ്യവായി (വ്യാപനശീലം)—ഭംഗാ (കഞ്ചാവു) മുതലായതു്.

൫൩. ശമനീയം (ശാന്തത വരുത്തുന്നതു്)— അമൃതു (ചിററമൃതു) മുതലായതു്.

൫൪. ശിരോവിരേചനീയം (ശിരസ്സിൽനിന്നു കഫം മുതലായതിനെ പുറത്തേക്കു കളയുന്നതു്.)—അഗസ്തി (അകത്തി)

മുതലായതു്.

൩൫. ശീതപ്രശമനം (തണുപ്പിനെ കളയുന്നതു്.)—അഗരു(അകിൽ) മുതലായതു്.

൩൬. ശുക്ലജനനം (ശുക്ലത്തെ വൎദ്ധിപ്പിക്കുന്നതു്)—ക്ഷീരകാകോളി മുതലായതു്.

൩൭. ശുക്ലളം (ബലകരം)—ഋഷഭകം (എടവകം) മുതലായതു്.

൩൮. ശുക്ലശോധനം(ശുക്ലത്തെ ശുദ്ധിവരുത്തുന്നതു്)—കുഷ്ഠം (കൊട്ടം) മുതലായതു്.

൩൯. ശൂലപ്രശമനം (ശൂലത്തെ അല്ലെങ്കിൽ വയററിൽവേദനയെ ശമിപ്പിക്കുന്നതു്)—അജമോദ (അയമോദകം) മുതലായതു്.

൪൦. ശോഫകരം (നീരുണ്ടാക്കുന്നതു്)—സ്നുഹി (കള്ളി) മുതലായതു്.

൪൧. ശോഫഹരം (നീരിനെ കളയുന്നതു്)—അരണി (മുഞ്ഞ) മുതലായതു്.

൪൨. ശ്രമഹരം (തളൎച്ചയെ തീൎക്കുന്നതു്)—ദ്രാക്ഷ (മുന്തിരിങ്ങ) മുതലായതു്.

൪൩. ശോണിതസ്ഥാപനം(ചോരയെ നിൎത്തുന്നതു്)—കേസരം (നാഗപ്പൂവ്വ്) മുതലായതു്.

൪൪. ശ്വാസഹരം (ഏക്കത്തെ ശമിപ്പിക്കുന്നതു്)—ഏലത്തരി) മുതലായതു്.

൪൫. സങ്കോചനം (ചുരുക്കുന്നതു്)—മായുഫലം (മായിക്ക അല്ലെങ്കിൽ മാശിക്ക) മുതലായതു്.

൪൬. സമ്മോഹനം (ലഹരിയുണ്ടാക്കുന്നതു്)—മദ്യം മുതലായതു്.

൪൭. സംജ്ഞാസ്ഥാപനം (സംജ്ഞയെ നിലനിൎത്തുന്ന

ത്തു്)—ജടാമംസി (ജടാമാഞ്ചി) മുതലായതു്.

൩൮. സംശോധനം (ഛർദ്ദിപ്പിക്കുകയും, വയറിളക്കുകയും ചെയ്യുന്നതു്)—ദേവദാളി (പെരുംപീരം) മുതലായതു്

൩൯. സ്തന്യജനനം (മുലപ്പാലുണ്ടാക്കുന്നതു്)—ശതകുപ്പ) മുതലായതു്.

൪൦. സ്ഥൌല്യകരം (തടിയുണ്ടാക്കുന്നതു്)—പനസം (ചക്ക) മുതലായതു്.

൪൧. സ്നേഹോപഗം (സ്നിഗ്ദ്ധതയുണ്ടാക്കുന്നതു്)—വിദാരി (പാൽമുതുക്ക) മുതലായതു്.

൪൨. സ്രംസനം (മലത്തിന്നു അയവുണ്ടാക്കുന്നതു്)—രാജതരു (കൊന്ന) മുതലായതു്.

൪൩. സ്വരം (ഒച്ച നന്നാക്കുന്നതു്)—മധുകം (ഇരട്ടിമധുരം) മുതലായതു്.)

൪൪. സ്വേദോപഗം. (വിയർപ്പിക്കുന്നതു്)—പുനർന്നവ (തമിഴാമ) മുതലായതു്.

൪൫. ഹിക്കാനിഗ്രഹം (എക്കിട്ടിനെ ശമിപ്പിക്കുന്നതു്)—ശടി (കരിക്കിഴങ്ങു) മുതലായതു്

ചരകശിഷ്യനായ അഗ്നിവേശൻ ഔഷധദ്രവ്യങ്ങളെ, അവസ്ഥ രോഗശമനത്തിൽ വാസ്തവമായുള്ളതോ, ഉണ്ടെന്നു ഊഹിക്കപ്പെടുന്നതോ ആയ ഗുണങ്ങൾക്കനുസരിച്ച് അമ്പതിൽ കുറയാത്ത ഗണങ്ങളാക്കി എണ്ണിപ്പറിഞ്ഞിരിക്കുന്നു. ഇതിൽ നിന്നും, വേറെ ചില ഗ്രന്ഥങ്ങളിൽനിന്നും തിരഞ്ഞെടുത്തിട്ടാണു് കുറെ ഗണങ്ങളെ മേൽ കാണിച്ചതു്. ഇനി ഇന്ത്യയിലെ സസ്യങ്ങളുടെ പരിഭാഷ (സാങ്കേതികശബ്ദരീതി)യെ സംബന്ധിച്ചേടത്തോളം മുഖ്യമായി പറയുവാനുള്ള ഒരു സംഗതി, മിക്ക സംഗതികളിലും അവയുടെ പേരുകൾ ഒന്നെങ്കിലോ അവയുടെ ആകൃതിയെ അല്ലെങ്കിൽ പ്രകൃതിയെ (സഹജഗുണ

ത്തെ) വിവരിക്കുന്നവയായിരിക്കുമെന്നുള്ളതാണ്. അതാരിന്നു പ്രത്യേകമുള്ളതും പ്രധാനമായി കാണപ്പെടുന്നതുമായ ചില ദ്രവ്യസംജ്ഞകളെ താഴേ കാണിക്കാം.

(എ) ഒരു പ്രത്യേകചെടിക്കു സംസ്കൃതത്തിൽ "ആഖുകൎണ്ണി" ("എലിച്ചെവി" എന്നു ഭാഷ) എന്നാണു പേരിട്ടിരിക്കുന്നതു്. എന്നാൽ അതിനുള്ള സംഗതി, അതിന്റെ ഇലകൾക്ക് എലിയുടെ ചെവികളോടു സാദൃശ്യമുണ്ടെന്നുള്ളതാകുന്നു.

(ബി) വയമ്പിന്റെ ഗന്ധം തീക്ഷ്ണമായിട്ടുള്ളതാകയാൽ അതിനെ "ഉഗ്രഗന്ധ" എന്നു പറഞ്ഞുവരുന്നു.

(സി) ശംഖപുഷ്പത്തിന്റെ പൂക്കൾക്കു പശുവിന്റെ ചെവികളോടു സാമ്യമുണ്ടെന്നു വെച്ചിട്ടുള്ളതിനാൽ, അതിന്നു "ഗോകൎണ്ണി" എന്നു പേർ കൊടുത്തിരിക്കുന്നു.

(ഡി) വത്സനാഭത്തിന്ന് അങ്ങിനെ ഒരു പേർ കൊടുത്തത് ആ വേർ * കാഴ്ചയിൽ വത്സനാഭി (കുട്ടികളുടെ പൊക്കിൾക്കൊടി) പോലെ ഇരിക്കുന്നതുകൊണ്ടാകുന്നു.

(ഇ) "സാതല" എന്നു സംസ്കൃതത്തിലും "ചമ്മലത്ത" എന്നു ഭാഷയിലും പേർപറഞ്ഞുവരുന്ന സസ്യവിശേഷത്തിന്റെ കായ വെള്ളംകൂട്ടി തിരുമ്മിയാൽ വളരെ പതയുണ്ടാകുന്നതുകൊണ്ട് അതിനെ "ബഹുഫേനം" എന്നു പറയുന്നു.

(എഫ്) ചുകന്ന ആവണക്കിന്നു "ചിത്രബീജം" എന്നു പേരുണ്ട്. അതിന്നു കാരണം അതിന്റെ ബീജങ്ങൾ വെളുത്തതും, ചെമപ്പിച്ചതും, കറുത്തതുമായ പുള്ളികളാൽ വ്യാപിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്.

(ജി) തൊട്ടാൽവാടി എന്ന ചെടിക്കു "ലജ്ജാലു"

* ഇത് ഒരു വേരാണ്.

എന്നു പേരിട്ടിരിക്കുന്നു. അല്പമൊന്നു തൊട്ടുപോയാൽ നന്നെ ലജ്ജയുള്ളതുപോലെ അതിന്റെ ഇലകൾക്കു സങ്കോചം (വാട്ടം) ഉണ്ടായിക്കാണുന്നതുകൊണ്ടാണ് അങ്ങിനെ പേർ കൊടുക്കുവാനിടയായതു്.

(എച്ച്) ഞെരിഞ്ഞിലിന്നു സംസ്കൃതത്തിലുള്ള പേർ 'ത്രികണ്ടകം' എന്നാകുന്നു. അതിനുള്ള കാരണം അതിന്റെ കായയ്ക്കു മൂന്നു കണ്ടകങ്ങൾ അല്ലെങ്കിൽ മുള്ളുകൾ ഉണ്ടെന്നുള്ളതാണ്.

(ഐ) ഉമ്മത്തിന്ന് അതിന്റെ പുഷ്പങ്ങളുടെ ആകൃതിക്കനുസരിച്ച "ഘണ്ടപുഷ്പം" (മണിപോലെയുള്ള പൂക്കളോടു കൂടിയത്) എന്നു പേരിട്ടിരിക്കുന്നു.

(ജെ) കൊന്നയ്ക്കു 'ദീർഘഫലം' എന്നുപേരുണ്ട്. അതിന്നുള്ള കാരണമെന്താണെന്നുവെച്ചാൽ, അതിന്റെ ഫലകോശത്തിന്നു വൃത്താകൃതിയും, ഏകദേശം രണ്ടടി നീളവും, ഒന്നുമുതൽ ഒന്നരയോളം അംഗുലം വ്യാസവുമുണ്ടെന്നുള്ളതുതന്നെ.

താഴെ പറയുന്നവ ഓരോ സസ്യവിശേഷത്തിന്റെ പ്രകൃതിയെ (സഹജഗുണത്തെ) വിവരിക്കുന്ന ചില ഔഷധസംജ്ഞകളാകുന്നു:—

(എ) വാതാമം * വാതസംബന്ധമായ രോഗങ്ങളെ ശമിപ്പിക്കുന്നതായാൽ അതിന്നു "വാതവൈരി" എന്നുപേർ പേർ പറയുന്നു.

(ബി). വിഴാലരിക്കു കൃമികളെ നശിപ്പിക്കുവാനുള്ള ശക്തിയുള്ളതുകൊണ്ട് അതിന്നു "കൃമിഘ്നം" എന്നു പറയുന്നു.

(സി). തകര, ദദ്രു (ചിരങ്ങ്) എന്ന ത്വഗ്ദോഷത്തിന്നു വളരെ നല്ലതാണെന്ന് ഊഹിക്കപ്പെട്ടുന്നതിനാലാത്രെ അതിന്നു "ദദ്രുഘ്നം" എന്നു പേർ കൊടുത്തിരിക്കുന്നതു്.

* ഇതിന്നു കേരളത്തിൽ 'വാതക്കൊല്ലി' എന്നും 'വേദാൾ' എന്നും രണ്ടു ഭേദങ്ങൾ കാണുന്നു.

(ഡി). കല്ലൂർവഞ്ചിയുടെ നീരിന്നു പാഷാണങ്ങളെ(കല്ലുകളെ) ഉരുക്കുവാനുള്ള ശക്തിയുണ്ടെന്നു പറയപ്പെടുന്നതിനാൽ അതിന്നു "പാഷാണഭേദി" എന്നു പേർ പറഞ്ഞുവരുന്നു.

(ഇ). തമിഴാമയുടെ വേർ ഉപയോഗിച്ചാൽ നീരെല്ലാം വാർന്നുപോകുന്നതാകയാൽ അതിന്നു "ശോഫഘ്നി" എന്നു പേരിട്ടിരിക്കുന്നു.

(എഫ്). കിരിയാത്തുക്കു "ജ്വരാന്തകം" എന്നു പേർ കൊടുത്തിരിക്കുന്നു. എന്തെന്നാൽ, അതു ജ്വരത്തെ (പനിയെ) തടുക്കുമെന്നാണ് ഊഹിക്കപ്പെട്ടിരുന്നതു്.

(ജി). ചെമ്മരം പ്ലീഹയെ സംബന്ധിച്ച രോഗങ്ങളെ നശിപ്പിക്കുന്നതാണെന്നു വെച്ചിരിക്കുന്നതിനാൽ അതിന്നു "പ്ലീഹഘ്നം" എന്നു നാമം കൊടുത്തിരിക്കുന്നു.

(എച്ച്). വിഭീതകം (താന്നിക്ക) ക്ഷയകാസത്തെ നശിപ്പിക്കുന്നതാകയാൽ അതിനെ "കാസഘ്നം" എന്നു പേർവിളിച്ചുവരുന്നു.

(ഐ). ചേക്കുരുവിന്നു "അരുഷ്കരം" എന്നാണു സംജ്ഞ വിധിച്ചിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അതിനെ ദേഹത്തിന്മേൽ എവിടെയെങ്കിലും ഉപയോഗിച്ചാൽ ആ ഭാഗം പൊള്ളുകയും "അരുസ്സുകൾ" അല്ലെങ്കിൽ വ്രണങ്ങളുണ്ടായിത്തീരുകയും ചെയ്യുന്നു.

(ജെ) കാട്ടുമുതിരക്കു "ലോചനഹിത" എന്നുസംജ്ഞയുണ്ടു്. കാഴ്ചക്കു ശക്തിയുണ്ടാക്കുവാനായി അതിന്റെ മണികൾ അരച്ചു തഴിഷിട്ടുമാവുള്ളിതിനാലാണ് അതിന്നു ഈ പേർ വന്നതു്.

൩. വീൎയ്യം എന്നതു്, എല്ലാ ഔഷധങ്ങൾക്കും സഹജമായുള്ള അഞ്ചു ധർമ്മങ്ങളിൽവെച്ചു മൂന്നാമതാകുന്നു. ഇ

തിന്റെ ഒരു പരിജ്ഞാനംകൂടാതെ ഭേഷജകല്പത്തിലുള്ള പാണ്ഡിത്യം ഒരിക്കലും പൂൎത്തിയാകുന്നതല്ല. എല്ലാ ഔഷധദ്രവ്യത്തിന്റെയും വീൎയ്യം സൂൎയ്യന്റെയോ ചന്ദ്രന്റെയോ ബലത്തിനനുസരിച്ച് ഉഷ്ണമോ, ശീതമോ ആയിരിക്കുമെന്നാണു വിശ്വസിക്കുന്നതു്. അതുകൊണ്ട് ഒരു ദ്രവ്യം "ഉഷ്ണവീൎയ്യ"മാണെന്നോ, അല്ലെങ്കിൽ "ശീതവീൎയ്യ"മാണെന്നോ, പറയപ്പെടുന്നു. ഉഷ്ണവീൎയ്യങ്ങളായ ദ്രവ്യങ്ങൾ ഭ്രമം (ചുഴൽച്ച), തൃഷ്ണ, അരതി, വിയൎപ്പു, ചുട്ടുംപുക എന്നിവയെ ഉണ്ടാക്കും; കഫത്തേയും വാതത്തേയും ശമിപ്പിക്കും; എന്നാൽ പിത്തത്തെ വൎദ്ധിപ്പിക്കുകയും, ദഹനശക്തിയെ അധികമാക്കുകയും ചെയ്യും. ശീതവീൎയ്യങ്ങളായ ദ്രവ്യങ്ങളാകട്ടെ പിത്തത്തെ ശമിപ്പിക്കുകയും, വാതകഫങ്ങളെ വൎദ്ധിപ്പിക്കുകയും, ചെയ്യുന്നതിന്നുപുറമേ, ശരീരശക്തിയേയും സുഖത്തേയും ഉണ്ടാക്കുകയും, രക്തത്തെ നന്നാക്കുകയും കൂടി ചെയ്യുന്നവയാകുന്നു. ചില സമയം ഒരു രോഗത്തിന്നു ചികിത്സിക്കുമ്പോൾ തത്തുല്യഫലത്തെ ചെയ്യുന്ന (അതിസാരേതിസരണമിത്യാദി) മരുന്നുതന്നെ പ്രയോഗിക്കേണ്ടിവരും. എങ്ങിനെയെന്നാൽ ആവകദിക്കിൽ സ്വതേ ഉഷ്ണാധിക്യത്താൽ സംഭവിച്ച വല്ല രോഗങ്ങളുമുള്ളവന്നു പുറമേ ഉഷ്ണമായും, എന്നാൽ വാസ്തവത്തിൽ ശീതവീൎയ്യമായുമുള്ള ഔഷധംകൊണ്ടും, അതുപോലെതന്നെ ശീതാൎത്തനായ രോഗിക്കു പുറമേ ശീതമാണെങ്കിലും വീൎയ്യത്തിൽ ഉഷ്ണമായിത്തന്നെ ഇരിക്കുന്ന ഔഷധംകൊണ്ടും ആണു ചികിത്സിക്കേണ്ടതെന്നു താല്പൎയ്യം. അതല്ലെങ്കിൽ അവിടെ പിന്നത്തെ ഭവിഷ്യത്തു വളരെ ആപൽക്കരമായിരിക്കും. ഔഷധങ്ങൾ ഉഷ്ണവീൎയ്യങ്ങളെന്നോ, ശീതവീൎയ്യങ്ങളെന്നോ പറയുന്ന സംഗതിയിൽ ഹിന്തുക്കൾക്കു സാധാരണയായുള്ള വിശ്വാസം ഗ്രീസ്സിലെ വൈദ്യനായ ഗാലനും, പൂൎണ്ണമായി പങ്കുകൊണ്ടിരിക്കുന്നു. അദ്ദേഹം ഉപദേശിക്കുന്നതെന്തെ

ന്നാൽ, ഒരു ദീനം ഉഷ്ണസ്വഭാവമോ അല്ലെങ്കിൽ ശീതസ്വഭാവമോ ആണെങ്കൽ അതിന്നു വിപരീതഗുണങ്ങളോടുകൂടിയ ഔഷധമാണ് അവിടെ പ്രയോഗിക്കേണ്ടതെന്നാകുന്നു.

൪. വിപാകം എന്നത് ഒരു മരുന്നിന്നു ദേഹത്തിന്നുള്ളിൽവെച്ച് ആഭ്യന്തരോഷ്മാവിനാൽ ഉണ്ടാകുന്ന മാററമാകുന്നു. ഒരു സാധനം വയററിന്നുള്ളിൽചെന്നാൽ ജഠരാഗ്നിസംയോഗത്താൽ അതിന്നു അവയവഭേദം വരികയും, ചിലപ്പോൾ അതിന്റെ രൂപംതന്നെ മറെറാരു പ്രകാരത്തിലായിപ്പോകയും, അതോടുകൂടി ആ സാധനത്തിന്നുണ്ടാകുന്ന രാസഭേദം (Chemical change)നിമിത്തം സ്വതേയുള്ള കാൎയ്യശക്തികൂടി വളരെ വ്യത്യാസപ്പെട്ടുപോകയും ചെയ്യുന്നു. ദ്രവ്യത്തിന്ന് ഈപ്രകാരമുണ്ടാകുന്ന മാററത്തിനാണ "വിപാകം" എന്നുപറയുന്നതു്. * മുൻപ്രസ്താവിച്ച ആറ രസങ്ങളുടേയും രാസഫലം (Chemical effect) അല്ലെങ്കിൽ "വിപാകം" മധുരമോ, അമ്ലമോ, അല്ലെങ്കിൽ കടുവോ ആയിരിക്കും. മധുരം, അമ്ലം, കടു ഈ മൂന്നു രസങ്ങൾക്കും വിപാകത്തിൽ സാധാരണയായി ഭേദം വരുന്നതല്ല; എന്നാൽ ലവണദ്രവ്യങ്ങൾ അപ്പോൾ മധുരങ്ങളായിത്തീരും; കഷായം, തിക്തം ഇവ കടുരസങ്ങളായിപ്പോകയും ചെയ്യും. എന്നാൽ, മററു മിക്ക വിധികൾക്കുമുള്ളതുപോലെ ഇതിന്നും "അപവാദങ്ങൾ" (ഒഴിവുകൾ) ഉണ്ട്. അതിന്ന് ഒന്നോ രണ്ടോ ഉദാഹരണം പറയാം. ശാല്യന്നം സ്വതേ മധുരരസമാണ് എങ്കിലും അതു വിപാകത്തിൽ അമ്ലരസമായിത്തീരുന്നു ആതുപോലെതന്നെ കടുക്ക സ്വതേ കഷായരസമാണ്. പക്ഷേ അതു വിപാകത്തിൽ മധുരരസമായിത്തീരുന്നു. മധുരമായ ഒരു വിപാകം കഫത്തെ വൎദ്ധിപ്പിക്കുമെങ്കിലും വാതപിത്തങ്ങളെ ശമിപ്പിക്കും; അമ്ലമായ വി

* ജാഠരേണാഗ്നിനാ യോഗാദ്യദുദേതി രസാന്തരം;
രസാനാം പരിണാമാന്തേ സ വിപാക ഇതി സ്മൃതഃ (വാഗ്ഭടഃ)

പാകം പിത്തത്തെ വൎദ്ധിപ്പിക്കും; പക്ഷേ വാതകഫങ്ങളെ ശമിപ്പിക്കും; കടുവിപാകമാകട്ടെ വാതോപദ്രവങ്ങളെ വൎദ്ധിപ്പിക്കുകയും കഫപിത്തങ്ങളെ ശമിപ്പിക്കുകയും ചെയ്യും. ഏതദ്ദേശിയന്മാരായ ഔഷധശക്തിശാസ്ത്രജ്ഞന്മാർ (Pharmacody-namics) ഓരോ ഔഷധദ്രവ്യങ്ങൾക്കു ശരീരത്തിന്നുള്ളിൽ ചെന്നാലുണ്ടാകുന്ന മാററങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഒരു ഔഷധത്തിന്റെ ഗുണത്തേയും, അതിന്നുണ്ടാകുന്ന പാകഭേദങ്ങളേയും (രസഭേദങ്ങൾ) തീൎച്ചപ്പെടുത്തുന്ന കാൎയ്യത്തിൽ പ്രാചീനന്മാർ, അതിന്റെ ഉല്പത്തിയിൽ പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം എന്നീ അഞ്ച് അവയവഭൂതങ്ങളിൽവെച്ച് ഏതാണ് പ്രധാനമായിരിക്കുന്നതെന്നു ആലോചിക്കുകയാണ് ചെയ്യുട്ടുള്ളതു്. ഈ പഞ്ചഭൂതങ്ങളിൽവെച്ചു ക്രമത്തിൽ ഓരോന്നിന്നുള്ള പ്രത്യേകഗുണങ്ങൾ ഗുരുത്വം, സ്നേഹം, ദാഹം രൂക്ഷത, സൂക്ഷ്മത എന്നിവയാകുന്നു. ഈ ഭൌതികസിദ്ധാന്തം പ്ലേറോ, ഹിപ്പാക്രെട്ടീസ്സ് പൈത്താഗോറസ്സ് എന്നവരുടെ സിദ്ധാന്തത്തോടു ശരിയായി യോജിച്ചിരിക്കുന്നു എന്നുകൂടി പ്രസംഗവശാൽ ഇവിടെ പറയാം. പക്ഷേ ഇവരിൽ ആദ്യം പറഞ്ഞ രണ്ടു കൂട്ടരും ആകാശത്തെ ഒരു ഭൂതദ്രവ്യമാക്കി കല്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു ഔഷധദ്രവ്യത്തിന്റെ ഉല്പത്തിയിൽ പല ഭൂതങ്ങളുടേയും താരതമ്യത്തെ തീൎച്ചപ്പെടുത്തുകയും, അതിന്നു പിന്നെ ശരീരത്തിന്നുള്ളിലുണ്ടാകുന്ന മാററങ്ങളെ വിവരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇന്ത്യയിലെ ഗ്രന്ഥകാരന്മാൎക്കു രാസവിഭാഗത്തിന്റേയും, പൃഥക്കരണരീതിയുടേയും കുറെ ഒരു പരിജ്ഞാനമുണ്ടായിരുന്നു എന്ന് ഊഹിക്കാം.

ഒരു ഔഷധത്തിന്നു രോഗശമനത്തിലുള്ള സാമൎത്ഥ്യം ക്ലിപ്തപ്പെടുത്തുന്നത് അതിന്റെ വിപാകരസംകൊണ്ടല്ലാതെ, സ്വതേയുള്ള രസംകൊണ്ടല്ല വേണ്ടതു്.

ഈ പ്രഭാവം എന്നത് ഒരു ദ്രവ്യത്തിലിരിക്കുന്ന ഒരു പ്രത്യേക കൎമ്മശക്തിയാകുന്നു. ചില മരുന്നുകളുടെ രസം, ഗുണം വീൎയ്യം, വിപാകം ഇവയെല്ലാം ഒന്നായിരിക്കുമെങ്കിലും അവയെ പ്രയോഗിച്ചാൽ ഫലത്തിന്നു വളരെ ഭേദം കാണും. പുനൎന്നവ്വരിങ്ങയും, മുന്തിരിങ്ങയും രണ്ടും സ്വതേ മധുരമാണ്; രണ്ടിന്നും ഗുരുത്വമെന്ന ഗുണമുണ്ടു; രണ്ടും ശീതവീൎയ്യമാണ്; ജഠരാഗ്നിസംയോഗത്താലുണ്ടാകുന്ന മാറ്റവും, (വിപാകം) രണ്ടിന്നും തുല്യമാണ്. അതായതു രണ്ടും മധുരമായിത്തന്നെ ഇരിക്കും; എങ്കിലും ദേഹത്തിന്നുള്ളിൽ ചെന്നാൽ അവ രണ്ടും ചെയ്യുന്ന കൃത്യം വളരെ ഭേദപ്പെട്ടു കാണുന്നു. എങ്ങിനെയെന്നാൽ പുനൎമ്മുരിങ്ങ മലത്തെ ബന്ധിക്കുന്നതായും (ഗ്രാഹി), മുന്തിരിങ്ങ മലത്തെ അയയ്ക്കുന്നതായും (സ്രംസി) തീരുന്നു. ദ്രവ്യനിഷ്ഠമായ ഈ വിശേഷത്തിന്നാണ "പ്രഭാവം" എന്നുപറയുന്നതു്. ഇതുപോലെതന്നെ "ചിത്രക"വും (കൊടുവേലി) "ദന്തി" (നാഗദന്തി)യും കടുരസമാകുന്നു; ലഘുത്വമുള്ളതാണ്; ഉഷ്ണവീൎയ്യമാണ്; വിപാകത്തിൽ കടുരസവുമാകുന്നു. എങ്കിലും ചിത്രകം ദീപനത്തെ ഉണ്ടാക്കുകയും നാഗദന്തി ശക്തിയുള്ള ഒരു വിരേചനസാധനമായിത്തീരുകയും ചെയ്യുന്നു. ഇനി മേൽപറഞ്ഞ സംഗതികൾക്കധീനമല്ലാതേതന്നെ ചില സാധനങ്ങൾ അവയുടെ "പ്രഭാവത്തെ" കാണിക്കുന്നുണ്ടു്. അതിന്നൊരു ദൃഷ്ടാന്തം പറയാം. "സഹദേവി" (പൂവ്വാംകുറന്തല) എന്ന ഔഷധത്തെ അതിന്നു വിധിച്ച ഒരു പ്രത്യേകമാതിരിയിൽ സമ്പാദിച്ചു തലയിൽ കെട്ടിയാൽ "വിഷമജ്വരം" മാറുന്നതാണെന്നു പറയപ്പെടുന്നു. എന്നാൽ സാധാരണ ഒരു മരുന്നായി അകത്തേക്ക് ഉപയോഗിക്കുന്നതായാൽ അതു ശമനവും, കയ്പ്പുരസമുള്ളതുമായ ഒരു ബല്ല്യൌഷധമായിരിക്കുകയും ചെയ്യും. അതിന്റെ നീർ പുറത്തേക്കുപയോഗിച്ചാൽ കുഷ്ഠവും, കാലപ്പുഴക്കംചെന്ന ത്വഗ്ദോഷങ്ങളും മാറ

മെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. ഈ വിശ്വാസത്തിന്മേലാണു ഫലങ്ങൾ, കല്ലുകൾ മുതലായ ചില വസ്തുക്കളുടെ "പ്രഭാവത്തെ" അല്ലെങ്കിൽ മാഹാത്മ്യത്തെപ്പററി അറിവുള്ളവർ അവയെ ചില രോഗങ്ങൾക്കു പരിഹാരമായി ദേഹത്തിൽ ധരിച്ചുവരുന്നതു്. പ്രപഞ്ചത്തിൽനിന്നൊക്കെ വേർപെട്ടിരിക്കുവാനുള്ള താല്പൎയ്യത്തോടുകൂടി വനാന്തരങ്ങളിൽ ചെന്നു താമസിച്ചു കാലം കഴിച്ചുവരുന്ന ചില സന്യാസിമാർ ദുർല്ലഭങ്ങളായ ഈവക ഔഷധങ്ങളുടെ അത്യാശ്ചൎയ്യകരങ്ങളായ ഗുണങ്ങളെക്കുറിച്ചറിവുള്ളവരാണെന്നും, ഇവകൾ അവരുടെ ശരീരത്തേയും ആത്മാവിനേയും ഒരുപോലെ നിലനിൎത്തിക്കൊണ്ടുപോരുവാൻ മാത്രമല്ല, ആയുസ്സിനെ കുറെ അധികം കാലത്തോളം ദീൎഘിപ്പിക്കുവാൻകൂടി മതിയാകുന്നവയാണെന്നും പറയപ്പെടുന്നു. അനേകം ഔഷധങ്ങളുടെ പ്രഭാവത്തെക്കുറിച്ചുള്ള അറിവും അതോടുകൂടി ശ്വാസത്തെ നിയമിക്കുന്ന ശീലവും (പ്രാണായാമം) അവൎക്കുള്ളതുകൊണ്ടാണു നമുക്കു കേവലം വിചാരിപ്പാൻകൂടി കഴിയാത്തവിധമുള്ള ദീൎഘായുസ്സ് അവൎക്കു കിട്ടുന്നതെന്നു് ഊഹിച്ചുവരുന്നു. ഈ വിദ്യ ഗുരു ശിഷ്യന്മാത്രം ഉപദേശിച്ചുകൊടുക്കുക എന്നുള്ള നിലയിൽ കൈമാറിവരുന്നതാകുന്നു. അങ്ങിനേ ഇതു് ഇന്ത്യയിലെ ഔഷധദ്രവ്യങ്ങളുടെ ഗുണങ്ങളും സ്വഭാവവും എന്നുള്ള വിഷയത്തിൽ ഇതേവരെ ഒരിക്കലും എഴുതി വെച്ചിട്ടില്ലാത്തതും പരമ്പരയായി സിദ്ധിച്ചുവരുന്നതുമായ ജ്ഞാനത്തിന്നുള്ള ഒട്ടും ചെറിയതല്ലാത്തൊരു ഗ്രന്ഥമായിത്തീർന്നിരിക്കുന്നു.

ഇന്ത്യയിലെ ഭേഷജകല്പം വളരെ വിസ്തീൎണ്ണമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്. എന്നാൽ ആൎയ്യവൈദ്യശാസ്ത്രത്തിന്റെ ഈ പ്രത്യേകശാഖയെസ്സംബന്ധിച്ചേടത്തോളം മുഖ്യമായി നോക്കേണ്ടുന്ന സംഗതി, ഇതു മററുള്ള ആൎയ്യശാസ്ത്രങ്ങളെപ്പോലെയല്ലാതെ കുറേ ഒരു കാലത്തോളം വൎദ്ധിച്ചു

കൊണ്ടുതന്നേ വന്നിട്ടുണ്ടെന്നുള്ളതാണ്. ഓരോ ഗ്രന്ഥകാരന്മാർ ക്ഷമയോടും സൂക്ഷ്മത്തോടുംകൂടി ഒരു തത്വപരിശോധന കഴിച്ചശേഷം മുമ്പുള്ള സംഖ്യയിൽ പുതുതായി ചില ഔഷധങ്ങൾകൂടി ചേൎക്കുകയും, അങ്ങിനെ അവർ ലോകത്തിന്ന് അനശ്വരമായ ഒരു ഗുണം വരുത്തിവെക്കുകയും ചെയ്തിട്ടുണ്ടെന്നു കാണുന്നു. ചില ഗ്രന്ഥകൎത്താക്കന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ പറയുന്ന ഔഷധദ്രവ്യങ്ങളെല്ലാം അവർ കുലങ്കഷമായി പരിശോധിക്കുകയും, വളരെ കാലത്തോളം ഫലം സിദ്ധിച്ചു കണ്ടിട്ടുമാത്രം ഉപയോഗിക്കുവാൻ വിധിക്കുകയും ചെയ്യിട്ടുള്ളതാണെന്നു ബലമായി പറയുന്നു. ഓരോ ഗ്രന്ഥകാരന്മാരും അവരവരുടെ "സരസ്വതീപ്രസാദംപോലെ"യാണ വിഷയത്തെ പ്രതിപാദിച്ചിട്ടുള്ളത്. അഗ്നിവേശന്റേയും സുശ്രുതന്റേയും വിഭാഗത്തെക്കുറിച്ച് ഇതിൽ മുമ്പൊരിക്കൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിൽവെച്ചു സുശ്രുതൻ തന്റെ പ്രമാണഗ്രന്ഥത്തിന്റെ ൩൮-ാം അദ്ധ്യായത്തിൽ ഔഷധദ്രവ്യങ്ങളെയെല്ലാം അവയ്ക്കു രോഗശമനത്തിലുള്ള ശക്തിക്കനുസരിച്ചു ഗണങ്ങളാക്കി തിരിക്കുകയും, ഓരോ രോഗത്തിന്നുതന്നെ പത്തുമുതൽ ഇരിപത്തഞ്ചുവരേ ഔഷധങ്ങളെ വിധിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യന്മാർ അവയ്ക്ക് ഉപയോഗിക്കേണ്ടുന്ന അനേകം മരുന്നുകളെ തിരിച്ചറിയുവാൻ കഴിയുന്നവരായിരിക്കേണമെന്ന് ആദ്ദേഹം പ്രത്യേകം ഉപദേശിച്ചിരിക്കുന്നു. അവർ തന്നെ നേരിട്ടു കാട്ടുകളിൽ പോയി അവിടങ്ങളിൽ പരിചയമുള്ള ആട്ടിടയന്മാർ, പശുപാലന്മാർ, വഴിയാത്രക്കാർ, വേടന്മാർ എന്നിവരുടേയും മററും സഹായത്തോടുകൂടി ഭേഷജങ്ങളെ അവ പൂക്കുന്ന കാലത്തു സമ്പാദിച്ചു കൊള്ളണം. എന്നാൽ, നല്ല പുഴുക്കളുള്ളതോ, പുററിന്നു സമീപം, ശ്മശാനഭൂമി, വളരെ ഉപ്പുള്ളതു് നിലം, ഈ വക ദിക്കുകളിലെങ്ങാനു മുണ്ടായിട്ടുള്ളതോ ആ

യ ഔഷധങ്ങൾ വല്ലതും സ്വീകരിച്ചുപോകാതിരിപ്പാൻ പ്രത്യേകം മനസ്സിരുത്തുകയും വേണം. നാനാദ്രവ്യങ്ങളുടേയും ഗുണങ്ങളെ അടിസ്ഥാനമാക്കീട്ടുള്ള ചരകന്റെ വിഭാഗത്തെക്കുറിച്ചും ഇതിൽ മുമ്പു പറകയുണ്ടായിട്ടുണ്ടല്ലോ. വാഗ്ഭടൻ അദ്ദേഹത്തിന്റെ പ്രസിദ്ധകൃതിയുടെ 15-ാം അദ്ധ്യായത്തിൽ സുശ്രുതന്റെ രീതിയാണ് പിടിച്ചിട്ടുള്ളത്. എങ്കിലും, അദ്ദേഹത്തിന്റെ ചുരുക്കിപ്പറയുന്ന മാതിരിയുടെ ഒരു ഭംഗി അതിന്നു പ്രത്യേകമുള്ളതുതന്നെയാണ്. "ധന്വന്തരീനിഘണ്ടു"കാരന്റെ ഗതി ചരകൻ പോയ വഴിക്കുതന്നെയാണ്. എന്നാൽ ഈ ഒരു വ്യത്യാസമുണ്ട്. ചരകൻ ഒരു മരുന്നുതന്നെ പല രോഗങ്ങളുടെ ചികിത്സയിലും പറഞ്ഞിട്ടുണ്ട്. നിഘണ്ടുകാരനാകട്ടെ ആ വക പുനരുക്തിയെല്ലാം ഒഴിച്ചിട്ടുണ്ട്; ഇതാണ് ഭേദം. ഈ കൃതിയും വളരെ പ്രാചീനമാണ്. എന്നാൽ ഗ്രന്ഥകർത്താവ് ആരാണെന്നു നിശ്ചയമില്ല. ചിലർ ഈ ഗ്രന്ഥത്തിന്റെ കർത്താവ് ഇന്ത്യയിലെ വൈദ്യശാസ്ത്രപ്രവർത്തകനായ "ധന്വന്തരി"യാണെന്നു പറയുന്നുണ്ട്. പക്ഷേ അത് ഒരിക്കലും ശരിയാവാൻ തരമില്ല: എന്തുകൊണ്ടെന്നാൽ, ഈ ഗ്രന്ഥകാരൻ തന്റെ കൃതിയുടെ പ്രാരംഭത്തിൽ "ദേവന്മാരാലും അസുരന്മാരാലും ഒരുപോലെ പൂജിക്കപ്പെടുന്ന ദിവ്യനായ 'ധന്വന്തര്'ക്കു തന്റെ വന്ദനത്തെ പറയുന്നതായി" കാണുന്നുണ്ട്. ഇദ്ദേഹം തന്റെ അതിപ്രഖ്യാതസിദ്ധമായ ഈ ഗ്രന്ഥത്തിൽ ധാതുക്കളെ ഒഴിച്ച് 373 ദ്രവ്യങ്ങളെക്കുറിച്ചു വിവരിച്ചെഴുതിയിരിക്കുന്നു.

ഔഷധദ്രവ്യങ്ങളെക്കുറിച്ച് എഴുതീട്ടുള്ള പിന്നത്തെ പ്രധാനഗ്രന്ഥകർത്താവു ലടകമിശ്രന്റെ പുത്രനായ ഭാവമിശ്രനാകുന്നു. ഇദ്ദേഹത്തിന്റെ ഒരു പ്രസ്താവം പൂർവ്വഭാഗങ്ങളിൽ വന്നിട്ടുണ്ടല്ലോ. ഈ ഭാവമിശ്രൻ, "ധന്വന്തരീനിഘണ്ടു"വിൽ കാണാത്തതായ "അഹിഫേനം" (അവീൻ അല്ലെങ്കിൽ കറപ്പ്), "ഖ

ഖസം" (കശകശ), "കൌസുംഭം" (ചപ്പുങ്ങം), "മേഥിക" (ഉലുവ), "വാതവൈരി" (വദാമ) മുതലായി ഏകദേശം 150 ദ്രവ്യങ്ങളുടെ സംജ്ഞകളും, ഗുണങ്ങളും പറഞ്ഞിരിക്കുന്നു.

ഭാവമിശ്രനെ പിൻതുടർന്നിട്ടുള്ളതു മദനപാലൻ എന്ന രാജാവാണു്. അദ്ദേഹത്തിന്റെ "മദനവിനോദം" എന്ന ഗ്രന്ഥം ഏകദേശം ഭാവപ്രകാശത്തിന്റെ ഒരു രണ്ടാംപതിപ്പാണെന്നാണു് പറയേണ്ടതു്. ഏതായാലും ഇന്ത്യയിലെ സസ്യങ്ങളുടെ എണ്ണത്തിൽ അദ്ദേഹവും ചില പുതിയ പേരുകൾ കൂട്ടിച്ചേൎത്തിട്ടുണ്ടെന്നു കാണുന്നു. അവയിൽ ചിലതു് "അകരാകരഭം", "ആഞ്ജിരം" (ആഞ്ഞിൽ), "ഹരിദ്രം" (മഞ്ഞക്കടമ്പു്) എന്നിവയാണു്.

ഇദ്ദേഹത്തിന്റെ കാലത്തുതന്നെ കാശ്മീരരാജ്യത്തിൽ സിംഹപുരവാസിയായ ചന്ദ്രശേഖരന്റെ പുത്രനായി നരഹരി എന്നൊരു മഹാവിദ്വാനായ വൈദ്യനുണ്ടായിരുന്നു. അദ്ദേഹം, "അഭിധാനചൂഡാമണി" അല്ലെങ്കിൽ "രാജനിഘണ്ടു" എന്നുപേരായ ഒരു വിശേഷപ്പെട്ട പുസ്തകം എഴുതീട്ടുണ്ടു്. ഇതു് അക്കാലത്തുണ്ടായിരുന്ന കാശ്മീരരാജാവിന്റെ സഹായത്തോടുകൂടി എഴുതപ്പെട്ടതാണു്. അതുനിമിത്തം ഇതു കഴിയുന്നേടത്തോളം ഉപയോഗപ്രദവും രസകരവുമാക്കിത്തീൎക്കുവാൻ വേണ്ടുന്ന ശ്രദ്ധാനമൊക്കെ ചെയ്തിട്ടുണ്ടെന്നും കാണുന്നു. ഈ നരഹരി ജനിച്ചകാലം കൃത്യമായി അറിയപ്പെട്ടിട്ടില്ലെങ്കിലും, ചില ഗ്രന്ഥകാരന്മാർ ഇദ്ദേഹം ക്രിസ്ത്വാബ്ദം ഏഴാംനൂററാണ്ടിലാണു ജീവിച്ചിരുന്നതെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ ഗ്രന്ഥം ഔഷധദ്രവ്യങ്ങളെ അവയുടെ ഗുണവിശേഷങ്ങളോടുകൂടി വിവരിക്കുന്ന ഒരു നിഘണ്ടുവാകുന്നു. അതുകൂടാതെ, അദ്ദേഹം മണ്ണിന്റെ പല തരങ്ങളേയും, അനേകവിധത്തിലുള്ള ഔഷധദ്രവ്യങ്ങളുടെ കൃഷിക്കുപററിയ നിലങ്ങളുടെ സ്വ

ഭാവത്തേയും, വൃക്ഷങ്ങൾ-ലതകൾ-തൈലങ്ങൾ-സസ്യങ്ങൾ-മൂലങ്ങൾ- ശാകങ്ങൾ- ഫലങ്ങൾ ഇവയുടെ തരഭേദങ്ങളേയും, ശുദ്ധവും മാലുള്ളതുമായ ജലങ്ങളുടെ ഗുണങ്ങളേയും വിവരിച്ചിട്ടുണ്ടു്. അതിനൊക്കെപുറമേയും അറിയേണ്ടുന്ന സംഗതികളെല്ലാം അതിൽ അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. ഈ പുസ്തകം അതിപ്രഖ്യാതസിദ്ധവും, ഇന്ത്യയിലെ വൈദ്യന്മാരാൽ വളരെ വിലവെക്കപ്പെട്ടിരിക്കുന്നതുമാകുന്നു. ദ്രവ്യങ്ങളെ വിഭജിക്കുന്നതിൽ ഈ ഗ്രന്ഥകത്താവ് അനുസരിച്ചിട്ടുള്ള ക്രമം ഇദ്ദേഹത്തിന്റെ പൂർവ്വന്മാരുടെ രീതിയിൽനിന്നും വ്യത്യാസപ്പെട്ടിട്ടുള്ളതാണ്. ഇദ്ദേഹം സസ്യവർഗ്ഗങ്ങളെ എല്ലാം വള്ളികൾ-വൃക്ഷങ്ങൾ- ചെടികൾ- പുല്ലുകൾ ഇങ്ങിനെ നാലാക്കി തരംതിരിക്കുകയും, പിന്നെ അവയിൽ ഓരോ ഭാഗം എങ്ങിനെയാണ് മരുന്നാക്കി ഉപയോഗിക്കേണ്ടതെന്നു വിവരിക്കുകയും ചെയ്തിരിക്കുന്നു. ഈ ഗ്രന്ഥകത്താവു തന്റെ മുൻഗാമികളുടെ ഗ്രന്ഥങ്ങളിലൊന്നും കാണപ്പെടാത്തതായി ഏകദേശം നൂറോളം പുതിയ ഔഷധങ്ങളെക്കുറിച്ചു പറയുന്നുണ്ടു്. അവയിൽവെച്ചു് ഏററവും പ്രധാനമായവ "കണ്ഡൂരം" (വലിയപാവൽ), "ബ്രഹ്മദണ്ഡി", "ധമ്മധിര" (വട്ടുരകം), "തദന്തി" (ഉപ്പുവള്ളി), "തദ്രാക്ഷം" എന്നിവയാകുന്നു.

൯. രഹരിഷ്കശേഷം ഉണ്ടായ ശോഢലൻ സ്വന്തം പേരുവെച്ചു് ഒരു ഭേഷജകല്പഗ്രന്ഥം എഴുതീട്ടുണ്ടു്. ഇദ്ദേഹം ജാതികൊണ്ടു് ഒരു ഗുജറാത്തിബ്രാഹ്മണനും, ഇദ്ദേഹത്തിന്റെ അച്ഛൻ നന്ദനൻ എന്നുപേരായ ഒരു വൈദ്യനുമായിരുന്നു. ഇദ്ദേഹത്തിന്റെ ഗ്രന്ഥം മുഖ്യമായി "ധന്വന്തരിനിഘണ്ടു"വിനെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതാണ്. ഇദ്ദേഹം കാട്ടുകളിൽ സഞ്ചരിച്ചു ചെയ്തിട്ടുള്ള അന്വേഷണത്തിന്റെ ഫലമായി ഏകദേശം ഒരു നൂറോളം ദ്രവ്യങ്ങളെ തന്റെ ഗ്രന്ഥത്തിൽ പുതുതായി ചേൎത്തി

ട്ടുണ്ട്. അവയിൽ ചിലതു മാത്രം താഴെ കാണിക്കാം.*

മാമജ്ജക (Hipian orientali)

ജല്പപുഷ്പ (Byophytum sensitivum)

കീടമാരി (Aristolochia Bracteata)†

ഉൽകണ്ടക. (Echinops echinatus)

ഭൃംഗരാജ (Eclipta abla)$

പതിമൂന്നാം നൂററാണ്ടിന്റെ ആദ്യം അഹമ്മദനഗരത്തിലെ മേരേശ്വരഭട്ടവൈദ്യൻ തന്റെ "വൈദ്യാമൃതം" എന്ന ഗ്രന്ഥത്തിൽ "ശീതബീജം"‡ (സാലാമിസ്സിരി?) മുതലായി പേർഷ്യയിലെ ചില ഔഷധദ്രവ്യങ്ങളും കൂടി ചേർത്തിട്ടുണ്ട്.

പതിനെട്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ കാശിയിലെ ഒരു പ്രസിദ്ധവൈദ്യൻ 'ആതങ്കതിമിരഭാസ്കരം' എന്നൊരു ഗ്രന്ഥമുണ്ടാക്കീട്ടുണ്ട്. അതു ചികിത്സാശാസ്ത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കൃതിയാണ്. അതിൽ ഭേഷജകല്പാദ്ധ്യായത്തിൽ അദ്ദേഹം, പൂർവ്വന്മാരുടെ ശ്രമംകൊണ്ടു സിദ്ധിച്ചതെല്ലാം എടുത്തുകാണിച്ചിട്ടുണ്ടെന്നു മാത്രമല്ല, അവയിൽ ചിലതിനൊക്കെ ഒരു പുതിയ വെളിച്ചംവരുത്തുകയും ചെയ്യിരിക്കുന്നു. ചായ, ഇദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള അല്പം ചില പുതിയദ്രവ്യങ്ങളുടെ കൂട്ടത്തിൽ ഒന്നാണ്. അദ്ദേഹത്തിന്റെ പ്രപൌത്രനായ സോഹാംജിവൈദ്യൻ വടക്കെ ഇന്ത്യയിലെ ഏററവും

* ഈ പറഞ്ഞ പേരുകൾക്കൊന്നും ശരിയായ മലയാളപര്യായങ്ങൾ കണ്ടുകിട്ടീട്ടില്ലാത്തതിനാൽ ഇവയും പ്രായേണ ഇംഗ്ലീഷിലുള്ള സസ്യശാസ്ത്രസംജ്ഞകൾ മാത്രമേ ഇവിടെ ചേർക്കുവാൻ സാധിച്ചിട്ടുള്ളു.

† ഇതിന്നു "ചെറുപ്പുള്ളടി" "അടുതിനുംപാല" ഇങ്ങിനെ ചില പേരുകൾ കാണുന്നുണ്ട്.

$ "കേശരഞ്ജിനി" "കയ്യോന്നി" ഇങ്ങിനെ ചില പര്യായങ്ങൾ ഇതിനുണ്ടു.

‡ Plantago Ispaghula.

പ്രസിദ്ധന്മാരും വിദ്വാന്മാരുമായ വൈദ്യന്മാരിൽ ഒരാളായിരുന്ന ഈ മഹാൻ മരിച്ചത് ഇയ്യിടയിലാണ്.

ഇതിന്നുശേഷം ഏകദേശം പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യത്തിലായി, അതായതു 1867-ൽ, വാസുദേവഗോഡ്ബോലെ എന്ന പണ്ഡിതൻ തന്റെ "നിഘണ്ടുരത്നാകരം" എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തി. ഇതിൽ പ്രാചീനഗ്രന്ഥങ്ങളുടെയെല്ലാം ഒരു സംഗ്രഹമുള്ളതിന്നുപുറമേ, പൂർവ്വഗ്രന്ഥകാരന്മാർ ആരും പറഞ്ഞിട്ടില്ലാത്ത ഏകദേശം അമ്പതോളം പുതിയ ഔഷധദ്രവ്യങ്ങളെ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇതു വളരെ പ്രചാരമുള്ള ഒരു പുസ്തകമാണ്. ഇതിൽ കാണുന്ന പുതിയ പേരുകളിൽ ചിലതു താഴെ പറയുന്നവയാണ്:—

എളിവകം (Aloes)=ചെന്നിനായകം?
അനനാസം (Pine apple)=കൈതച്ചക്ക.
പേരുക (Guava)=പേരയ്ക്ക.
തമാഖു (Tobacco)= പുകയില.
പുദിന (Mint)=ഓടതളം
മന്ദിക (Henna)
സീതാഫലം (Custard apple)=ആത്തച്ചക്ക

ഇന്ത്യയിലെ ഔഷധദ്രവ്യങ്ങളുടെ ഗുണങ്ങൾ അവയുടെ ജന്മഭൂമിയിൽ മാത്രമല്ല, മററുരാജ്യങ്ങളിലും അറിയപ്പെട്ടിരുന്നു. ക്രിസ്ത്വബ്ദത്തിന്ന് ഏകദേശം അഞ്ചു നൂററാണ്ടു മുമ്പായി ഹിപ്പോക്രട്ടീസ്സ് അദ്ദേഹത്തിന്റെ ഭേഷജകല്പത്തിൽ, അവരിലും വളരെ പ്രാചീനകാലത്തുണ്ടായ സംസ്കൃതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള "തിലം" (എള്ള്), "ജടാമാംസി" (മഞ്ചി), "കുന്ദുരു" (കുന്തുരുക്കം), "ശൃംഗിവേരം" (ചുക്ക്), "മരിചം" (കുരുമുളക്) മുതലായി ഇന്ത്യയിലുണ്ടാകുന്ന അനേകം ഔഷധികളെ വിധിച്ചിരിക്കുന്നതായി കാണുന്നു. ക്രിസ്ത്വബ്ദം ഒന്നാം നൂററാണ്ടിൽ ഡ

ഡയൊസ്കോറിഡസ്സ് എന്ന ഗ്രീക്കുവൈദ്യൻ, അക്കാലത്തു യൂറോപ്പിലെ അങ്ങാടികളിൽ വില്ക്കുവാൻ കൊണ്ടുപോന്നിരുന്ന ഇന്ത്യയിലെ അനേകം സസ്യങ്ങളുടെ ചികിത്സാവിഷയത്തിലുള്ള ഗുണങ്ങളെല്ലാം വേണ്ടവിധത്തിൽ പരിശോധിക്കുകയും, അതിന്നുശേഷം അവയെ, വളരെ കാലത്തോളം ഒരു പ്രമാണഗ്രന്ഥമായി സ്വീകരിക്കപ്പെട്ടിട്ടുള്ള തന്റെ അനശ്വരമായ ഭേഷകല്പഗ്രന്ഥത്തിൽ എടുത്തെഴുതുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ യൂറോപ്യശാസ്ത്രം ഉപയോഗപ്രദങ്ങളായ അനേകം തത്വങ്ങളെ കണ്ടുപിടിച്ചതിന്നു കടപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങളുടെ കൎത്താവായ ക്ലോഡിയസ്സ് ഗാലൻ എന്ന ആൾ രണ്ടാം നൂറാണ്ടിൽ അദ്ദേഹത്തിന്റെ കീൎത്തിപ്പെട്ട പുസ്തകം പ്രസിദ്ധപ്പെടുത്തി. ഉഷ്ണവീൎയ്യങ്ങളും, ശീതവീൎയ്യങ്ങളുമായ ഔഷധങ്ങളെക്കുറിച്ച് അതിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാനസിദ്ധാന്തങ്ങൾ ഈ ഇന്ത്യയിൽ നിന്നു കടംവാങ്ങീട്ടുള്ളവയാണ്. അവകൾ ഇപ്പോഴും ഇവിടെ നടപ്പുള്ളവയുമാണല്ലോ. സ്ത്രീകൾക്കുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് എഴുതീട്ടുള്ളതും ഗ്രീക്കുഭാഷയിൽ ഇപ്പോഴും കാണപ്പെടുന്നതുമായ ഗ്രന്ഥങ്ങളുടെ കൎത്താവും ക്രിസ്ത്വാബ്ദം അഞ്ചാം നൂറാണ്ടിൽ ജീവിച്ചിരുന്ന ആളുമായ മെസൊപ്പൊട്ടാമിയായിലെ എറിയസ്സ് എന്ന വൈദ്യൻ ഇന്ത്യയിലുണ്ടാകുന്ന ഫലങ്ങൾ, ചന്ദനം, തേങ്ങകൾ എന്നിവയെ മാത്രമല്ല, വേറെ അനേകം ദ്രവ്യങ്ങളേപ്പററിയും പറഞ്ഞിട്ടുണ്ട്. റുബാർബ്ബ് (Rhubarb) എന്ന ചെടിക്ക് ഉദരശോധന (Cathartic) ഗുണമുണ്ടെന്ന് ഒന്നാമതായി കണ്ടറിഞ്ഞ് ആളെന്നു പറയപ്പെടുന്നവനും, ഏഴാം നൂറാണ്ടിൽ ജീവിച്ചിരുന്നവനുമായ പോളസ്സ് ഈജിനററാ എന്ന ഈജിയൻദ്വീപിലെ വൈദ്യൻ അദ്ദേഹത്തിന്റെ കൃതിയിൽ ഇന്ത്യയിലെ ചില ഔഷധങ്ങളേ കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു. എട്ടാം നൂറാണ്ടിലും, ഒരു സമയം പിന്നത്തെ ശതാബ്ദത്തിലും ഇന്ത്യക്കാർ ബെ

ഗ്ഡാഡിൽ ചെന്നു വൈദ്യന്മാരായിരിക്കുകയും, അവിടെ അവരുടെ ചികിത്സക്കു് ഇന്ത്യയിലുള്ള അനേകം ഔഷധങ്ങളെ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടു്.

മുൻകാലങ്ങളിൽ അറേബിയായിൽനിന്നും യൂറോപ്പിൽനിന്നും വന്നിരുന്ന രാജ്യസഞ്ചാരികൾ എഴുതിവെച്ചിട്ടുള്ള ചില ഗ്രന്ഥങ്ങളിൽനിന്നു്, ഏകദേശം ആറാംനൂറാണ്ടിൽ, അക്കാലത്തു് ഏററവും പരിഷ്കൃതന്മാരും ഉത്സാഹശീലന്മാരുമായിരുന്ന അറബിക്കാർ അവരുടെ സ്വന്തരാജ്യത്തിൽനിന്നും, ആഫ്രിക്കയുടെ കിഴക്കേക്കരയിൽ കിടക്കുന്ന രാജ്യങ്ങളിൽനിന്നും കച്ചവടത്തിന്നായി പല സാമാനങ്ങളും ഇന്ത്യയിലേക്കു കൊണ്ടുവരികയും, തെക്കെ ഇന്ത്യയിൽ ചേർന്ന മലയാളക്കരയിൽനിന്നു ഗന്ധദ്രവ്യങ്ങളും, മററു് ഔഷധവസ്തുക്കളും അവരുടെ രാജ്യത്തേക്കു കൊണ്ടുപോകയും, അങ്ങിനെ യൂറോപ്പിലെ സമീപരാജ്യങ്ങളിലെല്ലാം ഇവയെപ്പററിയുള്ള അറിവു പരത്തുകയും ചെയ്തിട്ടുള്ളതായി നമുക്കു കാണാം. ഈ സ്ഥിതി പിന്നെയും വളരെ കാലത്തോളം നിലനിന്നുകൊണ്ടിരുന്നു. അക്കാലത്തെല്ലാം ഇന്ത്യയിലെ വൈദ്യശാസ്ത്രത്തിന്റെ കീൎത്തി അത്യുച്ചസ്ഥിതിയിലുമായിരുന്നു. അക്കാലത്തു് ഇന്ത്യയിലുള്ള ഏതൊരു മുഖ്യമായ പട്ടണത്തിലും ഒന്നോ അധികമോ വൈദ്യപാഠശാലകളുണ്ടെന്നു ഭ്രമാനിക്കാമായിരുന്നു. അക്കാലത്തു് ഇവിടെ ഉണ്ടായിരുന്ന വിദ്യാൎത്ഥികൾ പുസ്തകങ്ങളിൽ പറയുന്ന ഔഷധങ്ങളെല്ലാം നേരിട്ടുകണ്ടു മനസ്സിലാക്കേണ്ടതിന്നു തങ്ങളുടെ ഗുരുനാഥന്മാരൊന്നിച്ചു കാടുകളിൽ പോവുകയും പതിവായിരുന്നു. വൈദ്യന്മാരും അവരുടെ പ്രയത്നസാദ്ധ്യങ്ങളായ തത്വാന്വേഷണങ്ങളിൽ, രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലുമുള്ള മഹാന്മാരും അല്പന്മാരുമായ സകലരാജാക്കന്മാരാലും ധാരാളമായി പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. നാട്ടുരാജാക്കന്മാരിൽനിന്നു് ഇങ്ങിനെ അവൎക്കു സഹാ

യം കിട്ടിയിരുന്ന കാലംവരെയും ഈ ശാസ്ത്രം പുഷ്ടിപ്പെട്ടുകൊണ്ടുതന്നെ വന്നിരുന്നു. പത്താംനൂറ്റാണ്ടിൽ മഹമ്മദീയരുടെ ആക്രമംമുതൽക്കാണ് അതിന്റെ അധഃപതനം തുടങ്ങിയതു്. രാജാക്കന്മാരുടേയും പ്രജകളുടേയും മനസ്സെല്ലാം ആ അക്രമികളുടെ പ്രവേശത്താൽ അസ്വസ്ഥമായിത്തീർന്നു. അവർക്കൊക്കെ ഈ അക്രമികളെ തടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുകയായിത്തീർന്നു കാര്യമായിട്ടുള്ള പ്രവൃത്തി. ഇങ്ങിനെ രാജ്യത്തെങ്ങും സമാധാനമില്ലാതേയും ലഹളയായുമുള്ള ഒരു സ്ഥിതിയിൽ വേണ്ടവിധം ഉത്സാഹിപ്പിയ്ക്കാൻ ആരുമില്ലാതായതിനാൽ നാട്ടുവൈദ്യന്മാർക്കു പിന്നെപ്പിന്നെ ഓരോ തത്വാന്വേഷണം നടത്തുവാനുള്ള താല്പര്യവും കുറഞ്ഞുപോയി എന്നു വരുന്നതു് ഒട്ടും അസാധാരണയല്ലല്ലോ. മേൽവിവരിച്ചപ്രകാരം അവരുടെ പഠിപ്പിൽ അനുഭവയോഗ്യമായ ഒരു പ്രധാനഭാഗം മേലിൽ നിലനിത്തിക്കൊണ്ടുപോരുവാൻ നിവൃത്തിയില്ലാതെ വൈദ്യന്മാർ അവരുടെ പുസ്തകങ്ങളിൽനിന്നു കിട്ടുന്ന അറിവുകൊണ്ടുമാത്രം തൃപ്തിപ്പെടുകയും, അവരുടെ സിദ്ധൗഷധനിർമ്മാണത്തിന്ന് ആവശ്യമുള്ള മരുന്നുകൾക്കായി വെറും മരുന്നുകച്ചവടക്കാരെത്തന്നെ ആശ്രയിക്കേണ്ടിവരികയും ചെയ്തു. മഹമ്മദീയരുടെ അധികാരം ഇന്ത്യയിൽ സ്ഥിരമായി സ്ഥാപിക്കപ്പെട്ടശേഷം, ഇന്ത്യയിലെ വൈദ്യശാസ്ത്രത്തിന്നു കഠിനമായ ഒരു ഇളക്കം തട്ടി. എന്തുകൊണ്ടെന്നാൽ, അവർ ഇന്ത്യയിലേക്കു വന്നപ്പോൾ അവരുടെ ഒന്നിച്ചു "യൂനാനി" എന്നുകൂടി പേർ പറയപ്പെടുന്ന അയോണിയൻ (ഗ്രീക്ക്) ചികിത്സാസമ്പ്രദായത്തെ അംഗീകരിച്ചുപോരുന്ന ഹാക്കിംസ് എന്നുപറയുന്ന സ്വന്തവൈദ്യന്മാരെക്കൂടി കൊണ്ടുവന്നു. പിന്നെ മഹാരാജാക്കന്മാരുടെ സംരക്ഷണയിൽ ഈ മഹമ്മദവൈദ്യന്മാർ നാട്ടുവൈദ്യന്മാരുടെ നഷ്ടത്തിന്മേൽ അഭിവൃദ്ധിയെ പ്രാപിക്കുവാനിടയായി, എങ്കിലും മുഹമ്മദീയരുടെ

കൊട്ടാരങ്ങളിൽക്കൂടി, അവരുടെ വൈദ്യന്മാർ നിവൃത്തിയില്ലെന്നു കണ്ട് ഒഴിച്ചുവിട്ടിട്ടുള്ള അനേകം അസാദ്ധ്യരോഗങ്ങളെ നമ്മുടെ ആൎയ്യവൈദ്യന്മാർ തീരെ മാററീട്ടുള്ളതായി ലക്ഷ്യങ്ങളിൽ കാണുന്നു.

മഹമ്മദീയരുടെ രാജ്യഭരണകാലത്ത് അറേബിയാ, പേഷ്യാ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്ക ചില പുതിയ മരുന്നുകൾ കൊണ്ടുവന്നിട്ടുണ്ടെന്നു കാണുന്നു. ആ കൂട്ടത്തിൽ ഒന്നാണു കറുപ്പ്. ഇതു പടിഞ്ഞാറെ ഏഷ്യയിലുണ്ടാകുന്ന ഒരു സാധനമാണെന്നും അറിയുന്നു. അത് ഈ രാജ്യത്തേക്ക് ആദ്യം കൊണ്ടുവന്നത് അറേബിയായിൽനിന്നാണ്. പിന്നെ മുഹമ്മദീയരുടെ ആവിർഭാവത്തോടുകൂടിയാണ് ഇന്ത്യയിൽ ഇതിന്റെ പ്രചാരം ഇത്ര അധികമായതു്. മുഹമ്മദീയൎക്ക മദ്യങ്ങളുപയോഗിക്കുന്നതു മതവിരോധമാകയാൽ അതിന്ന് ഇതു നല്ലൊരു പ്രതിവിധിയായിട്ടാണ് അവർ കരുതിയിരിക്കുന്നതു്. ശാൎങ്ഗധരനും, വാഗ്ഭടനും ഇത് ഒരു ഔഷധമാണെന്നു പറയുകയും, കറുപ്പുകൊണ്ടുണ്ടാകുന്ന വികാരങ്ങൾക്കു സൎപ്പവിഷത്താലുണ്ടാകുന്നവയോടു സാദൃശ്യമുള്ളതിനാൽ ഇത് ഒരുതരം സൎപ്പത്തിന്റെ വായിലെ നുര കട്ടപിടിച്ചതാണെന്നു വിശ്വസിച്ചിട്ട് ഇതിന്ന് "അഹിഫേനം" (സൎപ്പത്തിന്റെ നുര) എന്നു പേരിടുകയും ചെയ്തിരിക്കുന്നു. അതിസാരം പഴകിയ രക്താതിസാരം ഇവയ്ക്കും, വേദന നില്ക്കുവാനും, ഉറക്കം ഉണ്ടാക്കുവാനും ഇതു കൊടുക്കാറുണ്ട്. സ്ക്രിബോണിയസ്സ ലാർഗസ്സ് എന്ന ആൾ ഒന്നാം നൂററാണ്ടിൽത്തന്നെ കറുപ്പിനെക്കുറിച്ച് അറിഞ്ഞിട്ടുണ്ടെങ്കിലും, യൂറോപ്പിലെ വൈദ്യന്മാർ ഇത് ഇന്ത്യയിലുള്ള വൈദ്യന്മാരിൽനിന്നാണ് ധരിച്ചിട്ടുള്ളതെന്നു തോന്നുന്നു. മഹമ്മദീയരാജ്യഭരണകാലത്ത് ഇന്ത്യയിലേക്ക കൊണ്ടുവരുവാനിടയായിട്ടുള്ള ചില ഔഷധദ്രവ്യങ്ങൾ താഴെ പറയുന്നവയാ

കുന്നു:—

ആലു (Prunus Bocariensis) എന്നതു പിത്തസംബന്ധമായ രോഗങ്ങൾക്കും പനിക്കും ഉപയോഗപ്പെടുന്നതാണു്.

ബാദിയൻ (Illicium Anisatum) എന്നതു പാരസീക (പേൎഷ്യാ) രാജ്യത്തുണ്ടാകുന്ന ഒരു മരുന്നാണു്. ഇതിന്റെ തൈലം വാതരോഗങ്ങൾക്കു സന്ധികളിൽ പുരട്ടുമാറുണ്ടു്.

ബനഫ്ഷ (Viola Odorata) എന്ന മരുന്നു പിത്തരോഗങ്ങൾക്കും മലബന്ധത്തിന്നും നല്ലതാണു്.

ഗാവ്സബാൻ (Onosma Bracteatum) എന്നമരുന്നു താപദോഷം, പിത്തോന്മാദം, പനി ഇവകൾക്കെല്ലാം ഉപയോഗപ്പെടുത്താവുന്നതാണു്.

ഗുളിദൌദി (Chrysanthemum Roxburghii)* എന്നതു ശ്ലേഷ്മദോഷത്തിന്നു നല്ലൊരു ശമനൌഷധമായി ഉപയോഗിക്കപ്പെടുന്നു.

കർബാ (Panitis Succinifer) എന്നതു് ഉരുണ്ടുകയറുന്ന മാതിരിയിലുള്ള ഉപദ്രവങ്ങൾക്കൊക്കെ നല്ലതും, സമുദ്ദീപനീയവും (Stimulant) ആകുന്നു.

ഖർജ്ജൂരം (Phoenix dactylifer) എന്നതു പുഷ്ടികരവും, പാനീയത്തിന്നുപയോഗിക്കപ്പെടുന്നതുമാകുന്നു.

മുസൽമാന്മാരുടെ രാജ്യഭാരം പിന്നെ ഇംഗ്ലീഷുകാർ കയ്യേല്ക്കുകയും, 18-ാം നൂററാണ്ടിൽ അവരുടെ അധികാരം ഇന്ത്യയിൽ സ്ഥിരമായി ഉറക്കുകയും ചെയ്തു. ഇംഗ്ലീഷുകാരാകട്ടെ, അവരുടെ ഒന്നിച്ചു സ്വന്തം ഡാക്ടർമാരെ കൂട്ടിക്കൊണ്ടുവരികയും, അവർ യൂറോപ്പിലെ മരുന്നുകൾ വിധിക്കുകയും ചെയ്യാനിടയായി. ഇതിന്റെമൂലമായിട്ടു നാട്ടുമരുന്നുകൾ ക്രമത്താൽ പിൻമാറുവാനും തുടങ്ങി. പാശ്ചാത്യസമ്പ്രദായത്തിലുള്ള ആസ്പത്രികളും, ഔഷധ

* ജമന്തിപ്പൂ

ശാലകളും രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും പരക്കെ കാണാം. പാശ്ചാത്യന്മാരുടെ മരുന്നുകൾക്കു ധാരാളം പ്രചാരം വരേണ്ടതിന്നു വേണ്ടതെല്ലാം ഗവൎമ്മേണ്ടിൽനിന്നു സഹായിക്കുകയും ചെയ്തു. യൂറോപ്പിൽനിന്നു സകലവും തെയ്യാറാക്കി ഇവിടേക്കു കൊണ്ടുവരുന്ന മരുന്നുകളിൽ ജനങ്ങൾക്കു ക്രമേണ താല്പൎയ്യം അധികമായിത്തീൎന്നതോടുകൂടി നാട്ടുമരുന്നുകളെ നിന്ദിക്കുവാനും സംഗതിയായി. ഇന്ത്യയിലെ ഔഷധശാസ്ത്രത്തിന്ന് ഇതു വലിയൊരു കോട്ടമായിത്തീൎന്നു എന്നു് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എന്നാൽ യൂറോപ്പുരാജ്യം മുമ്പ് ഇന്ത്യയോടു കടംവാങ്ങീട്ടുള്ളത് ഇപ്പോൾ മടക്കിക്കൊടുക്കുകമാത്രമാണ് ഈ ചെയ്യുന്നതു്. എന്തെന്നാൽ, യൂറോപ്യന്മാരുടെ ഭേഷജകല്പത്തിൽ ഇന്ത്യയിലുണ്ടാകുന്ന അനേകം ഔഷധദ്രവ്യങ്ങൾ അടങ്ങീട്ടുണ്ട്. അവയിൽ ചിലതു താഴെ കാണിക്കാം:—

Aconitum heterophyllum (അതിവിഷ)=അതിവിടയം

Allium Cepa)പലാണ്ഡു)=ഉള്ളി.

Acacia Catechu (ഖദിരം)=കരിങ്ങാലി

Alhagi Maurorum (യവാസം)=കൊടിത്തുവ്വ

Alstonia Scholaris (സപ്തപൎണ്ണം)=ഏഴിലംപാല

Amomum elettarum (ഏല)=ഏലത്തരി.

Andropogon nardus (ഉശീരം)=രാമച്ചം

Andropogon Schoenanthus (കുടരണ)=ത്രികോല്പക്കൊന്ന.

Artemisia Sternutatoria(അഗ്നിദമനി)=ചെറിയ കണ്ടകാരിച്ചുണ്ട.

Berberis Lycium (ദാരുഹരിദ്ര)=മരമഞ്ഞൾ.

Butea frondosa (പലാശം)=പ്ലാശ്.

Cassia Lanceolata (സോനാമുഖി).

Cucumis Colocynthis (ഇന്ദ്രവാരുണി)=ചെറിയ കാട്ടുവെള്ളരി; പേക്കുമ്മട്ടി.

Datura Alba, Datnrâ niger, etc (ധത്തൂരം)=ഉമ്മത്തു്.

Justicia Adhatoda (ആടരൂഷം)=ആടലോടകം

Luffa Amara (കട്ടുകോശാതകി)= പീരപ്പെട്ടി, കാട്ടുപീച്ചിൽ.

Linum Usitatissimum (അതസി)=കാശാവു്.

Mallotus Philippiensis (കമ്പില്ലകം)=കമ്പിപ്പാല.

Myrica Sapida (കട്ഫലം)=കുമിഴു്.

Ophelia Chiretta and Ophelia angustifolia (കിരാതം)=കിരിയാത്ത; പുത്തരിച്ചുണ്ട.

Pimpinella Anisum(ശതപുഷ്പ)= ശതകുപ്പ.

Pongamia glabra (കരഞ്ജം)=ഉങ്ങു്.

Ptychotis ajowan(അജമോദം)=അയമോദകം.

Ricinus Communis (ഏരണ്ഡം)=ആവണക്കു്.

Salvinia cucullata (ഉന്ദുരുകൎണ്ണിക)=എലിച്ചെവി.

Santalum album and Santalum flavum (ചന്ദനം)=ചന്ദനം.

Shorea robusta (അജകൎണ്ണം)= കരിമരുതു്.

Strychnos potatorum, strychnos Nuxvomica, etc (കതകഫലം)=തേററാമ്പരൽ.

Tinospora cordifolia (ഗുളൂചി)=ചിററമൃതു്.

Valeriana Hardwickii(തഗരം)=തകരം.

Wrightia antidysenterica (ഇന്ദ്രയവം)=കുടകപ്പാലയരി.

ഹിന്തുക്കൾ പ്രാചീനകാലംമുതല്ക്കുതന്നെ ജംഗമവൎഗ്ഗത്തിൽനിന്നും കൂട്ടുകൂടാത്ത മരുന്നുകൾ എടുത്തുവരുന്നുണ്ടു്. അവയുടെ സംഖ്യ വളരെ വലിയതാണു്. അല്പം ചിലതു താഴെ കാ

ണിക്കാം:—

അസ്ഥി (എല്ല്)—കോലാടിന്റെ എല്ലു ചുട്ടു ഭസ്മമാക്കി മറ്റുചില ദ്രവ്യങ്ങളോടുകൂടി ഒരു ലേപനദ്രവ്യമാക്കി നാളീവ്രണങ്ങൾക്കുപയോഗിക്കുമാറുണ്ട്. സമുദ്രഫേനങ്ങളും (Cuttlefiish bones) മരുന്നിന്നുപയോഗിക്കപ്പെട്ടുന്നവയാണ്.

ദന്തം (പല്ല്)—ആനയുടെ പല്ലു ശുക്ലപ്രദരത്തിൽ ഉപയോഗിക്കുവാൻ വിധിച്ചിട്ടുണ്ട്.

ദുഗ്ദ്ധം (പാൽ) പുഷ്ടിയുണ്ടാക്കുന്നതും, ഓജോവൃദ്ധികരവുമാകുന്നു. മുലപ്പാൽ ലഘുവും, ബലപ്രദവും, നേത്രരോഗങ്ങൾക്കു ധാരാളമായി ഉപയോഗിക്കപ്പെട്ടുന്നതുമാണ്. പശുവിൻപാൽ ശുക്ലത്തെ വർദ്ധിപ്പിക്കും. എരുമപ്പാൽ അധികമായി ശീലിച്ചാൽ ഉറക്കം ധാരാളമുണ്ടാകും. ആട്ടിൻപാൽ മധുരവും, ലഘുവുമാണെന്നു മാത്രമല്ല, ക്ഷയത്തിന്നും, രക്തരോഗങ്ങൾക്കും വിഹിതമായിട്ടുള്ളതുമാകുന്നു. കുറിയാടിന്റെ പാൽ ഉഷ്ണവും, തലരോമം വളരുവാൻ നല്ലതെന്നു ഊഹിക്കപ്പെട്ടുന്നതുമാകുന്നു. പിടിയാനയുടെ പാൽ കണ്ണിൽദീനത്തിന്നും, പെൺകുതിരയുടെ പാൽ വാതത്തിന്നും ഉപയോഗിക്കപ്പെട്ടുന്നതാണ്. കഴുതയുടെ പാൽ ഉപ്പുരസമുള്ളതും, കുട്ടികൾക്കുണ്ടാകുന്ന കുരക്കു നല്ലതെന്ന് ഊഹിക്കപ്പെട്ടുവരുന്നതുമാകുന്നു. ഒട്ടകത്തിന്റെപാൽ വിരേചനകരവും, മഹോദരം വായുക്ഷോഭം അപചീരോഗം ഇവകളിലെല്ലാം ഉപയോഗിക്കപ്പെട്ടുന്നതുമാകുന്നു. ഓരോ ജീവിയുടെ പാലിന്റെ ഗുണം അതിന്റെ നിറത്തിന്റെയും, മേച്ചിൽസ്ഥലത്തിന്റേയും താരതമ്യംപോലെ ഭേദപ്പെട്ടിരിക്കുമെന്നു പറയപ്പെട്ടുന്നു. പാലുകൊണ്ടുണ്ടാക്കുന്ന പ്രധാനസാധനങ്ങളിൽ—ദധി (തയിർ) അതിസാരത്തിന്നു നല്ലൊരു മരുന്നാകുന്നു. തക്രം (മോർ) ദാഹത്തെ തീക്കുന്നതാണ്. നവനീതം (പുതുവെണ്ണ) മലബന്ധത്തിന്നു നല്ലതാണ്. ഘൃതം (ഉരുക്കിയ നെയ്യ്) ബല്യവും,

സ്നേഹനവും, ശീതവുമാകുന്നു. സന്താനിക (പാട) ബലകരമാകുന്നു.

ഗരളം (വിഷം)— സൎപ്പങ്ങളുടെ വിഷം മഹോദരത്തിന്നു കൊടുപ്പാൻ വിധിച്ചിട്ടുണ്ടു്.

ത്വക്ക് (തോൽ)— പാമ്പുകൾ ഓരോ കാലത്ത് ഉപേക്ഷിക്കുന്നതായ "കഞ്ചുകം" (വള) പുഴുക്കടിക്കു നല്ലതും (കൃമിഹരം), വേറെ പലവിധത്തിലും മരുന്നാക്കി ഉപയോഗിക്കാവുന്നതുമാകുന്നു.

ജാലം (വല)— വീടുകളിൽ കാണുന്ന ചിലന്തിവല (മാറാല) ചോര നിൎത്തുവാൻ വളരെ ഉപയോഗപ്പെടുന്നതാണു്.

ജീവജന്തുക്കൾ (ജീവിച്ചിരിക്കുന്നവ)— മക്കുണം (മൂട്ട) മുതലായതിനെ വിഴുങ്ങിയാൽ നന്നാലാംപനി ശമിക്കുമെന്നാണു് പറയപ്പെടുന്നതു്. അതുപോലെതന്നെ ഛൎദ്ദിക്കുവാൻ ഈച്ചയെ വിഴുങ്ങുന്നതും നല്ലതാണത്രെ.

കേശം (തലരോമം)— മനുഷ്യന്റെ തലരോമം കരിച്ചു ഭസ്മമാക്കി തോലില്ലാതുള്ള വ്രണങ്ങളിൽ പുരട്ടിയാൽ നന്നു്. അതിന്നു പുറമെ, സൎപ്പങ്ങളെ ആട്ടിപ്പായിക്കേണ്ടതിന്നും തലരോമം കരിക്കുമാറുണ്ടു്.

ലാക്ഷ (അരക്ക്)— ഇതു സ്ത്രീകൾക്കു രക്തം അധികം പോകുന്ന ദിക്കിൽ ഉപയോഗമുള്ളതാണു്.

മദം (ആനയ്ക്കു മദമുള്ള കാലത്തു ഗണ്ഡങ്ങളിൽനിന്നു് ഒലിക്കുന്ന ജലം) കാമവികാരത്തെ വൎദ്ധിപ്പിക്കുന്നതിന്നു നല്ലൊരു മരുന്നാണു്. അതുപോലെതന്നെ മൃഗമദം (കസ്തൂരി) വാതോന്മാദത്തിലും, മററു വാതരോഗങ്ങളിലും ഉപയോഗപ്പെടുന്നതാകുന്നു.

മധു (തേൻ) കൊഴുപ്പുള്ളതും, വിരേചനകരവും, അകത്തും പുറത്തും ഒരുപോലെ ഉപയോഗിക്കാവുന്നതുമാകുന്നു. ഛ

ന്ത്രവൈദ്യ ഗ്രന്ഥകാരന്മാർ എട്ടു വിധത്തിലുള്ള തേനുണ്ടെന്നു പറഞ്ഞിരിക്കുന്നു. അതായതു്:—1 "മാക്ഷികം"—ഇതു, വലിയവയും പിംഗലവർണ്ണങ്ങളുമായ തേനീച്ചകളാൽ സംഭരിക്കപ്പെടുന്നതാണ്. ഇതാണ തേൻജാതിയിൽവെച്ച് ഏററവും നല്ലതെന്നു വെച്ചിട്ടുള്ളത്. ഇതു പിത്തകാമിലകൾക്കു നല്ലതാകുന്നു. 2 'ഭ്രാമരം'—ഇതു സ്ഫടികംപോലെ വെള്ളത്തതും, രക്തപിത്തത്തെ ശമിപ്പിക്കുന്നതുമാകുന്നു. 3 'ക്ഷൌദ്രം'—ഈ ജാതി തേൻ പിംഗവർണ്ണങ്ങളായ ചെറിയ തേനീച്ചകളാൽ ഉണ്ടാക്കപ്പെടുന്നതും, പ്രമേഹത്തിന്നു നല്ലതുമാകുന്നു. 4. 'പൌത്തികം'—ഇതു വളരെ വലുതായിട്ടുള്ള ഈച്ചകളാൽ ഉണ്ടാക്കപ്പെടുന്നതും, ഉഷ്ണവീര്യവും, മൂത്രഗ്രന്ഥി മുതലായ ഉപദ്രവങ്ങളെ ശമിപ്പിക്കുന്നതുമാകുന്നു. 5 'ഛാത്രം'—ഈ തരം തേൻ ഹിമാലയത്തിൽനിന്നു കിട്ടുന്നതാണ്. അവിടെ ഇതുണ്ടാകുന്ന തേനീച്ചക്കൂട് മിക്കപ്പോഴും ഒരു ഛത്രത്തിന്റെ (കുടയുടെ) ആകൃതിയിൽ കാണപ്പെടുന്നതാണത്രെ. ഈ തേൻ കൃമികളെ നശിപ്പിക്കുവാൻ നല്ലതാകുന്നു. 6 'ആർഘ്യം'—ഇതു മാളവരാജ്യത്തിൽനിന്നു കിട്ടുന്നതാണ്. ഇതു കണ്ണിൽരോഗങ്ങൾക്ക് അധികം നല്ലതാണെന്നാണ് വെച്ചിരിക്കുന്നതു്. 7 'ഔദ്ദാലകം'—ഇതു പ്രായേണ പുററുകളിൽ നിന്നു കിട്ടുന്നതും, 'ശബ്ദത്തിന്നു നല്ലതും' (സ്വരം) ആകുന്നു. 8 'ദാളം'*—ഈ ജാതി തേൻ പുഷ്പങ്ങളിൽനിന്നു സ്രവിപ്പിച്ചു ദളങ്ങളുടെ (ഇലകൾ)മീതെ വെച്ചു സംഭരിക്കുന്നതാണ്, ഇതു ഛർദ്ദിനിൎത്തുവാൻ വളരെ വിശേഷമാണെന്നാണ വെച്ചിട്ടുള്ളത്. റോഡോഡെൻഡ്രൺ (Rhododendron) എന്ന ഒരു മാതിരി ചെടി(മേത്തോന്നി?)യിൽനിന്നെടുക്കുന്ന

* ഈ തേൻ കേവലം സസ്യവർഗ്ഗത്തിൽനിന്നുണ്ടാകുന്നതാണെങ്കിലും, ഇവിടെ എടുത്തു പറഞ്ഞതെന്താണെന്നുവെച്ചാൽ ആൎയ്യവൈദ്യന്മാർ ഇതിനേയും മറെറാരു ജാതി തേനുകളുടെ കൂട്ടത്തിൽ ഗണിച്ചിട്ടുള്ളതുകൊണ്ടാണ്.

തേൻ വിഷമായിട്ടുള്ളതാകുന്നു.

മധൂജം. (മെഴു)—ചില ലേപനദ്രവ്യങ്ങൾക്കു കൽക്കങ്ങൾക്കും മററും ഇതു ഉപയോഗിക്കുമാറുണ്ടു്. അതിസാരം, രക്താതിസാരം ഇവകളിൽ ഇതു പേയമായും കൊടുക്കപ്പെടുന്നതാണു്.

മാംസം—കോലാട്ടിന്റെ മാംസം എണ്ണയിൽ വറുത്തു കൊടുക്കുന്നതു വാതത്തിന്നു നല്ലതാണു്. അതുപോലെതന്നെ മാടപ്രാവിന്റെ മാംസത്തിന്റെ സത്തു പക്ഷവാതത്തിന്നും കൊടുക്കുവാൻ വിധിച്ചിട്ടുണ്ടു്.

മേദസ്സ (കൊഴുപ്പു്)—ഒട്ടകത്തിന്റെയോ, അല്ലെങ്കിൽ കഴുതപ്പുലിയുടേയോ മേദസ്സ സന്ധികളിലുള്ള വാതക്കടച്ചലിന്നു വളരെ നല്ലതാണെന്നാണു് വെച്ചിരിക്കുന്നതു്.

മൂത്രം—ഹിന്തുക്കൾ ഇതു വളരെ ഫലമുള്ള ഒരു മരുന്നായിട്ടാണു് വെച്ചിരിക്കുന്നതു്. ഇതുകൊണ്ടു് അവൎക്കു പലേ പ്രയോഗങ്ങളുമുണ്ടു്. ഗോമൂത്രം അകത്തേക്കും പുറത്തേക്കും ഒരുപോലെ ഉപയോഗിക്കുമാറുള്ളതാണു്. അതു വയററിൽ ശൂല (വേദന)യ്ക്കും, വേറെ അനേകം രോഗങ്ങൾക്കും കൊടുക്കുവാൻ പറഞ്ഞിട്ടുണ്ടു്. ആട്ടിൻമൂത്രം കാമിലയ്ക്കും, എരുമയുടെ മൂത്രം മൂലക്കുരുവിന്നും, ആനമൂത്രം രക്തസംബന്ധമായ രോഗങ്ങൾക്കും ഉപയോഗപ്പെടുന്നതാണു്. കുതിരയുടെ മൂത്രം കൃമികളെ കൊല്ലുന്നതിന്നും, കഴുതയുടേതു ക്ഷയത്തിന്നും-ഉന്മാദത്തിന്നും, ഒട്ടകത്തിന്റെ മൂത്രം ഉദരരോഗത്തിന്നും വിഹിതമായിട്ടുള്ളതാകുന്നു. മനുഷ്യമൂത്രം കുരയ്ക്കും, നേത്രരോഗങ്ങൾക്കും നല്ലതാണു്. ഉടച്ച കാളയുടെ മൂത്രം പാണ്ഡുരോഗത്തിന്നും, രക്താതിസാരത്തിന്നും കൊള്ളാം. മൂത്രം സാധാരണയായി പെൺജാതിയിൽനിന്നാണെടുക്കേണ്ടതു്. എന്നാൽ കഴുത, ഒട്ടകം, മനുഷ്യൻ, കുതിര, ആന ഇവകളിൽ ആണിന്റെ മൂത്രമാണു് സാധാരണയായി അധികം നല്ലതെന്നു വെച്ചിട്ടുള്ളതു്.*

* ഗോജാവിമഹിഷീണാന്തു സ്ത്രീണാം മൂത്രം പ്രശസ്യതെ;
ഖരോഷ്ട്രേഭനരാശ്വാനാം പുംസാം മൂത്രം ഹിതം സ്മൃതം.
ആയുൎവ്വേദവിജ്ഞാനം

മുക്തകൾ (മുത്തുമണികൾ)—ഇവ പൊടിച്ചു ക്ഷയത്തിന്നും, ഷണ്ഡതയ്ക്കും കൊടുക്കുവാൻ പറഞ്ഞിട്ടുണ്ട്.

നഖം—മനുഷ്യരുടെ നഖം മുറികൾക്കും, കുതിരക്കുളമ്പു പുകയ്ക്കുവാനും, വിഷമജ്വരങ്ങൾക്കും ഉപയോഗപ്പെടുന്നതാകുന്നു.

പിഞ്ഛം (മയിൽപ്പീലി)—മയിൽപ്പീലി എക്കിട്ടിന്നു നന്നെന്നാണു പറയുന്നതു്. അതുകൂടാതെ, മയിൽതൂത്തിൽ നിന്നെടുക്കുന്ന ചെമ്പുകൊണ്ടു മോതിരം ഉണ്ടാക്കി വിരലിലിട്ടാൽ സപ്പവിഷം ബാധിക്കുന്നതല്ലെന്നും ഒരു വിശ്വാസമുണ്ട്.

പിത്തം—മത്സ്യങ്ങളുടേയും മററു ചില ജന്തുക്കളുടേയും പിത്തം പനിക്കും, നേത്രരോഗങ്ങൾക്കും വളരെ നല്ലതാകുന്നു.

പ്രവാളം (പവിഴം)—ഇതു കാസത്തിന്നു നല്ലതാകുന്നു.

പുരീഷം (മലം)—തീപ്പൊള്ളുകയോ വല്ല നിറഭേദം വരികയോ ചെയ്തിട്ടുള്ള തോലിന്റെ ആവക ഭാഗങ്ങളിൽ പശുവിന്റെ മലം (ചാണകം) പുരട്ടുന്നതു നല്ലതാണ്. ഈ ഇന്ത്യയിൽ ജനങ്ങൾ ഇതു ചുമരിന്മേൽ തേക്കുകയും ധാരാളം പതിവുണ്ടല്ലോ. എന്നുമാത്രമല്ല, ഇതിന്നു രോഗനിവാരണത്തിന്നുള്ള ശക്തിയുണ്ടെന്നുള്ള ബോദ്ധ്യത്താൽ ഇതുകൊണ്ടു നിലം മെഴുകുകയും സാധാരണയായി ചെയ്യാറുണ്ട്. ആനപ്പിണ്ടി ത്വഗ്ദോഷത്തിന്നു നല്ലതാണെന്നു പറയപ്പെടുന്നു. വീട്ടിൽ വളത്തുന്ന കോഴിയുടെ കാഷ്ടം ശൂലവേദനക്കും, ആട്ടിൻകാഷ്ടം ത്വഗ്രോഗങ്ങൾക്കും നല്ലതാണെന്നും വിചാരിച്ചുപോരുന്നു.

ശംഖം—ഇതു ശൂലത്തേയും, ആന്ത്രാദ്ധ്മാനത്തേയും ശമിപ്പിക്കുന്നതാകുന്നു.

ശൃംഗം (കൊമ്പ്)—കലമാനിന്റെ കൊമ്പുകൊണ്ടു പലേ മരുന്നുകളുമുണ്ട്. അതു് അരച്ചു കുഴമ്പാക്കി ഞെരമ്പുവലിവിന്നും, ചതവിന്നും, വിള്ളലുകൾക്കും ഉപയോഗിക്കാം. അതിന്നുപുറമെ തലയിൽകുത്തിന്നു നെററിമേൽ ഇടുവാനും ഇതു

നല്ലതാണ്.

വരാടിക (കവിടി)— പ്ലീഹവൃദ്ധിക്കു പ്രത്യേകം വിധിക്കപ്പെട്ടതാണ്.

ഹിന്തുക്കൾ ചികിത്സക്കുപയോഗിച്ചുവരുന്ന പാൎത്ഥിവദ്രവ്യങ്ങളിൽ "ലോഹങ്ങൾ" (ധാതുക്കൾ), "രസങ്ങൾ", "ലവണങ്ങൾ", "രത്നങ്ങൾ", "മണ്ണുകൾ" ഇവയെല്ലാം ഉൾപ്പെടുന്നതാണ്.

ആൎയ്യവൈദ്യന്മാർ ഉപയോഗിച്ചുവരുന്ന ലോഹങ്ങൾ "പ്രധാനങ്ങൾ" എന്നും, "അപ്രധാനങ്ങൾ" എന്നും രണ്ടാക്കി വിഭജിക്കപ്പെട്ടിരിക്കുന്നു. അവയിൽ പ്രധാനലോഹങ്ങൾ അല്ലെങ്കിൽ "ധാതുക്കൾ" സുവൎണ്ണം (സ്വൎണ്ണം), രൂപ്യം (വെള്ളി), താമ്രം (ചെമ്പു), വംഗം (തകരം), സീസകം (ഈയം), യശദം (നാകം), ലോഹം (ഇരിമ്പു) ഇങ്ങിനെ ഏഴെണ്ണമുണ്ട്. അപ്രധാനലോഹങ്ങൾ അല്ലെങ്കിൽ "ഉപധാതുക്കൾ" (പ്രധാനലോഹങ്ങളിൽ ഏതെങ്കിലുമോ, അല്ലെങ്കിൽ അവയുടെ യോഗങ്ങളോ ചേൎത്തിട്ടുള്ള സാധനങ്ങൾ) അതാതു ധാതുക്കളുടെ ഗുണങ്ങളോടുകൂടിയിരിക്കും. പക്ഷെ ഗുണങ്ങൾക്കു കുറെ കുറവുണ്ടായിരിക്കുമെന്നു മാത്രമേയുള്ളു. ഈ ഉപധാതുക്കളുടെ സംഖ്യയും ഏഴാണ്. അവയുടെ പേരുകളും അതിന്നു ശരിയായ ഇംഗ്ലീഷ് സംജ്ഞകളും താഴെ കാണിക്കുന്നു.

സുവൎണ്ണമാക്ഷികം=Yellow pyrites

താരമാക്ഷികം=White pyrites

തുത്ഥം=Sulphate of Copper

കാംസ്യം=Brass

രീതി=Calcined Zine

സിന്ദൂരം=Red oxide of lead

ശിലാജതു=Bitamen

പാരദം(Merury)—എന്ന പാൎത്ഥിവദ്രവ്യം ഔഷധയോഗങ്ങളിൽ ചേരുന്നതു വൈദ്യന്മാൎക്കു വളരെ രസ(തൃപ്തി)കരമാണെന്നു് ഊഹിക്കപ്പെട്ടുന്നതിനാലത്രെ അതിന്നു "രസം" എന്ന സംജ്ഞ വിധിച്ചിട്ടുള്ളതു്. ഇതിനെ അപ്രധാനങ്ങളായ "ഉപരസ"ങ്ങളിൽനിന്നും വ്യത്യാസപ്പെടുത്തി പ്രധാനമായി "രസം" എന്നുമാത്രം പറഞ്ഞുവരുന്നു. "ഉപരസങ്ങൾ" അല്ലെങ്കിൽ രണ്ടാംതരം രസങ്ങൾ താഴെ പറയുന്നവയാകുന്നു.

| | |
|---|---|
| ഗന്ധകം | = Sulphur |
| ഹിംഗുലം | = Red Sulphide of mercury |
| അഭ്രകം | = Mica |
| മനശ്ശില | = Bisulphide ef arsenic |
| താളകം | = Tersuphide of arsenic |
| സ്രോതോഞ്ജനം | = Sulphide of lead |
| ടങ്കനം | = Borax |
| രാജാവൎത്തം | = Lapis Lazuil |
| ചുംബകം | = Loadstone |
| സ്ഫടികം | = Alum |
| കാസീസം | = Sulphate of iron |
| രസകം | = Carbonate of zinc |
| ബോദരം | = Litharge |

ഭേഷജകല്പത്തിൽ പറയപ്പെട്ടിരിക്കുന്ന രത്നങ്ങളും "പ്രധാനങ്ങൾ" എന്നും, "അപ്രധാനങ്ങൾ" എന്നും രണ്ടു തരമായിട്ടുണ്ടു്. പ്രധാനരത്നങ്ങൾ ഒമ്പതെണ്ണമാണു്. അവയുടെ പേരുകൾ ഹീരം (Diamond), പത്മരാഗം (Ruby), നീലം (Saphire), ഗാരുത്മതം (Emerald), പുഷ്പരാഗം (Topaz), ഗോമേദം (Onyx), വൈഡൂൎയ്യം(Cat's eye), മൗക്തികം(Pearl), പ്രവാളം (Coral), എന്നിവയാകുന്നു. ഈ ഒടുവിൽ പറഞ്ഞ രണ്ടും ജാം

ഗമവൎഗ്ഗത്തിൽ ചേൎന്നതാണെങ്കിലും ഇവകൾ "നവരത്നങ്ങളിൽ" പെട്ടവയാകകൊണ്ടാണു് ഇവിടെ എടുത്തുപറഞ്ഞതു്. രണ്ടാംതരം (ഉപ)രത്നങ്ങളുടെ കൂട്ടത്തിൽ സൂൎയ്യകാന്തം, ചന്ദ്രകാന്തം (ഇതു ചന്ദ്രരശ്മികൾ കട്ടപ്പിടിച്ചുണ്ടാകുന്നതാണെന്നത്രെ ഊഹിക്കപ്പെട്ടുവരുന്നതു്), സ്ഫടികം, Crystal), ഹരിതാശ്മം (Turquoise), കാചം (Glass), എന്നിവയും മററും പറയപ്പെടാവുന്നതാണു്.

ചിലതരം മണലും മണ്ണും സാധാരണ ഔഷധദ്രവ്യങ്ങളായി ഉപയോഗിച്ചുവരുന്നുണ്ടു്. ഖടിക അല്ലെങ്കിൽ ചോക്ക് Carbonate of calcium), കൎദ്ദമം (Hydrous silicate of alumina ഗോപീചന്ദനം (silicate of alumina), സികത (Siiica) മുതലായവയെല്ലാം ഇതിൽ ഉൾപ്പെട്ടതാകുന്നു.

ഹിന്തുക്കളുടെ ഔഷധനിൎമ്മാണശാസ്ത്രത്തിൽ അടങ്ങീട്ടുള്ള പ്രധാനപ്പെട്ട ലവണങ്ങൾ താഴെ പറയുന്നവയാകുന്നു:—

നവസാരം = Chloride of ammonium
സൈന്ധവം = Ch'oride of sodium.
പാംസുജക്ഷാരം = Carbonate of potassium.
യവക്ഷാരം = Carbonate of Soda.
സൂൎയ്യക്ഷാരം = Nitrate of potash.

ഈ പറഞ്ഞ "യോഗങ്ങൾ" (Compounds) കൂടാതെ ഹിന്തുക്കൾ കഴിഞ്ഞ അനവധികാലത്തോളമായി താഴേ പറയുന്ന മററനേകം ലോഹയോഗങ്ങളേയും ഉപയോഗിച്ചുവരുന്നുണ്ടു.

ജാംഗലം = Subacetate of c opper
മണ്ഡൂരം = Hydrated oxide of iron
പാഷാണഭേദം = Carbonate of iron ar.d lime.
യശദപുഷ്പം = Oxide of zinc.
രസസിന്ദൂരം = Sulphide of mercury.

രസകർപ്പൂരം = Corrosive sublimate.

ശംഖവിഷം = Arsenious acid

ചരിത്രകാലത്തിന്നു മുമ്പുതന്നെ ഹിന്തുക്കൾ പാർത്ഥിവദ്രവ്യങ്ങളെ ഔഷധങ്ങളായി ഗണിച്ചിരിക്കുന്നു. സാധാരണയായി ഔത്ഭിദദ്രവ്യങ്ങളെത്തന്നെയാണ് അവർ ഔഷധങ്ങളാക്കി ഉപയോഗിച്ചുവരുന്നത്. പക്ഷെ ഔത്ഭിദദ്രവ്യങ്ങളെക്കൊണ്ടുണ്ടാക്കുന്ന മരുന്നുകൾക്കു പഴക്കത്തിൽ ഗുണം മതിയാവുകയില്ലെന്നുള്ള കാൎയ്യം വിസ്മരിക്കുവാൻ പാടുള്ളതല്ലല്ലൊ. അതുകൊണ്ട പ്രാചീനാൎയ്യന്മാർ ഔത്ഭിദദ്രവ്യങ്ങൾക്കെല്ലാം സാധാരണയായി ഒരു കൊല്ലം കഴിഞ്ഞാൽ വീൎയ്യം കുറഞ്ഞുപോകുമെന്നു സ്വാനുഭവത്താൽ തീൎച്ചപ്പെടുത്തീട്ടുള്ളതായി കാണുന്നു. അവരുടെ കണക്കുപ്രകാരം പൊടികൾക്കെല്ലാം രണ്ടു മാസത്തോളവും, ഗുളികകൾക്കും ദ്രാവകങ്ങൾക്കും ഒരു കൊല്ലത്തോളവും, തൈലകല്പനകൾക്കു പതിനാറുമാസത്തോളവും മാത്രമേ ശക്തി നില്ക്കുകയുള്ളൂ എന്നാണു വെച്ചിരിക്കുന്നത്. ഈ സംഗതിയാൽ ആൎയ്യന്മാർ ഔഷധശക്തിയെ ഗ്രഹിച്ച് എന്നും നശിക്കാതെ വെച്ചുകൊണ്ടിരിക്കുവാൻ കഴിവുള്ളതായ ഔഷധങ്ങളെ കണ്ടുപിടിക്കുവാനിടയായി എന്നും ഇവസ്തുക്കളെ കാലപ്പഴക്കത്താൽ ഫലത്തിന്നു യാതൊരു കുറവും വരികയില്ലെന്നല്ല കാലം കഴിയുംതോറും അതിന്നനുസരിച്ച ശക്തികൂടുകയാണ് ചെയ്യുക എന്നും പറയപ്പെട്ടിരിക്കുന്നു. ഔത്ഭിദങ്ങളായ മരുന്നുകളുടെ ഗുണങ്ങളെ ചില ധാതുക്കളിലേക്കു സംക്രമിപ്പിക്കേണ്ടതിന്നുള്ള വിധികളെല്ലാം അവർ വിവരിച്ചു പറഞ്ഞിട്ടുണ്ട്. ഇതു നിമിത്തം അവറ്റു ശക്തികൂടുകയും അത് അനവധികാലത്തോളം നിലനില്ക്കുകയും ചെയ്യുന്നതാണ്. ഈ ധാതുക്കളെ ഓരോ ദീനങ്ങൾക്ക് ഔഷധങ്ങളാക്കി ഉപയോഗിക്കുന്നതിന്നുമുമ്പെ "ശുദ്ധി" "മാരണം" മുതലായ അനേകം വിധികൾ ചെയ്യേണ്ടതുണ്ട്. അ

ങ്ങിനെ തയ്യാറാക്കീട്ടുള്ള ഈ യോഗദ്രവ്യങ്ങൾ അല്ലെങ്കിൽ "ഭസ്മങ്ങൾ" ഔൽഭിദൌഷധങ്ങളേക്കാൾ എത്രയോ അധികം വീൎയ്യം കൂടുന്നവയാണെന്നാണു വെച്ചിരിക്കുന്നതു്. ഇവകൾ എപ്പോഴും വളരെ ചുരുങ്ങിയ മാത്രയിലേ കൊടുക്കുമാറുള്ളു. ഈ ധാത്വൌഷധങ്ങളെ ഉപയോഗിക്കുന്ന വൈദ്യന്മാരും വളരെ അധികമില്ല; എന്തുകൊണ്ടെന്നാൽ ഈ ധാതുക്കളേയും മററും ശ്രദ്ധവെച്ചും വേണ്ടതുപോലെയും തയ്യാറാക്കീട്ടില്ലെങ്കിൽ, ഇതുകൊണ്ടു ഗുണത്തേക്കാൾ അധികം ദോഷമാണു സംഭവിക്കുക എന്നാകുന്നു പരക്കെയുള്ള വിശ്വാസം. ഈ ചികിത്സയിൽ പ്രത്യേകം സാമൎത്ഥ്യമുള്ളവരെ മാത്രമേ രോഗികൾ വിശ്വസിക്കുകയുള്ളു. ഈ ധാത്വൌഷധങ്ങളെ പ്രതിപാദിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങളും ഹിന്തുക്കളുടെ ഇടയിൽ വളരെ അധികമുണ്ടു്.

മേൽ പ്രസ്താവിച്ചപ്രകാരം പാൎത്ഥിവദ്രവ്യങ്ങളെ ഭസ്മമാക്കുന്നതിന്നു മുമ്പെ ഒന്നാമതായി അവയെ ശുദ്ധിചെയ്യണം. ഓരോരോ പാൎത്ഥിവദ്രവ്യങ്ങളുടെ ശുദ്ധിക്കായി പലവിധം ക്രമങ്ങളും പറയപ്പെട്ടിട്ടുണ്ടു്. സ്വൎണ്ണം ശുദ്ധിചെയ്യുന്നതിന്നുള്ള എളുപ്പമായ ഒരു വഴി ഇവിടെ കാണിക്കാം:— ഒന്നാമതായി സ്വൎണ്ണം നേരിയ തകിടുകളാക്കി പരത്തുക; പിന്നെ അതെല്ലാം ചുട്ടുപഴുപ്പിച്ചു ഗന്ധതൈലത്തിൽ മുക്കുക; വീണ്ടും ആ തകിടുകളെ കാച്ചുക; അതിന്റെശേഷം തയിർവെള്ളത്തിൽ മുക്കുക; മൂന്നാമതും അതൊക്കെ ചുട്ടുപഴുപ്പിക്കുക; എന്നിട്ടു് അതു ഗോമൂത്രത്തിലും പുളിച്ചകാടിയിലും മുക്കുക; ഈ ക്രമംതന്നെ ഇങ്ങിനെ ഏഴുപ്രാവശ്യം ആവൎത്തിക്കുകയും, ഒടുവിൽ ആ ചുട്ടുപഴുപ്പിച്ച സ്വൎണ്ണമെല്ലാം മുതിരക്കഷായത്തിൽ മുക്കുകയും വേണം. ഇങ്ങിനെചെയ്താൽ സ്വൎണ്ണം അതിലുള്ള ദോഷാംശങ്ങളൊക്കെ നീങ്ങി നല്ലവണ്ണം ശുദ്ധിവരുന്നതാണു്. അതിന്റെശേഷം അതു ഭസ്മമാക്കുവാൻ "മരണവിധി" കൂടി ചെയ്യേണ്ടതുണ്ടു്. ഇ

തിന്നും അനേകം ക്രമങ്ങളെ വിധിച്ചിട്ടുള്ളതിൽ താഴെ പറയുന്ന വിധിയെ ഇവിടെ ഉദാഹരണമായി എടുക്കാം. ശുദ്ധമായ സ്വർണ്ണം ഒരു മൂശയിലിട്ട് അതിന്റെ തൂക്കത്തിൽ പതിനാറിൽ ഒരു ഭാഗം ഈയ്യവും കൂട്ടി ഉരുക്കുക; പിന്നെ അത് എടുത്തു നാരങ്ങനീരിൽ അരച്ചുരുട്ടുക; അതിന്റെശേഷം അതു ഗന്ധപ്പൊടികൊണ്ടു പൊതിയുക; പിന്നെ ആ ഉരുള എടുത്ത് ഒരു മൺപാത്രത്തിലിട്ട്. അതേ വലിപ്പത്തിലുള്ള മറ്റൊരു മൺപാത്രംകൊണ്ട് അടയ്ക്കുക; ഈ രണ്ടു പാത്രങ്ങളുടേയും വക്കുകൾ തമ്മിൽ കൂടുന്ന ഭാഗം വെളുത്ത കളിമണ്ണുകൊണ്ടു തേച്ചു നല്ലവണ്ണം ദ്വാരം അടക്കുകയും, അതിന്റെശേഷം ഇരുപതു ചാണകവരടിയിട്ടു തീകത്തിച്ച് അതിന്റെ നടുക്ക് ഇതു വെക്കുകയും ചെയ്യുക. ആ തീ മുഴുവനും കത്തിക്കഴിഞ്ഞാൽ പാത്രത്തിൽനിന്ന് ആ കട്ട തിരിയെ എടുക്കാം. ഈ വിധിതന്നെ ഒന്നിടവിട്ട് ഏഴുദിവസം ചെയ്യണം, അപ്പോഴക്ക് ആ സ്വർണ്ണം ഭസ്മമാകയും, അതു പിന്നെ പൊടിച്ചാൽ എളുപ്പത്തിൽ പൊടിയുകയും ചെയ്യും. ഈ സ്വർണ്ണഭസ്മം നല്ലൊരു ബലൌഷധവും, മിക്കവാറും എല്ലാ രോഗങ്ങളേയും ശമിപ്പിക്കുന്നതുമാണെന്നാണു പറയപ്പെട്ടിരിക്കുന്നത്. അതു വാർദ്ധക്യംകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങളെ നീക്കുകയും, യൌവനത്തിലെ ശക്തി വീണ്ടും ഉണ്ടാക്കിത്തീർക്കുകയും, മേധയെ വർദ്ധിപ്പിക്കുകയും, സ്വരം ദേഹത്തിന്റെ നിറം ഇവയെ നന്നാക്കുകയും, ശക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നും പറയപ്പെട്ടിരിക്കുന്നു. അതു സമുത്തേജനീയവും, ധാതുപുഷ്ടികരവുമാകുന്നു.

രൂപ്യ(വെള്ളി)ഭസ്മം വെക്കുന്നതും മിക്കവാറും ഇതേമാതിരിയിൽ തന്നെയാണ്. അതു ധാതുക്ഷയത്തിന്നും സ്ഥൌല്യത്തിന്നും ഏറ്റവും വിഹിതമായിട്ടുള്ളതാകുന്നു.

താമ്രം (ചെമ്പു) ഭസ്മമാക്കേണ്ട മാതിരിയും ഏകദേശം സ്വ

ന്നതിന്റെ വിധി പറഞ്ഞ കൂട്ടത്തിൽതന്നെയാണ്. ശുദ്ധിചെയ്തു കഴിഞ്ഞാൽ ആ ലോഹത്തിന്റെ നേരിയ തകിടുകളെ മൂന്നുദിവസം നാരങ്ങനീരിലിട്ടു തിളപ്പിക്കുകയും, അതിന്റെ തൂകയുടെ നാലിലൊന്നു രസംകൂടി ചേർക്കുകയും വേണം. പിന്നെ രണ്ടുഭാഗം ഗന്ധകം കൂടി ചേർത്ത് ആ കട്ട ഒരു പന്തുപോലെ ഉരുട്ടുകയും, തമിഴാമ അരച്ച് ഏകദേശം ഒരംഗുലം കനത്തോളം ആ ഉണ്ടമേൽ പൊതിയുകയും വേണം. അതിന്റെ ശേഷം ഇത് ഒരു മൺപാത്രത്തിലാക്കി പന്ത്രണ്ടു മണിക്കൂർനേരം വാലുകായന്ത്രത്തിൽ (അഞ്ചാം ചിത്രക്കടലാസ്സിൽ ൨൭-ാം ചിത്രം നോക്കുക) വെച്ചു പുടം ചെയ്യണം. ആ കട്ട തീയ്യിൽനിന്നെടുത്തശേഷം ഒരു ചേന തുരന്ന് അതിന്റെ ഉള്ളിലാക്കി മീതെ മണ്ണും ചാണകവും കൂട്ടി പൊതിഞ്ഞു വീണ്ടും തീയ്യിലിട്ടു ചുടണം. ഇങ്ങിനെ ചെയ്താൽ ആ ലോഹം പിന്നെ പൊടിയാക്കുവാൻ തക്കതായിത്തീരും. യകൃത്തോ പ്ലീഹയോ വലുതാവുക, രക്തവാതം, കേവലവാതം ഈ വക രോഗങ്ങളിലൊക്കെ ഈ ഭസ്മം വളരെ ഉപയോഗമുള്ളതാണ്.

തകരം ശുദ്ധിചെയ്യുവാൻ ഒന്നാമതായി അത് ഉരുക്കുകയും, പിന്നെ മൂന്നുപ്രാവശ്യം ക്രമത്തിൽ തൈലം, തയിർവെള്ളം, കാടി, ഗോമൂത്രം ഇവയിലും, ഒടുക്കം എരിക്കിൻനീരിലും മുക്കുകയും വേണം. ശുദ്ധമായ ലോഹത്തെ പുളിയുടേയും മുളയുടേയും തൊലി പൊടിച്ച പൊടി ഒന്നിന്നു നാലുകണ്ടു കൂട്ടി ഒരു മൺപാത്രത്തിലാക്കി ഉരുക്കണം: അപ്പോൾ ഒരു ഇരിമ്പുചട്ടകംകൊണ്ട് അത് ഇളക്കുകയും, ഉരസ്സുകയും ചെയ്തുകൊണ്ടിരിക്കണം. പിന്നെ ആ പൊടിയോടുകൂടി അതിന്റെ തൂകത്തോളം താളകംകൂടി ചേർത്ത് അമ്ലരസകമായ ഒരു നീരിൽ അരയ്ക്കണം. വീണ്ടും അതു തീയ്യിൽ വെച്ചു പാകം ചെയ്യണം. അതിന്റെ ശേഷം അതെടുത്ത് അതിന്റെ പത്തിലൊരുഭാഗം താളകം രണ്ടാമതും

ക്കുട്ടിച്ചേൎത്തു പുടം വെക്കണം. ഈ വിധിതന്നെ പത്തുപ്രാവശ്യം, അല്ലെങ്കിൽ ആ ലോഹം ഭസ്മമാകുന്നതുവരെ, ആവൎത്തിക്കണം. ഇങ്ങിനെ ഉണ്ടാകുന്ന ഭസ്മം മൂത്രകൃച്ഛ്രത്തിന്നും, വസ്തിരോഗങ്ങൾക്കും വളരെ നല്ലൊരു മരുന്നാണ്. അതുകൂടാതെ, അത് അസ്ഥിസ്രാവം, കാമില, സ്ഥൌല്യം എന്നിവയെ ശമിപ്പിക്കുന്നതാണെന്നും പറയപ്പെട്ടിരിക്കുന്നു.

ഈയ്യം ശുദ്ധിചെയ്യേണ്ട ക്രമവും തകരത്തിന്റെ വിധി പറഞ്ഞതുപോലെ തന്നെയാണ്. അത് ഒരു മരുന്നാക്കി ഉപയോഗിക്കുന്നതിന്നു തയ്യാറാക്കുവാൻ ശുദ്ധിചെയ്ത ഈയ്യം വെററിലനീരിലിട്ട് അരച്ചു മനയോലകൊണ്ടു മൂടി പൊതിഞ്ഞു പുടം വെക്കുകയും, അങ്ങിനെ മുപ്പതുപ്രാവശ്യം ആവൎത്തിക്കുകയും വേണം. അപ്പോഴേക്ക് ആ ലോഹം ഭസ്മമായിത്തീരും. അതു കൃമിഹരവും, പഴകിയ രക്താതിസാരത്തിന്നു വിഹിതവുമാകുന്നു.

നാകഭസ്മം വെക്കുവാനുള്ള വിധി തകരത്തിന്നു പറഞ്ഞിട്ടുള്ളതുതന്നെയാണ്. ഈ മരുന്നു നാഡികൾക്കു ബലമുണ്ടാക്കുന്നതും, വിഷൂചിക അപസ്മാരം എന്നീ രോഗങ്ങളിൽ ഉപയോഗപ്പെടുന്നതുമാകുന്നു.

ഇരിമ്പു ശുദ്ധി ചെയ്യുന്നതു്, അത് ഒരു അഗ്നികുണ്ഡത്തിലിട്ടു ചുടുകയും, മൂന്നുപ്രാവശ്യം ക്രമത്തിൽ തൈലം, കാടി, ഗോമൂത്രം, മുതിരക്കഷായം ഇവയിൽ മുക്കി തണുപ്പിക്കുകയും ചെയ്തിട്ടാകുന്നു. അതിന്റെ ശേഷം ഈ ലോഹത്തിന്റെ പന്ത്രണ്ടു ഭാഗത്തിന്നു് ഒരു ഭാഗത്തോളം ഹിംഗുലംകൂടി ചേൎത്തു കററവാഴനീരിൽ ആറുമണിക്കൂർ നേരം അരയ്ക്കണം. പിന്നെ അതു ഗജപുടത്തിലാക്കി* തിയ്യിട്ടു ചുടണം. ഈ വിധിതന്നെ ഏഴു പ്രാ

+ ഏകദേശം രണ്ടടി ആഴവും, രണ്ടടി വിസ്താരവുമുള്ളതായി മണ്ണിൽ ഒരു ചതുരസ്രകുണ്ഡം കുത്തി അതിൽ ചാണകവരടിയിട്ടു നിറയ്ക്കുക. ഈ കുണ്ഡത്തിന്നു "ഗജപുടം" എന്നു പേർ പറയും. ഇതിന്റെ നടുക്കാണ് ആ ലോഹമിരിക്കുന്ന മൺപാത്രം വെച്ചു പുടം ചെയ്യേണ്ടതു്.

വശ്യം ആവർത്തിച്ചാൽ ഇരിമ്പ് എളുപ്പത്തിൽ ഭസ്മമാകുന്നതാണ്. ആ ഭസ്മം സന്തതജ്വരം, പാണ്ഡുരോഗം, മഹോദരം, തലച്ചോറിനെസ്സംബന്ധിച്ച രോഗങ്ങൾ ഇവയ്ക്കെല്ലാം വിധിക്കപ്പെട്ടുള്ളതാകുന്നു.

മരുന്നായി ഉപയോഗിക്കുന്നതിന്നുമുമ്പെ, രത്നങ്ങൾക്കും ലോഹങ്ങളെപ്പോലെതന്നെ "ശുദ്ധി", "മാരണം" എന്നീ വിധികൾ അവശ്യം ചെയ്യേണ്ടതാണ്. വജ്രഭസ്മത്തിന്ന് അത്ഭുതകരങ്ങളായ അനേകം ഗുണങ്ങളുണ്ടെന്നാണു വെച്ചിട്ടുള്ളത്. ഒരു വൈരക്കല്ലു ശുദ്ധി ചെയ്വാൻ ചെറുവഴുതിനവേർ തുരന്ന് ആ രത്നം അതിന്നുള്ളിലാക്കി മീതെ പുറം എരുമച്ചാണകംകൊണ്ടു പൊതിഞ്ഞുവെക്കുക. ഇത് ഒരു രാത്രി മുഴുവനും തീയ്യിലിട്ടു ചുട്ട് പുലർച്ചെ കുതിരമൂത്രത്തിലിട്ടു മുക്കണം. ഈ ക്രിയതന്നെ ഏഴു ദിവസം ആവർത്തിക്കുക. ഇങ്ങിനെ ശുദ്ധിവരുത്തപ്പെട്ട രത്നം പിന്നെയും പുടം ചെയ്കയും, കായം-ഇന്തുപ്പ്-കാടി ഇവയുടെ കഷായത്തിൽ മുക്കുകയും വേണം. ഇങ്ങിനെതന്നെ ഇരുപത്തൊന്നു ദിവസം ചെയ്തുകൊണ്ടിരിക്കുക. അപ്പോഴേക്കു വൈരക്കല്ലു ഭസ്മവുമായിരിക്കും. അതു ദേഹത്തിന്റെ നിറം നന്നാക്കുകയും, അനേകം രോഗങ്ങളെ ആശ്വാസപ്പെടുത്തുകയും ചെയ്യുമെന്നാണു പറയപ്പെടുന്നത്.

ആകൃതികൊണ്ടും ഗുണംകൊണ്ടും വ്യത്യാസപ്പെട്ടതായി നാലുതരം വൈരക്കല്ലുകളെ ഹിന്തുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്നുകൂടി ഇവിടെ പ്രസ്താവിക്കുന്നതു രസകരമായിരിക്കുമല്ലൊ. ഹിന്തുക്കളെയെല്ലാം മുഖ്യമായി നാലുജാതികളാക്കി തിരിച്ചിട്ടുള്ളതുപോലെതന്നെ, ഇവയേയും ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇങ്ങിനെ നാലാക്കി തരം തിരിച്ചുവെച്ചിരിക്കുന്നു. ബ്രാഹ്മണജാതിയിൽ പെട്ട വജ്രം വെളുത്തു സ്വച്ഛമായും, ക്ഷത്രിയജാതി രക്തവർണ്ണമായും, വൈശ്യജാതി മഞ്ഞനിറമായും, ശൂദ്രജാതി

ധൂമ്രവർണ്ണമായും ഇരിക്കുന്നതാണ്. ആകൃതി കേവലം സമമായും, തീക്ഷ്ണാഗ്രമായും, വളരെ ശോഭയുള്ളതായും, വലുതായും, പുള്ളികളുത്തുകളില്ലാത്തതായുമിരിക്കുന്ന വജ്രം പുരുഷജാതിയാകുന്നു. * ഔഷധത്തിന്റെ ഉപയോഗത്തെ സംബന്ധിച്ചേടത്തോളം അതാണ് ഏറ്റവും നല്ലതെന്നു വെച്ചിട്ടുള്ളത്. അതു യൗവനത്തെ വീണ്ടും ഉണ്ടാക്കിത്തീർക്കുമെന്നു മാത്രമല്ല, സകലരോഗങ്ങൾക്കും ഉപയോഗിച്ചാൽ ഗുണം കിട്ടുന്നതുമാകുന്നു. പുള്ളികളോ, വിള്ളലോ ഉള്ളതും, ആറു കോണുള്ളതുമായ വൈരക്കല്ലു സ്ത്രീജാതിയും, അതിന്റെ ഭസ്മം സ്ത്രീകൾക്കുമാത്രം ഗുണകരമായിട്ടുള്ളതുമാകുന്നു. നീണ്ടും ത്രികോണമായുമുള്ള വജ്രക്കല്ലു നപുംസകവുമാണ്. അതിന്നു യാതൊരു ശക്തിയുമില്ലെന്നും പറയപ്പെട്ടിരിക്കുന്നു.

എന്നാൽ സകലപാർത്ഥിവദ്രവ്യങ്ങളിൽ വെച്ചും രസമാണ് ഏറ്റവും പ്രധാനപ്പെട്ടതെന്നാണു ഹിന്തുവൈദ്യന്മാർ തീർച്ചപ്പെടുത്തീട്ടുള്ളത്. അതിന്ന് അത്യത്ഭുതകരങ്ങളായ വീ[illegible]ങ്ങളുണ്ടെന്നും അവർ സിദ്ധാന്തിച്ചിരിക്കുന്നു. റോമൻകാർക്കും അറബികൾക്കും ഇതിനെക്കുറിച്ച് അറിവുണ്ടായിരുന്നു എന്നുള്ളതു തീർച്ചയാണ്. പക്ഷെ അവർ ഇതു പുറത്തേക്കു മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ഇതിനെ അകത്തേക്കുകൂടി കൊടുക്കുവാൻ വിധിച്ചിട്ടുള്ള ജനസമുദായം ഹിന്തുക്കൾമാത്രമാണ്. ഇത് ഈ ഇന്ത്യയിൽ പലസ്ഥലങ്ങളിലും കാണപ്പെടുന്നതും, ഇവിടെയുള്ളവർക്കു പ്രാചീനകാലംമുതൽക്കേ അറിയപ്പെട്ടിരുന്നതുമാണ്. അതു കുറേ അധികം ചഞ്ചലമായ ഒരു ദ്രവ്യമാകയാൽ നല്ല ശ്രദ്ധയും ക്ഷമയുമില്ലാതെ അതിന്റെ ശുദ്ധി മാരണവിധി ഇതൊക്കെ കഴിച്ചുകൂട്ടുവാൻ വളരെ പ്രയാസമായിരിക്കും. പക്ഷെ ഒരിക്കൽ കീഴടങ്ങിക്കിട്ടിയാൽ ഏറ്റവും കൃച്ഛ്രസാദ്ധ്യമായ

* ഈ വജ്രങ്ങളുടെ ജാതിനിർണ്ണയത്തിൽ രസരത്നസമുച്ചയത്തിലെ അഭിപ്രായം ഇതിൽനിന്നു ഭേദപ്പെട്ടുകാണുന്നു.

ചില രോഗങ്ങൾക്കുംകൂടി ഇതു ഒരു കൈകണ്ട മരുന്നാണെന്നും ഹിന്തുക്കൾ പറയുന്നു. രസഭസ്മങ്ങളെ തയ്യാറാക്കേണ്ടതിന്നു വൈദ്യന്മാർ അനേകവിധത്തിലുള്ള യന്ത്രങ്ങളെപ്രയോഗിച്ചുവരുന്നുണ്ടു്. അവയിൽ ചിലതിന്റെ പേർ ഇവിടെ കാണിക്കാം:—

1. അർദ്ധഖല്വയന്ത്രം.
2. അധഃപാതനയന്ത്രം.
3. ബകയന്ത്രം.
4. ഭൂധരയന്ത്രം.
5. സോമാനലയന്ത്രം.
6. സമ്പുടയന്ത്രം.
7. ചക്രയന്ത്രം.
8. ദീപികായന്ത്രം.
9. ഡമരുയന്ത്രം.
10. ഡോളായന്ത്രം.
11. ഢേകീയന്ത്രം.
12. ധൂപയന്ത്രം.
13. ഇഷ്ടികായന്ത്രം.
14. ഹംസപാകയന്ത്രം.
15. ജാരണായന്ത്രം.
16. കച്ഛപയന്ത്രം.
17. കന്ദുകയന്ത്രം.
18. കോഷ്ഠീയന്ത്രം. നമ്പ്ര 1.
19. കോഷ്ഠീയന്ത്രം. നമ്പ്ര 2.
20. ലവണയന്ത്രം
21. നാളികായന്ത്രം,
22. നാഭിയന്ത്രം.
23. പാതാളയന്ത്രം.

24. തിൎയ്യക്പാതനയന്ത്രം.
25. തപ്തഖല്വയന്ത്രം. നമ്പ്ര 1.
26. തപ്തഖല്വയന്ത്രം. നമ്പ്ര 2.
27. തപ്തഖല്വയന്ത്രം. നമ്പ്ര 3.
28. വാലുകായന്ത്രം.
29. വലഭീയന്ത്രം.
30. വൎത്തുളഖല്വയന്ത്രം.
31. വിദ്യാധരയന്ത്രം.

ഇവകളുടെ സ്വരൂപം മനസ്സിലാക്കേണ്ടതിന്നു 1 മുതൽ 6 വരെയുള്ള ചിത്രക്കടലാസ്സുകൾ നോക്കുക. മററ പാൎത്ഥിവദ്രവങ്ങളെപ്പോലെതന്നെ രസവും ഔഷധങ്ങളുടെ ആവശ്യത്തിന്നു ശുദ്ധിചെയ്യേണ്ടതാണ്. അതു പലേ പ്രകാരത്തിലുമാവുകയും ചെയ്യാം. ശാൎങ്ഗധരൻ അതിന്നു ഇങ്ങിനെ ഒരു വിധി പറഞ്ഞിട്ടുണ്ട്*— കടുകും ഉള്ളിയുംകൂടി അരച്ച് ചളിയാക്കി അതു

* രാജീരസോനമൂഷായാം രസം ക്ഷിപ്ത്വാ വിബന്ധയേൽ;
വസ്ത്രേണ ദോളികായന്ത്രേ സ്വേദയേൽ കാഞ്ജികൈസ്ത്ര്യഹം.
ദിനൈകം മൎദ്ദയേത്സൂതം കുമാരീസംഭവൈർദ്രവൈഃ;
തഥാ ചിത്രകജൈഃ ക്വാഥൈൎമ്മൎദ്ദയേദേകവാസരം.
കാകമാചീരസൈസ്തദ്വദ്ദിനമേകഞ്ച മൎദ്ദയേൽ;
ത്രിഫലായാസ്തഥാ ക്വാഥൈരസൌ മൎദ്ദ്യഃ പ്രയത്നതഃ
തതസ്തേഭ്യഃ പൃഥക്കുൎയ്യാത്സൂതം പ്രക്ഷാള്യ കാഞ്ജികൈഃ
തത്ര ക്ഷിപ്ത്വാ രസം ഖല്വേ രസാൎദ്ധഞ്ച സൈന്ധവം.
മൎദ്ദയേന്നിംബുകരസൈൎദ്ദിനമേകമനാരതം;
തതോ രാജീ രസോനശ്ച മുഖ്യശ്ച നവസാദരഃ
ഏതൈരഗ്നസമൈസ്തദ്വത്സൂതോ മൎദ്ദ്യസ്തുഷാംബുനാ;
തതഃ സംശോഷ്യ ചക്രാഭം കൃത്വാ ലിപ്ത്വാഥ ഹിംഗുനാ.
പിസ്ഥാലീസമ്പുടേ ധൃത്വാ പൂരയേല്ലവണേന ച;
അഥ സ്ഥാല്യാം തതോ മുദ്രാം ദദ്യാദ്ദൃഢതരാം ബുധഃ
വിശോഷ്യാഗ്നിം വിധായാധോ നിഷിഞ്ചേദംബുനോപരി;
തതസ്തു കുൎയ്യാത്തീവ്രാഗ്നിം തദധഃ പ്രഹരത്രയം.
ഏവം നിപുണതയേദ്ബദ്ധ്വാ രസോ ദോഷവിവൎജ്ജിതഃ

ശാൎങ്ഗധരസംഹിത, മദ്ധ്യമഖണ്ഡം ൧൨-ാം അദ്ധ്യായം.

കൊണ്ടു ചെറുതായിട്ടുള്ള രണ്ടു മൂശയുണ്ടാക്കുക. അതിലൊന്നിൽ ശുദ്ധിചെയ്യേണ്ടതായ രസം വെച്ച് മറേറതുകൊണ്ട് അടച്ചു വെയിലത്തു വെച്ചുണക്കുക. പിന്നെ ആ പാത്രം ഒരു വസ്ത്രഖണ്ഡത്തിലാക്കികെട്ടി കാടി നിറച്ച് ഒരു പാത്രത്തിൽ (ഡോളായന്ത്രത്തിൽ) കെട്ടിത്തൂക്കി മൂന്നു ദിവസം മുഴുവൻ തീയിന്റെ മീതെ വെച്ച് ആവിയേല്പിക്കുക. അതിന്റെ ശേഷം രസം ആ പാത്രത്തിൽനിന്നെടുത്ത് ഒരു ദിവസം കററവാഴനീരിലും, പിറേറ ദിവസം കൊടുവേലിയുടെ കഷായത്തിലും, മൂന്നാംദിവസം കരിന്താളിയുടെ രസത്തിലും അരക്കണം. പിന്നെ ആ കട്ട എടുത്തു കാടിവെള്ളംകൊണ്ടു കഴുകി രസം വേറെ അരിച്ചെടുക്കുക. പിന്നെയും അത് അതിന്റെ തൂക്കത്തിൽ പകുതികണ്ടു സൈന്ധവം (ഇന്തുപ്പ്) കൂടിചേർത്ത് ഒരു "തപ്തഖല്വ"*ത്തിലിട്ടു ഒരുദിവസം ഇടവിടാതെ വട്ടകപ്പുളി നാരങ്ങയുടെ നീരിൽ അരക്കുക. രണ്ടാമത്തും ആ രസം കഴുകിയെടുത്ത് അതിനോടു സമാംശമായി കടുകും, കൂടി കൂട്ടി ഉമിക്കഷായത്തിലരക്കണം. പിന്നെ അതുപോലെതന്നെ ഉള്ളി നവസാരം (Sal-ammoniac) ഇവയും വെവ്വേറെ ഓരോപ്രാവശ്യം ചേർത്ത് ഈ പറഞ്ഞപ്രകാരമെല്ലാം ആവർത്തിക്കണം. അതിനുശേഷം ആ കട്ട ഒരു ചട്ടിക (ചക്രാകൃതി)യാക്കി ഉണക്കണം. ഉണക്കിയശേഷം അതിന്റെ പുറമെ ചൂറം കാരംകൊണ്ടു പൊതിഞ്ഞു "ഡമരുയന്ത്രത്തിൽ" (2-ാംചിത്രക്കടലാസ്സു നോക്കുക) ആക്കി ഉപ്പുനിറച്ചു വെക്കുക. പിന്നെ അതു ശീലമണ്ണോ മറെറാ ചെയ്തു ദ്വാരം നല്ലവണ്ണം അടച്ചു ചോട്ടിൽ മൂന്നുയാമത്തോളം കലശലായി തീക്കത്തിക്കുകയും, മുകളിൽ വെള്ളം പകർന്നു തണുപ്പിക്കുകയും വേണം. ഇപ്രകാരം ചെയ്താൽ രസം മേൽപ്പെട്ട് ആവിയായിപ്പോയി പാത്രത്തിന്റെ പുടാ

* അംഗാരതുഷാഗ്നിഞ്ച ഖാനായിതോ ഭുവി ക്ഷിതേ ഖല്വ
തസ്യോപരി സ്ഥിതം ഖല്വം 'തപ്തഖല്വ'മിതിസ്മൃതം

കൃതിയായഭാഗത്തു പററിനിൽക്കുകയും ചെയ്യും. ഇങ്ങിനെ കിട്ടുന്ന രസം യാതൊരു കേടും കൂടാതെ ശുദ്ധമായിരിക്കും. ഇനി ഈ ശുദ്ധമായ രസം ഭസ്മമാക്കേണ്ടതിന്നും പല ക്രമങ്ങളുണ്ട്. അതിലൊന്ന് ഇവിടെ കാണിക്കാം.†:—ചുക്കു, മുളകു, തിപ്പലി, ക്ഷാരം, കടുകു, പഞ്ചലവണം (ഇന്തുപ്പ്, തുവർച്ചിലഉപ്പ്, കാരുപ്പ്, വിളയുപ്പ്, കല്ലുപ്പ്) ഉള്ളി, നവസാരം, ഇതെല്ലാംകൂടി ഉണക്കിപ്പൊടിച്ച രസത്തോടു സമാംശമായെടുത്ത് ഒരു 'തപ്തഖല്വത്തിൽ' (5-ാം ചിത്രക്കടലാസ്സു നോക്കുക) ആക്കി നാരങ്ങനീരിലൊ, വടുകപ്പുളിനാരങ്ങനീരിലൊ, കാടിയിലൊ മൂന്നുദിവസം മുഴവൻ അരക്കുക. ഈ വിധിക്കു "മുഖം ഉണ്ടാക്കുക' എന്നർത്ഥമായ 'മുഖകരണം' എന്നു പേർ പറയുന്നു. എന്തുകൊണ്ടെന്നാൽ, ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു രസം അതിനോടുകൂടി ചേർക്കുവാൻ വിചാരിക്കുന്ന ഏതൊരു പാർത്ഥിവദ്രവ്യത്തേയും (ധാതു) ഗ്രസിക്കുവാൻ കഴിവുള്ളതായി തീരുന്നതാണത്രെ. എങ്കിലും രസത്തിന്ന് അതിനോടു സമാംശമായൊ, ഇരട്ടിയൊ, മൂന്നിരട്ടിയൊ, നാലിരട്ടിയൊ ഗന്ധകത്തെ ഗ്രസിക്കുവാൻ കഴിവുണ്ടാകുന്നതുവരെ അതിന്നു ശക്തി മതിയായിട്ടില്ലെന്നാണ് ഊഹിക്കപ്പെട്ടിരിക്കുന്നത്. ഒടുവിൽ ശുദ്ധമായ രസത്തെ വെററിലനീരിൽ അരച്ച് ഒരു കർക്കോടികന്ദം തുരന്നു ദ്വാരമുണ്ടാക്കി അതിൽ നിറച്ചു ദ്വാരമടച്ച് അതെല്ലാംകൂടി ഒരു മൂശയിലാക്കി ശീലമണ്ണു ചെയ്തു തീയ്യിൽവെച്ചു പുടം ചെയ്ക; എന്നാൽ രസം എളുപ്പത്തിൽ ഭസ്മമായിത്തീരും.* ഇതുകൂടാതെ രസം ഭസ്മമാ

* * *ത്രികടുക്ഷാരൌ രാജീലവണപഞ്ചകഃ
രസോനോ നവസാരശ്ച ശിഗ്രുശ്ചൈകത്ര ചൂർണ്ണിതൈഃ;
സമാംശൈഃ പാരദാദേതൈർജ്ജംബീരേണ ദ്രവേണ വാ.
നിംബൂത്ഥായൈ കാഞ്ജികൈർവാ സോഷ്ണഖല്വേ വിമർദ്ദയേൽ;
അഹോരാത്രത്രയേണ സ്യാദ്രസോ ധാതുചരം മുഖം.

* നാഗവല്ലീരസൈർഘൃഷ്ട്വാ കർക്കോടീകന്ദഗർഭിതഃ
മൃൽമൂഷാസമ്പുടേ പക്വഃ സൂതോ യാത്യേവ ഭസ്മതാം.

ശാർങ്ഗധര

ക്കേണ്ടതിന്ന് ഇനിയും എത്രയൊക്കെയോ ദുർഘടമായ അനേകം വിധികളുണ്ട്. അതിന്നൊക്കെ പലവിധത്തിലുള്ള യന്ത്രങ്ങളും ആവശ്യമാണ്.

രസത്തിന്റെ ആശ്ചര്യകരങ്ങളായ ഗുണങ്ങളെക്കുറിച്ചു ഹിന്തുവൈദ്യന്മാർ അനേകം ഗ്രന്ഥങ്ങളെഴുതീട്ടുണ്ട്. ഇന്ത്യയിൽ 'രസേശ്വരീസം' എന്ന ഒരു മതസിദ്ധാന്തത്തെ അംഗീകരിച്ചുപോരുന്നവർ ഈ "രസം" എന്നത് ഈശ്വരന്റെ ഒരു സ്വരൂപഭേദമാണെന്നാണ് വിശ്വസിച്ചുപോരുന്നത്. രസം മററ ചില ധാതുക്കളോടു ചേർത്ത് ഔഷധമാക്കി ഉപയോഗിക്കുന്നതായാൽ അവയ്ക്കു സ്വതേ ഉള്ളതിലും വളരെ അധികം ശക്തി കൂട്ടുമെന്നാണ് പറയപ്പെട്ടുന്നത്. യൂറോപ്പിൽ "വൈദ്യശാസ്ത്രത്തെ പരിഷ്കരിച്ചവൻ" എന്നു പറയപ്പെട്ടുന്ന പരാസെൽസ് എന്ന വിദ്വാൻ ഇന്ത്യയിലെ യോഗികളെക്കുറിച്ച് ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"അവർ (യോഗികൾ) ഏററവും ചിരംജീവികളാണ്. ഓരോരുത്തർ നൂററമ്പതുമുതൽ ഇരുനൂറോളം സംവത്സരം ജീവിച്ചിരിക്കുന്നുണ്ട്. അവർ ഭക്ഷണം വളരെ കുറച്ചു മാത്രമേ കഴിക്കുന്നുള്ളു. അതുതന്നെ പാലും ശാല്യന്നവും മാത്രമാണുതാനും. എന്നാൽ, രസവും ഗന്ധകവും കൂടിച്ചേർത്ത് ഒരു മാതിരി പേയദ്രവ്യമുണ്ടാക്കി ഉപയോഗിക്കുകയും, അതു മാസത്തിൽ ഒരിക്കലെങ്കിലും കഴിക്കുകയും പതിവുണ്ടെന്നാണു പറയപ്പെട്ടുന്നത്. ഇതുകൊണ്ടാണ് അവർ ചിരഞ്ജീവികളായിരിക്കുന്നതെന്നും അവർ പറയുന്നു." ഇതിൽതന്നെ മുമ്പൊരേടത്തു പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇന്ത്യയിലെ യോഗീശ്വരന്മാർ അവരുടെ ശ്വാസോച്ഛ്വാസനിയമംകൊണ്ട് കേട്ടാൽ വിശ്വസിക്കാൻ വയ്യാത്ത ഒരു കാലത്തോളം ആയുസ്സിനെ ദീർഘിപ്പിക്കുവാൻ കഴിയുന്നവരാണെന്നാണു പറയപ്പെട്ടുന്നത്. ചര്യാനിയമങ്ങളും, ഭക്ഷണം, സമാധിശീലം ഇവയിലെല്ലാം പ്രത്യേകം ശ്രദ്ധവെക്കുകയും, ശ്വാ

ശ്വാസോച്ഛ്വാസങ്ങളെ നിയമിക്കേണ്ടതിന്നായി ചില അംഗവിന്യാസഭേദ(ആസന)ങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നതുകൊണ്ട് ഈ യോഗികൾക്കു പൂൎണ്ണമായ ആരോഗ്യവും സുഖവും കിട്ടുന്നതാണത്രെ. അവർ തങ്ങളുടെ ആരോഗ്യത്തിന്നു ഹാനിവരാതെ വിശപ്പും ദാഹവും തടുക്കുന്നതായി എന്തോ ചില മരുന്നുകൾ ഉപയോഗിക്കുന്നുണ്ടെന്നുള്ളതിന്നു സംശയമില്ല. എന്നാൽ രസത്തിന്റെ അൽഭുതകരമായ ഗുണമറിഞ്ഞിട്ട് അവർ തപോനിഷ്ഠയുള്ള കാലങ്ങളിൽ അത് ഉപയോഗിക്കുമാറുണ്ടെന്നും വരാവുന്നതാണല്ലൊ. ഈ മരുന്നുണ്ടാക്കുന്നതിൽ ഗന്ധകം ഒഴിച്ചുകൂടാത്ത ഒരു സാധനമാകയാൽ, “രസവും ഗന്ധകവും കൂട്ടിച്ചേൎത്ത ഒരു മാതിരി പേയദ്രവ്യം” എന്നു പാരാസെൽസസ് പറഞ്ഞതു ശരിയാണ്. “ലൂതർ ആൾട്ടർ” എന്നുകൂടി പേരുള്ള ഇദ്ദേഹം 16-ാംനൂറ്റാണ്ടിലാണു ജീവിച്ചിരുന്നത്. അദ്ദേഹം “രസ”ത്തിൽ വളരെ വിശ്വാസമുള്ള ആളായിരുന്നു. “മൎക്കുറിസ്സ് വിറെറ” എന്നാണ് അദ്ദേഹത്തിന്റെ പ്രധാനമായ രസയോഗത്തിന്നു പേർ പറഞ്ഞുവരുന്നത്. ഇയ്യം, തകരം മുതലായ ദോഷാംശങ്ങളെല്ലാം നീങ്ങിയാൽ രസം പതിനെട്ടുവിധം കുഷ്ഠരോഗങ്ങളേയും, നേത്രരോഗങ്ങളേയും, ജ്വരങ്ങളേയും, ഷണ്ഡതയേയും ശമിപ്പിക്കുന്നതാണെന്നും, അതുകൂടാതെ ആയുസ്സിനെ ദീൎഘിപ്പിക്കുവാനുള്ള ശക്തികൂടി അതിന്നുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു.

ഔൽഭിദം, ജാംഗമം, പാൎത്ഥിവം എന്നീ മൂന്നു വിധത്തിലുള്ള ദ്രവ്യങ്ങളിൽനിന്നുണ്ടാക്കിവരുന്ന ഔഷധങ്ങൾ പലപ്രകാരത്തിലുമാണ് ഉപയോഗിക്കപ്പെടുന്നത്. അതിൽ ചിലത് അഞ്ജനം, അവലേഹം, അരിഷ്ടം, ആസവം, ഉദ്വൎത്തനം, ഉപനാഹം, കബളം, കല്കം, കാഞ്ചികം, ക്വാഥം, ഗണ്ഡൂഷം, ഗുളിക, ഘൃതം, ചൂൎണ്ണം, തൈലം, ദ്രവം, ദ്രവസ്വേദം, ധൂമപാനം, നസ്യം, പാനകം, പിണ്ഡി, പേയ, പ്ലോതം, ഫാ

ണ്ഡം, ഭസ്മം, മന്ഥം, മോദകം, ലേഹം, വടിക, വൎത്തി, വസ്തി, ശുക്തം, സന്ധാനം, സ്രുതാംബു, സ്വരസം, സ്വേദം, ഹിമം, ക്ഷാരം എന്നിവയാകുന്നു. ഇതിൽ ചിലത് അകത്തേക്കോ അല്ലെങ്കിൽ പുറത്തേക്കൊ മാത്രവും, ചിലതു തരംപോലെ രണ്ടിടത്തേക്കും പ്രയോഗിക്കപ്പെടുന്നതായിരിക്കും.

ഔഷധങ്ങളെ ഉണ്ടാക്കുന്നതിലും, പിന്നെ ഉപയോഗിക്കുന്നതിലും ആവശ്യമായ അളവുകളുടേയും തൂക്കങ്ങളുടേയും വിവരംകൂടി പ്രാചീനന്മാർ പറഞ്ഞുവെച്ചിട്ടുണ്ട്. ഇതിന്ന് അവർ "മാനപരിഭാഷ" എന്നാണ് പേർ പറയുന്നതു്. അതുതന്നെ "മാഗധപരിഭാഷ" എന്നും "കലിംഗപരിഭാഷ" എന്നും രണ്ടുപ്രകാരത്തിലുണ്ടു്. അതിൽവെച്ചു 'മാഗധപരിഭാഷ'യാണ് അധികം നല്ലതെന്നും ചരകാചാൎയ്യൻ പറഞ്ഞിരിക്കുന്നു. * ഇപ്പോൾ ഇന്ത്യയിൽ ഓരോ ദിക്കുകളിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന അളവുകൾക്കും തൂക്കങ്ങൾക്കും വളരെ വ്യത്യാസം കാണുമെങ്കിലും, വൈദ്യന്മാർ അവരുടെ ചികിത്സാവിഷയത്തിൽ ഇന്നും പ്രാചീനപരിഭാഷതന്നെയാണ് സ്വീകരിച്ചുവരുന്നതു്. ശാൎങ്ഗധരൻ തൂക്കങ്ങൾക്കു താഴെ പറയുന്ന ഒരു പട്ടിക കാണിച്ചിരിക്കുന്നു:—

| | | | |
|---|---|---|---|
| 30 | പരമാണു | = | 1 ത്രസരേണു. |
| 6 | ത്രസരേണു (വംശി) | = | 1 മരീചി. |
| 6 | മരീചി | = | 1 രാജിക. |
| 3 | രാജിക | = | 1 സൎഷപം. |
| 8 | സൎഷപം | = | 1 യവം. |
| 4 | യവം | = | 1 ഗുഞ്ജം. |
| 6 | ഗുഞ്ജ | = | 1 മാഷകം. |
| 4 | മാഷകം | = | 1 ശാണം. |
| 2 | ശാണം | = | 1 കോലം. |

*മാനഞ്ച ദ്വിവിധം പ്രാഹുഃ കാലിംഗം മാഗധം തഥാ
കാലിംഗാന്മാഗധം ശ്രേഷ്ഠമേവം മാനവിദോ വിദുഃ

| | | | |
|---|---|---|---|
| 2 | കോലം | = | 1 കർഷം (1 തോല).* |
| 2 | കർഷം | = | 1 അർദ്ധപലം. |
| 2 | അർദ്ധപലം | = | 1 പലം. |
| 2 | പലം | = | 1 പ്രസൃതി. |
| 2 | പ്രസൃതി | = | 1 അഞ്ജലി. |
| 2 | അഞ്ജലി | = | 1 മാനിക. |
| 2 | മാനിക | = | 1 പ്രസ്ഥം. |
| 4 | പ്രസ്ഥം | = | 1 ആഢകം. |
| 4 | ആഢകം | = | 1 ദ്രോണം |
| 2 | ദ്രോണം | = | 1 ശൂർപ്പം |
| 2 | ശൂർപ്പം | = | 1 ദ്രോണി |
| 4 | ദ്രോണി | = | 1 ഖാരി (4096 പലം) |
| 100 | പലം | | |
| 1400 | തോല | = | 1 തുലാം |
| 2000 | പലം | = | 1 ഭാരം |

കലിംഗമെന്നു പറയുന്നതു മഭിരാശിക്കു വക്കായി ചോഴമണ്ഡലക്കരയിൽ കിടക്കുന്ന ഒരു രാജ്യമാണു്. അവിടെ നടപ്പുള്ള മാനനിയമത്തിന്നു "കലിംഗപരിഭാഷ" എന്നു പ്രാചീനന്മാർ പേരിട്ടിരിക്കുന്നു. അതു് ഇപ്രകാരമാകുന്നു:—

| | | | |
|---|---|---|---|
| 12 | ഗൌരസർഷപം | = | 1 യവം |
| 1 | യവം | = | 1 ഗുഞ്ജാ |
| 2 | ഗുഞ്ജ | = | 1 മാഷം |
| 4 | മാഷം | = | 1 ശാണം. |
| 6 | മാഷം | = | 1 ഗദ്യാനം |
| 10 | മാഷം | = | 1 കർഷം |
| 4 | കർഷം | = | 1 പലം |

*൧൮൦ ഗ്രെയിൻ

4 പലം = 1 കുടുബം

ദ്രവദ്രവ്യങ്ങളെല്ലാം മുളകൊണ്ടോ, മരംകൊണ്ടോ, അല്ലെങ്കിൽ ലോഹംകൊണ്ടോ ഉണ്ടാക്കപ്പെട്ടതും, 4 അംഗുലം വ്യാസവും അത്രതന്നെ കുണ്ടുമുള്ളതുമായ "കുടുബം" എന്ന ഒരു പാത്രം കൊണ്ടാണ് അളക്കപ്പെടുന്നത്. ഇതിന്നു നമ്മുടെ നാട്ടിൽ "നാഴി" എന്നാണ് സാധാരണയായി പറഞ്ഞു വരുന്നത്. പക്ഷേ, മലയാളത്തിൽതന്നെ ഓരോരോ ദേശങ്ങളിൽ നാഴിയുടെ വലിപ്പത്തിന്നുള്ള വ്യവസ്ഥയില്ലായ്മകൊണ്ടു വരുന്ന ദോഷങ്ങൾക്കു പ്രാചീനന്മാരുടെ "കുടുബം" ഉത്തരവാദിയാകുന്നതല്ല. എന്നാൽ പ്രാചീനവൈദ്യഗ്രന്ഥകാരന്മാർതന്നെ മാനപരിഭാഷയെപ്പററി ആല്പാല്പം ഭിന്നാഭിപ്രായക്കാരായി കാണുന്നുണ്ട്. എങ്കിലും അതിലുള്ള വ്യത്യാസമൊന്നും അത്ര ദോഷം വരത്തക്കതല്ലായ്കയാൽ, ആവക മതഭേദങ്ങളെല്ലാം തൽക്കാലം ഇവിടെ എടുത്തു വിസ്തരിക്കുന്നില്ല.

---

## എട്ടാം അദ്ധ്യായം

### രോഗങ്ങളുടെ നിദാനലക്ഷണചികിത്സകളെക്കുറിച്ച് എഴുതിയ ഹിന്തുഗ്രന്ഥകാരന്മാർ.

"സൂത്രസ്ഥാനം" എന്ന ഘട്ടത്തിൽ വൈദ്യശാസ്ത്രനിയമങ്ങളെക്കുറിച്ചു പൎയ്യാലോചിച്ചശേഷം ഹിന്തുവൈദ്യഗ്രന്ഥകാരന്മാർ രോഗങ്ങളുടെ കാരണങ്ങളേയും, ലക്ഷണങ്ങളേയും സൂക്ഷ്മമായി ഗ്രഹിക്കുന്നതിലാണു പ്രത്യേകം ശ്രദ്ധവെച്ചിട്ടുള്ളത്. ഈ ഭാഗത്തിന്ന് അവർ "നിദാനം" എന്നു പേരിട്ടിരിക്കുന്നു. ഹിന്തുഗ്രന്ഥകാരന്മാരുടെ കൂട്ടത്തിൽ മാധവാചാൎയ്യരാണ് ഒടുവിൽ അധികം രോഗങ്ങളുടെ കാരണങ്ങളേയും ലക്ഷണങ്ങളേയും കണ്ടുപിടിച്ചു വിവരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സു

ശ്രുതൻ രോഗങ്ങളുടെ തരം, കാരണങ്ങൾ, ലക്ഷണങ്ങൾ ഇവയെ പ്രതിപാദിക്കുന്നതിന്നായി 16 അദ്ധ്യായങ്ങൾ ഒഴിച്ചിട്ടിട്ടുണ്ട്. അവകൾ വാതവ്യാധിനിദാനം, അശോനിദാനം, അശ്മരീനിദാനം, ഭഗന്ദരനിദാനം, കുഷ്ഠനിദാനം, പ്രമേഹനിദാനം, ഉദരനിദാനം, മൂഢഗർഭനിദാനം, വിദ്രധിനിദാനം, വിസർപ്പനാഡീസ്തനരോഗനിദാനം, ഗ്രന്ഥ്യപച്യർബ്ബുദഗളഗണ്ഡനിദാനം, വൃദ്ധ്യപദംശശ്ലീപദനിദാനം, ക്ഷുദ്രരോഗനിദാനം, ശുകദോഷനിദാനം, ഭഗ്നനിദാനം, മുഖരോഗനിദാനം ഇങ്ങിനെ പതിനാറാകുന്നു. സുശ്രുതൻ സകലരോഗങ്ങൾക്കും നിദാനം താഴെ പറയുന്ന ഏഴു കാരണങ്ങളിൽ ഒന്നല്ലെങ്കിൽ മറ്റൊന്നായിരിക്കുമെന്നു പറഞ്ഞിരിക്കുന്നു. അവയെ താഴെ കാണിക്കാം:—

1. ആദിബലപ്രവൃത്തങ്ങൾ—അച്ഛനമ്മമാരുടെ ശുക്ലശോണിതദോഷംകൊണ്ടുണ്ടാവുന്നവ—കുഷ്ഠം, അശ്സ്സ മുതലായവ.

2. ജന്മബലപ്രവൃത്തങ്ങൾ—ഗർഭകാലത്തു അമ്മയുടെ അപത്ഥ്യാചരണംകൊണ്ടുണ്ടാകുന്നവ—ആന്ധ്യം, മുടങ്കാൽ മുതലായവ.

3. ദോഷബലപ്രവൃത്തങ്ങൾ—ശരീരത്തിലുള്ള വാതാദിദോഷങ്ങൾ നിമിത്തമുണ്ടാകുന്നവ—ജ്വരം മുതലായവ.

4. സംഘാതബലപ്രവൃത്തങ്ങൾ—ഓരോ പ്രത്യേകനാശഹേതുകളാൽ സംഭവിക്കുന്നവ—വീഴ്ച, സർപ്പദംശം മുതലായവ.

5. കാലബലപ്രവൃത്തങ്ങൾ— ശീതോഷ്ണാദികാലസ്ഥിതിഭേദത്താൽ സംഭവിക്കുന്നവ—ജലദോഷം മുതലായവ.

6. ദൈവബലപ്രവൃത്തങ്ങൾ—ദൈവയോഗത്താൽ സംഭവിക്കുന്നവ—ഇടിത്തീ വീഴുക, പിശാചാദ്യാവേശം മുതലായവ.

7. സ്വഭാവബലപ്രവൃത്തങ്ങൾ—സ്വഭാവേന ഉണ്ടാകുന്നവ—ദാഹം, ജരാനര മുതലായവ.

ഹാരീതനാകട്ടെ വ്യാധികളെയെല്ലാം കർമ്മജങ്ങൾ, ദോഷജങ്ങൾ, ദോഷകർമ്മജങ്ങൾ ഇങ്ങിനെ മൂന്നു തരമാക്കി ചുരുക്കി പിടിച്ചിരിക്കുന്നു. "കർമ്മം" എന്നതു് ഈ ജന്മത്തിലോ, കഴിഞ്ഞുപോയ ഒരു ജന്മത്തിലോ ചെയ്ത പുണ്യപാപങ്ങളാകുന്നു. "സുഖദുഃഖങ്ങൾ നമ്മുടെ കഴിഞ്ഞ ഒരു ജന്മത്തിലെ പുണ്യപാപങ്ങളുടെ ഒഴിച്ചുകൂടാത്തതായ ഫലങ്ങളാകുന്നു. അത്രമാത്രമല്ല, ഈ ജന്മത്തിൽ നാം ചെയ്യുന്ന പുണ്യപാപങ്ങളുടെ ഫലമായിരിക്കും ഇനിയത്തെ ജന്മത്തിൽ അനുഭവിക്കുന്നതു്. ഏതെങ്കിലും ഒരു ജീവി മരിച്ചാൽ അതു പിന്നെ അതിന്റെ പുണ്യപാപങ്ങൾക്കനുസരിച്ചു കുറെ ഉയർന്ന സ്ഥിതിയിലോ അല്ലെങ്കിൽ താണനിലയിലോ ഉള്ള ഒരു ജീവിയായി വീണ്ടും ജനിക്കുന്നതുമാണു്." അങ്ങിനെ കഴിഞ്ഞ ജന്മത്തിൽ ചെയ്ത പാപങ്ങളുടെ ഫലമായും ചില രോഗമുണ്ടാകുമെന്നാണു് ഊഹിക്കപ്പെട്ടിരിക്കുന്നതു്. ഹാരീതൻ ഇന്നിന്ന പാപങ്ങൾ ചെയ്തിരുന്നാൽ ഇന്നിന്ന ഫലമാണു് അനുഭവിക്കുക എന്നും മററും വിസ്തരിച്ചുപറഞ്ഞിട്ടുണ്ടു്. അതിൽ ചിലതെല്ലാം ഇവിടെ കാണിക്കാം.

| പാപകർമ്മം | | ഫലം |
|---|---|---|
| ബ്രഹ്മഹത്യ | — | പാണ്ഡുരോഗം |
| ഗോവധം | — | കുഷ്ഠം. |
| രാജവധം | — | രാജയക്ഷ്മാവ് |
| സാധാരണഹിംസ | — | അതിസാരം. |
| സ്വാമ്യങ്ഗനാഗമനം | — | പ്രമേഹം. |
| ഗുരുദാരഗമനം | — | മൂത്രകൃച്ഛ്രം. |
| സ്വകുലജാസംഗം | — | ഭഗന്ദരം. |
| പരോപദ്രവം | — | ശൂലം |
| പൈശുന്യം | — | കാസശ്വാസങ്ങൾ |
| മാർഗ്ഗവിഘ്നം | — | പാദരോഗം |

| | | |
|---|---|---|
| ക്ഷേത്രം, ജലം ഇവയിൽ മലംവി | | |
| സർജ്ജനം ചെയ്ക | — | ഗുദരോഗങ്ങൾ |
| പരാന്നവിഘ്നം | — | അജീർണ്ണം |
| വിഷദാനം | — | ഛർദ്ദി |
| ധൂത്ത് | — | അപസ്മാരം. |
| ഭ്രൂണപാതനം | — | യകൃദ്രോഗം. |
| ദുഷ്ടാന്നദാനം | — | അഗ്നിമാന്ദ്യം |
| കാട്ടുതീ കുളുത്തുക | — | വിസർപ്പം. |
| അപേയപാനം | — | രക്തപിത്തം |
| ബഹുവൃക്ഷച്ഛേദം | — | ബഹുവ്രണം |
| പരദ്രവ്യാപഹരണം | — | ഗ്രഹണി |
| സുവർണ്ണസ്തേയം | — | കുഴിനഖം |
| രൌപ്യസ്തേയം | — | ചിത്രകുഷ്ഠം |
| ത്രപുചൌര്യം | — | സിദ്ധ്മകുഷ്ഠം |
| സീസചൌര്യം | — | മുഖരോഗം |
| ലോഹചൌര്യം | — | ബർബ്ബരത |
| ക്ഷാരചൌര്യം | — | അതിമൂത്രം. |
| ഘൃതചൌര്യം | — | ആന്ത്രരോഗം |
| തൈലചൌര്യം | — | അതികണ്ഡു |

ഇതൊന്നും കൂടാതെ കണ്ണു മുതലായ ഓരോ ഇന്ദ്രിയങ്ങൾക്ക കേടുവരുത്തിയാൽ അതിന്നു തക്ക ശിക്ഷയായി കണ്ണുകാണായ്ക മുതലായ ഓരോ രോഗങ്ങളുണ്ടാകുന്നതാണെന്നും അദ്ദേഹം സിദ്ധാന്തിച്ചിരിക്കുന്നു. ഇങ്ങിനെ കർമ്മംകൊണ്ടുണ്ടാകുന്ന രോഗങ്ങൾ പ്രായശ്ചിത്തവിധികൊണ്ടും, പുണ്യകർമ്മാനുഷ്ഠാനംകൊണ്ടും, പിന്നെ ശമനൌഷധങ്ങളെക്കൊണ്ടും ആശ്വാസപ്പെടുന്നതാണ്. എന്നാൽ ചില സംഗതികളിൽ തൽക്കാലം ഇതുകൊണ്ടൊന്നും രോഗങ്ങൾ മാറാതപ്പക്ഷം, ആവക രോഗികൾക്ക

പിന്നത്തെ ജന്മത്തിലെങ്കിലും രോഗബാധകൂടാതെ കഴിയുമെന്നു തീൎച്ചയായും വിശ്വസിക്കാം.

ദോഷങ്ങൾനിമിത്തമുണ്ടാകുന്ന രോഗങ്ങളുടെപ്രതിവിധിക്കു ഹിന്തുവൈദ്യന്മാർ "ചികിത്സിതം" എന്നാണു് പേരിട്ടിരിക്കുന്നതു്. അവർ പല രോഗങ്ങൾക്കും ചികിത്സിക്കുകയും, ഔഷധങ്ങളെ വിധിക്കുകയും ചെയ്തിട്ടുണ്ടു്. അതിൽ പ്രായേണ എല്ലാ രോഗങ്ങളുടേയും പേരും സംഖ്യയും താഴെ കാണിക്കാം.

രോഗങ്ങളുടെ

| പേർ | സംഖ്യ |
|---|---|
| ജ്വരം (പനി) | 25 വിധം |
| അതിസാരം | 7 ,, |
| ഗ്രഹണി | 5 ,, |
| പ്രവാഹിക | 4 ,, |
| അജീൎണ്ണം | 3 ,, |
| വിഷൂചിക | 3 ,, |
| അൎശസ്സ് (മൂലക്കുരു) | 6 ,, |
| ചൎമ്മകീലം | 3 ,, |
| ക്രിമിരോഗങ്ങൾ | 23 ,, |
| പാണ്ഡുരോഗം | 5 ,, |
| കാമില, കുംഭകാമില, ഹലീമകം ഓരോവിധം | |
| രക്തപിത്തം | 3 ,, |
| കാസം | 5 ,, |
| ക്ഷയം | 5 ,, |
| ശോഷം | 6 ,, |
| ശ്വാസരോഗം | 5 ,, |
| ഹിക്കാരോഗം | 5 ,, |
| അഗ്നിവികാരരോഗം | 4 ,, |

| | |
|---|---|
| അരോചകം | 5 „ |
| ഛർദ്ദിരോഗം | 7 „ |
| സ്വരഭേദരോഗം | 6 „ |
| തൃഷ്ണാരോഗം | 6 „ |
| മൂർഛാരോഗം | 4 „ |
| ഭ്രമരോഗം | 1 „ |
| നിദ്രാ, തന്ദ്രാ, സന്ന്യാസ, ഗ്ലാനിരോഗങ്ങൾ ഓരോവിധം | |
| മദരോഗം | 7 „ |
| മദാത്യയം | 4 „ |
| പരമദം | 1 „ |
| പാനാജീർണ്ണ, പാനവിഭ്രമ, പാനാത്യയരോഗങ്ങൾ ഓരോവിധം | |
| ദാഹരോഗം | 7 „ |
| ഉന്മാദം | 6 „ |
| ഭൂതോന്മാദരോഗം | 20 „ |
| അപസ്മാരം | 4 „ |
| ആമവാതം | 4 „ |
| ശൂലം | 8 „ |
| പരിണാമശൂലം | 8 „ |
| ഉദാവർത്തം | 13 „ |
| ആനാഹരോഗം | 2 „ |
| ഉരോഗ്രഹരോഗം | 1 „ |
| ഹൃദ്രോഗം | 5 „ |
| ഉദരരോഗം | 8 „ |
| ഗുന്മൻ | 8 „ |
| മൂത്രാഘാതം | 13 „ |
| മൂത്രകൃഛ്രം | 8 „ |
| അശ്മരി | 4 „ |
| | 23 „ |

| | |
|---|---|
| പ്രമേഹം | 20 ,, |
| സോമരോഗം | 1 ,, |
| പ്രമേഹകങ്ങൾ | 10 ,, |
| മേദോദോഷരോഗം | 1 ,, |
| ശോഫരോഗം | 9 ,, |
| വൃദ്ധിരോഗം | 7 ,, |
| അണ്ഡവൃദ്ധി | 1 ,, |
| ഗണ്ഡമാല | 1 ,, |
| ഗണ്ഡാലജി | 1 ,, |
| ഗ്രന്ഥിരോഗം | 9 ,, |
| അർബ്ബുദരോഗം | 6 ,, |
| ശ്ലീപദരോഗം | 3 ,, |
| വിദ്രധി | 6 ,, |
| വ്രണരോഗം | 15 ,, |
| അസ്ഥിഭംഗം | 8 ,, |
| കോഷ്ഠഭേദം | 2 ,, |
| വഹ്നിദഗ്ദ്ധ (തീപ്പൊള്ളിയ) രോഗം | 4 ,, |
| നാഡീരോഗം | 5 ,, |
| ഭഗന്ദരരോഗം | 8 ,, |
| ഉപദംശം | 5 ,, |
| ശൂകരോഗം | 24 ,, |
| കുഷ്ഠം | 18 ,, |
| ക്ഷുദ്രരോഗം | 60 ,, |
| വിസർപ്പം | 9 ,, |
| ഉദർദ്ദം | 1 ,, |
| ശീതപിത്തരോഗം | 1 ,, |

| | | |
|---|---|---|
| അമ്ലപിത്തരോഗം | 3 | ,, |
| വാതരക്തം | 8 | ,, |
| വാതരോഗങ്ങൾ | 80 | ,, |
| പിത്തരോഗങ്ങൾ | 40 | ,, |
| കഫരോഗങ്ങൾ | 20 | ,, |
| രക്തരോഗങ്ങൾ | 10 | ,, |
| മുഖരോഗങ്ങൾ | 74 | ,, |
| നാസാരോഗങ്ങൾ | 18 | ,, |
| കർണ്ണമൂലരോഗങ്ങൾ | 5 | ,, |
| കർണ്ണരോഗങ്ങൾ | 18 | ,, |
| ശിരോരോഗങ്ങൾ | 10 | ,, |
| കപാലരോഗങ്ങൾ | 9 | ,, |
| നേത്രരോഗങ്ങൾ | 94 | ,, |
| പുംസ്ത്വദോഷരോഗങ്ങൾ | 5 | ,, |
| ശുക്ലദോഷരോഗങ്ങൾ | 8 | ,, |

സ്ത്രീരോഗങ്ങളെക്കുറിച്ചു പിന്നെ പ്രത്യേകം ഒരു അദ്ധ്യായത്തിലാണു് വിവരിച്ചിട്ടുള്ളതു്. ബാലരോഗങ്ങളും, ബാലപരിചരണവിധിയും മററും "കുമാരഭൃത്യ" എന്ന ഘട്ടത്തിലും വിവരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യർക്കറിയുവാൻ പാടില്ലാത്തവിധം ഭൂതങ്ങളാലൊ മററൊ ഉണ്ടാക്കപ്പെടുന്നതായ രോഗങ്ങളുടെ കാരണങ്ങളും, ലക്ഷണങ്ങളും മററും "ഭൂതവിദ്യ" എന്ന ഘട്ടത്തിലും പറയപ്പെട്ടിട്ടുണ്ടു്.

വിഷങ്ങളുടെ ചികിത്സയും, പ്രത്യൗഷധവിധിയും മററും "കല്പ" എന്ന സ്ഥാനത്തിലാണു് വിവരിക്കപ്പെട്ടിരിക്കുന്നതു്. വിഷങ്ങൾ സ്ഥാവരങ്ങൾ എന്നും, ജംഗമങ്ങൾ എന്നും രണ്ടുവിധമുണ്ടു്. ഉമ്മത്തു്, പാഷാണം, വത്സനാഭം മുതലായവയെല്ലാം സ്ഥാവരവിഷങ്ങളാണു്. അവകൾ വമനം, വിരേചനം, അ

സ്യം, അജ്ഞാനം എന്നിവയാൽ ആശ്വാസപ്പെടുന്നതുമായിരിക്കും. ജാംഗമവിഷങ്ങളിൽ കീടങ്ങളും, തേളുകളും, ചിലന്തികളും, ഗൌളികളും, ഊറാമ്പുലികളും, സൎപ്പങ്ങളും, പേപ്പട്ടി, കുറുക്കൻ, ചെന്നായ്ക്കൾ, കരടികളും, നരികളും മുതലായ ജന്തുക്കളെല്ലാം അടങ്ങിയിരിക്കും. ഇവയിൽ ഓരോന്നു കടിച്ചാൽ അതിന്നൊക്കെ പല ഔഷധങ്ങളും വിധിച്ചിട്ടുണ്ടു്. എന്നാൽ ഈ രണ്ടുവിധം വിഷങ്ങളേയും ഹിന്തുക്കൾ പണ്ടേതന്നെ മരുന്നാക്കി ഉപയോഗിച്ചുവരുന്നതുമുണ്ടു്. ചിലപ്പോൾ "വിഷസ്യ വിഷമൌഷധം" എന്ന ന്യായത്തെ അനുസരിച്ചു് ഒരു വിഷത്തിന്നുപകരം മററൊരു വിഷം കൊടുക്കുകയും പതിവില്ലെന്നില്ല. അതുപ്രകാരം ജംഗമവിഷത്തിന്നു സ്ഥാവരവിഷവും, സ്ഥാവരവിഷത്തിന്നു ജംഗമവിഷവും പ്രതിമരുന്നായി കൊടുക്കുവാൻ വിധിയുണ്ടു്. ഈ കൂട്ടത്തിൽ "ക്ഷാരാഗദം" എന്ന ഒരു ഔഷധമുണ്ടാക്കി ഭേരിമേൽ തേച്ചു വിഷം തീണ്ടിയവന്റെ മുമ്പിൽ വെച്ചു കൊട്ടിയാൽ വിഷം ഇറങ്ങുന്നതാണെന്നുള്ള ഒരു അത്ഭുതകരമായ പ്രയോഗം ഒരു ഗ്രന്ഥകൎത്താവു പറഞ്ഞിരിക്കുന്നു.

ഒരു രോഗത്തെ തിരിച്ചറിയുന്നതിന്നായി ഹിന്തുവൈദ്യന്മാർ പ്രാചീനകാലംമുതൽക്കേ ദൎശനം, ഹൃദയശബ്ദപരിശോധന സമാഘാതം അല്ലെങ്കിൽ മുട്ടിനോക്കുക, ഉരോന്തരാളത്തിലും മററുമുണ്ടാകുന്ന സ്വാഭാവികശബ്ദങ്ങളെ പാൎത്തുനോക്കുക * ഗന്ധം

* ഹൃദയശബ്ദങ്ങളെ പരിശോധിച്ചുനോക്കുക (Palpitation), സമാഘാതം (Percussion), ഉരോന്തരാളത്തിലും മററുമുള്ള സ്വാഭാവികശബ്ദങ്ങളെ പാൎത്തു നോക്കുക. (Ausculation) എന്നിവയൊന്നും കേവലം പുതിയതല്ല. ഇവയെക്കുറിച്ചു ചരകത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ആത്രേയൻ തന്റെ പ്രിയശിഷ്യനായ ഹാരീതനോടുള്ള ചോദ്യോത്തരത്തിൽ ഇതെല്ലാം കുറെക്കൂടി അധികം ശരിയായി പറഞ്ഞിട്ടുണ്ടു്. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ഇപ്പോഴുള്ള പുസ്തകങ്ങളിൽ ഏതിലെ വിധിയോടും ശരിക്കസിൽമന്നതായിരിക്കാം.

നോക്കുക, സ്വാദുനോക്കുക ഇവയെല്ലാം ചെയ്തിരുന്നു. ചില പൂർവ്വാചാര്യന്മാർ ഇതിൻ ഒടുക്കത്തെ സംഗതി ഒഴിവാക്കിയിരിക്കുന്നു. എന്നാൽ, മററചിലർ അതു ചെയ്യിട്ടില്ലെന്നു മാത്രമല്ല, ഏതെങ്കിലും ഒരു രോഗത്തിന്റെ സ്ഥാനത്തേയും, സ്വഭാവത്തെയും കുറിച്ചു ശരിയായ അറിവു സമ്പാദിക്കേണ്ടതിന്നു വൈദ്യൻ ആയാളുടെ പഞ്ചേന്ദ്രിയങ്ങളേയും ഉപയോഗിക്കേണ്ടതാണെന്നു പ്രത്യേകം സിദ്ധാന്തിക്കുകകൂടി ചെയ്തിരിക്കുന്നു. രോഗിയുടെ ആകൃതി, കണ്ണു, നാവു, തോൽ, നാഡീസ്പന്ദനം, ശബ്ദം, മൂത്രം, മലം ഇവയെല്ലാം വൈദ്യൻ പരിശോധിച്ചു നോക്കേണ്ടതാണ്. ഉപദ്രവത്തിന്റെ ശരിയായ ലക്ഷണത്തേയും, ഗതിയേയും അറിയേണ്ടതിന്നു നാഡീപരിശോധനയാണ് എല്ലാററിലുംവെച്ചു മുഖ്യമായി വിചാരിക്കപ്പെട്ടിട്ടുള്ളതു്. നാട്ടുവൈദ്യന്മാർ ഇപ്പോൾ സാമാന്യേന ചെയ്തുവരുന്നതും അതുതന്നെയാണ്. നാഡീസ്പന്ദനത്തിന്റെ ശരിയായ സ്വഭാവം മനസ്സിലാക്കേണ്ടതിന്നു മണിബന്ധത്തിലെ നാഡിയെയാണ് സാധാരണയായി തിരഞ്ഞെടുക്കുന്നതു്. രോഗി പുരുഷനാണെങ്കിൽ വലങ്കയ്യിലേയും, സ്ത്രീയാണെങ്കിൽ ഇടങ്കയ്യിലേയും നാഡിയെ പരിശോധിക്കണം. നാഡീസ്പന്ദനത്തെ പരിശോധിക്കുമ്പോൾ വൈദ്യൻ അതിന്റെ സങ്കോചക്ഷമത(Compressbility), പൌനഃപുന്യം അല്ലെങ്കിൽ അവിച്ഛേദം (Frequency), നിയമം (Regularity), പ്രമാണം (Size), വിരലുകളിൽതട്ടുമ്പോൾ തോന്നുന്ന മാതിരികൾ (Impressions) ഇവയൊക്കെ നോക്കേണ്ടതാണ്. വാതകോപത്തിൽ ആ നാഡീസ്പന്ദനം ഒരു സർപ്പം ഇഴയുന്നതുപോലെയോ, അട്ടയുടെ ഗതിപോലെയൊ ഇരിക്കും. പിത്തമാണു കോപിച്ചിരിക്കുന്നതെങ്കിൽ, അതു് (നാഡി) ഒരു തവളയെപ്പോലെ ചാടുകയൊ, കാക്കയെപ്പോലെയോ കുരികിലിനെപ്പോലെയൊ പറക്കുന്ന മാതിരിയിൽ തോന്നുകയോ ചെയ്യും. അതു വിരലിന്മേൽ മെല്ലെ

മിടിക്കുകയും, ഹംസത്തിൻെറയോ മാടപ്രാവിൻെറയോ ഗതിപോലെ ഇരിക്കുകയും ചെയ്യുന്നതാണെങ്കിൽ അവിടെ കഫകോപമാണെന്നും തീർച്ചപ്പെടുത്തണം. ഒരു കപിഞ്ജലപക്ഷി ഓട്ടുന്നതുപോലെയിരിക്കുന്ന നാഡീസ്പന്ദനം ഉന്മാദത്തെ സൂചിപ്പിക്കുന്നതാകുന്നു. അനിയതമായ (നിയമം കൂടാത്ത) ഒരു നാഡീസ്പന്ദനം കണ്ടാൽ മദാത്യയരോഗമുണ്ടെന്നു നിശ്ചയിക്കാം. അറിയുവാൻ ഏകദേശം തീരെ പ്രയാസമുള്ളതും, താണതും, നിയമമില്ലാത്തതും, ഏററവും ക്ഷീണിച്ചതും, ആയ സ്പന്ദനം മരണത്തെ സൂചിപ്പിക്കുന്നതുമാകുന്നു. പനിയുള്ളവൻെറയോ കാമാർത്തൻെറയോ നാഡീസ്പന്ദനം വേഗത്തോടുകൂടിയിരിക്കും. നല്ല ശരീരസൌഖ്യമുള്ളവൻെറയാണെങ്കിൽ അതു മദ്ധ്യബലത്തോടുകൂടിയും, ശരിയായുമിരിക്കുകയും ചെയ്യും. ഇതൊന്നുംകൂടാതെ ഇനിവേറെ പലേ ദേഹസ്ഥിതിഭേദങ്ങളേയും ഈ നാഡീസ്പന്ദനം സൂചിപ്പിക്കുന്നതാണെന്നു് ആശ്ചര്യകരമായവിധത്തിൽ ഓരോ ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. പ്രാചീനസംസ്കൃതഗ്രന്ഥങ്ങളിൽ കാണുന്ന മാതിരിയിലുള്ള നാഡീസ്പന്ദനവിവരണവും യൂറോപ്പിൽ ഈ വിഷയത്തിൽ ഏററവും വലിയൊരു പ്രമാണഭൂതനും യോഗ്യനുമായ ഗാലൻ എന്ന പ്രസിദ്ധവൈദ്യൻ കൊണ്ടുവന്നിട്ടുള്ള നാഡീസ്പന്ദനസിദ്ധാന്തവും തമ്മിൽ വളരെ സാദൃശ്യമുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽതന്നെ പ്രസ്താവിക്കുന്നതു രസകരമായിരിക്കുമല്ലോ. "അദ്ദേഹത്തിനുശേഷമുണ്ടായ സകലവൈദ്യന്മാരും ഈ വിഷയത്തിൽ അദ്ദേഹത്തിൻെറ മതത്തെ കേവലം പകർത്തി എഴുതുകയാണു് ചെയ്തിട്ടുള്ളതു്." (ഡോക്ടർ ബർഡൊ). ഗാലനാകട്ടെ ക്രമത്തിൽ താണു ചുരുങ്ങിച്ചുരുങ്ങി വരുന്നതായ നാഡീസ്പന്ദനത്തെയും (Pulsus myurus), ഉറുമ്പരിക്കുന്നതുപോലെ അറിയുവാൻ വളരെ പ്രയാസമുള്ളതായ സ്പന്ദനവിശേഷത്തെയും (Pulsus formicans), ആടിനെപ്പോ

ലെ ചാടുന്നതായ ഒരു സ്പന്ദനത്തെയും (Pulsus dorcadisans), തിരമാലപോലെ താണും പൊന്തിയുമിരിക്കുന്ന സ്പന്ദനത്തേയും (Pulsus fluctuosus) കുറിച്ചു പറയുന്നുണ്ടു്. ഇതുകൊണ്ടു ഗാലൻ ഈ വിഷയത്തിൽ ഹിന്തുവൈദ്യന്മാരിൽനിന്നാണു് അറിവു സമ്പാദിച്ചതെന്നു വിചാരിക്കാമല്ലൊ.

ചിലമാതിരി രോഗങ്ങൾ ഭൂതങ്ങൾനിമിത്തമുണ്ടാകുന്നതാണെന്നു വിശ്വസിക്കപ്പെട്ടുവരുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സകലമതക്കാരുടെ ഇടയിലും ഏറക്കുറെ കണ്ടുവരുന്നതായ രോഗങ്ങളെസംബന്ധിച്ചുള്ള ഈ ഭൗതികസിദ്ധാന്തം, (Demon theory of diseases) ഹിന്തുവൈദ്യഗ്രന്ഥകാരന്മാരേയും ഇളക്കിത്തീർക്കാതിരുന്നിട്ടില്ല. അവരുടെ സിദ്ധാന്തത്തിൽ, ഭൂതങ്ങൾ വൈരത്തേയോ, വല്ല കാരണവശാലോ കോപിച്ചാൽ അവ ഒരു അപരാധിയുടെ ദേഹത്തിൽ കടന്നുകൂടുകയും, അവനെ പലവിധത്തിലും ഉപദ്രവിക്കുകയും, ഓരോ രോഗങ്ങളുണ്ടാക്കിത്തീർക്കുകയും ചെയ്യുന്നതാണെന്നു കാണുന്നു. ഹാരീതൻ അങ്ങിനെ പത്തുവിധം ഭൂതങ്ങളെപ്പററി പറഞ്ഞിട്ടുണ്ടു്. ആവക ഗ്രഹങ്ങളുടെ പേരുകളും അവയുടെ ആവേശംകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങളും മററും താഴെ പറയുന്നു.

ഐന്ദ്രഗ്രഹം—ഇതു സാധാരണയായി പൂങ്കാവുകൾ, വിഹാരങ്ങൾ, ദേവാലയങ്ങൾ ഈവക പ്രദേശങ്ങളിൽനിന്നാണു് ബാധിക്കുന്നതു്. ഈ ഗ്രഹം ബാധിച്ചാൽ ഭ്രാന്തനെപ്പോലെ ചിരിക്കുക, പാടുക മുതലായി ഓരോന്നു പ്രവർത്തിക്കും.

ആഗ്നേയഗ്രഹം—ഇതു ശ്മശാനം, നാൽക്കൂട്ടപ്പെരുവഴി ഈവക സ്ഥലങ്ങളിൽനിന്നു ബാധിക്കും. അതു ബാധിച്ചിട്ടുള്ളവൻ കരയുകയും, പേടിച്ചു ചുററും നോക്കുകയും ചെയ്യും.

യമഗ്രഹം—ഇതു യുദ്ധഭൂമിയിൽനിന്നും, ശ്മശാനങ്ങളിൽനിന്നും ബാധിക്കുവാനിടയുണ്ടു്. ഇതിനാൽ ബാധിതനായ മനു

ഷ്യൻ വളരെ ദീനനായും, പ്രേതത്തെപ്പോലെയും ഇരിക്കും.

നൈരൃതഗ്രഹം—പുറം; പെരുവഴി, പ്രശസ്തവൃക്ഷം ഇങ്ങിനെ ഓരോന്നിന്റെ സമീപത്തിൽനിന്നാണ് ഈ ഗ്രഹം ബാധിക്കുന്നതു്. അതു ബാധിച്ചുകഴിഞ്ഞാൽ ആ മനുഷ്യൻ ഒന്നും അനങ്ങാതിരിക്കുകയോ, ഓടിനടക്കുകയൊ, ആളുകളെ ഉപദ്രവിക്കുകയോ, കൊല്ലുകയോ ചെയ്യും. അതുകൂടാതെ ആയാളുടെ മുഖം വിവൎണ്ണമായിത്തീരുകയും, ശക്തി വൎദ്ധിക്കുകയും, ചേതന ദുഷിച്ചുപോകയും ചെയ്യും.

വാരുണഗ്രഹം—ഈ ഗ്രഹം നദികൾ, തടാകങ്ങൾ എന്നിവയുടെ തീരങ്ങളിലായിരിക്കും സഞ്ചരിക്കുന്നതു്. അതു ബാധിച്ചവന്നു വായിൽനിന്നു വെള്ളം ഒലിച്ചുകൊണ്ടിരിക്കുകയും, മൂത്രം അധികമായിത്തീരുകയും, കണ്ണിൽ വെള്ളം നിറയുകയും ചെയ്യും. അതിന്നുപുറമെ ആയാൾ മൂകനെപ്പോലെ കാണപ്പെടുന്നതുമാണ്.

മാരുതഗ്രഹം—ചുഴലിക്കാററിന്റെ നടുവിൽനിന്നും മററമാണ് ഈ ഗ്രഹം ബാധിക്കുന്നതു്. അതു ബാധിച്ചവൻ മുഖം വാടി ദീനനായിരിക്കുകയും, വിറക്കുകയും, നിലവിളിക്കുകയും ചെയ്യും. അതല്ലെങ്കിൽ പരവശനായും കണ്ണിന്നു ശക്തികുറഞ്ഞും കലശലായ വിശപ്പോടുകൂടിയുമിരിക്കും.

കുബേരഗ്രഹം—അധികമായ വല്ല സന്തോഷമോ ഗൎവ്വോ അഭിമാനമോ ഉള്ള സമയത്താണ് ഇതു ബാധിക്കുന്നതു്. ഇതിനാൽ ബാധിതനായവൻ ഗൎവ്വോദ്ധതനും അലങ്കാരങ്ങളിൽ വളരെ താല്പൎയ്യത്തോടുകൂടിയവനുമായിരിക്കും

ഈശാനഗ്രഹം—ജീൎണ്ണിച്ചുകിടക്കുന്ന ക്ഷേത്രങ്ങളിൽനിന്നും മററമാണ് ഇതു സാധാരണ ബാധിക്കുന്നത്. ഈ ശിവഗ്രഹം ബാധിച്ചവൻ മേലൊക്കെ ഭസ്മം വാരി പൂശുകയും, ദിഗംബരനായി(വസ്ത്രംകൂടാതെ) പാഞ്ഞുനടക്കുകയും, ശിവധ്യാനത്തിൽ

താല്പൎയ്യത്തോടുകൂടിയിരിക്കുകയും ഗീതവാദ്യങ്ങളെ ഇഷ്ടപ്പെടുകയും ചെയ്യും.

ഗ്രാഹകഗ്രഹം—ഇതു ശൂന്യഗൃഹം ശൂന്യ (നിൎജ്ജല)മായ കൂപങ്ങൾ ഇവയിൽനിന്നു ബാധിക്കും. ഇതു ബാധിച്ചുപോയാൽ വിശപ്പോ ദാഹമോ ഉണ്ടായിരിക്കുകയില്ലെന്നുമാത്രമല്ല പറഞ്ഞതൊന്നും ആയാൾ കൂട്ടാക്കുകയുമില്ല.

പൈശാചഗ്രഹം— അശുചിയായും അശുദ്ധമായുമുള്ള സ്ഥലങ്ങൾ, ഉച്ഛിഷ്ടം ഇവകളിലാണു് ഇതിന്റെ വാസം. ഈ ഗ്രഹം ബാധിച്ചിട്ടുള്ളവൻ നൃത്തംവെക്കുക, നിലവിളിക്കുക, പാടുക, ഉറക്കെപറയുക, ഭ്രാന്തനെപ്പോലെ തിരിയുക, വസ്ത്രംധരിക്കാതിരിക്കുക, വായിൽനിന്നു വെള്ളം ഒലിപ്പിച്ചുകൊണ്ടിരിക്കുക ഇതൊക്കെ ചെയ്യുന്നതാണു്.

ഇങ്ങിനെ ഭൂതാവേശംകൊണ്ടുണ്ടാകുന്ന രോഗങ്ങൾക്കു ഹിന്തുവൈദ്യശാസ്ത്രത്തിൽ മരുന്നുകളെക്കൊണ്ടും മന്ത്രങ്ങളെക്കൊണ്ടും പല ചികിത്സകളും പറഞ്ഞിട്ടുണ്ടു്. ചിലപ്പോൾ തകിടുമുതലായ രക്ഷാസാധനങ്ങളെ ധരിക്കുകയും പതിവില്ലെന്നില്ല. ഭൂതാവേശംകൊണ്ടും മററുമുണ്ടാകുന്ന രോഗങ്ങളുടെ ശാന്തിക്കു ഹിന്തുക്കൾ സാധാരണയായി ധരിക്കുന്ന ചില രക്ഷാകരണങ്ങളുടെ സ്വഭാവവും വിവരണവും മററും അധികവും മന്ത്രശാസ്ത്രത്തിൽ പെട്ടതാകയാൽ ഇവിടെ എടുത്തുവിസ്തരിക്കുന്നില്ല.

## ഒമ്പതാം അദ്ധ്യായം
### ഒരു വൈദ്യന്റെ ഗുണങ്ങളും, സാദ്ധ്യാസാദ്ധ്യവിചാരവും

വൈദ്യശാസ്ത്രത്തിന്റെ തത്വങ്ങളേയും, അതിലുള്ള പരിചയത്തേയും, എന്നുവേണ്ട അതിനെ സംബന്ധിച്ചുള്ള മററു സം

ഗതികളെയും കുറിച്ച് പൂൎവ്വഗ്രന്ഥകാരന്മാൎക്കുള്ള അഭിപ്രായങ്ങളറിയുന്നതു രസകരമായിട്ടുള്ളതു തന്നെയാണ്. എന്നാൽ ഒരു നല്ല വൈദ്യനായണമെങ്കിൽ എന്തെല്ലാം ഗുണങ്ങളാണ് അവശ്യം ഉണ്ടായിരിക്കേണ്ടതെന്നുള്ളതിനെപ്പററി അവൎക്കുള്ള സിദ്ധാന്തങ്ങളും അറിയുന്നതും രസത്തിന്ന് ഒട്ടും കുറവില്ലാത്ത സംഗതിയാകുന്നു. അവരാകട്ടെ, നല്ലോരു വൈദ്യനാകുവാൻ വിചാരിക്കുന്ന ഒരാൾക്കു വേണ്ടുന്ന ഗുണങ്ങൾ ഇന്നിന്നതാണെന്ന് എണ്ണിപ്പറകയും, ആയാൾ തന്റെ വിശിഷ്ടമായ പ്രവൃത്തി നടത്തിക്കൊണ്ടു വരുമ്പോൾ, പൊതുവിലും സ്വകാൎയ്യമായും എങ്ങിനെയാണ് മററുള്ളവരോട് ഇടപെടേണ്ടതെന്നു വിവരിക്കുകയും ചെയ്യിട്ടുണ്ട്.

ഒരു വൈദ്യൻ എപ്പോഴും ശുചിയും, ശുദ്ധനുമായിരിക്കണം. എന്തുകൊണ്ടെന്നാൽ, മലിനമായും കുത്സിതമായും വസ്ത്രം ധരിക്കുന്നവനും, അഹംഭാവിയും, ചീത്തവാക്കു പറയുന്നവനും, സദാചാരഹീനനും ആവശ്യപ്പെടാതെ ഒരു രോഗിയുടെ അടുക്കൽ ചെല്ലുന്നവനുമായ ഒരു വൈദ്യൻ, സാക്ഷാൽ ധന്വന്തരിയെപ്പോലെ സമൎത്ഥനാണെന്നിരുന്നാലും, മാന്യനാകുന്നതല്ല. ആയാൾ, തന്റെ നഖങ്ങളെ മുറിക്കുകയും, തലമുടി വേണ്ടതുപോലെ വൃത്തിയാക്കുകയും, ശുചിയായ വസ്ത്രം ധരിക്കുകയും, ഒരു കുടയോ വടിയോ കയ്യിലെടുക്കുകയും, * ചെരിപ്പിടുകയും, മുഖപ്രസാദത്തോടുകൂടിയിരിക്കുകയും വേണ്ടതാണ്. ആയാൾ മനശ്ശുദ്ധിയുള്ളവനും, നിഷ്കപടനും, ഈശ്വരവിശ്വാസമുള്ളവനും, എല്ലാ

---

* ഈ ഒരു നിയമം ഇംഗ്ലീഷുവൈദ്യന്മാരെസ്സംബന്ധിച്ചിടത്തോളം അനാവശ്യമാണെന്നു പക്ഷെ തോന്നിയേക്കാം. അവൎക്കാണെങ്കിൽ ഉടുപ്പിന്റെ കൂട്ടത്തിൽ ചെരിപ്പ് (ബൂട്സ്) ഒഴിച്ചുകൂടാത്ത ഒന്നാണല്ലോ. എന്നാൽ ഇന്ത്യയിൽ ശീതോഷ്ണസ്ഥിതിഭേദംകൊണ്ടും, മററു ചില സംഗതികളാലും കാലടി കൂട്ടുവാനുള്ള വല്ല ഒരു സാധനവും ഉപായമെന്ന് അത്ര നിൎബ്ബന്ധമില്ല.

വരോടും സ്നേഹമുള്ളവനും, സത്യത്തെയും തന്റെ പ്രവൃത്തിയേയും പരിപാലിച്ചുപോരുന്നവനും ആയിരിക്കണം. ആയാളുടെ പ്രധാനമായ കൃത്യം തന്റെ രോഗിയെ ശരിയായും, ലാഭേച്ഛ കൂടാതെയും ചികിത്സിക്കുകയാകുന്നു. മനസ്സാക്ഷിക്കനുസരിച്ച് ഒരു രോഗിയെ ചികിത്സിക്കുന്നതുകൊണ്ടു വൈദ്യന്നു പുണ്യം കിട്ടുമെന്നാണു് പറയപ്പെട്ടിരിക്കുന്നതു്. അതുകൊണ്ട് ആയാൾ ഒരു ദരിദ്രനായ രോഗിയുടെ കാൎയ്യത്തിൽ, പണത്തിന്നുള്ള മോഹംകൊണ്ടു ചികിത്സിച്ചു തന്റെ ഗുണം വിററുകളയരുത്, എന്നാൽ തന്റെ നിത്യവൃത്തിക്കായി ഒരു വിധം കഴിച്ചിലിന്നു വകയുള്ളവരോടു ന്യായമായ വല്ല ഫീസ്സും കിട്ടണമെന്നാവശ്യപ്പെടുന്നതിൽ തെററില്ലതാനും. തന്റെ വൈദ്യന്നു വല്ല ഫീസ്സും കൊടുക്കുവാൻ കഴിയുന്ന ഒരാൾ ആയാളുടെ ചികിത്സയിലിരിക്കുമ്പോൾ അതു കൊടുക്കാതിരിക്കുകയാണെങ്കിൽ ആയാളെ "പാപി" എന്നു വിളിക്കുന്നതാണു്. എന്നുമാത്രമല്ല, ആയാളുടെ പുണ്യമെല്ലാം ആ വൈദ്യന്നു കിട്ടുന്നതാണെന്നും കൂടി പറയപ്പെട്ടിരിക്കുന്നു. പണംകൊടുക്കേണ്ട കാൎയ്യത്തിൽ മതസംബന്ധമായ ഒരു നിബന്ധനകൂടി ഉള്ളതായി കാണുന്നു. വെറുംകയ്യായി അതായതു യാതൊരു സമ്മാനമോ, കാഴ്ചദ്രവ്യമോ കൂടാതെ, ഒരു രാജാവിന്റെയും, ഗുരുവിന്റെയും, വൈദ്യന്റെയും അടുക്കൽ ചെല്ലുകയോ, അവരെ കാണുകയോ ഹിന്തുക്കളൊരും ചെയ്യുപോകരുതെന്നു വിധിച്ചിട്ടുണ്ട്. അതുകൊണ്ട്, ഒരു രാജ്യത്തു് ആളുകൾ ഉണ്ടാകാതിരിക്കയില്ലെന്നും, ആളുകൾക്കു ദീനം പിടിക്കാതിരിക്കയില്ലെന്നും, എന്നാൽ വൈദ്യന്നു് ഏതുവിധത്തിലും നിത്യവൃത്തിക്കു ബുദ്ധിമുട്ടേണ്ടിവരില്ലെന്നു തീൎച്ചയാണെന്നും പറഞ്ഞിട്ടുള്ളതു വളരെ ശരിയാണ്. ഏതെങ്കിലും ഒരു ദീനത്തിന്നു നൂറു മരുന്നറിയുന്ന ഒരു ചികിത്സക്കാരനെ "വൈദ്യൻ" എന്നു പറയാം. ഏതെങ്കിലും ഒരു ദീനത്തിന്നുതന്നെ ഇരുനൂറു മ

തന്ത്രകൾ അറിയുന്ന ഒരാൾ 'ഭിഷക്ക്' എന്ന പേരിന്നു അൎഹനാണു്. സകലരോഗങ്ങൾക്കും മൂന്നൂറിൽ കുറയാതെ മരുന്നുകൾ നിശ്ചയമുള്ള ഒരാൾക്ക "ധന്വന്തരി" എന്ന പേരും കൊടുക്കാവുന്നതാകുന്നു. രോഗങ്ങളുടെ ജ്ഞാനവും ഔഷധങ്ങളുടെ പരിചയവും ഒരു വൈദ്യന്നു ഒരുപോലെ മുഖ്യമായിട്ടുള്ളതാണു്. ഇതിൽ ഒന്നില്ലാതെ മറ്റൊന്നു മാത്രമായാൽ അതു്, അമരക്കാരനില്ലാത്ത കപ്പലുപോലെ, ആയിരിക്കുകയും ചെയ്യും. സുശ്രുതന്റെ അഭിപ്രായത്തിൽ അവനവൻ നേരിട്ടുകണ്ടു യാതൊരു പരിചയവും വരുത്താതെ വൈദ്യശാസ്ത്രതത്വങ്ങളെ വെറുതെ പഠിക്കുകമാത്രം ചെയ്തിട്ടുള്ള ഒരാൾ ഒരു രോഗിയെ കാണുമ്പോൾ, ഒരു ഭയശീലൻ യുദ്ധത്തിൽ കിടന്നു പരിഭ്രമിക്കുന്നതുപോലെ, പെട്ടെന്നു തന്റെ മനോധൈൎയ്യം വിട്ടുകളയുന്നതാണെന്നു കാണുന്നു, എന്നാൽ വേറെ ഒരാൾ ശാസ്ത്രാനുസാരേണയല്ലാതെ കുറെ വൈദ്യപരിചയം മാത്രം സമ്പാദിച്ചിട്ടുണ്ടെങ്കിലും, പുസ്തകങ്ങളിൽ പ്രതിപാദിക്കുന്ന ശാസ്ത്രതത്വങ്ങളൊന്നും ധരിക്കാത്തപക്ഷം ആയാളും വിദ്വാന്മാരുടെ ബഹുമതിക്കു് അൎഹിക്കുന്നില്ലെന്നു മാത്രമല്ല, രാജശിക്ഷക്കു പാത്രമായിത്തീരുകയും ചെയ്യും. ഈ പറഞ്ഞ രണ്ടുകൂട്ടരും വൈദ്യന്നു വേണ്ട ഗുണങ്ങൾ പൂൎത്തിയാകാത്തവരും, അതുകൊണ്ടു ചികിത്സിക്കാൻ കൊള്ളരുതാത്തവരുമാണു്. ഒരു ചിറകുമാത്രമുള്ള ഒരു പക്ഷിക്കു ശരിയായി പറക്കുവാൻ ഒരിക്കലും കഴിയുന്നതല്ലല്ലൊ.

ഹിന്തുവൈദ്യന്മാർ, വെളുത്തപക്ഷത്തിൽ ഞായർ, ബുധൻ, വ്യാഴം, വെള്ളി എന്നീ ആഴ്ചകളിലാണു് ഔൽഭിദങ്ങളായ ഔഷധങ്ങളെ സമ്പാദിക്കുവാൻ പുറത്തു പോകുന്നതു്. ബുധൻ, വ്യാഴം, വെള്ളി ഈ ദിവസങ്ങളിലേ അവർ ധാത്വൌഷധങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയുള്ളു. തിങ്കൾ, ബുധൻ, ശനി ഈ ദിവസങ്ങളിൽ— അതിൽ പ്രത്യേകിച്ചു തിങ്കളാഴ്ച— യാതൊരു

ചികിത്സയും വിധിച്ചുകൊടുക്കില്ലെന്നു ചില വൈദ്യന്മാർക്കു ശാഠ്യമുണ്ട്. ചിലന്ന രോഗികളുംകൂടെ തിങ്കൾ, ചൊവ്വ, ശനി ഈ ദിവസങ്ങളിൽ ഒരുവിധം നിവൃത്തിയുണ്ടെങ്കിൽ ചികിത്സ തുടങ്ങുന്നതല്ല. ഛർദ്ദിപ്പിക്കുവാനോ വയറിളക്കുവാനോ ആണെങ്കിൽ ചൊവ്വ, വ്യാഴം, ഞായർ ഈ ആഴ്ചകളും, രക്തമോക്ഷത്തിന്നു ചൊവ്വ ഞായർ ഈ ദിവസങ്ങളും ആണ് അധികം നല്ലതെന്നും വിചാരിച്ചുപോരുന്നു.

രോഗം ഇന്നതാണെന്നു തീർച്ചപ്പെടുത്തിയശേഷം വൈദ്യൻ സാദ്ധ്യാസാദ്ധ്യവിഭാഗത്തെക്കുറിച്ചാണ് ആലോചന ചെയ്യുന്നത്. രോഗങ്ങളെല്ലാം ‘സാദ്ധ്യം’ (മാറുവാൻ നിവൃത്തിയുള്ളത്) “അസാദ്ധ്യം” (ഒരിക്കലും മാറാത്തത്) “യാപ്യം” (ഔഷധങ്ങളെക്കൊണ്ടും മററും ഒരുവിധം നിലനിർത്തിക്കൊണ്ടുപോരാവുന്നത്) ഇങ്ങിനെ മൂന്നാക്കി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ഒടുക്കം പറഞ്ഞമാതിരി രോഗമുള്ള ഒരാൾക്കു മരുന്നു ശീലിക്കുന്ന കാലത്തോളമൊക്കെ സുഖമുണ്ടായിരിക്കും. എന്നാൽ ചികിത്സ നിർത്തിയ ഉടനെ, സ്വതേ തന്നെ വീഴുവാൻ ഭാവിക്കുന്ന ഒരു വീട്ടിന്ന് അതിന്റെ തൂണുകളും കൂടി നീക്കം ചെയ്താൽ സംഭവിക്കുന്നതുപോലെ, ആയാളുടെ ദേഹസുഖം നശിക്കുന്നതുമാണ്. തീരെ അസാദ്ധ്യമാണെന്നു തോന്നുന്ന ഒരു ദീനത്തിന്നു വൈദ്യൻ ചികിത്സിക്കാതിരിക്കുകയാണ് വേണ്ടത്. * മററു രണ്ടു തരം രോഗങ്ങൾക്കും കഴിയുന്നേടത്തോളം ശ്രദ്ധയോടും സാമർത്ഥ്യത്തോടും കൂടി ചികിത്സിക്കുകയും വേണ്ടതാണ്. തന്റെ പ്രവൃത്തിയിൽ തക്കതായ ഗുണം കിട്ടേണ്ടതിന്നു ചികിത്സകന്നു വൈദ്യശാസ്ത്രത്തിന്റെ തത്വങ്ങളിൽ നല്ല അറിവും, ധാരാളം പരിചയവും രണ്ടും ഉണ്ടായിരിക്കുന്നത് അത്യാവശ്യമാകുന്നു.

* രോഗികളുടെ ഭാഗ്യംകൊണ്ടു വൈദ്യന്മാരെല്ലാവരും ഈ അഭിപ്രായക്കാരല്ല.

ഹിന്തുവൈദ്യന്മാർ രോഗിയുടെ അടുക്കൽ ചികിത്സക്കു ചെല്ലുന്നതിന്നു മുമ്പായി ശകുനങ്ങളെ പ്രത്യേകം ശ്രദ്ധവെച്ചു നോക്കുക പതിവുണ്ടു്. നല്ല ശകുനങ്ങൾ ഭേരി, മൃദംഗം, ശംഖ് എന്നീവകയുടെ ശബ്ദങ്ങൾ, കുട, കുട്ടിയോടുകൂടിയ പശു, കന്യക, കുട്ടിയോടുകൂടിയ സ്ത്രീ, രണ്ടു ബ്രാഹ്മണർ, മത്സ്യം, കുതിര, ഭരദ്വാജപക്ഷി, മയിൽ, മാൻ, കീരി, ഗജം, നല്ല ഫലങ്ങൾ, പാൽ, വെളുത്ത പുഷ്പങ്ങൾ, വേശ്യാസ്ത്രീ, പുകയില്ലാത്ത തീ, മാംസം, മദ്യം, വാൾ, പലിശ, ചുരിക, അലക്കി ഉണക്കിയ വസ്ത്രങ്ങളോടുകൂടിയ വെളുത്തേടൻ, ദധി, ധാന്യങ്ങൾ, കൊടിക്കൂറ, നിറകുടം മുതലായവയാകുന്നു. വിറക്, തോൽ, ദർഭ, പുകഞ്ഞുംകൊണ്ടിരിക്കുന്ന തീ, പാമ്പ്, ഉമി, വെറുംപരുത്തി, വന്ധ്യാസ്ത്രീ (മച്ചി), എണ്ണ, ഗുളം, ശത്രു, കലഹിച്ചുകൊണ്ടിരിക്കുന്ന ആളുകൾ, ശരീരത്തിന്മേൽ എന്തെങ്കിലും തേച്ചിട്ടുള്ളവൻ, സമ്മാർജ്ജകൻ, ഷണ്ഡൻ, തക്രം (മോർ), ചളി, നനഞ്ഞ വസ്ത്രങ്ങൾ, ദരിദ്രൻ, യോഗി, യാചകൻ, ഭ്രാന്തൻ, ഒറ്റക്കണ്ണൻ, കാക്ക, കുറുക്കൻ, ഒഴിഞ്ഞ കുടം എന്നീവകയൊക്കെ ദുശ്ശകുനങ്ങളുമാകുന്നു. താൻ ചികിത്സിക്കുവാൻ പോകുന്ന രോഗിയുടെ കാൎയ്യത്തിൽ ഫലം അനുകൂലമായോ പ്രതികൂലമായോ എങ്ങിനെയാണു് സിദ്ധിക്കുന്നതെന്നു തീർച്ചപ്പെടുത്തുന്നതിന്നു വേണ്ടിയാണു് വൈദ്യൻ ഈവക ശകുനങ്ങളെ നോക്കി അറിയുന്നതു്. ഈവകൾ വൈദ്യൻ രോഗിയുടെ അടുക്കലേക്കു പോകുന്ന വഴിക്കു യദൃച്ഛയാ കണ്ടുമുട്ടുന്നവയായിരിക്കണം. എന്നാൽ വൈദ്യനെ കൂട്ടിക്കൊണ്ടുവരുവാൻ പോയ ദൂതനാണ് മേൽപറഞ്ഞ നല്ല ശകുനങ്ങൾ കണ്ടതെങ്കിൽ, അതു രോഗിക്കു ദോഷമായിരിക്കും. ആയാൾ വല്ല ദുശ്ശകുനങ്ങളേയുമാണ് കണ്ടതെങ്കിൽ അതു രോഗിക്കു നല്ലതുമാണു്.

ദൂതൻ രോഗിയുടെ സമജാതിയിൽ പെട്ടവനും, നല്ല കുലീ

നനും, അംഗവൈകല്യമൊന്നുമില്ലാത്തവനും, സമർത്ഥനും, ശുചിയും, നല്ല വസ്ത്രം ധരിച്ചവനും, ഒരു കുതിരവണ്ടിയിലോ അല്ലെങ്കിൽ കാളവണ്ടിയിലോ കയറി വരുന്നവനും, ഫലങ്ങളും വെളുത്ത പുഷ്പങ്ങളും കയ്യിൽ ധരിച്ചവനും ആയിരിക്കേണ്ടതാണ്. ഒരു വിധവയേയോ ഭിക്ഷുവിനേയോ ദൂതനാക്കി അയക്കരുതെന്നാണ് വെച്ചിട്ടുള്ളത്. വൈദ്യനെ വിളിക്കുവാൻ ചെല്ലുന്ന ദൂതൻ കുറേ വകതിരിവോടുകൂടി സകലവിവരങ്ങളും ശരിയായി പറഞ്ഞുകൊടുപ്പാൻ കഴിയുന്നവനായിരിക്കുകയും, രോഗിയെ ശുശ്രൂഷിക്കുന്ന പരിചാരകൻ വേണ്ട സമയത്തൊക്കെ മരുന്നു കൊടുക്കുവാനും മററും മനസ്സിരുത്തുന്ന ഒരാളാവുകയും, രോഗി വൈദ്യൻ വിധിക്കുന്ന മരുന്നുകളുടെ ഗുണദോഷങ്ങളെക്കുറിച്ചു വാദിക്കാതെ ആയാളുടെ ഉപദേശങ്ങളെല്ലാം കേട്ടു നടക്കുവാൻ തക്ക വിവേകമുള്ളവനായിരിക്കുകയും ചെയ്യുമ്പോൾ, വൈദ്യൻെറ പ്രവൃത്തിക്കു വളരെ എളുപ്പമുണ്ട്. എന്നാൽ അതിന്നു വൈദ്യൻ നല്ല പരിചയമുള്ളവനും, ഔഷധങ്ങളുടെ ഗുണദോഷങ്ങൾ നല്ലവണ്ണം അറിയുന്ന ആളുംകൂടി ആയിരിക്കേണമെന്നു വിശേഷിച്ചു പറയേണ്ടതുമില്ലല്ലൊ.

ശകുനങ്ങൾ നോക്കിക്കഴിഞ്ഞശേഷം, വൈദ്യന്നു തൻെറ ചികിത്സയുടെ ഫലം ഏകദേശം എന്തായിരിക്കുമെന്നു തീർച്ചപ്പെടുത്തുവാൻ സ്വപ്നങ്ങളുടെ സംഭവത്തേയും ജാതകസ്ഥിതിയേയും അറിയുന്നതുകൊണ്ടും കുറെ സഹായം ലഭിക്കുവാനുണ്ട്. ഈ ലോകത്തിൽ ഒരു സ്വപ്നമെങ്കിലും കണ്ടിട്ടുള്ള അനുഭവമില്ലാത്തവർ ആരുമുണ്ടായിരിക്കുകയില്ല. പക്ഷേ ആ സ്ഥിതിയിൽ മനസ്സും ദേഹവും തമ്മിൽ എങ്ങിനെയാണ് സംബന്ധിക്കുന്നതെന്നും, ആ സംബന്ധംകൊണ്ട് എങ്ങിനെയാണ് സ്വപ്നങ്ങളുണ്ടാകുന്നതെന്നോ പറയുവാൻ കഴിയുന്നവർ വളരെ വളരെ ചുരുക്കമായിരിക്കയും ചെയ്യും. ആർട്ടിമിഡോറസ്സ്, മാക്രോബെസ്സ്, ആകപിറസ്സ്,

ഇങ്ങിനെയുള്ള ചില പ്രാചീനഗ്രന്ഥകൎത്താക്കന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ഈ ചോദ്യത്തിന്നുത്തരം കണ്ടുപിടിക്കുവാനും, ഓരോ സ്വപ്നങ്ങൾ സൂചിപ്പിക്കുന്നതായ ഫലങ്ങൾക്കും ആ വക സ്വപ്നങ്ങൾക്കും തമ്മിൽ ഉണ്ടെന്ന് ഊഹിക്കപ്പെടുന്നതായ സംബന്ധത്തെ സ്ഥാപിക്കുവാനും ശ്രമം ചെയ്തിട്ടുണ്ട്. ഹിന്ദുഗ്രന്ഥകാരന്മാരും ഈ വിഷയത്തിൽ കുറെ വെളിച്ചം വരുത്തുവാൻ ശ്രമിച്ചിട്ടില്ലെന്നില്ല. എന്തായാലും അവരുടെ സിദ്ധാന്തം എടുത്ത് ഉപപാദിക്കുവാനുള്ള സ്ഥലം ഇതല്ലല്ലോ. അതുകൊണ്ടു സ്വപ്നങ്ങൾ, ജാഗ്രദവസ്ഥ (ഉണൎന്നിരിക്കുന്ന നില)യുടേയും സുഷുപ്തി (സുഖനിദ്ര)യുടേയും ഇടക്കുള്ള ഒരു ജീവിതാവസ്ഥയുടെ ഫലങ്ങളാണെന്നും, പക്ഷേ അവകൾക്ക് ഈ രണ്ടിനോടും ഒരേ സമയത്തുതന്നെ ലഘുവായ ഒരു സംബന്ധമുണ്ടെന്നുമാണ് ഹിന്ദുക്കൾ തീൎച്ചപ്പെടുത്തിയിരിക്കുന്നതെന്നു മാത്രം പറഞ്ഞാൽ മതിയാവുന്നതാണ്. കാൎയ്യം ഇങ്ങിനെയാണെന്നു നിശ്ചയിച്ച ഹിന്ദുവൈദ്യന്മാർ, രോഗികൾക്കുണ്ടാകുന്ന സ്വപ്നങ്ങളിൽനിന്നു തങ്ങൾക്കാവശ്യമുള്ള സൂചനകളെ ഗ്രഹിക്കാമെന്നാണു വിശ്വസിച്ചുപോരുന്നത്. എന്നാൽ, ചിലപ്പോൾ ഭയം, ശക്തിക്ഷയം, മൂത്രത്തിന്റെ ശരിയല്ലാത്ത കിനിവ്, വാതപിത്തങ്ങൾ ഈ വക കാരണങ്ങളാലും സ്വപ്നങ്ങളുണ്ടാകുന്നതാണെന്ന് അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വക സ്വപ്നങ്ങളെ, ഭാവിഫലത്തെ സൂചിപ്പിക്കുന്നവയോ അല്ലെങ്കിൽ അതിന്റെ അടയാളങ്ങളോ ആണെന്ന് ഊഹിക്കപ്പെടുന്ന മററു സ്വപ്നങ്ങളിൽനിന്നും തിരിച്ചറിയേണ്ടതാണ്. ഒരു ഒട്ടകത്തിന്റേയോ പോത്തിന്റേയോ പുറത്തുകയറിപ്പോവുക, ഒരു ശവത്തേയോ സന്യാസിയേയോ ആലിംഗനം ചെയ്യുക, താൻ മരിച്ചുപോയ ബന്ധുക്കളെ കാണുക, എണ്ണതേച്ചിട്ടുള്ള തന്റെ സ്വരൂപംതന്നെ കാണുക, പക്വാന്നത്തെ ഭക്ഷിക്കുക, ചാലോ അ

ല്ലെങ്കിൽ എണ്ണയോ കുടിക്കുക, വെറുംപരുത്തി ഭസ്മം അസ്ഥികൾ ഇവയെ കാണുക, തല മൊട്ടയടിച്ചു കറുത്ത ഒരാൾ ഒരു കോവർകഴുതയുടെ പുറത്തുകയറി തെക്കോട്ടു പോകുന്നതായികാണുക ഇങ്ങിനെയുള്ള സ്വപ്നങ്ങളെല്ലാം ചീത്തയാണെന്നാണ് വെച്ചിട്ടുള്ളതു്. സ്വസ്ഥനായ ഒരാൾ ഈ വക സ്വപ്നങ്ങൾ വല്ലതും കണ്ടാൽ ഉടനെ ദീനം പിടിക്കുകയും, രോഗിയാണു കണ്ടതെങ്കിൽ രോഗം അധികമായിത്തീരുകയും ചെയ്യും. എന്നാൽ അപ്പോൾ ജീവിച്ചിരിക്കുന്ന രാജാക്കന്മാർ, സ്നേഹിതന്മാർ, അല്ലെങ്കിൽ ബ്രാഹ്മണർ, പുണ്യസ്ഥലങ്ങൾ, നിർമ്മലങ്ങളായ ജലാശയങ്ങൾ, വണ്ടുകൾ, അട്ടകൾ, പശുക്കൾ, മേലൊക്കെ ചളിവെച്ചുതേച്ചു അവനവന്റെ സ്വരൂപം ഇങ്ങിനെ എന്തെങ്കിലും കാണുക; കുട, കണ്ണാടി, വിഷം, എന്നിവ ലഭിക്കുക; പർവ്വതങ്ങളിലോ, ആനപ്പുറത്തോ, കുതിരപ്പുറത്തോ കയറുക; തന്റെ മരണം ഭവിക്കുന്നതായി കാണുക; ഇങ്ങിനെയുള്ള സ്വപ്നങ്ങൾ സുഖശരീരിയാണു കാണുന്നതെങ്കിൽ ആയാൾക്കു പിന്നെയും അധികം സുഖമുണ്ടായിക്കൊണ്ടിരിക്കുകയും, രോഗിയാണെങ്കിൽ ദീനം ആശ്വാസപ്പെടുകയും ചെയ്യും. പനി പിടിച്ചു കിടക്കുന്ന ആൾ സ്വപ്നത്തിൽ ഒരു ശ്വാവിനാൽ ആകർഷിക്കപ്പെടുന്നതും, മൂത്രാഘാതം രക്താതിസാരം അല്ലെങ്കിൽ സർവ്വാംഗശോഫം ഇതിൽ ഏതെങ്കിലുമുള്ള ഒരാൾ വെള്ളം കാണുന്നതും, അപസ്മാരരോഗമുള്ള ആൾ ശവത്തെ കാണുന്നതും അനുകൂലമല്ലാത്ത സ്വപ്നങ്ങളാകുന്നു. അങ്ങിനെതന്നെ, ഒരു കുഷ്ഠരോഗി എണ്ണ കുടിക്കുന്നതായും, ഗുന്മന്റെ ഉപദ്രവമുള്ള ആൾ സസ്യങ്ങൾ ഭക്ഷിക്കുന്നതായും, നീർദോഷമുള്ള ആൾ മധുരപലഹാരങ്ങൾ തിന്നുന്നതായും, ശ്വാസരോഗി സ്വപ്നത്തിൽ സഞ്ചരിക്കുന്നതായും, പാണ്ഡുരോഗി മഞ്ഞനിറത്തിലുള്ള ആഹാരങ്ങൾ ഭക്ഷിക്കുന്നതായും സ്വപ്നം കണ്ടാൽ അതും വളരെ ചീത്തയായി

ട്ടുള്ളതാണു്. സ്വപ്നത്തിൻെറ അധീശ്വരിയായി "സ്വപ്നേശ്വരി" എന്നൊരു ദേവതയുണ്ടെന്നും, അതു തൻെറ ഭക്തന്മാൎക്കു ചില ഭാവിഫലങ്ങളെ മുൻകൂട്ടി അറിയിച്ചുകൊടുക്കുമെന്നും ഹിന്തുക്കൾ വിശ്വസിച്ചുപോരുന്നു. ദുസ്സ്വപ്നങ്ങളുടെ ഫലം പററാതിരിക്കുവാൻ നിവൃത്തിയുള്ളേടത്തോളമൊക്കെ പ്രതിവിധികളും പറയപ്പെട്ടിട്ടുണ്ടു്.

ജ്യോതിഷത്തെ വൈദ്യശാസ്ത്രത്തിന്നു് ഒരു സഹായമായിട്ടാണു് വിചാരിച്ചുപോരുന്നതു്. ആൎയ്യന്മാർ ചരിത്രകാലത്തിന്നു മുമ്പുതന്നെ, സൂൎയ്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു എന്നീ നവഗ്രഹങ്ങൾക്കു മനുഷ്യരുടെമേലുള്ള അധികാരശക്തിയെക്കുറിച്ചു കലശലായി വിശ്വസിച്ചിരുന്നവരാണു്. മററു പലജാതിക്കാരെപ്പോലെതന്നെ അവരും, ആകാശത്തുള്ള ഈ ഗോളങ്ങളാണു് ഓരോ മനുഷ്യൻെറയും ജനസമുദായങ്ങളുടേയും ഭവിതവ്യതയെ അല്ലെങ്കിൽ ഭാഗ്യനിർഭാഗ്യങ്ങളെ നിയമിക്കുന്നതെന്നു വിശ്വസിച്ചുപോരുന്നു. ഓരോ പ്രത്യേകജീവിയുടെയും കൎമ്മങ്ങളിൽ ഗ്രഹങ്ങൾക്കുള്ള അന്യോന്യാപേക്ഷിതശക്തിയെക്കുറിച്ചു തങ്ങൾക്കറിയാമെന്നും, അതുകൊണ്ടു മനുഷ്യൻെറ ഭൂതഭവിഷ്യദ്വൎത്തമാനകാൎയ്യങ്ങളെപ്പററിയും അറിയുവാൻ കഴിയുമെന്നും ആണു് അവർ ഇതിലേക്കു ന്യായമായി പറയുന്നതു്. മിസ്റ്റർ പ്രോക്ടർ തൻെറ പ്രസിദ്ധപ്പെട്ട കൃതിയായ 'അനന്തങ്ങളുടെ കൂട്ടത്തിലുള്ള നമ്മുടെ സ്ഥാനം' എന്നുള്ള പുസ്തകത്തിൽ, ഭാവിയെക്കുറിച്ചു് അറിയുവാനുള്ള ആഗ്രഹംനിമിത്തം മനുഷ്യൎക്കു പററീട്ടുള്ള അബദ്ധങ്ങളിൽവെച്ചു ജ്യോതിശ്ശാസ്ത്രമാണു് ഏററവും മാന്യമായിട്ടുള്ളതെന്നും, അതാണു് ഏററവും യുക്തിയുക്തമായിട്ടുള്ളതെന്നുകൂടി നമുക്കു പറയാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. "റുഡോൾഫിൻ ടേബിൾസ്" (Rudcphine Tables) എന്ന പുസ്തകത്തിന്നുള്ള തൻെറ മുഖവു

രയിൽ കെപ്ലർ എന്ന ആൾ ജ്യോതിഷവിദ്യ 'വിദുഷിയായ മാതാവിന്നുണ്ടായ ഒരു ബുദ്ധിയില്ലാത്ത മകളാണെന്നും, എന്നാൽ ആ മാതാവിന്റെ രക്ഷയ്ക്കും ആയുസ്സിന്നും ഈ കഥയില്ലാത്ത മകൾ കൂടാതെ കഴിയുന്നതല്ലെന്നും' പറഞ്ഞിരിക്കുന്നു. ഈ 'മകളെ' മാനിക്കുന്നവർക്ക് അവളുടെ ഭാഗം വാദിക്കുവാനായി സ്വന്തം ചില ന്യായങ്ങളുമുണ്ട്. ഏതായാലും, ജ്യോതിശ്ശാസ്ത്രം ശാസ്ത്രസിദ്ധമായ ഒരു അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടതോ, അതോ പണ്ടത്തെ അന്ധവിശ്വാസത്തിന്റെ ഒരു അവശേഷമോ എന്നു തീർച്ചപ്പെടുന്നത് ഇവിടെ നമ്മുടെ ഉദ്ദേശ്യത്തിനു ചേർന്നതല്ലല്ലോ. നമ്മുടെ ഇപ്പോഴത്തെ ഉദ്ദേശ്യമാകട്ടെ ഹിന്ദുവൈദ്യന്മാർ ഒരു രോഗിക്കു സാധാരണ ചികിത്സകൾ ചെയ്തുനോക്കീട്ടൊന്നും ഫലം കാണുന്നില്ലെങ്കിൽ, ആയാളുടെ ജാതകംകൂടി നോക്കുക പതിവുണ്ടെന്നുള്ള ഒരു സംഗതി ഇവിടെ പ്രസ്താവിക്കുകമാത്രമാകുന്നു. പിഴച്ച ഗ്രഹങ്ങളുടെ ദോഷം തീർക്കുവാൻ പല പ്രതിവിധികളുമുണ്ട്. ഏതെങ്കിലും ഒരു രോഗിയുടെ കാര്യത്തിൽ ചൊവ്വ ചന്ദ്രന്റെ ഗൃഹത്തിൽ ചെല്ലുമ്പോൾ ആയാൾക്കു രക്തസംബന്ധമായ രോഗങ്ങളുണ്ടാകുവാനിടയുണ്ട്. അപ്പോൾ ആയാൾക്കുണ്ടാകുന്ന ദോഷഫലം മന്ത്രോച്ചാരണം, വിശിഷ്ടനായ ഒരു ബ്രാഹ്മണന്ന് ഒരു ചുകന്ന കൂറ്റനെ ദാനം ചെയ്യുക *, അഗ്നിയിൽ നെയ്യുകൊണ്ടുള്ള ഹോമം ഈ വക പ്രതിവിധികൊണ്ടു തീരുന്നതാണ്. ഈ സംഗതിയിൽ പ്രതിവിധിയായി ചില സ്നാനങ്ങൾ ചെയ്വാനും, പവിഴംകൊണ്ടുണ്ടാക്കിയ ചില ആഭരണങ്ങൾ ധരിക്കുവാനും വിധിച്ചിട്ടുണ്ട്. രോഗിയുടെ ജാതകത്തിൽ ഓരോ ഗ്രഹങ്ങളുടെ സ്ഥിതിഭേദം പോലെ ഫലത്തിന്നു ഭേദമുണ്ടെന്നാണ് വിശ്വസിക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ അതിന്നനുസരിച്ച പ്രതിവിധികൾക്കും ഭേദ

* ദാനം എപ്പോഴും ബ്രാഹ്മണർക്കാണല്ലോ പതിവ്.

മൂന്നെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഒരു രോഗം ആദ്യം ആരംഭിച്ചു കണ്ടത് ഒരു പക്ഷത്തിൽ അല്ലെങ്കിൽ ആഴ്ചയിൽ ഏതു ദിവസമാണെന്നു നോക്കി, അതു കൊണ്ടു ചില വൈദ്യന്മാർ ആ രോഗം എത്രകാലത്തോളം നിലനില്ക്കുമെന്നോ, അല്ലെങ്കിൽ മാറുമെന്നോ മാറില്ലെന്നോ സാഹസമായി മുൻകൂട്ടി പറയുമാറുണ്ട്. ഈ കാര്യത്തിൽ താഴെ കാണിക്കുന്നവിധം രണ്ട് അഭിപ്രായഭേദങ്ങളുണ്ട്.

പട്ടിക 1

| പ്ര | ദ്വി | തൃ | ച | പ | ഷ | സ | അ | ന | ദ | ഏ | ദ്വാ | ത്ര | ച | വെളുത്തവാവ് | പ്രതിപദം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 15 | 30 | 3 | 0 | 5 | 5 | 30 | 3 | 0 | 5 | 5 | 30 | 3 | 0 | 5 | 30 |
| 10 | 30 | 3 | 0 | 5 | 10 | 30 | 0 | 0 | 5 | 10 | 0 | 3 | 0 | 5 | 0 |

പട്ടിക 2.

| ഞാ | തി | ചൊ | ബു | വ്യാ | വെ | ശ |
|---|---|---|---|---|---|---|
| 30 | 45 | 0 | 8 | 5 | 7 | 30 |
| 0 | 45 | 0 | 8 | 6 | 7 | 0 |

ഇവിടെ ഒന്നാമത്തെ പട്ടികയിൽ 'പ്ര' മുതലായ അക്ഷരങ്ങൾ ഒരു പക്ഷത്തിലെ ഓരോ തിഥികളേയും, രണ്ടാമത്തേതിൽ 'ഞാ' മുതലായവ ഒരാഴ്ചയിലെ ദിവസങ്ങളേയും ക്രമത്തിൽ കാ

ണിക്കുന്നതാകുന്നു. ഓരോ പട്ടികയിൽതന്നെ ഒന്നിന്റെ കീഴിൽ മറെറാന്നായി ചേർത്തിരിക്കുന്ന ഇംഗ്ലീഷ് അക്കങ്ങൾ, അതാതിന്റെ നേരെ മുകളിൽ കാണുന്ന ദിവസങ്ങളിൽ ഒരു രോഗം ബാധിക്കുന്നതാണെങ്കിൽ അതു മേൽപ്രസ്താവിച്ച രണ്ടു മതക്കാരിൽ ഓരോരുത്തരുടെ അഭിപ്രായപ്രകാരം എത്ര ദിവസത്തോളം നിലനില്ക്കുമോ ആ ദിവസത്തിന്റെ സംഖ്യയെ കാണിക്കുകയാണു ചെയ്യുന്നതു്. പൂജ്യ (൦)മായി കാണുന്നതു രോഗം അസാദ്ധ്യമാണെന്നുള്ളതിന്റെ ലക്ഷണവുമാണു്.

ഇപ്രകാരം ഏതെങ്കിലുമൊരു രോഗം ഒരു പക്ഷത്തിന്റെ ആദ്യത്തെ ദിവസം (പ്രതിപദത്തിൽ) ആണു് ആരംഭിക്കുന്നതെങ്കിൽ, അതു് ഒരു ഗ്രന്ഥകൎത്താവിന്റെ മതത്തിൽ, ൧൫ ദിവസവും, മറേറയാളുടെ അഭിപ്രായത്തിൽ ൧൦ ദിവസവും നിലനില്ക്കുന്നതാകുന്നു. അതുപോലെതന്നെ, ഒരു രോഗം ഞായറാഴ്ചയാണു് ആദ്യം തുടങ്ങിയതെങ്കിൽ, അതു മുപ്പതു ദിവസത്തോളം വിടാതെ നില്ക്കുകയോ, അല്ലെങ്കിൽ മരണപൎയ്യവസായിയായിത്തീരുകയോ ചെയ്യുമെന്നും ധരിക്കേണ്ടതാണു്.

മനുഷ്യായുസ്സു ദീൎഘം, മദ്ധ്യം, അല്പം ഇങ്ങിനെ മൂന്നു വിധത്തിലാണെന്നാണു സുശ്രുതന്റെ പക്ഷം. അതിൽ ദീൎഘായുസ്സ് നൂററിരുപതു കൊല്ലവും, മദ്ധ്യായുസ്സ് എഴുപത്തഞ്ചു കൊല്ലവും, അല്പായുസ്സ് ഇരുപത്തഞ്ചു കൊല്ലവും നിലനില്ക്കുന്നതാണു്. പാണികൾ, കാലടികൾ, വാരിഭാഗങ്ങൾ, പുറം, ചൂചുകങ്ങൾ (സ്തനാഗ്രങ്ങൾ), പല്ലുകൾ, ചുമലുകൾ, വായ്, നെററി ഇവ വലുതായിരിക്കുക; ഭുജങ്ങൾ, വിരലുകൾ, ശ്വാസം, ദൃഷ്ടിപാതം (കാഴ്ച) ഇവ ദീൎഘങ്ങളായും, പുരികങ്ങൾ, മാറിടം ഇവ വിസ്തീൎണ്ണങ്ങളായുമിരിക്കുക; കാലുകൾ, ലിംഗം, കഴുത്ത് ഇവ അധികം ദീൎഘങ്ങളല്ലാതെയും, ശബ്ദവും നാഭിയും ഗംഭീരങ്ങളായുമിരിക്കുക; പരാക്രമം അധികമായും, തല അല്പം പിന്നാക്കം ഉന്തിയും

ഇരിക്കുക; സന്ധികളും, നീലിനികളും, ലോഹിനികളും ഇവ മാംസത്തിൽ താണിരിക്കുകയും, ശരീരം നല്ല ബലത്തോടുകൂടി സൃഷ്ടിക്കപ്പെട്ടതായിരിക്കുകയും ചെയ്ക; ശാന്തനും സമാധാനശീലനും, സ്വതേ നീരോഗിയുമായിരിക്കുക; ചെവികളിൽ രോമം വളൎന്നിരിക്കുക; ദേഹവും മനസ്സും, ലോകപരിചയവും ക്രമത്തിൽ വൎദ്ധിച്ചുവരിക ഈവക ലക്ഷണങ്ങൾ ഏതൊരാൾക്കാണോ കാണുന്നത്, ആയാൾ ദീൎഘായുസ്സോടുകൂടി സുഖമായിരിക്കുമെന്നാണ് വെച്ചിട്ടുള്ളത്.

കണ്ണിന്നു താഴെ രണ്ടോ മൂന്നോ വലികൾ ഉണ്ടായിരിക്കുക; കാലുകളും ചെവികളും മാംസങ്ങളുമായിരിക്കുക; മൂക്ക് ഉയൎന്നിരിക്കുക ഇങ്ങിനെയുള്ള ലക്ഷണങ്ങൾ കാണുന്ന ആൾക്കു മദ്ധ്യവയസ്സോളം ജീവിച്ചിരിക്കുവാൻ ഇടവരുമെന്നാണ് പറയപ്പെടുന്നതു്.

നീളം കുറഞ്ഞ വിരലുകൾ, ദീൎഘമായ ലിംഗം, വീതികുറഞ്ഞ (ഇടുങ്ങിയ) പുറം, സ്പഷ്ടമായി കാണുന്ന തൊണ്ണുകൾ, വ്യാകുലമായ നോട്ടം ഇവയെല്ലാം അല്പായുസ്സിന്റെ ലക്ഷണങ്ങളുമാണ്.

ഇതിന്നൊക്കെ പുറമെ, ഒരു ശരീരത്തിന്റെ പ്രമാണം എങ്ങിനെയായാലാണു കണക്കാവുക എന്നു വിവരിക്കുവാൻ തന്നെ സുശ്രുതൻ ഒരു അദ്ധ്യായം കഴിച്ചിട്ടിട്ടുണ്ട്.

ഇപ്രകാരം ഒരാളുടെ പുറമെ കാണുന്ന സ്വരൂപവും ഭാവവും നോക്കി ആയാൾ എത്രകാലം ജീവിച്ചിരിക്കുവാൻ ഇടയുണ്ടെന്നു വൈദ്യന്മാൎക്ക് എങ്ങിനെ പറയുവാൻ കഴിയുമെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നുവോ, അങ്ങിനെതന്നെ, അവശ്യം സംഭവിക്കുന്നതായ മരണം നേരിടുന്നതെപ്പോഴാണെന്നു തീൎച്ചപ്പെടുത്തുവാനും അവൎക്കു ചില ലക്ഷണങ്ങളും സൂചനകളും നോക്കുവാനുണ്ട്. എങ്ങിനെയെന്നാൽ, ഒരാളുടെ വലത്തെ മൂക്കിൽ കൂടിയാണ് ഒരു ദിവസം ഇടവിടാതെ ശ്വാസം പോകുന്നതെ

കിൽ, ആയാൾ മൂന്നു കൊല്ലത്തിലധികം ജീവിച്ചിരിക്കയില്ല; രണ്ടു ദിവസം അടിപ്പിച്ച് അങ്ങിനെതന്നെ കാണുന്നതായാൽ ആയാൾ ഒരു കൊല്ലത്തിലകത്തു മരിക്കും; അതേ മൂക്കിൽകൂടിത്തന്നെ മൂന്നു ദിവസം ഇടവിടാതെ ശ്വാസം പോകുന്നതാണെങ്കിൽ ആയാളുടെ ആയുഷ്കാലം മൂന്നു മാസത്തിലധികമില്ലെന്നും തീൎച്ചപ്പെടുത്താം. ഒരാൾ പകൽസമയം ഇടത്തെ മൂക്കിൽകൂടി വേഗം വേഗം ശ്വാസം വിടുകയും, രാത്രിയിൽ അതിൽകൂടി അശേഷമില്ലാതിരിക്കുകയും ചെയ്യുന്നതായാൽ, ആയാൾ നാലുദിവസത്തിന്നുള്ളിൽ മരിക്കും. പിന്നെ, രണ്ടു മൂക്കിൽകൂടിയും പത്തു ദിവസം ഇടവിടാതെ ശ്വാസം വലിക്കുന്ന ഒരാൾ മൂന്നുദിവസമേ ജീവിച്ചിരിക്കുകയുള്ളൂ. വലത്തെ നാഡി വിഷമമായി സ്പന്ദിക്കുകയും, ഇടത്തെ മൂക്കിൽകൂടിയുള്ള ശ്വാസത്തിന്റെ പ്രവൃത്തി തീരെ നില്ക്കുകയും ചെയ്തു കണ്ടാൽ ആ രോഗി മരിക്കുമാറായി എന്നു തീൎച്ചപ്പെടുത്താം. മൂക്കു വളഞ്ഞുപോകയും, പിന്നെ മൂക്കിൽകൂടി ശ്വസിക്കുന്നതിന്നു പകരം വായിൽകൂടി ശ്വസിക്കേണ്ടിവരികയും ചെയ്യുന്നതാണെങ്കിൽ ആ ഒരു മനുഷ്യൻ പിന്നെ മുപ്പതു മണിക്കൂർ മാത്രമേ ശ്വാസം വലിക്കുകയുള്ളൂ. സ്വതേ കറുത്തിരുന്ന ഒരാൾ പെട്ടന്നു വെളുത്താൽ (മഞ്ഞനിറമായാൽ) ആയാൾ രണ്ടുമാസത്തിലകത്തു സിദ്ധികൂടും. പല്ലുകൾ, ചുണ്ടു, നാവ് ഇവ വറളുകയും, കണ്ണുകളും നഖങ്ങളും കറുത്തുപോവുകയും ചെയ്യുന്നവനും, മഞ്ഞ പച്ച, ചുകപ്പ് ഈ നിറങ്ങൾ കറുപ്പായി തോന്നുന്നവനും, പിന്നെ ആറുമാസത്തോളമേ ജീവിച്ചിരിക്കുകയുള്ളൂ. സുരതാവേശത്തിന്നിടയിൽ തുമ്മുന്നവനും, മൂത്രത്തോടുകൂടി ശുക്ലവും സ്രവിക്കുന്നവനും പിന്നെ ഒരു കൊല്ലത്തിലധികം ആയുസ്സുണ്ടായിരിക്കുകയില്ല. ഒരാൾക്കു മലവും മൂത്രവും ഒപ്പം പോകുന്നതാണെങ്കിൽ ആയാളും പിന്നെ ഒരു കൊല്ലമേ ജീവിച്ചിരിക്കുകയുള്ളൂ. ഒരാൾ വെള്ളത്തിൽനിന്നു പൊന്തിയ ഉടനെ

തന്നെ കൈകഠം, കാലുകഠം, മാറ് ഇവ ഉണങ്ങുന്നതായി ക ണ്ടാൽ, അതു മൂന്നുമാസത്തിന്നുള്ളിൽ ആയാഠം മരിക്കുമെന്നുള്ള തിന്റെ ലക്ഷണമാണ്. സ്വതേ മെലിഞ്ഞ ആഠം പെട്ടന്നു ത ടിച്ചാലും, തടിച്ച ആഠം പെട്ടന്നു മെലിഞ്ഞാലും ആറമാസത്തി ന്നുള്ളിൽ മരിക്കുമെന്നു തീൎച്ചപ്പെടുത്താം. തന്റെ നാവിന്റെ അഗ്രം കാണ്മാൻ കഴിയാത്ത ഒരാഠം ഇരുപത്തിനാലു മണിക്കൂറി ന്നുള്ളിൽ മരിക്കുന്നതാണ്. ഒരു അറപിശുക്കൻ പെട്ടന്നു ധാ രാളിയാവുകയോ ധൎമ്മിഷ്ഠനായിത്തീരുകയോ ചെയ്യുാൽ, അത് ആയാഠംക്ക് ഇനി ആറമാസത്തെ ആയുസ്സേ ഉള്ളൂ എന്നു സൂ ചിപ്പിക്കുകയാകുന്നു. ഒരാളുടെ ശരീരത്തിന്റെ പകുതിഭാഗം ചൂടോടുകൂടിയിരിക്കുകയും, മറ്റെഭാഗം തണുത്തിരിക്കുകയും, ആ യാഠംക്കു ചെവി പെട്ടന്നു കേഠക്കാതിരിക്കുകയും ചെയ്യുന്നതാ ണെങ്കിലും ഒരാഴ്ചക്കുള്ളിൽ ആയാഠം മരിച്ചുപോകുമെന്നു തീൎച്ച യാണ്.

പിന്നെ, ഒരു പാത്രത്തിൽ വെള്ളം നിറച്ച് അതിലുള്ള സൂൎയ്യന്റെ പ്രതിബിംബം നോക്കീട്ടും ആയുഷ്കാലം തീൎച്ചപ്പെടു ത്തുമാറുണ്ട്. രോഗി ആ പ്രതിച്ഛായ മുഴുവനായും, ഛിന്നഭിന്ന മാകാതേയും കാണുന്നുണ്ടെങ്കിൽ ആയാളുടെ ദീനം ക്ഷണത്തിൽ ആശ്വാസമാകുമെന്നു വിചാരിക്കാം. എന്നാൽ അതു തെക്കോട്ടു ഭിന്നമായി കണ്ടാൽ ആറമാസത്തിലകത്തും, പടിഞ്ഞാട്ടാണെ ങ്കിൽ രണ്ടുമാസത്തിന്നു ശേഷവും ആയാഠം മരിക്കുകയും ചെയ്യും. ആയാഠം അതു വടക്കുഭാഗത്തായിട്ടു ഭേദിച്ചു കണ്ടുവെങ്കിൽ ആ യാളുടെ മരണം മൂന്നുമാസത്തിലകത്തു സംഭവിക്കും. അതല്ല, കിഴക്കാണു ഭിന്നമായി കണ്ടതെങ്കിൽ മരണം ഒരുമാസത്തിന്നു ള്ളിലായിരിക്കുകയും ചെയ്യും. ആയാഠം ആ പ്രതിബിംബത്തി ന്റെ നടുവിൽ ഒരു ദ്വാരം കാണുന്നതായാൽ പത്തുദിവസം ക ഴിയുന്നതിന്നുമുമ്പെ മരിച്ചുപോകും. ഇനി എന്നെങ്കിലും ആ

പ്രതിബിംബം ചുററും പുകയോടുകൂടിയാണ് കാണുന്നതെങ്കിൽ അതു് ആയാളുടെ ഒടുക്കത്തെ ദിവസമായിരിക്കുന്നതുമാണ്.

## പത്താം അദ്ധ്യായം

### ഇന്ത്യയിലെ ശസ്ത്രവിദ്യ—അതിന്റെ അഭ്യുദയവും അധഃപതനവും.

ശല്യം അല്ലെങ്കിൽ ശസ്ത്രവിദ്യ എന്നതു്, ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തൊരിക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ആയുർവ്വേദത്തിന്റെ എട്ടു് അംഗങ്ങളിൽ ഒന്നാകുന്നു. സുശ്രുതന്റെ ഗ്രന്ഥത്തിൽ അതിന്നു പ്രഥമസ്ഥാനം കൊടുക്കപ്പെട്ടിരിക്കുന്നു. ചികിത്സാശാസ്ത്രവും, ശസ്ത്രവിദ്യയും രണ്ടും ഒരേ ശാസ്ത്രത്തിന്റെ ഭാഗങ്ങൾതന്നെയാണെങ്കിലും പ്രത്യേകം ഓരോ ശാഖകളായിട്ടാണ് ഗണിക്കപ്പെട്ടിരിക്കുന്നതു്. ചരകൻ, ആത്രേയൻ, ഹാരീതൻ, അഗ്നിവേശൻ എന്നിവരും മററും ശസ്ത്രവിദ്യയിലേക്കാൾ അധികം ചികിത്സാവിഷയത്തിലാണ് പ്രമാണമായി സ്വീകരിക്കപ്പെട്ടിരിക്കുന്നതു്; എന്നാൽ ധന്വന്തരി, സുശ്രുതൻ, ഔപധേനവൻ, ഔരഭ്രൻ, പൌഷ്കലാവതൻ മുതലായവരെല്ലാം അധികവും ഔഷധപ്രയോഗശാസ്ത്രജ്ഞന്മാരല്ല, ശസ്ത്രവൈദ്യന്മാരാണെന്നാണ് പറയേണ്ടതു്. ഇവരാകട്ടെ യന്ത്രങ്ങളെക്കൊണ്ടും ശസ്ത്രങ്ങളെക്കൊണ്ടുമുള്ള രോഗനിവൃത്തിയെക്കുറിച്ചു് അതിവിസ്തീർണ്ണങ്ങളായ ഗ്രന്ഥങ്ങളെഴുതീട്ടുമുണ്ടു്. ഔഷധപ്രയോഗംകൊണ്ടു രോഗശമനം വരുത്തുന്ന വൈദ്യന്മാർ ശസ്ത്രക്രിയ വേണ്ടതായ ഏതെങ്കിലും രോഗത്തിൽ, 'അത്ര ധന്വന്തരീണാമധികാരഃ ക്രിയാവിധൌ' അതായതു് ഈ വിഷയത്തിൽ പ്രവൃത്തിക്കുവാനുള്ള അധികാരം ശസ്ത്രവൈദ്യന്മാർക്കാണ് എ

നു പറയുന്നതാണു്. പ്രാചീനശസ്ത്രവിദ്യ, ആധുനികശാസ്ത്രത്തിന്നു സിദ്ധിച്ചിട്ടുള്ളതുപോലെ അത്ര വലിയൊരു നിലയിൽ എത്തീട്ടില്ലെന്നുള്ളതു വാസ്തവമാണു്. ആധുനികശസ്ത്രവിദ്യയുടെ മാഹാത്മ്യം അത്യാശ്ചൎയ്യകരമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതുതന്നെ, എങ്കിലും ഇതുകൊണ്ടു പ്രാചീനന്മാൎക്കുള്ള ന്യായമായ മെച്ചം കുറയേണമെന്നില്ലല്ലോ. ഈ ഇരുപതാംനൂററാണ്ടിലെ ഒരു ഇംഗ്ലീഷുവൈദ്യനുള്ള ശസ്ത്രസഞ്ചയത്തോടു താരതമ്യപ്പെടുത്തുമ്പോൾ പ്രാചീനന്മാർ ഉപയോഗിച്ചിരുന്ന ശസ്ത്രങ്ങളുടേയും മററു ചികിത്സാസാമഗ്രികളുടേയും സംഖ്യ വളരെ ചെറിയതും നിസ്സാരവുമാണെന്നുതന്നെ പറയണം. ഇതിന്നുള്ള സമാധാനം, പ്രാചീനന്മാൎക്കു് അവരുടെ ആവശ്യങ്ങൾക്കു് ഈ ശസ്ത്രങ്ങൾതന്നെ ധാരാളം മതിയായിരുന്നു എന്നുള്ള സംഗതിയാണു്. എന്തുകൊണ്ടെന്നാൽ, അവൎക്കു് ഓരോ ഔഷധങ്ങളുടേയും രസവീൎയ്യാദികളെക്കുറിച്ചു് അപാരമായ അറിവുണ്ടായിരുന്നതിനാൽ, ഇക്കാലത്തുള്ള ശസ്ത്രവൈദ്യന്മാർ ശസ്ത്രക്രിയകൊണ്ടു് ആശ്വാസപ്പെടുത്തുന്ന മിക്ക രോഗങ്ങളും അവർ അന്നു് ഔഷധപ്രയോഗംകൊണ്ടുതന്നെ സുഖപ്പെടുത്തിയിരുന്നു. അതിന്നു ചില ദൃഷ്ടാന്തം പറയാം. കുരുവിന്നു സാധാരണയായി അവർ ചില മരുന്നുണ്ടാക്കി പുരട്ടി അതു താനേ അമൎങ്ങുവാനിടയാക്കുകയോ, അല്ലെങ്കിൽ ആ വീക്കം വേഗത്തിൽ പാകം വരുവാൻ പൊൾട്ടീസ്സു വല്ലതും വെച്ചുകെട്ടിയശേഷം നല്ലവണ്ണം പാകംവന്നു എന്നു തോന്നിയാൽ അതിനെ സാമാന്യേന ശസ്ത്രംകൊണ്ടു കീറുന്നതിന്നു പകരം, ദന്തീചിത്രകം, എരണ്ഡം ഇവയും മററു ചില മരുന്നുകളും ചേൎത്തുണ്ടാക്കിയ ഒരു ക്ഷാരംകൊണ്ടു ഭേദിക്കുകയോ ചെയ്യുകയാണു് പതിവു്. അശ്മരീരോഗങ്ങൾക്കു്, അശ്മരീഭേദകങ്ങൾ (Antilithics) ആയ ഔഷധങ്ങളെക്കൊണ്ടാണു് അവർ ചികിത്സിച്ചിരുന്നതു്. പിന്നെ ആ വ

ക കല്ലു (അശ്മരി)കളെ ദ്രവിപ്പിക്കുന്നതിന്നു മൂത്രവർദ്ധകങ്ങളായ (Diuretics) ദ്രവ്യങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. ഇങ്ങിനെയുള്ള പ്രയോഗങ്ങളെക്കൊണ്ട്, അവർ രോഗിക്ക് ആ ഗ്രഹമുണ്ടെങ്കിൽ ശസ്ത്രക്രിയയുടെ ആവശ്യം കൂടാതെ കഴിക്കുകയും ചെയ്തിരുന്നു. ദുർല്ലഭം ചില സംഗതികളിൽ വേഗത്തിൽ ഭിന്നം ഭേദമാകേണ്ടതിന്നോ, അല്ലെങ്കിൽ തൽക്കാലം ഉപദ്രവശമനത്തിന്നോ വേണ്ടി മാത്രമേ അവർ ശസ്ത്രങ്ങളെ ഉപയോഗിച്ചിരുന്നുള്ളൂ. ഇങ്ങിനെയൊക്കെ ആണെങ്കിലും അവരുടെ ഏററവും പ്രാചീനങ്ങളായ ഗ്രന്ഥങ്ങളിൽപോലും നേത്രസംബന്ധമായും ഗർഭസംബന്ധമായും മററുമുള്ള ശസ്ത്രക്രിയകൾക്കായി നൂററിരുപത്തഞ്ചിൽ കുറയാതെകണ്ടുള്ള ശസ്ത്രങ്ങളെപ്പററി പറഞ്ഞിട്ടുമുണ്ട്.

പുതുതായി ചെവികളും മൂക്കുകളും വെക്കുന്നതിന്ന് അവർ പ്രത്യേകം സാമാർത്ഥ്യമുള്ളവരായിരുന്നു. ഇന്ത്യയിൽ ചെവികളും മൂക്കും ഛേദിക്കുക എന്നുള്ളതു വളരെ സാധാരണയായ ഒരു ശിക്ഷയായിരുന്നതുകൊണ്ട് ഇവിടെ ഈ പ്രയോഗം അനവധി കാലമായി പരിചയിച്ചു വന്നിട്ടുള്ളതാകുന്നു. ‘നമ്മുടെ ആധുനികശസ്ത്രവൈദ്യന്മാർ മൂക്കു വെക്കുന്ന പ്രയോഗം അവരിൽ (ഹിന്തുക്കളിൽ) നിന്നു കടം വാങ്ങീട്ടുള്ളതാണ്’ എന്നു മിസ്റ്റർ വീബർ പറഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ ബർലിൻ പട്ടണത്തിലെ ഡാക്ടർ ഹീഴ്സ്ബെർഗ് എന്ന മഹാൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:— ‘ഇന്ത്യയിലുള്ള ബുദ്ധിശാലികളായ പ്രവൃത്തിക്കാരുടെ സൂത്രങ്ങൾ നമുക്കു മനസ്സിലായപ്പോഴാണ് യൂറോപ്പിലെ ‘പ്ലാസ്റ്റിക്സർജറി’ അല്ലെങ്കിൽ അംഗനവീകരണം എന്ന ശസ്ത്രവിദ്യാഭാഗം മുഴുവൻ ഇപ്പോഴത്തെ നിലയിൽ ഒരു പരിഷ്കൃതരീതിയിലായതു്. അതുകൂടാതെ, ജീവികളുടെ തോലെടുത്തു മററു ജീവികളിൽ വെച്ചുകെട്ടുന്നതും കേവലം ഇന്ത്യയിലെ ഒരു സമ്പ്രദായം തന്നെയാണ്.’ അതിന്നു പുറമെ, ഈ ഗ്രന്ഥകാരൻതന്നെ

തിമിരം കീറുന്ന സമ്പ്രദായം കണ്ടുപിടിച്ചതിന്നുള്ള മെച്ചവും ഹിന്തുക്കൾക്കു കൊടുത്തിരിക്കുന്നു. ഇതാകട്ടെ ഗ്രീക്കുകാൎക്കും, ഈജിപ്റ്റുകാൎക്കും, മററ് ഏതു സമുദായത്തിന്നും തീരെ അറിയപ്പെടാത്തതായിരുന്നു' എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇന്ത്യയിലെ വൈദ്യന്മാർ ഇപ്പോഴും തിമിരം കീറി വളരെ ശരിയായി ഫലം കാണിക്കുന്നുണ്ടെന്നു പരക്കെ അനുഭവമുള്ളതുമാണല്ലോ. അതുകൂടാതെ, ഓരോ അംഗങ്ങളെ മുറിച്ചുകളയുന്നതിന്നും, വയർ കീറുന്നതിന്നും മററും ഹിന്തുവൈദ്യന്മാർ പ്രത്യേകം വശതയുള്ളവരായിരുന്നു. അവർ മനുഷ്യൎക്കും മൃഗങ്ങൾക്കുമുണ്ടാകുന്ന ഭംഗങ്ങളേയും സ്ഥാനഭ്രംശങ്ങളേയും നേരെയാക്കികെട്ടുകയും, ആന്ത്രവൃദ്ധിയെ ഒതുക്കിനിൎത്തുകയും, മൂലക്കുരു, ഭഗന്ദരം ഇവകളെ ആശ്വാസപ്പെടുത്തുകയും, അന്തശ്ശല്യങ്ങളെ എടുത്തുകളയുകയും ചെയ്തിരുന്നു. വസൂരി കീറിവെക്കുന്ന സമ്പ്രദായം അവൎക്കു വളരെ ആദ്യകാലത്തുതന്നെ അറിവുണ്ടായിരുന്നതായി കാണുന്നു. എഡ്വർഡ് ജന്നർ ജനിക്കുന്നതിന്നു വളരെകാലം മുമ്പുതന്നെ ഇന്ത്യയിലെ ചില ജാതിക്കാർ, പ്രത്യേകിച്ചു പശുപാലന്മാർ, ആട്ടിടയന്മാർ, ചാരണന്മാർ ഇങ്ങിനെയുള്ള ജാതിക്കാർ, പൊള്ളുകളുടെ ഉണങ്ങിയ പൊററൻ എടുത്തു ശേഖരിച്ചുവെക്കുക പതിവായിരുന്നു. ഇതിൽനിന്നു കുറച്ചെടുത്തു ഭുജത്തിന്മേൽ വെച്ച്, ഒരു ഊശികൊണ്ട് അവിടെ തുളക്കുകയായിരുന്നു അവർ ചെയ്തിരുന്നതു്. ഇങ്ങിനെ കീറിവെക്കുന്നതുകൊണ്ട് ആ കുട്ടൎക്കു കുറേ കാലത്തേക്കു പിന്നെ വസൂരി പിടിപെടാതെ സുഖമായിരിക്കുവാൻ ഇടവരുമെന്നാണ് അവരുടെ വിശ്വാസം. പുതുശ്ശേരിയിലുണ്ടായിരുന്ന ഡാക്ടർ ഹില്ലാറ് എന്ന മഹാൻ, 'ഹിപ്പോക്രെട്ടീസ്സിന്നും മുമ്പു ജീവിച്ചിരുന്ന ധന്വന്തരി എന്ന ഒരു വൈദ്യന്നു വസൂരി കീറിവെക്കുന്ന സമ്പ്രദായം അറിവുണ്ടായിരുന്നു' എന്നു സിദ്ധാന്തിച്ചിരിക്കുന്നു. പൂൎവ്വഹിന്തു

കൾ മനുഷ്യശരീരം കീറി പരിചയിക്കുകയും, അതു തങ്ങളുടെ ശിഷ്യർക്കു പഠിപ്പിക്കുകയും പതിവായിരുന്നു. അവർ മനുഷ്യരെ സംബന്ധിച്ച ശരീരവ്യവച്ഛേദശാസ്ത്രവും (Anatomy) ശരീരശാസ്ത്രത്തിന്റെ ഏതാനും ഭാഗവും ധരിച്ചിരുന്നു. ശവം തൊടുന്നതിലും മററുള്ള കർമ്മവിരോധം നിമിത്തം വളരെ തടസ്ഥമുണ്ടായിട്ടുണ്ടെങ്കിലും, മരിച്ചവരെക്കൊണ്ടു ജീവിച്ചിരിക്കുന്നവർക്കുണ്ടാകുന്ന ഉപയോഗങ്ങളെക്കുറിച്ചു വേദാന്തവിഷയമായും, പൂർണ്ണമായുമുള്ള അഭിപ്രായങ്ങളെ സ്വീകരിച്ചതിന്നുള്ള ബഹുമാനത്തിന്നു ഹിന്തുവേദാന്തികൾ അർഹന്മാരാണെന്നും, വൈദ്യശാസ്ത്രത്തിന്റെ എല്ലാ ഭാഗങ്ങളിലുംവെച്ച് ഏററവും പ്രധാനവും അത്യാവശ്യവുമായ 'പ്രാക്ടിക്കൽ അനാററമി' എന്ന ശരീരവ്യവച്ഛേദശാസ്ത്രം അവരാണ് ആദ്യമായി ശാസ്ത്രരീതിക്കനുസരിച്ചു പരിഷ്കരിക്കുവാൻ ശ്രമിച്ചു ഫലിപ്പിച്ചവരെന്നും ഡാക്ടർ വൈസ്സ് എന്ന മഹാൻ പറഞ്ഞിരിക്കുന്നു. അതിന്നുപുറമെ അവരുടെ യാഗാദികർമ്മങ്ങളിൽ ഉപയോഗിച്ചിരുന്ന കോലാട്ട്, കുറിയാട്ട്, കുതിര എന്നിവയുടേയും മററും ശരീരവ്യവച്ഛേദശാസ്ത്രത്തെപ്പററിയും അവർക്ക് അറിവുണ്ടായിരുന്നു എന്നു പറയാതെ കഴികയില്ല. മുൻകാലങ്ങളിൽ യുദ്ധം ചെയ്തിരുന്നതു ശരം, വാൾ, ഗദ മുതലായ ആയുധങ്ങളെക്കൊണ്ടായിരുന്നുവല്ലോ. അതുനിമിത്തം എല്ലാ യുദ്ധത്തിലും ശരങ്ങളെ എടുക്കുവാനും, അംഗങ്ങളെ മുറിച്ചുകളകയോ വെച്ചുകെട്ടുകയോ ചെയ്വാനും, ചോരനിർത്തുവാനും മററുമായി നല്ല ധൈര്യവും വശതയുമുള്ള ശസ്ത്രവൈദ്യന്മാർ ആവശ്യമായിരുന്നു. സുശ്രുതനാകട്ടെ, ശസ്ത്രക്രിയ ചെയ്യുമ്പോൾ മനസ്സിരുത്തേണ്ടതായ എത്ര നിസ്സാരസംഗതികളെക്കുറിച്ചും പറഞ്ഞിട്ടുള്ളതു കൂടാതെ, കുരുകീറുക, വീക്കം, സ്ഫോടം (പൊള്ളുകൻ) ഗ്രന്ഥി, വ്രണം, നാളീവ്രണം ഇവകൾക്കു ചികിത്സിക്കുക, പൊള്ളിക്കുക, ചൂടു വെക്കുക എന്നിവക ചെയ്വാനുള്ള സമ്പ്രദായം

വിവരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ കൂടക്കൂടെ ഉണ്ടായിരുന്ന യുദ്ധങ്ങളും ആഭ്യന്തരകലഹങ്ങളും നിമിത്തം ശസ്ത്രവൈദ്യന്മാൎക്കു തങ്ങളുടെ പ്രവൃത്തിയിലുള്ള വൈദഗ്ദ്ധ്യം കാണിച്ചു പ്രസിദ്ധി സമ്പാദിപ്പാനും, ആ പ്രവൃത്തിയിൽ പിന്നെയും അധികമായ പരിചയവും സാമൎത്ഥ്യവും ഉണ്ടാക്കിത്തീൎക്കുവാനും തരം കിട്ടിയിരുന്നു. വൈദികകാലത്തെയോ മഹാകാവ്യകാലത്തെയോ ചരിത്രം ഒന്നു നോക്കുന്നതായാൽ ഈ സംഗതി ധാരാളം തെളിയുന്നതാണു്. ഇക്കാലത്തു തന്നെ, സാധാരണ കൂട്ടൎക്കു ബോധിക്കുവാൻ പ്രയാസമായിട്ടുള്ള അനേകം കാൎയ്യങ്ങൾ നമ്മുടെ ശസ്ത്രവൈദ്യന്മാൎക്കു ചെയ്വാൻ കഴിയുന്നതുപോലെ പണ്ടത്തെ ശസ്ത്രവൈദ്യന്മാർ ശസ്ത്രക്രിയാവിഷയത്തിൽ കാണിച്ചിട്ടുള്ള ഓരോ അത്ഭുതകൎമ്മങ്ങളെക്കുറിച്ചും ചരിത്രത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. ആധുനികശസ്ത്രവിദ്യ അതിന്റെ മുന്നേറ്റമുള്ള ഗതിയിൽ പ്രാചീനവൈദ്യന്മാർ ചെയ്തതായി പറയുന്ന സംഗതികൾ ചെയ്വാൻ ഇനി ഒരു കാലത്തു കഴിവുള്ളതായി എന്നു വരാവുന്നതാണല്ലോ. സുശ്രുതൻ ശസ്ത്രകൎമ്മങ്ങളെയെല്ലാം താഴെ പറയുംപ്രകാരം തരം തിരിച്ചിരിക്കുന്നു:—

ആഹരണം — ശല്യങ്ങളെ പുറത്തെടുക്കുക.
ഭേദനം — പിളൎക്കുക.
ഛേദനം — മുറിച്ചുകളയുക,
ഏഷണം — ശസ്ത്രം ഉള്ളിൽകടത്തി പരിശോധിക്കുക
ലേഖനം — ഒരയ്ക്കുക.
സീവനം — തുന്നിക്കെട്ടുക.
വേധനം — തുളയ്ക്കുക.
വിസ്രാവണം — ദ്രവ്യങ്ങളെ ദ്രവിപ്പിച്ചുകളയുക.

വൈദ്യൻ ഒരു ശസ്ത്രക്രിയയ്ക്കു ആരംഭിക്കുന്നതിന്നു മുമ്പായി ശസ്ത്രങ്ങൾ, ക്ഷാരങ്ങൾ, കെട്ടുവാനുള്ള ശീല മുതലായവ,

തേൻ, തൈലം എന്നീവക സകലസാമഗ്രികളും സംഭരിച്ചിട്ടുണ്ടായിരിക്കണമെന്നാണ് നിശ്ചയം. ആയാൾക്ക് ഈ വക പ്രവൃത്തി ചെയ്തിട്ടു നല്ല തഴക്കവും, മററുള്ളവർ അങ്ങിനെ പല ശസ്ത്രക്രിയകളും ചെയ്യുന്നതു കണ്ടിട്ടുള്ള പരിചയവും ഉണ്ടായിരിക്കണം. ആയാൾ ബുദ്ധിമാനും, ധീരനും, സമർത്ഥനുമായിരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ സഹായത്തിന്നായി നല്ല ധൈര്യവും ശക്തിയുമുള്ള പരിചാരകന്മാർ അടുത്തുണ്ടായിരിക്കുകയും വേണം. ഏതെങ്കിലും ഒരു ശസ്ത്രക്രിയ ചെയ്യുന്നതിന്നു മുമ്പു രോഗിക്കു ലഘുവായ ഭക്ഷണമേ കൊടുക്കാവു. ഉദരത്തിലോ, വായിലോ അല്ലെങ്കിൽ ഗുദത്തിന്നു സമീപിച്ചോ വല്ല ശസ്ത്രക്രിയയും ചെയ്യണമെങ്കിൽ രോഗി ഏതായാലും ഉപവസിച്ചിരിക്കണം. ശസ്ത്രക്രിയ ചെയ്യുന്നതു വളരെ ശ്രദ്ധയോടുകൂടി വേണ്ടതാണ്. അതു കഴിഞ്ഞശേഷം എള്ളുകൊണ്ടു പോൾട്ടീസ്സുണ്ടാക്കിയ മുറിയിന്മേൽ വെച്ചു പുറം ശീലകൊണ്ടു കെട്ടുകയും വേണം. ശസ്ത്രക്രിയ ചെയ്യുന്ന മുറിയിൽ ഒരുമാതിരി ധൂപം പുകച്ചുകൊണ്ടിരിക്കുന്നതു ആവശ്യമാണ്.* തന്റെ രോഗിക്കു വേഗത്തിൽ ആശ്വാസം കിട്ടേണ്ടതിന്നു ദൈവത്തെ പ്രാർത്ഥിക്കുകകൂടി ചെയ്യല്ലാതെ വൈദ്യൻ രോഗിയെ വിട്ടുപോകരുതു്, രോഗിയുടെ അന്നപാനവിധിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാകുന്നു. ആ വ്രണം ഉണങ്ങുന്നതുവരെ ഇടയ്ക്കിടയ്ക്കു ക്രമമായി മുറി അഴിച്ചു കെട്ടുകയും വേണം. മുറി കലശലായി വേദനപ്പെടുന്നുണ്ടെങ്കിൽ ഇരട്ടിമധുരം പൊടിച്ചിട്ടു കാച്ചിയ നെയ്യുകൊണ്ടു ധാരയിടുകയോ, അതിൽതന്നെ ശീലമുക്കി മുറിയ്ക്കു മീതെ ഇടുകയോ ചെയ്താൽ ആശ്വാസപ്പെടുന്നതായിരിക്കും.

* ഇതു, പഴുപ്പുണ്ടാകുന്നതിന്നു കാരണം പുറമേനിന്നു ബാധിക്കുന്ന മൈക്രോബങ്ങളാണെന്നുള്ള ആധുനികസിദ്ധാന്തത്തെ സൂചിപ്പിക്കുകയാണ് ചെയ്യുന്നതു്.

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇന്ത്യയിലെ ശസ്ത്രചികിത്സകന്മാർ 125-ൽ അധികം ഉപകരണ(ആയുധ)ങ്ങളെ അംഗീകരിച്ചിട്ടുണ്ടു്. * ഈ ഉപകരണങ്ങളെ 'യന്ത്രങ്ങ'ളെന്നും 'ശസ്ത്രങ്ങ'ളെന്നും രണ്ടാക്കി തരം തിരിച്ചിരിക്കുന്നു. അതിൽ യന്ത്രങ്ങൾ ആറുവിധവും, എല്ലാംകൂടി 105 എണ്ണവുമാകുന്നു. അവയുടെ തരവും എണ്ണവും താഴെ കാണിക്കാം:—

| തരം | എണ്ണം |
|---|---|
| സ്വസ്തികങ്ങൾ | 24 |
| സന്ദംശങ്ങൾ | 2 |
| താലകങ്ങൾ | 2 |
| നാഡീയന്ത്രങ്ങൾ | 20 |
| ശലാകകൾ | 30 |
| ഉപയന്ത്രങ്ങൾ | 26 |

ഇങ്ങിനെ ആകെ 104 ആയി. ഇനി ഒടുക്കത്തേതും, എന്നാൽ പ്രാധാന്യത്തിൽ ഒട്ടും കുറവില്ലാത്തതുമായ ഒരു യന്ത്രം കയ്യാണു്. ശസ്ത്രക്രിയയുടെ കാൎയ്യത്തിൽ അതാണു് ഏറ്റവും നന്നായിട്ടുള്ളതും, ഒരിക്കലെങ്കിലും കൂടാതെ കഴിയാത്തതുമായ ഒരു ആയുധമായി ഗണിക്കപ്പെട്ടിട്ടുള്ളതു്. ഇതിൽ ഏഴും എട്ടും ചിത്രക്കടലാസ്സുകൾ നോക്കിയാൽ ഏതാനും ചില യന്ത്രങ്ങളുടെ മാതിരി കാണാവുന്നതാണു്.

ശസ്ത്രങ്ങൾ ആകെ ഇരുപത്താറെണ്ണമുണ്ടു്. അവയുടെ ആകൃതി ഇതിൽ ഒമ്പതും പത്തും ചിത്രക്കടലാസ്സുകൾ നോക്കിയാൽ അറിയാം. അവയുടെ പേരുകൾ താഴെ കാണിക്കുന്നതാകുന്നു.

* യന്ത്രശസ്ത്രങ്ങളാകുന്ന ഈ ഉപകരണങ്ങളുടെ കൂട്ടത്തിൽ ഓരോന്നിന്റെ പേരിന്നും സംഖ്യയ്ക്കും മറ്റും ഓരോ ഗ്രന്ഥങ്ങളിൽ അല്പാല്പം വ്യത്യാസം കാണുന്നതാണു്.

| | | | |
|---|---|---|---|
| 1 | അദ്ധ്യർദ്ധധാരം. | 11 | മണ്ഡലാഗ്രം, |
| 2 | ആടീമുഖം. | 12 | മുദ്രികാശസ്ത്രം |
| 3 | ആരാ | 13 | നഖശസ്ത്രം. |
| 4 | ബളിശം. | 14 | ശരാരിമുഖം. |
| 5 | ദന്തശങ്കു. | 15 | സൂചി. |
| 6 | എഷണി. | 16 | ത്രികൂർച്ചകം. |
| 7 | കരപത്രം | 17 | ഉല്പലപത്രകം |
| 8 | കർത്തരി. | 18 | വൃദ്ധിപത്രം. |
| 9 | കുഠാരി. | 19 | വ്രീഹിമുഖം. |
| 10 | കുശപത്രം. | 20 | വേതസപത്രം. |

ഈവക ശസ്ത്രങ്ങളുടെ വലിപ്പവും മററും പ്രാചീനഗ്രന്ഥകാരന്മാർ വിവരിച്ചു കാണിച്ചിട്ടുണ്ടു്. അതിന്നു പുറമെ ഓരോ സന്ദർഭങ്ങളിൽ നേരിടുന്ന ആവശ്യങ്ങൾക്കും വൃദ്ധവൈദ്യന്മാരുടെ ഉപദേശങ്ങൾക്കും, അനുസരിച്ചു് ഇനിയും ഓരോ യന്ത്രങ്ങളേയും ശസ്ത്രങ്ങളേയും ഉണ്ടാക്കാമെന്നും അവർതന്നെ പറയാതിരുന്നിട്ടില്ല. പിന്നെ ഈവക ശസ്ത്രങ്ങൾ ഒന്നാന്തരം ഉരുക്കുകൊണ്ടു് ഉണ്ടാക്കേണ്ടതാണെന്നും അവർ പ്രത്യേകം നിയമിച്ചിട്ടുണ്ടു്. എത്രയോ അനവധി കാലം മുമ്പുതന്നെ വിശേഷപ്പെട്ട ഇരുമ്പുപണിക്കു് ഇന്ത്യ പ്രസിദ്ധപ്പെട്ടതുമായിരുന്നുവല്ലോ. ഈ പറഞ്ഞ ശസ്ത്രങ്ങളെല്ലാം, കണ്ടാൽ നല്ല ആകൃതിയോടും, തീക്ഷ്ണവും നിഷ്ഛിദ്രവുമായ അഗ്രങ്ങളോടും കൂടിയിരിക്കണമെന്നു മാത്രമല്ല ഇവകളെ അതാതിന്നു വെവ്വേറെ സ്ഥാനത്തോടുകൂടിയതും, കയ്യിൽ കൊണ്ടുനടക്കുവാൻ സൌകര്യമുള്ളതും, ഭംഗിയുള്ളതുമായ മരംകൊണ്ടുള്ള ഒരു പെട്ടിയിൽ സൂക്ഷിക്കുകയും വേണം. ശസ്ത്രക്രിയകൾ ചെയ്യുന്നതു നല്ല ദിവസം നോക്കീട്ടു വേണ്ടതാണു്. രോഗിയെ കിഴക്കോട്ടു മുഖമായി ഇരുത്തുകയോ നിർത്തുകയോ ചെയ്തിട്ടു് ആയാളുടെ മുമ്പിലായി വൈദ്യൻ പടിഞ്ഞാട്ടു മുഖമായി നില്ക്കണം. ശസ്ത്രക്രിയ ചെയ്യുമ്പോൾ സൂക്ഷ്മക്കാരുകൊണ്ടു മർമ്മങ്ങൾ

ക്കോ, സിരകൾക്കോ, സന്ധികൾക്കോ അല്ലെങ്കിൽ എല്ലിന്നോ യാതൊരു കേടും തട്ടാതിരിക്കുവാനും, ശസ്ത്രം ആവശ്യത്തിൽ അധികം ഒട്ടും ഉള്ളിലേക്കു കടക്കാതിരിപ്പാനും വൈദ്യൻ പ്രത്യേകം മനസ്സിരുത്തേണ്ടതാണ്. ഭയങ്കരങ്ങളായ ശസ്ത്രപ്രയോഗങ്ങളിലും, വേദന കലശലായിട്ടുണ്ടാകുവാൻ ഇടയുള്ള രോഗങ്ങളിലും, രോഗിക്കു ബോധക്ഷയം വരുത്തുന്ന മരുന്നുകൾ ഉപയോഗിച്ചു തന്റേടമില്ലാതാക്കുകയും മുമ്പു പതിവുണ്ടായിരുന്നു. കുട്ടികൾക്കോ അല്ലെങ്കിൽ ശസ്ത്രം കണ്ടാൽതന്നെ ഭയമുള്ളവൎക്കോ ശസ്ത്രക്രിയ ചെയ്യേണ്ടതായ വല്ല രോഗങ്ങളും പിടിപെടുകയൊ, അല്ലെങ്കിൽ വല്ല സംഗതിവശാലും തരംപോലെയുള്ള ശസ്ത്രങ്ങളൊന്നും കിട്ടാതിരിക്കുകയൊ ചെയ്യുമ്പോൾ, മുള, കുപ്പിക്കഷണം, കുരുവിന്ദം, (ഒരു മാതിരി രത്നം) അട്ട, അഗ്നി, ക്ഷാരം നഖം, തലനാർ, കൈവിരൽ ഇൗവകയും ഉപയോഗിക്കപ്പെടുത്താവുന്നതാണ്. ഇവക്കു 'അനുശസ്ത്രങ്ങൾ' എന്നാണു പേർ പറയുന്നതു്. മുളയുടെ കൂൎപ്പുള്ള പൊളികളും, തീക്ഷ്ണമായ ചില്ലു്, കുരുവിന്ദം എന്നിവയും കീറുവാനുള്ള ആയുധങ്ങളാണ്. അതുപോലെ നഖം ശല്യങ്ങളെ വലിച്ചെടുക്കുവാനും, അട്ട ചോര കളയുവാനും, തലനാർ, വിരൽ, ധാന്യങ്ങളുടെ മുള എന്നിവ ക്ഷതാദികളുടെ പരിശോധനക്കും ഉപയോഗപ്പെടുന്നതാകുന്നു. കുരു മുതലായതു പൊട്ടിക്കുവാൻ ക്ഷാരം ഉപയോഗിക്കപ്പെടുന്നു. പാമ്പു കടിച്ച സ്ഥലത്തും കലശലായി ഛേദനപ്പെടുന്ന വ്രണങ്ങളിലും അഗ്നി (തീപ്പൊള്ളിക്കുക)യും വിഹിതമായിട്ടുള്ളതാകുന്നു. ഇങ്ങിനെ നോക്കുമ്പോൾ ശസ്ത്രക്രിയ ചെയ്യേണ്ടു രോഗങ്ങളെല്ലാം, ആയുധങ്ങളെക്കൊണ്ടു കീറുകയോ, ക്ഷാരം വെക്കുകയോ, അല്ലെങ്കിൽ അഗ്നികൊണ്ടു പൊള്ളിക്കുകയൊ ഇങ്ങിനെ മൂന്നു തരം പ്രയോഗങ്ങളിൽ ഏതെങ്കിലും ചെയ്തിട്ടാണ് ഹിന്തുവൈദ്യന്മാർ സുഖപ്പെടുത്തിയിരുന്നതെന്നു കാണാം. അതിൽതന്നെ ക്ഷാരം ശസ്ത്രത്തെക്കാളും, അഗ്നി ക്ഷാരത്തെക്കാളും ശ്രേഷ്ഠമാണെന്നുമാണ് സുശ്രുത

ന്റെ അഭിപ്രായം.

ആ കാലങ്ങളിൽ ഓരോ ഗുരുനാഥന്മാർ തങ്ങളുടെ ശിഷ്യർക്കു ശസ്ത്രപ്രയോഗത്തിൽ നല്ല സാമർത്ഥ്യവും പരിചയവുമുണ്ടാക്കിത്തീർക്കേണ്ടതിന് ഓരോരോ സാധനങ്ങളിൽ പലതരം ശസ്ത്രപ്രയോഗങ്ങളും അവരെക്കൊണ്ടു ചെയ്യിച്ചിരുന്നു. എങ്ങിനെയെന്നാൽ, ഛേദനം, കർത്തനം (കീറുക മുറിക്കുക) മുതലായ കർമ്മങ്ങൾ കുമ്പളങ്ങ, ചുരങ്ങ, കുമ്മട്ടിക്കായ, വെള്ളരിക്ക എന്നീ വക ഫലങ്ങളിന്മേലാണ് അവർ പ്രവർത്തിച്ചു പരിചയം വരുത്തിയിരുന്നത്. ഭേദനം (പിളർക്കുക) എന്ന ശസ്ത്രകർമ്മം ചെയ്തു ശീലിച്ചിരുന്നതു ദൃതി (വെള്ളം നിറക്കുന്ന തോൽസഞ്ചി), ചത്ത ജന്തുക്കളുടെ മൂത്രാശയങ്ങൾ മുതലായവകളിന്മേലും, ലേഖനം അല്ലെങ്കിൽ ഉരസുക എന്ന ക്രിയ ചെയ്തിരുന്നതു രോമത്തോടുകൂടിയ മൃഗചർമ്മത്തിന്മേലും, സിരാവേധം അഭ്യസിച്ചിരുന്നതു ചത്ത മൃഗങ്ങളുടെ ഓരോ അംഗങ്ങൾ, ഉല്പലനാളം എന്നിവകളിന്മേലും ആയിരുന്നു. ഓടമുള, ചിലതരം പുല്ലുകൾ ഇവയുടെ ദ്വാരങ്ങളിലോ, വൃക്ഷങ്ങൾ, ഉണങ്ങിയ ചുരങ്ങ ഇവയുടെ തുളകളിലോ യന്ത്രശസ്ത്രങ്ങൾ എന്തെങ്കിലും കടത്തീട്ടായിരുന്നു അവർ ഏഷണം എന്ന ശസ്ത്രക്രിയാഭാഗം അഭ്യസിച്ചിരുന്നത്. ശല്യങ്ങൾ എടുക്കുന്ന ക്രിയയായ ആഹരണം ശീലിച്ചിരുന്നതു പനസം, കൂവളക്കായ, ചത്തുപോയ ജന്തുക്കളുടെ പല്ലുകൾ എന്നീവക സാധനങ്ങളിന്മേലായിരുന്നു. ശാല്മലീഫലകത്തിന്മേൽ (പൂളപ്പലകമേൽ) മെഴുകു പരത്തി അതിന്മേലായിരുന്നു അന്നു വിസ്രാവണക്രിയ ശീലിച്ചിരുന്നത്. തുന്നിക്കെട്ടുക മുതലായ പ്രവൃത്തികൾ, തടിച്ചതും തടി കുറഞ്ഞതുമായ വസ്ത്രഖണ്ഡങ്ങൾ, മനുഷ്യരുടെയോ മൃഗങ്ങളുടേയോ തോലുകൾ എന്നിവകളിന്മേലും, പിന്നെ മുറികെട്ടുക മുതലായതെല്ലാം കൃത്രിമങ്ങളായ മനുഷ്യശരീരങ്ങളുണ്ടാക്കി അവയുടെ അംഗപ്രത്യംഗങ്ങളിന്മേലുമായിരുന്നു അഭ്യാസാർത്ഥം ചെയ്തു പോന്നിരുന്നത്. ക്ഷാരാ

ഗ്നികർമ്മങ്ങൾ പഠിച്ചിരുന്നതു മൃദുക്കളായ മാംസഖണ്ഡങ്ങളിൽ പ്രവർത്തിച്ചു നോക്കീട്ടായിരുന്നു. അതുപോലെ, കരു, വസ്തിയന്ത്രം മുതലായവയുടെ പ്രയോഗം വെള്ളം നിറച്ച കുടത്തിന്റേയും മററും പാർശ്വഭാഗങ്ങളിലുള്ള സ്രോതസ്സുകളിൽക്കൂടി ആവക കടത്തി നോക്കീട്ടുമായിരുന്നു പണ്ടുള്ളവർ ശീലിച്ചുവന്നിരുന്നതു്.

ഇന്ത്യയിലെ ശസ്ത്രവിദ്യയ്ക്കു പിന്നെ ഈ നിലയിൽനിന്നു് ഉടവു വരുവാൻ അനേകം കാരണങ്ങളുണ്ടായിട്ടുണ്ടു്. അതിൽ പ്രധാനമായിട്ടുള്ളതു സകലശാസ്ത്രങ്ങളും പഠിപ്പിക്കുവാൻ ഏകാധികാരത്തോടുകൂടിയ ബ്രാഹ്മണർക്കു, ബുദ്ധമതകാലത്തിന്നുമുമ്പ് അവരുടെ ഇടയിൽ ധാരാളമായി നടന്നിരുന്ന മൃഗബലിയും മാംസഭക്ഷണവും തീരെ നിഷിദ്ധമായിത്തീർന്നതു തന്നേയാണ്. ഇങ്ങിനെയുള്ള വിരോധം നിമിത്തം ഓരോ അംഗങ്ങളെ കീറിക്കാണിക്കേണ്ടതിന്നും മററും ഒരിക്കലും കൂടാതെ കഴിയാത്തതായ ശവം തൊടുക എന്നുള്ള കാര്യത്തിലും അവർ മടിച്ചുതുടങ്ങി. അതിന്നു പുറമേ, ചോര, ചലം എന്നീവക സാധനങ്ങളെ തൊടുവാനും അവർക്കു മടിയായിത്തീർന്നു. ശസ്ത്രക്രിയ ചെയ്യുമ്പോൾ അതൊക്കെ കൂടാതെ കഴിയുന്നതുമല്ലല്ലോ. ഏതായാലും ശസ്ത്രവിദ്യയുടെ കാര്യം പുരോഹിതവർഗ്ഗക്കാർ ഇങ്ങിനെ അമാന്തിച്ചുതുടങ്ങിയപ്പോൾ അതു താണജാതിക്കാരുടെ കയ്യിൽകിട്ടുകയും, എന്നാൽ അവരേയും അതിൽ വേണ്ടതുപോലെ പ്രോത്സാഹിപ്പിക്കുവാൻ ആളില്ലാഞ്ഞതിനാൽ ക്രമത്തിൽ വളരെ മോശസ്ഥിതിയിലായിത്തീരുവാൻ ഇടവരികയും ചെയ്തു. എന്തിനധികം പറയുന്നു? ഒടുവിൽ, മിസ്റ്റർ എൽഫിൻസ്റ്റോൺ വാസ്തവമായി അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, ചോര പൊട്ടിക്കുക എന്നതു ക്ഷൌരക്കാരന്റെയും, എല്ലു വെച്ചുകെട്ടുന്നതു കന്നിടയന്റേയും, പൊള്ളിക്കുന്നതു് ഓരോ മനുഷ്യരുടേയും കൃത്യമാണെന്നുള്ള നിലയിൽ കലാശിച്ചു എന്നുമാത്രം പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

## പതിനൊന്നാം അദ്ധ്യായം

### ഹിന്ദുവൈദ്യശാസ്ത്രത്തിന്നു സംഭവിച്ച മാററങ്ങൾ

രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും കാലത്തു ഹിന്ദുവൈദ്യശാസ്ത്രത്തിന്റെ കീൎത്തി അത്യുച്ചസ്ഥിതിയിലായിരുന്നു. അക്കാലത്തു വലിയതോ ചെറിയതോ ആയ ഏതു് അവസ്ഥയിലുള്ള പ്രഭുക്കന്മാരും തങ്ങളുടെ കൊട്ടാരത്തിൽ പ്രത്യേകിച്ചു് ഓരോ വൈദ്യന്മാരെക്കൂടി താമസിപ്പിക്കുകയും, അവരെ വളരെ ആദരിച്ചു പോററുകയും പതിവായിരുന്നു. വൈദ്യന്മാർ തന്നെ പട്ടാളവൈദ്യന്മാരെന്നും, കൊട്ടാരവൈദ്യന്മാരെന്നും രണ്ടു തരത്തിലുണ്ടായിരുന്നു. ഇപ്പോൾ പട്ടാളവൈദ്യന്മാർ ചെയ്യുന്ന പ്രവൃത്തിതന്നെയാണു് അന്നത്തെ പട്ടാളവൈദ്യന്മാരും ഉണ്ടായിരുന്നതു്. കൊട്ടാരത്തിലെ വൈദ്യന്മാർ ദിവസേന രാവിലെ രാജാവിന്റെ അടുക്കൽ പോയി അന്വേഷിക്കുകയും, അദ്ദേഹത്തിന്റെ ആരോഗ്യത്തെ രക്ഷിക്കുകയും ചെയ്തിരുന്നു. ലങ്കാരാജാവായ രാവണനോടുള്ള യുദ്ധത്തിൽ ശ്രീരാമന്റെ സൈനികവൈദ്യനുള്ള പേർ സുഷേണൻ എന്നായിരുന്നു. അതുകൂടാതെ, ശ്രീരാമന്റെ ഒന്നിച്ചുണ്ടായിരുന്ന ഒരു പ്രത്യേകവൈദ്യന്റെ പേർകൂടി വാല്മീകി പറഞ്ഞിട്ടുണ്ടു്. പാണ്ഡവന്മാരും കൌരവന്മാരും തമ്മിലുണ്ടായ വലിയ യുദ്ധത്തിന്റെ കാലത്തും ഇങ്ങിനെയുള്ള സമ്പ്രദായം നടപ്പുണ്ടായിരുന്നതായി കാണുന്നു. അന്നത്തെ സൈനികവൈദ്യന്മാർ ആവശ്യമുള്ള ഔഷധങ്ങളേയും, ശസ്ത്രക്രിയക്കു വേണ്ട മററു സാമഗ്രികളേയും ധാരാളം ശേഖരിച്ചിരുന്നതായി മഹാഭാരതത്തിൽ ഭീഷ്മപൎവ്വം 120-ാമദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്. കൌരവരാജാവായ ദുൎയ്യോധനൻ ശത്രുക്കളുടെ ആയുധങ്ങളെക്കൊണ്ടു മുറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വൈദ്യ

ന്മാർ മരുന്നുചേൎത്ത വെള്ളം ഒരു പാത്രത്തിൽ നിറച്ച് അതിൽ അദ്ദേഹത്തെ ഇരുത്തി എന്നും, അതുനിമിത്തം അദ്ദേഹത്തിന്റെ മാംസത്തിന്നുള്ളിൽ അസ്ത്രങ്ങൾ താഴ്ന്നിരുന്നിട്ടുള്ള ഉപദ്രവം നിശ്ശേഷം മാറി സുഖപ്പെട്ടു എന്നും മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നു. പരസ്പരം യുദ്ധം ചെയ്തിരുന്ന ആ രണ്ടു വൎഗ്ഗക്കാരുടെ കൂട്ടത്തിലും അന്നു നല്ല വിദഗ്ദ്ധന്മാരായ ശസ്ത്രവൈദ്യന്മാരുണ്ടായിരുന്നു. ആ കാലത്തിന്നൊക്കെ മുമ്പുതന്നെ മൃഗചികിത്സാശാസ്ത്രവും ഇന്ത്യയിൽ ധാരാളം അഭ്യസിച്ചിരുന്നതായി കാണുന്നു. പാണ്ഡവന്മാരുടെ വംശത്തിൽ തന്നെ വളരെക്കാലം മുമ്പു ജീവിച്ചിരുന്ന നളൻ എന്ന രാജാവ് അശ്വങ്ങളെ വളൎത്തുന്നതിൽ അതിവിദഗ്ദ്ധനായിരുന്നു എന്നും, അദ്ദേഹത്തിന്നു കുതിരയെ സംബന്ധിച്ചേടത്തോളമുള്ള സകലസംഗതികളുടേയും പൂൎണ്ണമായ ജ്ഞാനം ഉണ്ടായിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. പാണ്ഡവന്മാരിൽ ഒരാളായ നകുലനും മൃഗചികിത്സാശാസ്ത്രത്തിൽ പ്രത്യേകം വിദഗ്ദ്ധനായിരുന്നതിന്നുപുറമെ ആ വിഷയത്തിൽ വളരെ ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ 'അശ്വചികിത്സ' എന്ന ഗ്രന്ഥം, ഇന്നും നശിക്കാതിരിക്കുന്നുണ്ട്. ആനകൾ, കാളകൾ മുതലായി വീട്ടിൽ വളൎത്തുന്ന മററു മൃഗങ്ങളെ രക്ഷിക്കേണ്ടതിന്നുള്ള ശാസ്ത്രവും ഇന്ത്യയിൽ മുമ്പുണ്ടായിരുന്നു എന്നുമാത്രമല്ല, ഇപ്പോഴും ധാരാളം അഭ്യസിക്കപ്പെട്ടുപോരുന്നുണ്ടുതാനും. അഷ്ടാംഗഹൃദയത്തിന്റെ കൎത്താവായ പ്രസിദ്ധപ്പെട്ട വാഗ്ഭടൻ മഹാഭാരതത്തിന്റെ കാലത്താണ് ജീവിച്ചിരുന്നതെന്നും, അദ്ദേഹം പാണ്ഡവന്മാരുടെ ഗൃഹചികിത്സകനായിരുന്നു എന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

ബുദ്ധമുനിയുടെ കാലത്തു (ക്രി_മു-543) ഹിന്തുവൈദ്യത്തിന്നു നല്ല സഹായവും, പ്രോത്സാഹനവും ലഭിച്ചിരുന്നു. പ

ക്ഷേ അന്നു ശസ്ത്രക്രിയാഭാഗം ക്ഷയിക്കുവാൻ ഇടയാക്കി. എങ്ങിനെയെന്നാൽ, ബുദ്ധനും അദ്ദേഹത്തിന്റെ പിൻഗാമികളും മൃഗങ്ങളെയും മററും കീറുവാൻ അത്ര രസം അനുവദിച്ചിരുന്നില്ല. അവർ കാരണം ശരീരവ്യവച്ഛേദശാസ്ത്രത്തിന്റെ ജ്ഞാനം നല്ലവണ്ണം സമ്പാദിക്കുവാൻ തരമുള്ളതായ മൃഗബലിയെ തിരെ വിരോധിക്കുകയും, അതിന്നുപകാരം മാവുകൊണ്ടുള്ള പ്രതിമകൾ മതി എന്നു വെക്കുകയും ചെയ്തു. എങ്കിലും അന്നു ബുദ്ധൻ മനുഷ്യരുടേയും, മൃഗങ്ങളുടേയും ആവശ്യത്തിന്നായി നാട്ടിലെല്ലാം വൈദ്യശാലകൾ സ്ഥാപിക്കുകയും, ചികിത്സാവിഷയത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രീക്കുകാർ ഇന്ത്യയിൽ വരുന്നതുവരെ ഈ ശാസ്ത്രത്തിന്നു പിന്നെയും പുഷ്ടി കൂടിക്കൊണ്ടിരുന്നു. ഗ്രീക്കചരിത്രക്കാരനായ ആറിയൻ എന്ന ആൾ അലക്സാണ്ഡരുടെ ആക്രമകാലത്തുള്ള ഇന്ത്യയുടെ സ്ഥിതി വിവരിക്കുന്ന കൂട്ടത്തിൽ ഒന്നാമത്തെ ഹിന്തുവൈദ്യന്മാർക്കു വളരെ അഭിമാനഹേതുകമായ ഒരു പ്രത്യേക സംഗതി കൂടി പറഞ്ഞിട്ടുണ്ട്. അലക്സാണ്ഡരുടെ സൈന്യങ്ങളുടെ കൂട്ടത്തിൽ അന്നു മിടുമിടുക്കന്മാരായ പല വൈദ്യന്മാരുമുണ്ടായിരുന്നു. എങ്കിലും അവർക്കാർക്കും അന്നു പഞ്ചാബത്തിൽ വളരെ കലശലായിരുന്ന സർപ്പദംശത്തിന്നു (പാമ്പു കടിച്ചിട്ടുള്ളതിന്നു) യാതൊരു ചികിത്സയും ചെയ്വാൻ അറിഞ്ഞുകൂടെന്നു സമ്മതിക്കേണ്ടിവന്നുപോയി. അതുകൊണ്ട് അലക്സാണ്ടർക്കു ഹിന്തുവൈദ്യന്മാരെത്തന്നെ ആശ്രയിക്കേണ്ടിവരികയും അവർ ആവക കേസ്സുകൾ ചികിത്സിച്ചു സുഖപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. അതിന്നുപുറമെ, മെസിഡോണിയായിലെ ആ രാജാവ് (അലക്സാണ്ഡർ) അവരുടെ ഈ സാമർത്ഥ്യംകണ്ട് അത്ഭുതപ്പെട്ടിട്ട് തന്റെ ജനിച്ച രാജ്യനാടായ ചില ഹിന്തുവൈദ്യന്മാരെക്കൂടി തന്റെ കൂടെ കൊണ്ടുപോ

നുകടിക്കുകയോ, അപായകരങ്ങളായ മററു വല്ല ഉപദ്രവങ്ങളും നേരിടുകയോ ചെയ്യാൽ തന്റെ കൂടെ വന്നിട്ടുള്ള വൈദ്യന്മാർ ഈ ഹിന്തുവൈദ്യന്മാരോടുകൂടി ആലോചിച്ചു പ്രവർത്തിക്കേണ്ടതാണെന്നു നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതായി നീയർക്കസ്സ് പ്രസ്താവിച്ചിരിക്കുന്നു. യൂറോപ്പിലെ വിഷവൈദ്യശാസ്ത്രജ്ഞന്മാർ സർപ്പവിഷത്തിന്നു നല്ലോരു മരുന്നു കണ്ടുകിട്ടാതെ ഇപ്പോഴും കിടന്നു ബുദ്ധിമുട്ടുന്ന സംഗതി ആലോചിക്കുമ്പോൾ, രണ്ടായിരത്തിഇരുനൂറു കൊല്ലത്തിന്നു മുമ്പു ജീവിച്ചിരുന്ന ഹിന്തുവൈദ്യന്മാരുടെ സാമർത്ഥ്യത്തെക്കുറിച്ച് എത്രതന്നെ പ്രശംസിച്ചാലും മതിയാകുന്നതല്ല. അലക്സാൻഡർ അല്ലെങ്കിൽ സിക്കാൻഡർ എന്ന് ഇന്ത്യയിൽ പറയപ്പെടുന്ന ആ മഹാൻ പിന്നെ സ്വരാജ്യത്തേക്കു മടങ്ങിപ്പോയപ്പോൾ തന്റെ ഒന്നിച്ചു ചില ഹിന്തുവൈദ്യന്മാരെക്കൂടി കൊണ്ടുപോയിട്ടുണ്ടായിരുന്നു എന്നും വിചാരിക്കാവുന്നതാണല്ലോ. ഗ്രീക്കുവൈദ്യത്തിന്റെ പ്രാചീനചരിത്രം നോക്കുമ്പോൾ ഈ ഊഹം കുറെ ബലപ്പെടുന്നതുമുണ്ട്. ഇന്ത്യക്കാരുടേയും, ഗ്രീക്കുകാരുടേയും വൈദ്യശാസ്ത്രത്തിന്റെ ഉല്പത്തികഥകൾ തമ്മിൽ വളരെ സാമ്യമുണ്ട്. ഈ രണ്ടു ശാസ്ത്രപദ്ധതികളും ദൈവത്തിൽനിന്നു കിട്ടിയതാണെന്നാണ് വെച്ചിട്ടുള്ളത്. ആൎയ്യന്മാരുടെ ശാസ്ത്രങ്ങളിൽ കാണുന്നപ്രകാരം സൂൎയ്യന്റെ ഇരട്ട പെററ മക്കളും, സ്വർഗ്ഗത്തിലെ വൈദ്യന്മാരുമായ അശ്വിനീദേവകൾക്കും, ഗ്രീക്കുകാരുടെ പ്രമാണപ്രകാരം 'തേജസ്സിന്റെ അധിപതി'യായ സിവസ്സി (Zeus) ങ്കൽനിന്നു ജനിച്ചവരും, മനുഷ്യരുടെ രോഗങ്ങളെ മാററി സുഖപ്പെടുത്തിയവരുമായ അപ്പോളോ (Apollo) എന്നും ആർട്ടിമിസ്സ് (Artemis) എന്നുമുള്ള ഇരട്ടപെററുണ്ടായ രണ്ടു ദിവ്യന്മാർക്കും തമ്മിൽ വളരെ സാദൃശ്യം കാണുന്നുണ്ട്. യൂറോപ്പിൽ പണ്ടത്തെ ഏററവും പ്രസിദ്ധപ്പെട്ട വൈദ്യനായ ഹിപ്പോക്രട്ടീസ്സു (ക്രി. മു. 460) വൈദ്യശാസ്ത്രം ഈശ്വരൻ ഉണ്ടാക്കിയതാ

ണ്ടെന്നായിരുന്നു വിശ്വസിച്ചിരുന്നത്. എന്നാൽ ഗ്രീക്കുകാരും ഹിന്തുക്കളും മാത്രമല്ല, ലോകത്തിലെ എല്ലാ പ്രാചീനജനസമുദായങ്ങളും, ജീവൻ, രോഗം, മരണം ഇവയുടെ ഗൂഢതത്വങ്ങളെസ്സംബന്ധിച്ച അറിവുംകൂടി അടങ്ങിയ എല്ലാത്തരം ജ്ഞാനങ്ങളും മനുഷ്യരുടെ അധികാരത്തിൽനിന്നു കവിഞ്ഞതായ ഒരു ശക്തിയിൽ (ദൈവത്തിൽ) നിക്ഷേപിച്ചിട്ടുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നതു ഉചിതമായിരിക്കുമല്ലോ. ചില ഗ്രന്ഥകർത്താക്കന്മാരുടെ അഭിപ്രായത്തിൽ ഹിപ്പോക്രേട്ടീസ്സുതന്നെ വൈദ്യശാസ്ത്രത്തിൽ അറിവു സമ്പാദിച്ചത് ഇന്ത്യയിൽനിന്നാണെന്നു കാണുന്നു. ഗ്രീക്കുകാരുടെ ഇടയിൽ വൈദ്യശാസ്ത്രത്തിൻെറ പ്രഥമപ്രവർത്തകനായ പൈത്താഗോറസ്സിൻെറ (ക്രി. മു. 450) ഉപദേശം ഹിന്തുവൈദ്യശാസ്ത്രം തന്നെയാണെന്നതിന്നു യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹം വൈദ്യശാസ്ത്രപാണ്ഡിത്യം സമ്പാദിച്ചത് ഈജിപ്ത്കാരുടെ അടുക്കൽനിന്നാണെന്നാണ് പറയപ്പെടുന്നത്. ഈജിപ്ത്കാർ ഈ ശാസ്ത്രം ഹിന്തുക്കളോടു കടംവാങ്ങിയതാണെന്ന് ഇനി മേലിൽ കാണിക്കുന്നതുമാണ്. എൻഫീൽഡ് എന്ന വിദ്വാൻ 'തത്വശാസ്ത്രത്തിൻെറ ചരിത്രം' (History of Phylosophy) എന്നുള്ള തൻെറ പുസ്തകത്തിൽ പൈത്താഗോറിസ്സിന്ന് ഈ സിദ്ധാന്തം കിട്ടിട്ടുള്ളത്, ഹിന്തുക്കളിൽനിന്നാണെന്നുള്ള താല്പര്യത്തിൽ, കിഴക്കൻദിക്കിലെ തത്വശാസ്ത്രജ്ഞന്മാരിൽനിന്നാണെന്നു പറഞ്ഞിരിക്കുന്നു. ഈ പൈത്താഗോറസ്സിൻെറ തത്വശാസ്ത്രവും, ബുദ്ധൻെറ തത്വശാസ്ത്രവും തമ്മിൽ അതികലശലായ ഒരു സാദൃശ്യമുണ്ട്. അതുകൊണ്ടാണ് മിസ്റ്റർ പോകോക്കിൻെറ 'ഇന്ത്യാ ഇൻ ഗ്രീസ്സ്' (India in Greece) എന്ന പുസ്തകത്തിൽ ഇദ്ദേഹവും ബുദ്ധഗുരുവും ഒരാളാണെന്നുതന്നെ പറയുമ്പാനിടയായത്. അദ്ദേഹം (പൈത്താഗോറസ്സ്) തൻെറ തത്വശാസ്ത്രം ഇന്ത്യയിൽനിന്നാണ് കടംവാങ്ങിയതെ

ങ്കിൽ വൈദ്യശാസ്ത്രവും അതേവഴിക്കു സമ്പാദിച്ചതാണെന്നു വരുവാനാണല്ലോ അധികം എളുപ്പം. പ്ലേറ്റോ, ഹിപ്പോക്രെട്ടീസ് എന്നീ രണ്ടു വിദ്വാന്മാരും രോഗങ്ങൾക്കുള്ള നിദാനം 'ദോഷങ്ങൾ' ആണെന്നു വിശ്വസിക്കുകയും, അതുപ്രകാരം വാതം, പിത്തം, കഫം, ജലം എന്ന നാലു ദോഷങ്ങളാണ് സകലരോഗങ്ങളും ഉണ്ടാക്കിത്തീൎക്കുന്നതെന്ന് അവരുടെ ശിഷ്യൎക്ക് ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദേഹത്തിലെ ത്രിദോഷങ്ങളെക്കുറിച്ച് ഋഗ്വേദത്തിൽ (1. 34, 6) പറഞ്ഞിട്ടുണ്ടെന്നുള്ള സംഗതികൊണ്ട് ഇന്ത്യയിലെ സമ്പ്രദായമാണ് ഏറ്റവും പുരാതനമായിട്ടുള്ളതെന്നു തീൎച്ചപ്പെടുന്നതുമുണ്ടല്ലോ. പിന്നെ, ക്രിസ്ത്വാബ്ദം രണ്ടാം നൂറ്റാണ്ടിൽ റോമിൽ പ്രസിദ്ധനായിത്തീൎന്ന ഗാലൻ എന്ന ഗ്രീക്കുവൈദ്യന്റെ സംഗതി ആലോചിക്കുന്നതാണെങ്കിൽ അദ്ദേഹം ഹിന്തുവൈദ്യശാസ്ത്രത്തിലുള്ള പല മൂലതത്വങ്ങളും തന്റെ ഗ്രന്ഥങ്ങളിൽ എഴുതീട്ടുണ്ടെന്നു മുമ്പെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.

ഇങ്ങിനെ ഇനിയും വളരെ ദൃഷ്ടാന്തങ്ങൾ വേണമെങ്കിൽ പറയുവാനുണ്ട്. എന്നാൽ ഈ പറഞ്ഞ ദൃഷ്ടാന്തങ്ങളെക്കൊണ്ടുതന്നെ, ഒന്നെങ്കിലോ ആൎയ്യന്മാർ അവരുടെ വൈദ്യശാസ്ത്രം ഗ്രീക്കുകാരിൽനിന്നു കടം വാങ്ങിയതായിരിക്കണമെന്നോ, അല്ലെങ്കിൽ ഗ്രീക്കുകാർ അവരുടെ ശാസ്ത്രം ആൎയ്യന്മാരിൽനിന്നു കടം വാങ്ങിയതായിരിക്കണമെന്നോ ആക്ഷം തീൎച്ചപ്പെടുത്തുവാൻ പ്രയാസമില്ലല്ലോ. പക്ഷെ ഇതിൽ ആദ്യത്തെ ഊഹം ബലപ്പെടുവാൻ ബാഹ്യമായോ ആഭ്യന്തരമായോ യാതൊരു തെളിവും കാണുന്നില്ല. എന്തുകൊണ്ടെന്നാൽ, ഇന്ത്യക്കാർ അധികം പ്രാചീനമായ ഒരു ജനസമുദായവും, അവരുടെ ഗ്രന്ഥങ്ങൾ ലോകത്തിൽ ഇതേവരെ കണ്ടുപിടിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളിലുംവെച്ചു പഴക്കമേറിയതുമാകുന്നു. പിന്നെ അവർ അവൎക്കുള്ളതുകൊണ്ടുതന്നെ തൃപ്തിപ്പെട്ടിരി

ക്കുന്ന ശുദ്ധമേ സ്ഥിതിസ്ഥാപകന്മാർ (Conservatives) ആണെന്നും പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. അങ്ങിനെയുള്ള കൂട്ടർക്കു മററു ചിലരോട്ടു വല്ലതും കടംവാങ്ങുവാൻ സ്വതേ വളരെ വിരോധമുണ്ടായിരിക്കുമെന്നുള്ളതിന്നും സംശയമില്ല. ഇന്ത്യയിലെ മതവും തത്വശാസ്ത്രവും ലോകത്തിലേക്കു വലുതായിട്ടുള്ള ദത്തധനങ്ങളാകുന്നു എന്നു സർ വില്യം ഹണ്ടർ പ്രസ്താവിച്ചിട്ടുള്ളതു വളരെ ശരിയാണ്. 'സാമാന്യേന തത്വശാസ്ത്രത്തെ സംബന്ധിച്ചേടത്തോളം ഹിന്തുക്കൾ ഗുരുനാഥന്മാരാണ്; ശിഷ്യന്മാരല്ല' എന്നു മിസ്റ്റർ കോൾബ്രൂക്കും പറയുവാൻ ഇടയായിട്ടുണ്ട്.* പ്രധാനപ്പെട്ട സകലശാസ്ത്രവും ഇന്ത്യയിലാണ് ഉണ്ടായിട്ടുള്ളത്. അതിന്നുപുറമേ ഇന്ത്യയിലെ പണ്ടത്തെ വൈദ്യശാസ്ത്രം തന്നെയാണ് പറയത്തക്ക മാററമൊന്നും കൂടാതെ ഇന്നും ഇവിടെ നടന്നുവരുന്നതു്. ഗ്രീക്കുകാരുടെ ഇടയിൽ പണ്ടു നടപ്പുണ്ടായിരുന്ന ആ വൈദ്യശാസ്ത്രത്തിന്റെ ചിഹ്നങ്ങൾകൂടി ഇപ്പോൾ കാണുന്നതുമില്ല. അതുകൊണ്ടു പ്രാചീനഹിന്തുക്കൾ അവരുടെ വൈദ്യശാസ്ത്രം മററു വല്ലവരോടും കടംവാങ്ങിയതാണെന്ന് ഊഹിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല. ഒരിക്കലും ഹിന്തുക്കളുടെ ഭാഗം പറയാത്ത ആളാണെന്നു തീർച്ചപ്പെട്ടിട്ടുള്ള പ്രൊഫെസ്സർ വീബർ തന്നെ അദ്ദേഹത്തിന്റെ ഭാഷാചരിത്രപുസ്തകത്തിൽ (History of Indian Leterature) 'സുശ്രുതൻ ആയാളുടെ വൈദ്യശാസ്ത്രപദ്ധതി ഗ്രീക്കുകാരിൽനിന്നു കടം വാങ്ങിയതാകുന്നു വിചാരിക്കുവാൻ എന്തായാലും യാതൊരു യുക്തിയും കാണുന്നില്ലെന്നും, എന്നാൽ അതിന്നുപകരം, അങ്ങിനെയുള്ള അഭിപ്രായത്തിന്നു വിപരീതമായി പറയുവാൻ വളരെയൊക്കെ ഉണ്ടെന്നും' ഇന്നു പ്രചാരത്തിലിരിക്കുന്ന ഇതരഭാഷയിൽനിന്നു വന്നതാണെന്നു

* Transactions of the Royal Asiatic Society, Vol. I.

ഞോദക്ക.

വിചാരിക്കത്തക്ക യാതൊരു സങ്കേതശബ്ദങ്ങളും ഇന്ത്യയിലെ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിലില്ല.

ബർളിൻപട്ടണത്തിലെ ഡാക്ടർ ഹിഴ്ഷ്‌ബർഗ്ഗ് എന്ന മഹാൻ തന്റെ ഒരു സാരവത്തായ പ്രസംഗത്തിൽ ചില ശസ്ത്രക്രിയകളെപ്പററി പറയുന്ന കൂട്ടത്തിൽ, ഇന്ത്യക്കാർ മുമ്പു യുക്തിക്കനുസരിച്ചു പല ശസ്ത്രക്രിയകളും പരിചയിച്ചു പ്രവർത്തിച്ചിരുന്നു എന്നും, അതൊന്നും ഗ്രീക്കുകാർക്ക് ഒരിക്കലും മനസ്സിലായിട്ടുണ്ടായിരുന്നില്ലെന്നു മാത്രമല്ല ആധുനിക ചിലരു യൂറോപ്യന്മാരായ നമ്മൾകൂടി ഈ കഴിഞ്ഞ പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തിൽ അവരിൽ (ഹിന്തുക്കളിൽ) നിന്നാണ് അത്യാശ്ചൎയ്യത്തോടുകൂടി പഠിച്ചിട്ടുള്ളതെന്നും പ്രസ്താവിച്ചിരിക്കുന്നു. കോണിഗ്സ്ബർഗ്ഗ് സൎവ്വകലാശാലയിലെ ഡിയാഗ്സ്സ് എന്ന പണ്ഡിതൻ ഗ്രീക്കുകാരുടെ വൈദ്യശാസ്ത്രത്തിൽ ഹിന്തുവൈദ്യശാസ്ത്രത്തിലെ തത്വങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നു സ്പഷ്ടമായി കണ്ടുപിടിച്ചിട്ടുണ്ട്. എല്ലാ വിഷയത്തിലും ഗ്രീസ്സിന്റെ പ്രാചീനതയെക്കുറിച്ചു ഘോഷിക്കുന്ന കൂട്ടർതന്നെ വൈദ്യശാസ്ത്രത്തെ സംബന്ധിച്ചേടത്തോളം അപൂർവ്വകല്പനാശക്തിക്കുള്ള മെച്ചം അതിന്നു കൊടുക്കാതിരിക്കുകയും, ഗ്രീക്കുകാർ അവരുടെ വൈദ്യശാസ്ത്രത്തിലുള്ള അറിവിന് ഈജിപ്ത്കാർക്ക് കടപ്പെട്ടിരിക്കുന്നു എന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നുണ്ട്.

ഈജിപ്ത് അല്ലെങ്കിൽ "മിശ്രം" ഹിന്തുക്കൾ കുടിയേറിപ്പാർത്തതാണെന്നാകുന്നു ആൎയ്യന്മാരുടെ വിശ്വാസം. ഈ വിശ്വാസത്തെ ബലപ്പെടുത്തുവാൻ അവർ വളരെ തെളിവുകളും കൊണ്ടുവരുന്നുണ്ട്. പക്ഷെ അതൊന്നും നമുക്കിവിടെ പ്രതിപാദിക്കേണ്ടുന്ന ആവശ്യമില്ലല്ലോ. രുദ്രന്റെ ഒരു അവതാരമൂർത്തിയും തന്ത്രദേവതയുമായ 'നീലശിഖണ്ഡി' 'നീലതന്ത്രം' (ഹിന്തുക്കൾക്കറിയാവുന്ന ഗൂഢമായ ഒരു മതസിദ്ധാന്തഭേദം) ആ

ള്യമായി ഉപദേശിച്ചത് ഈജിപ്തിൽവെച്ചാണെന്നും, അവിടെയുള്ള പ്രധാനനദിക്കു 'നീലനദി' എന്ന പേർ ഒരുസമയം അദ്ദേഹത്തിൽനിന്നു സിദ്ധിച്ചതായിരിക്കുമെന്നും മാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളു. അതിന്നുപുറമെ, വിശ്വാമിത്രൻ രാജ്യം രക്ഷിച്ചിരുന്നകാലത്തു മനുവീണൻ എന്നൊരു രാജാവിനെ ബ്രാഹ്മണരൊക്കക്കൂടി ഭ്രഷ്ടനാക്കിയതിനാൽ അദ്ദേഹം തൻെറ എല്ലാ അനുചരന്മാരോട്ടുംകൂടി ഇവിടെനിന്നു പുറപ്പെട്ടുപോയി എന്നും, 'ആര്യ്യാ', (ഇറാൻ അല്ലെങ്കിൽ പേർഷ്യാരാജ്യം), ബെയ്യാ (അറേബിയാ), 'മിശ്രാം' (ഈജിപ്ത്) എന്നീ പ്രദേശങ്ങളിൽകൂടി കടന്നുപോയിട്ടുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. പിന്നെ യയാതിയുടെ നാലു മക്കൾ അവരുടെ അച്ഛൻെറ ശാപംനിമിത്തം പടിഞ്ഞാട്ടു കടന്നുപോയി എന്നും, അവിടെ അവർ മ്ലേച്ഛജാതിക്കാരുടെ പൂർവ്വന്മാരായിത്തീർന്നു എന്നും ഭാരതത്തിൽ കാണുന്നു. എന്നാൽ ഒരുസമയം ഈ സംഗതിയിൽനിന്നായിരിക്കാം 'മിശ്രം' (കൂടികലർന്നതു്) എന്ന പേർ ഉണ്ടായിത്തീർന്നതു്.

ഈജിപ്തുരാജ്യം വളരെ വളരെ കാലത്തിന്നുമുമ്പു് ഇന്ത്യയിലെ ആര്യന്മാർ കുടിയേറിപ്പാർത്തതായിരിക്കണമെന്നു സർ വില്യം ജോൺസ് വിശ്വസിച്ചിട്ടുള്ളതായി 'റോയൽ ഏഷ്യാട്ടിക്കു സൊസൈററിയുടെ റിപ്പോർട്ടിൽ' കാണുന്നു. എന്നുമാത്രമല്ല, മേജർ പിൽഫോർഡിനെപ്പോലെയുള്ള ഗ്രന്ഥകർത്താക്കന്മാരും പുരാണങ്ങളിൽ കാണുന്ന 'മിശ്രസ്ഥാനം' ഈജിപ്തിൻെറ പണ്ടത്തെ പേരായ 'മിസ്ര'മല്ലാതെ മറെറാന്നുമല്ലെന്നു് അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ ഇതിന്നെതിരായി ഈജിപ്തുകാർ എന്നെങ്കിലും ഇന്ത്യയിലേക്കു വന്നു പാർത്തിട്ടുണ്ടെന്നു പറയുവാൻ യാതൊരു ലക്ഷ്യവുമില്ലതാനും. ഇങ്ങിനെ ഓരോ സംഗതികൊണ്ടു കിട്ടുന്ന തെളിവുകളാൽ ലൂയി ജേക്കോറിയട്ടു മുതലായ യൂറോപ്പിലെ ഗ്രന്ഥകാരന്മാർക്കു്, ഈജിപ്തു ഗ്രീസ്സിന്നു പരിഷ്കാ

രം ദാനം ചെയ്കയും, ഗ്രീസ്സ് അതു റോമിന്നു കൊടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഈജിപ്തിന്നുതന്നെ അതിന്റെ നിയമങ്ങൾ, കലാവിദ്യകൾ, ശാസ്ത്രങ്ങൾ എന്നിവയെല്ലാം ഇന്ത്യയിൽനിന്നു കിട്ടിയതായിരിക്കണമെന്നു വിശ്വാസം വന്നിട്ടുണ്ട്. ഹിന്തുവൈദ്യശാസ്ത്രത്തിലില്ലാത്ത യാതൊന്നും ഗ്രീക്കുകാരുടെ വൈദ്യശാസ്ത്രത്തിലില്ലെന്നു മാത്രമല്ല, ബഹുശ്രമസിദ്ധമായ ഹിന്തുവൈദ്യശാസ്ത്രത്തിലുള്ളതു പലതും ഈജിപ്ത്കാരുടെ ശാസ്ത്രത്തിൽ കാണുന്നതല്ലതാനും.

ക്രിസ്ത്വാബ്ദത്തിന്റെ ആരംഭകാലത്ത് അറബിക്കച്ചവടക്കാർ ഇന്ത്യയിൽനിന്ന് അനേകം ഔഷധങ്ങളെ കൊണ്ടുപോകയുണ്ടായിട്ടുണ്ടെന്നു മുമ്പെതന്നെ പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. എന്നാൽ അറബിക്കാരുടെ വൈദ്യശാസ്ത്രത്തിന്ന് ഇന്ത്യ വളരെ സഹായിച്ചുകൊടുത്തിട്ടുണ്ടെന്നു തെളിയിക്കുവാൻ വളരെ അദ്ധ്വാനിക്കേണ്ടാവശ്യമില്ല. സിറാപ്യൻ എന്ന അറബിവൈദ്യൻ തന്റെ പ്രസിദ്ധപ്പെട്ട വൈദ്യഗ്രന്ഥത്തിൽ പലദിക്കിലും ചരകന്റെ അഭിപ്രായം എടുത്തുപറഞ്ഞിട്ടുണ്ട്. ഈ സിറാപ്യന്റെ ഗ്രന്ഥം പിന്നെ ലാററിൻഭാഷയിലേക്കു തർജ്ജമ ചെയ്തിട്ടുള്ളതിൽ ചരകന്നു 'ഷരക ഇൻഡ്യാനസ്സ്' എന്നാണ് പേർ പറയപ്പെട്ടിരിക്കുന്നതു്. അഫ്ളാറൂൺ * എന്ന പേർ പറഞ്ഞാൽ ഇന്ത്യയിൽ അധികം എളുപ്പത്തിൽ മനസ്സിലാകുന്ന അവിസന്നാ എന്ന മഹാൻ ഒമ്പതാം നൂററാണ്ടിൽ ജീവിച്ചിരുന്ന ആളും, ബൊക്കാറായിൽ ഏററവും പ്രസിദ്ധപ്പെട്ട വൈദ്യനുമായിരുന്നു. അദ്ദേഹം തന്റെ കൃതിയിൽ ഇന്ത്യയിലെ ത്രിഫല ഉപയോഗിക്കുന്ന രീതിയെപ്പററി പറയുന്ന കൂട്ടത്തിൽ ചരകന്റേയും മററു ചില ഗ്രന്ഥകാരന്മാരുടേയും അ

* ഈ പേർ ഇന്ത്യക്കാരുടെ ഇടയിൽ 'ചരിപ്പുള്ളവൻ' എന്നതിന്റെ പര്യായമായിത്തീർന്നിരിക്കുന്നു.

ഭിപ്രായങ്ങളെ വളരെ ബഹുമാനത്തോടുകൂടി എടുത്തെഴുതീട്ടുണ്ട്. ഈ മേല്പറഞ്ഞ രണ്ടു വൈദ്യന്മാരേക്കാളും വളരെ മുമ്പു ജീവിച്ചിരുന്നവനെന്നു പറയപ്പെടുന്ന റേസെസ്സ് എന്ന മറെറാരു അറബിവൈദ്യൻ ചുക്കിൻേറയും മററു ചില മരുന്നുകളുടേയും ഗുണങ്ങളെപ്പററി പറയുന്നതിന്നിടയിൽ ഒരു ഹിന്തുവൈദ്യൻെറ ഗ്രന്ഥത്തിൽനിന്നു ചില ഭാഗം എടുത്തെഴുതുകയും, ആ ഗ്രന്ഥകർത്താവിനെ താൻ 'സിന്ധി ചരൻ' എന്നു പേർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ഈ 'സിന്ധിചരൻ' സിന്ധുദേശകനായ പ്രസിദ്ധപ്പെട്ട വാഗ്ഭടനല്ലാതെ മററാരുമാണെന്നു തോന്നുന്നില്ല. വാഗ്ഭടനെ അദ്ദേഹത്തിൻെറ കാലത്തു തന്നെ 'ചരകൻ' അല്ലെങ്കിൽ 'ചരൻ' എന്നു സാധാരണയായി പറയുമാറുണ്ടായിരുന്നു, ഇതിലുള്ള 'ക' എന്ന പ്രത്യയം, കുട്ടി എന്നർത്ഥമുള്ള 'ബാലൻ' എന്നും 'ബാലകൻ' എന്നുമുള്ള വാക്കുകളിലെപ്പോലെ യാതൊരു അത്ഥഭേദത്തേയും കാണിക്കാത്തതാകുന്നു. 'ചരകം'—, 'സുശ്രുതം' എന്നീ രണ്ടു ഗ്രന്ഥങ്ങളും എട്ടാം നൂററാണ്ടിൽ കാലിഫ് അൽമൻസൂറിൻെറ ധനസഹായത്തോടുകൂടി അറബിഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. 'സുശ്രുതം' അറബിഭാഷയിലേക്കു തർജ്ജമ ചെയ്തിട്ടുള്ളതിന്നു "കിലേൽ-ഷാഷൂർ-അൽ-ഹിൻഡി" എന്നാണു പേർ പറയപ്പെടുന്നതു്. ഈ രണ്ടു തർജ്ജമകളും പിന്നെ ലാററിൻഭാഷയിലേക്കും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പതിനേഴാം നൂററാണ്ടോളം കിഴക്കരുടെ വൈദ്യശാസ്ത്രത്തിന്നു തന്നെ കടപ്പെട്ടുകൊണ്ടിരുന്ന യൂറോപ്പിലെ വൈദ്യശാസ്ത്രത്തിന്നുള്ള അടിസ്ഥാനം ലാററിൻ തർജ്ജമകളാണുതാനും.

വിക്രമാദിത്യൻെറ രാജ്യഭരണകാലത്തു (ക്രി. മു. 57) ഹിന്തുവൈദ്യശാസ്ത്രത്തിൻെറ കീർത്തി അത്യുച്ചസ്ഥിതിയെ പ്രാപിച്ചിരുന്നു ആ രാജാവു വിദ്യാഭിവൃദ്ധിക്കു വളരെ സഹായിച്ചിരുന്നു

ആളും, അദ്ദേഹത്തിൻെറ സദസ്സ് 'നവരത്നങ്ങൾ' എന്നു പറയപ്പെടുന്ന ഒമ്പതു പണ്ഡിതന്മാരെക്കൊണ്ടു ശോഭിച്ചതുമായിരുന്നു. ഇവരിൽ ഒരാളുടെ പേർ 'ധന്വന്തരി' എന്നായിരുന്നു. എന്നാൽ വേണ്ടുന്ന യോഗ്യതയെല്ലാം തികഞ്ഞ എല്ലാ വൈദ്യനും 'ധന്വന്തരി' എന്നു പേർ പറയുമാറുള്ളതുകൊണ്ടു് ഈ ഒരു പേരോടുകൂടിത്തന്നെ അനവധി വൈദ്യന്മാരുണ്ടായിട്ടുണ്ടെന്നുകൂടി ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു. വിക്രമാദിത്യൻെറ സദസ്സിനെ അലങ്കരിച്ചിരുന്നതായി ഇവിടെ പറയപ്പെട്ട 'രത്നം', നിഘണ്ടു എന്നു പേരുള്ള ബഹുപ്രസിദ്ധമായ ഒരു ഭേഷജശാസ്ത്രഗ്രന്ഥത്തിൻെറ കർത്താവാകുന്നു.

എന്നാൽ ക്രിസ്ത്വാബ്ദം 977-ൽ ധാരാപുരത്തിൽ വാണിരുന്ന ഭോജരാജാവിൻെറ കാലത്തെപ്പോലെ വിദ്യാവിഷയത്തിൽ സാമാന്യമായും, കവിതക്കും വൈദ്യശാസ്ത്രത്തിനും പ്രത്യേകിച്ചും, അത്ര ധാരാളമായി ഒരു സഹായം ലഭിച്ചിട്ടുള്ള കാലം ഇന്ത്യയിലെ സാഹിത്യത്തിൻെറയും ശാസ്ത്രങ്ങളുടേയും ചരിത്രത്തിൽ വേറെ ഒരിക്കലുമുണ്ടായിട്ടില്ല. അതു ഹിന്തുസാഹിത്യത്തിന്നു് ഒരു സൌവർണ്ണകാലംതന്നെയായിരുന്നു. ആ രാജാവുതന്നെ മഹാവിദ്വാനും, വൈദ്യശാസ്ത്രത്തിൽ ഒരു ഗ്രന്ഥവും മററു ചില കൃതികളും ഉണ്ടാക്കിയ പ്രസിദ്ധപ്പെട്ട ഒരു ഗ്രന്ഥകർത്താവുമായിരുന്നു. ഭോജരാജാവിനെസ്സംബന്ധിച്ച പല കഥകളും കൂട്ടി എഴുതി ഉണ്ടാക്കിയ ബല്ലാളപണ്ഡിതൻെറ 'ഭോജപ്രബന്ധത്തിൽ' ആ രാജാവിന്നു് ഒരു ശസ്ത്രക്രിയ ചെയ്തിട്ടുള്ളതായി താഴെ പറയുന്ന ഒരു രസമുള്ള കഥകൂടി കാണുന്നുണ്ടു്. ഒരിക്കൽ രാജാവിന്നു് അതികലശലായി തലവേദന തുടങ്ങി. അദ്ദേഹം അതിന്നു സകലവൈദ്യപ്രയോഗങ്ങളും നോക്കി. എന്തായിട്ടും യാതൊരു ഫലവും കണ്ടില്ലെന്നല്ല, രാജാവിന്നു് ഇതുകൊണ്ടു് അപായം നേരിടുമെന്നുള്ളേടത്തോളമാവുകയും ചെയ്തു. അങ്ങിനെ

യിരിക്കുമ്പോൾ സഹോദരന്മാരായ രണ്ടു വൈദ്യന്മാർ ധാരാപുരത്തിൽ വന്നു. അവർ ഈ ദീനം നല്ലവണ്ണം പരിശോധിച്ചശേഷം രോഗിക്കു ശസ്ത്രക്രിയ ചെയ്യാതെ സുഖം കിട്ടുവാൻ പ്രയാസമാണെന്നു തീർച്ചപ്പെടുത്തി. അതുപ്രകാരം, അവർ അദ്ദേഹത്തെ ബോധം കെടുത്തുവാനായി 'സമ്മോഹിനി' എന്ന ഒരു മരുന്നു കൊടുത്തു. മരുന്നിന്റെ ശക്തികൊണ്ട് അദ്ദേഹത്തിന്നു തീരെ തന്റേടമില്ലാതായപ്പോൾ, അവർ അദ്ദേഹത്തിന്റെ തലയോടു കീറി രോഗകാരണത്തെ തലച്ചോറിൽനിന്നു നീക്കിക്കളയുകയും, ദ്വാരമടച്ചു തുന്നിക്കെട്ടി വ്രണവിരോപണമായ മരുന്നു വെക്കുകയും ചെയ്തു. പിന്നെ അവർ അദ്ദേഹത്തിന്റെ ബോധക്കേടു തീർക്കുവാനായി 'സഞ്ജീവിനി' എന്നു പറയുന്ന വേറെ ഒരു മരുന്നു കൊടുക്കുകയും, അതുകൊണ്ട് അദ്ദേഹത്തിന്നു ബോധക്ഷയം തീർന്നു പൂർണ്ണസുഖം ലഭിക്കുകയും ചെയ്തിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു. ഈ സംഗതിയിൽനിന്ന്, ആധുനികശാസ്ത്രത്തിന്റെ ഏറ്റവും വലിയ വിജയങ്ങളിൽ ഒന്നാണെന്നു വെച്ചിട്ടുള്ള മസ്തിഷ്കശസ്ത്രക്രിയ (തലച്ചോറിനെ സംബന്ധിച്ച ശസ്ത്രക്രിയ) പണ്ട് ഇന്ത്യക്കാർക്ക് അറിവില്ലാത്തതായിരുന്നില്ലെന്നു നല്ലവണ്ണം തെളിയുന്നുണ്ടല്ലൊ. എന്നാൽ ഇങ്ങിനെ ഒരു ഉദാഹരണം മാത്രമല്ലതാനും. ബുദ്ധന്റെ അംഗവൈദ്യനായ ജീവകൻ തലയോടിനെസംബന്ധിച്ച ശസ്ത്രക്രിയകൾ ഏറ്റവും വലിയ വിജയത്തോടുകൂടി ചെയ്തിട്ടുണ്ടെന്നുള്ളതിന്നു ലക്ഷ്യമുണ്ട്. അതിന്നു പുറമെ, ഉദരം കീറി പല രോഗങ്ങളും സുഖപ്പെടുത്തീട്ടുള്ളതിന്നും വളരെ തെളിവുകളുണ്ട്. ഇങ്ങിനെ നോക്കുമ്പോൾ 'ആധുനികശസ്ത്രവിദ്യയുടെ വിജയങ്ങൾ' ആണെന്നു വെച്ചിരിക്കുന്ന പല ശസ്ത്രകർമ്മങ്ങളും പൂർവ്വഹിന്ദുകൾ ചെയ്തിരുന്നു എന്നു കാണാം. അവരുടെ 'സമ്മോഹിനി' ആധുനികന്മാരുടെ 'ക്ലോറൊഫോറ'ത്തിന്നു പകരമായിരുന്നു

എന്നാൽ 'സഞ്ജീവിനി'യോടു തുല്യമായി വല്ല മരുന്നും ആധുനികഭേഷജകല്പത്തിൽ കാണുമോ എന്നു സംശയമാണുതാനും. ഈ 'സഞ്ജീവിനി' എന്ന മരുന്നു്, ഇക്കാലത്തു ചിലപ്പോൾ സംഭവിച്ചു കാണുന്നതും, സമ്മോഹനദ്രവ്യങ്ങൾനിമിത്തം നേരിടുന്നതുമായ മരണങ്ങളുടെ സംഖ്യയെ മുമ്പു വളരെ കുറച്ചിരുന്നു എന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

മഹമ്മദീയരുടെ രാജ്യഭരണകാലത്തു (ക്രിസ്ത്വാബ്ദം 1001-മുതൽ 1707-വരെ) ഇന്ത്യയിലെ വൈദ്യശാസ്ത്രം ക്രമേണ നശിക്കുമാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഇതിന്നുള്ള കാരണം സ്പഷ്ടമാണല്ലോ. ഏതു കലാവിദ്യയാകട്ടെ അല്ലെങ്കിൽ ശാസ്ത്രമാകട്ടെ അതാതുകാലത്തെ ഗവൎമ്മേണ്ടിന്റെ വേണ്ടപോലെയുള്ള സഹായംകൂടാതെ ഒരിക്കലും അഭിവൃദ്ധിയെ പ്രാപിക്കുവാൻ തരമില്ലല്ലോ. മഹമ്മദീയരാജാക്കന്മാർ ഇന്ത്യ പിടിച്ചടക്കിയപ്പോൾ അവരുടെ ഒന്നിച്ചു 'ഹാക്കിംസ്' എന്നു പറയുന്ന സ്വന്തം വൈദ്യന്മാരെക്കൂടി കൊണ്ടുവന്നു. രാജ്യത്തു മുഴുവനും അന്നു സമാധാനമില്ലാത്ത നിലയായിരുന്നതുകൊണ്ടു ശാസ്ത്രസംബന്ധമായ തത്വാന്വേഷണങ്ങൾക്കൊന്നും തരമില്ലാതായിതീൎന്നു. ഈ ഹാക്കിംവൎഗ്ഗക്കാർ കുറെ ഒരു ബുദ്ധിയുള്ള കൂട്ടരായിരുന്നു. അവർ യാതൊരു മടിയുംകൂടാതെ ഹിന്തുവൈദ്യശാസ്ത്രത്തിൽ കാണുന്ന ഏററവും ഫലമുള്ളതും, നല്ലതുമായ പല മരുന്നുകളും ഉപയോഗിക്കുകയും, അവരുടെ ഗ്രന്ഥങ്ങളിൽ എടുത്തു ചേൎക്കുകയും ചെയ്തു. മഹമ്മദവൈദ്യന്മാർ എഴുതീട്ടുള്ള പ്രധാനഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ, ഷാജിഹാൻ ചക്രവൎത്തിയുടെ അംഗവൈദ്യനായിരുന്ന നൂറുദ്ദീൻ മഹമ്മദ് അബ്ദുള്ളാ ഷിറാസി എന്ന ആൾ ഉണ്ടാക്കിയ 'അൽഫാസൽ അഡ്വിച്ച്' എന്ന ഗ്രന്ഥം പ്രത്യേകം ഗണിക്കപ്പെടേണ്ടതാണു്. ഈ ഗ്രന്ഥത്തിൽ ഇന്ത്യയിലെ അങ്ങാടികളിൽ വിററുവരുന്ന മരുന്നുകളുടെ പേരുകളും ഗുണങ്ങളും പറയപ്പെട്ടിട്ടുണ്ടു്. അ

ത്തുകൂടാതെ ക്രിസ്ത്വാബ്ദം 1512-ൽ ബീവാബിൻഖാസ്ഖാൻ ഉണ്ടാക്കിയ 'മാദൻ ഉസ്-ഷിഫ്ാ-ഇ-സികണ്ഡർ' എന്ന ഗ്രന്ഥവും, മഹമ്മദ് മോമിൻ എഴുതിയ 'തുഫ്ാത്-അൽ-മമ്മിനിൻ' എന്ന പുസ്തകവും വൈദ്യവിഷയത്തിൽ അറബിഭാഷയിലും സംസ്കൃതത്തിലുമുള്ള അനേകം പ്രമാണഗ്രന്ഥങ്ങളിൽനിന്ന് എടുത്തെഴുതീട്ടുള്ളതാണ്. ക്രിസ്ത്വാബ്ദം 1658-ൽ അറംഗസീബിന്റെ കൊട്ടാരവൈദ്യനായിരുന്ന മഹമ്മദ് ആക്ബർ ആർസെനി എന്ന ആൾ തന്റെ 'കാരബാദൈൻ കാദരി' എന്ന ഗ്രന്ഥത്തിൽ സംസ്കൃതത്തിലുള്ള വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽനിന്ന് ആവശ്യമുള്ള പല യോഗങ്ങളും നേരേ പകൎത്തെഴുതിട്ടുണ്ട്. ഇങ്ങിനെ അതിന്റെ അധഃപതനകാലത്തുകൂടി ഹിന്തുവൈദ്യശാസ്ത്രത്തെ അതിന്റെ വിരോധികളായ മഹമ്മദീയർ അവശ്യം ബഹുമാനിക്കേണ്ടിവന്നതായി കാണുന്നുണ്ട്.

പേഷവമാർ രാജ്യാധികാരികളായിത്തീർന്നകാലത്തു (ക്രിസ്ത്വാബ്ദം 1715-1818) ഹിന്തുവൈദ്യശാസ്ത്രം വീണ്ടും നന്നായിത്തീരുവാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഈ പേഷവമാർ ഉത്തമബ്രാഹ്മണവംശത്തിൽ ജനിച്ചവരായതുകൊണ്ടു സ്വരാജ്യത്തെ വിദ്യാഭ്യാസത്തിന്റേയും പാണ്ഡിത്യത്തിന്റേയും പ്രചാരത്തിന്നു തങ്ങൾക്കു കഴിയുന്നേടത്തോളമൊക്കെ ശ്രമിച്ചിരുന്നു. രാജ്യത്തുള്ള സകലവിദ്വാന്മാരും അവരുടെ രാജധാനികളിൽ ചെല്ലുകയും, അവിടെ അവരെ വേണ്ടുംപോലെ സൽക്കരിക്കുകയും പതിവായിരുന്നു. പ്രായേണ വൈദ്യശാസ്ത്രത്തിലുള്ള വിസ്തീർണ്ണങ്ങളായ പൂർവ്വഗ്രന്ഥങ്ങളുടെ സംഗ്രഹങ്ങളായി ഇപ്പോഴുമുണ്ടായിട്ടുള്ള ചില ഗ്രന്ഥങ്ങൾ ഈ കാലത്ത് എഴുതപ്പെട്ടവയാണ്.

ഈ പേഷവമാരുടെ അധികാരം പിന്നെ ഇംഗ്ലീഷുകാർ

കൈവശമാക്കി. ഇങ്ങിനെ മഹാരാഷ്ട്രക്കാരുടെ അധികാരശക്തികൂടി നശിച്ചതു മുതൽക്കാണു് നാട്ടുവൈദ്യം വേണ്ടതുപോലെയുള്ള സഹായം കിട്ടാതെ തീരെ ക്ഷയിക്കുവാൻ തുടങ്ങിയതു്. ഇംഗ്ലീഷുകാർ ഇന്ത്യയിൽ വന്നതുതന്നെ, ഹിന്ദുവൈദ്യശാസ്ത്രം കേവലം ദുർവ്വൈദ്യസമ്പ്രദായമാണെന്നും, അവരുടെ വൈദ്യഗ്രന്ഥങ്ങളൊക്കെ ശുദ്ധമേ വ്യർത്ഥമായിട്ടുള്ളതാണെന്നും മുൻകൂട്ടി ആലോചിച്ചുറച്ചിട്ടാണു്. അവർ ഇവിടെ അവരുടെ സമ്പ്രദായത്തിലുള്ള ആസ്പത്രികളും വൈദ്യപാഠശാലകളും സ്ഥാപിച്ചു. ഇതു നമുക്കു വിലമതിക്കുവാൻ പാടില്ലാത്ത ഒരു അനുഗ്രഹമാണെന്നുള്ളതിന്നും സംശയമില്ല. എങ്കിലും ഇവർ നാട്ടുവൈദ്യത്തെ അത്യന്തം നിന്ദയോടുകൂടിയാണു് വിചാരിച്ചുപോരുന്നതു്. ഇതിന്നു പകരമായി ഇന്ത്യക്കാരും, ഇതരരാജ്യക്കാരുടെ ഏതൊരു സാധനത്തെക്കുറിച്ചും അവർക്കു സ്വഭാവേന തന്നെ അനിഷ്ടമുള്ളതുകൊണ്ടു് ഇവരുടെ ഈ കീറുക, മുറികെട്ടുക മുതലായവരെല്ലാം പാശ്ചാത്യവൈദ്യശാസ്ത്രത്തിന്റെ 'ഹരിഃശ്രീ' മാത്രമേ ആയിട്ടുള്ളു എന്നും വെച്ചു സമാധാനിച്ചിരിക്കുകയാണു്.

—:o:—

## പന്ത്രണ്ടാം അദ്ധ്യായം

### സമാപ്തി

ഇംഗ്ലീഷുകാർ ലോകത്തിൽ ഏറ്റവും അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ജനസമുദായങ്ങളുടെ കൂട്ടത്തിൽ ഒന്നാണെന്നു ധരിക്കുവാൻ ഹിന്ദുക്കൾക്കു മനസ്സുവരികയും, അതുപോലെ സർ മോണിയർ മോണിയർ-വില്യാംസിന്റെ വാക്കുകളെ ഇംഗ്ലീഷുകാർ ഓർമ്മവെക്കുകയും ചെയ്യാൽ രണ്ടുഭാഗത്തുമുള്ള തെറ്റിദ്ധാരണ മിക്കതും നീങ്ങിപ്പോകുവാനിടയുണ്ടു്. മോണിയർ വില്യംസ്സ് പാ

ഞ്ഞിട്ടുള്ളത് ഇങ്ങിനെയാണ്:— "നാം നമ്മുടെ കിഴക്കൻ സാമ്രാജ്യത്തിൽ, യൂറോപ്യന്മാരുടെ ഉൽകൃഷ്ടമായ ബലത്തിന്റെയും ബുദ്ധിയുടെയും മുമ്പിലെത്തുമ്പോൾ അലിഞ്ഞുപോകുന്നതായ ഒരുവക അപരിഷ്കൃതവൎഗ്ഗക്കാരോടല്ല കൂട്ടിമുട്ടീട്ടുള്ളത്. പിന്നെയോ, നമ്മുടെ പൂൎവ്വന്മാർ ശുദ്ധമേ കാടന്മാരായിരുന്ന കാലത്തുതന്നെ വലിയൊരു പരിഷ്കൃതാവസ്ഥയിലെത്തിയിരുന്നതും, ഇംഗ്ലീഷുകാർ എന്ന ശബ്ദംകൂടി ഉണ്ടാകുന്നതിന്നും അനവധി നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കടഞ്ഞെടുത്ത പരിശുദ്ധമായ ഒരു ഭാഷയും, പരിഷ്കൃതമായ ഒരു സാഹിത്യവും, ഗഹനമായ ഒരു തത്വശാസ്ത്രപദ്ധതിയും ഉണ്ടാക്കീട്ടുള്ളതുമായ ഒരു ജനസമുദായത്തിന്റെ ഇടയിലാണ് നാം സമാഗമിക്കപ്പെട്ടിരിക്കുന്നത്". യാതൊരു തെറ്റിദ്ധാരണയും സിദ്ധാന്തവും കൂടാതെ ഈ വിഷയത്തെക്കുറിച്ചു ശരിയായി ആലോചിക്കുന്ന പക്ഷം, പാശ്ചാത്യന്മാർ ഇപ്പോൾ എത്ര അധികം പരിഷ്കൃതന്മാരായിത്തീൎന്നിട്ടുണ്ടെങ്കിലും, അവൎക്ക് ഇനിയും പൌരസ്ത്യന്മാരിൽനിന്നു പുതുതായി പലതും പഠിക്കുവാനുണ്ടെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഇന്ത്യക്കാൎക്കു വളരെ ഭ്രമമുള്ള അത്യുക്തി അതിശയോക്തി മുതലായതും, അവരുടെ ശാസ്ത്രങ്ങളെല്ലാം ഈശ്വരനിൎമ്മിതങ്ങളാണെന്നു സാധിക്കുവാനും, അവരുടെ മഹാപുരുഷന്മാരെ ദിവ്യന്മാരാക്കി കല്പിക്കുവാനും അവൎക്കുള്ള പ്രത്യേകാവസന്നയും ഒഴിച്ചാൽ തന്നെ ഹിന്തുവൈദ്യശാസ്ത്രം ആകെക്കൂടി പാശ്ചാത്യശാസ്ത്രത്തോടു കിടപിടിക്കുമെന്നാണ് ഈ രണ്ടു ശാസ്ത്രപദ്ധതികളും പഠിച്ചു പരിചയിക്കുവാനിടവന്നിട്ടുള്ളവർ അഭിപ്രായപ്പെടുന്നതു്. ഈ രണ്ടു ശാസ്ത്രങ്ങളും തമ്മിൽ യോജിക്കുന്നതായി പല സംഗതികളുമുണ്ടു്. പിന്നെ ചില വിഷയങ്ങളിൽ ആദ്യം വ്യത്യാസമുണ്ടെന്നു തോന്നിയാലും, ഒടുക്കം അതൊക്കെ കേവലം യോജിക്കുന്നതായും കാണാം. എങ്ങിനെയെന്നാൽ, ഹിന്തുക്കളുടെ വാതരോഗ

ങ്ങളെ അധികവും പാശ്ചാത്യപുസ്തകകൎത്താക്കന്മാർ ശ്വാസോച്ഛ്വാസപദ്ധതിയെസ്സംബന്ധിച്ച രോഗങ്ങളായിട്ടാണ് ഗണിച്ചിരിക്കുന്നത്. അതുപോലെ പിത്തരോഗങ്ങൾ പ്രായേണ രക്തസഞ്ചാരപദ്ധതിയെസ്സംബന്ധിച്ച രോഗങ്ങളോടു ശരിയായിരിക്കുന്നു. പിന്നെ, കഫരോഗങ്ങൾ പോഷകപദ്ധതിയെസ്സംബന്ധിച്ച രോഗങ്ങളോടും തുല്യങ്ങളായി കാണുന്നുണ്ട്. ഹിന്തുക്കളുടെ ഇടയിലുള്ള ദേവതോപദ്രവങ്ങൾ ഇംഗ്ലീഷിൽ പറയുന്ന ഹിസ്റ്റീരിയ, എപ്പിലപ്സി, ഡാൻസിങ്ങ് മാനിയാ മുതലായി സംവേദിനീപദ്ധതിയെസ്സംബന്ധിച്ചുണ്ടാകുന്ന രോഗങ്ങളുടെ നാമാന്തരങ്ങൾ മാത്രമാകുന്നു. ഇനി ഇതിന്നൊക്കെ പുറമെ, ഭേഷജകല്പം, ചികിത്സ ശാസ്ത്രം, ആരോഗ്യരക്ഷാശാസ്ത്രം എന്നിവക വിഷയങ്ങളിൽ ഹിന്തുവൈദ്യശാസ്ത്രം അത്യുൽകൃഷ്ടസ്ഥിതിയിലെത്തീട്ടുണ്ടെന്നും, എന്നാൽ രസതന്ത്രം ശരീരവ്യവച്ഛേദശാസ്ത്രം, ശരീരശാസ്ത്രം, ശസ്ത്രവിദ്യ എന്നിവകളിൽ പാശ്ചാത്യശാസ്ത്രമാണ് അധികം ശരിയായും വളരെ ഗുണം കൂടിയതായുമിരിക്കുന്നതെന്നും പാശ്ചാത്യന്മാരുടെയും പൌരസ്ത്യന്മാരുടേയും ശാസ്ത്രപദ്ധതികൾ രണ്ടും ഒരുപോലെ പഠിക്കുവാനും അവകളിൽ പരിചയിക്കുവാനും ഇടവന്നിട്ടുള്ളവർ സിദ്ധാന്തിച്ചിട്ടുണ്ട്. ഇന്ത്യയിലെ വൈദ്യശാസ്ത്രത്തിന്റെ ലക്ഷണശാസ്ത്രം, നിദാനം, സാദ്ധ്യാസാദ്ധ്യവിചാരം ഇതുവക വിഷയങ്ങളിലും, പാശ്ചാത്യശാസ്ത്രത്തിന് അതിലുള്ള 'പെതോളജി' (Pathology) എന്നു പറയുന്നതും, ഓരോ രോഗങ്ങളിൽ ഉള്ളിലുണ്ടാകുന്ന മാററങ്ങളെക്കുറിച്ചു പറയുന്നതുമായ ശാസ്ത്രം, രോഗകാരണശാസ്ത്രം (Aetiology) ഇവയിലും പ്രത്യേകം മെച്ചം നടിക്കുവാൻ വകയുണ്ട്. തീക്ഷ്ണങ്ങളായ രോഗങ്ങളിൽ ഇന്ത്യയിലെ മരുന്നുകളേക്കാൾ യൂറോപ്യന്മാരുടെ മരുന്നുകൾക്ക് അധികം ഗുണം കാണുമെന്നും, എന്നാൽ പഴക്കംചെന്ന രോഗങ്ങളിൽ ഹിന്തുക്കളുടെ മരുന്നുക

ളാണ് അധികം ഫലപ്രദങ്ങളായിട്ടുള്ളതെന്നുമാണ് സാധാരണ ജനങ്ങളുടെ ഇടയിലുള്ള വിശ്വാസം. വൈദ്യനീതിശാസ്ത്രത്തിൽ യൂറോപ്പിലെ വിഷവൈദ്യശാസ്ത്രജ്ഞന്മാർ രാസവിഭാഗംകൊണ്ടു വളരെ ശരിയായി വിഷം കണ്ടുപിടിക്കുന്ന രീതി ഇന്ത്യക്കാർക്ക് അറിയപ്പെടാത്തതാണ്. ധാതൌഷധങ്ങളെ ഉണ്ടാക്കുന്നതിലും ഉപയോഗിക്കുന്നതിലും ഹിന്തുക്കൾക്കു വളരെ കാലത്തെ പഴക്കവും പരിചയവും ഉണ്ടെന്നാണ് പറയുന്നതു്. അതിസാരം, മൂലക്കുരു, വായുക്ഷോഭം, ക്ഷയം, പക്ഷവാതം ഈവക രോഗങ്ങൾക്കു ചികിത്സിക്കുന്നതിൽ ഈ രണ്ടു ശാസ്ത്രങ്ങളും തമ്മിൽ കലശലായ സാദൃശ്യം കാണ്മാനുണ്ടു്. ഉഷ്ണരാജ്യങ്ങളിൽ പ്രത്യേകിച്ചുണ്ടാകുന്ന ചില രോഗങ്ങൾക്കു ചികിത്സിക്കുവാൻ മറ്റെല്ലാററിനേക്കാളും അധികം പറ്റുന്നതും, രോഗം വേറററുപോകുവാൻ നന്നായിട്ടുള്ളതും ഇന്ത്യക്കാരുടെ ചികിത്സാരീതിയാണ് എന്നു പറയുന്നത് ഒരിക്കലും വാസ്തവവിരുദ്ധമായിത്തീരുന്നതല്ല. ഹിന്തുവൈദ്യശാസ്ത്രം നല്ലവണ്ണം നിഷ്കർഷിച്ചു പഠിച്ചാൽ ഇപ്പോൾ വൈദ്യശാസ്ത്രത്തിൽ കണ്ടുപിടിച്ചിട്ടുള്ള പല നൂതനതത്വങ്ങളും അതിൽ അടങ്ങീട്ടുണ്ടെന്നു നിഷ്പക്ഷപാതിയായ എതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. ഇവയിൽ രക്തസഞ്ചാരം, അംഗവിന്യാസചികിത്സ, ഉദ്വർത്തനചികിത്സ (ഉഴിച്ചിൽ), മോഹനദ്രവ്യങ്ങൾ ഇങ്ങിനെ ഏതാനും ചിലതിനെക്കുറിച്ചു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചികിത്സാവിഷയത്തിൽ അയസ്കാന്തത്തിന്റെ ഉപയോഗത്തെക്കുറിച്ചും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്നു പറയാം. ജർമ്മനിയിൽ മെസ്മറും, അതിന്നു ശേഷം ഇംഗ്ലണ്ടിൽ എലിയട്ട്സൺ എന്നാളും മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിന്നും എത്രയോ അനവധി കാലം മുമ്പേതന്നെ ഇന്ത്യയിൽ പ്രാണ്യയസ്കാന്തശക്തികൊണ്ടുള്ള ചികിത്സ ധാരാളം നടപ്പുണ്ടായിരുന്നു. ആയുർവ്വേദഗ്രന്ഥങ്ങളിൽ

മരുന്നുകൂടാതെ ധ്യാനശക്തികൊണ്ടു മാത്രം രോഗശമനം വരുത്തുന്ന വൈദ്യന്മാരെ 'സിദ്ധന്മാർ' എന്നും, ധാതൌഷധങ്ങളെക്കൊണ്ടു സുഖപ്പെടുത്തുന്നവർക്കു 'ദൈവികന്മാർ' എന്നും, ഔത്ഭിദങ്ങളായ മരുന്നുകളെക്കൊണ്ടു ചികിത്സിക്കുന്നവർക്കു 'മാനുഷികന്മാർ' എന്നും, ശസ്ത്രക്രിയചെയ്തു ദീനം മാററുന്നവർക്കു 'രാക്ഷസീയന്മാർ' എന്നും ആണു് പേർ കൊടുക്കപ്പെട്ടിട്ടുള്ളതു്. ഇതിൽ ഓരോ തരക്കാരെ ഏതേതു നിലയിലാണു് വെച്ചിട്ടുള്ളതെന്നു അതാതു പേരുകൊണ്ടുതന്നെ ഗ്രഹിക്കാവുന്നതാണല്ലോ. 'വൈദ്യന്റെ ഭക്ഷണത്തെ ത്യജിക്കണം' (അതായതു വൈദ്യൻ തൊട്ടതും, ആയാൾ ഒന്നിച്ചും ഭക്ഷിക്കരുതു്.) എന്നു മനുവിന്റെ 'മാനവസൂത്രങ്ങളിൽ' വിധിച്ചിട്ടുള്ളതു ശസ്ത്രവൈദ്യന്മാരെ മാത്രം ഉദ്ദേശിച്ചാണെന്നും, മററുള്ള വൈദ്യന്മാരെക്കുറിച്ചായിരിക്കയില്ലെന്നും തീർച്ചയാണു്. ഇന്ത്യയിലെ ശസ്ത്രവിദ്യ ഇപ്പോൾ ഇത്രയും മോശസ്ഥിതിയിൽ വരുവാനുള്ള കാരണം മുഖ്യമായിട്ടും ജനങ്ങളുടെ ഇടയിലുള്ള ഈ ഒരു അന്ധവിശ്വാസമാണുതാനും.

ഇന്ത്യയിലെ ഗ്രന്ഥകർത്താക്കന്മാർ ഈ രാജ്യത്തുള്ള പ്രധാനപ്പെട്ട നദികൾ, തടാകങ്ങൾ, കിണറുകൾ, ഉറവുകൾ ഇവയിലെ ജലത്തിന്റെ ഗുണങ്ങളേയും, ഓരോ ദീനങ്ങളെ ശമിപ്പിക്കുന്നതിന്നു് അവയ്ക്കുള്ള ശക്തിയേയും കുറിച്ചു വിവരിച്ചുപറഞ്ഞിട്ടുണ്ടു്. ഇതിൽനിന്നു ജലപ്രയോഗചികിത്സ (Hydrotherapy) യൂറോപ്യന്മാർ സ്വപ്നേപി വിചാരിക്കുന്നതിന്നും വളരെ മുമ്പുതന്നെ ഇന്ത്യയിൽ അറിയപ്പെട്ടിരുന്നു എന്നു നല്ലവണ്ണം തെളിയുന്നുണ്ടല്ലോ. ഇങ്ങിനെ ഓരോ ഭാഗം എടുത്തു നോക്കിയാൽ ഹിന്തുവൈദ്യശാസ്ത്രം ഒരിക്കലും ഒന്നായി തള്ളിക്കളയത്തക്കതല്ലെന്നു് ആർക്കും ബോദ്ധ്യപ്പെടും. അതിന്നു യാതൊരു ദോഷവുമില്ലെന്നു് ഇവിടെ പറയുന്നില്ല. പല ദോഷങ്ങളും അതിൽ ഉണ്ടായി


രിക്കാം. പക്ഷേ, അതിൽ കുറച്ചു ഉള്ളൂ എങ്കിലും ഏതാനും ചില നല്ല ഭാഗങ്ങളും കാണാതിരിക്കയില്ല. ഈ രണ്ടു ശാസ്ത്രങ്ങളുടേയും ഉദ്ദേശ്യവും പ്രയോജനവും ഒന്നുതന്നെയാണ്. രോഗത്തെ ശമിപ്പിക്കുകയും വേരറുത്തു കളയുകയും ചെയ്യുന്ന വസ്തുവാണ് ശരിയായ ഔഷധമെന്നും, അങ്ങിനെ ചെയ്യുന്നവനാണ് ശരിയായ വൈദ്യനെന്നുമാകുന്നു ചരകൻ പറഞ്ഞിട്ടുള്ളത്. എന്നാൽ പാശ്ചാത്യന്മാരുടേയും, പൌരസ്ത്യന്മാരുടേയും വൈദ്യശാസ്ത്രങ്ങൾ രണ്ടും തമ്മിൽ രഞ്ജിപ്പോടുകൂടി കൈപിടിക്കുകയും, തരമുള്ളതിലൊക്കെ യോജിച്ചു നടക്കുകയും ചെയ്യേണ്ടതാണ്. ഇവ രണ്ടും വിരോധികളായിട്ടല്ലാതെ സ്നേഹിതന്മാരായിട്ടാണ് തമ്മിൽ കൂട്ടിമുട്ടേണ്ടത്. ഇപ്പോഴത്തെ സ്ഥിതിക്കു കിഴക്കർക്കു പാശ്ചാത്യന്മാരിൽനിന്നു പലതും പഠിക്കുവാനുണ്ട്. എന്നാൽ പാശ്ചാത്യന്മാർക്കും, അവർ വേണമെന്നു വിചാരിക്കുന്നപക്ഷം, കിഴക്കരിൽനിന്നു ചിലതൊക്കെ പഠിക്കുവാനുണ്ടാകാതിരിക്കുകയില്ല. ഇന്ത്യയിലെ വൈദ്യശാസ്ത്രം അത്യുച്ചസ്ഥിതിയിൽ ഇരുന്നിരുന്ന കാലത്ത് അതു നേരിട്ടോ മറ്റൊരു വഴിക്കോ പാശ്ചാത്യവൈദ്യശാസ്ത്രത്തിന്റെ ആദ്യത്തെ വളർച്ചക്കു സഹായിച്ചിട്ടുണ്ടെങ്കിൽ പാശ്ചാത്യശാസ്ത്രം ഹിന്തുശാസ്ത്രത്തിന്ന് ഇങ്ങോട്ടും കഴിയുന്ന സഹായമൊക്കെ ചെയ്തുകൊടുത്തു തന്റെ കൃതജ്ഞത കാണിക്കുന്നതു ഭംഗിയായിരിക്കും. എന്നല്ല, ഇത് (ഹിന്തുവൈദ്യശാസ്ത്രം) ഇപ്പോൾ കുറെ അധികം പ്രായം ചെന്നതും, തക്കതായ രക്ഷയൊന്നുമില്ലാത്തതുകൊണ്ടു ചാവാൻ ഭാവിക്കുന്നതുമാണല്ലോ, ഏതായാലും ഹിന്തുവൈദ്യശാസ്ത്രം നശിക്കാതെ രക്ഷിക്കുകയും, അതിൽ തത്വാന്വേഷണം നടത്തുകയും ചെയ്യേണ്ടതിന്നു തക്ക യോഗ്യത അതിന്നുണ്ടെന്നു പറയാതെകഴിയില്ല. ഈ വിഷയത്തിൽ പക്ഷപാതരാഹിത്യത്തോടും അനുകമ്പയോടുംകൂടി ആലോചിച്ചു വേണ്ടതു പ്രവർത്തിക്കുക എന്നതു യൂരോപ്യ

ന്മാരെന്നും ഹിന്തുക്കളെന്നുമുള്ള ഭേദം വിചാരിക്കാതെ എല്ലാ തത്വാന്വേഷികളും ചെയ്യേണ്ട ഒരു കാൎയ്യമാണ്. ഇങ്ങിനെ ഇതിന്റെ പുനരുദ്ധാരണം ചെയ്യുന്നതായാൽ, വളരെ കാലതാമസം കൂടാതെ ആൎയ്യവൈദ്യശാസ്ത്രത്തെ ഇപ്പോഴത്തേക്കാൾ അധികം ന്യായമായ വിധത്തിൽ മാനിക്കാനിടവരുമെന്നും തീൎച്ചയായി വിശ്വസിക്കാം.


7-ാമ. അദ്ധ്യായം 140-ം 141-ം ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ള യന്ത്രങ്ങളുടെ ഛായകൾ




1



2




3




6




4





7





5



8



9


10



13


11



12




14



15




18






16







19




20



21



22




23



24



25




28




26




27



29



30



31


ആൎയ്യവൈദ്യചരിത്രം 10-ാം അദ്ധ്യായം 184-ം, 185-ം ഭാഗങ്ങളിൽ
വിവരിച്ച ഏതാനും യന്ത്രശസ്ത്രങ്ങൾ.




1



2




3




4



5



6



7



8




9




10



11



12



13




14

MUL
051103




15




16



17



18




19




20




21




22




23




24



25



26



27



28



1



2




3



4




5




6



7





8



9



10




11




12




13




14



15



16




17



18



19



20

21 MAY 1936